# ഇസ്കോൺ

# ഡിസൈപിൾ കോഴ്സ്

---

## സ്റ്റുഡൻസ് ഹാൻഡ്ബുക്ക്

നാലാം പതിപ്പ്, ഫെബ്രുവരി 2016

അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതി

സ്ഥാപകാചാര്യൻ ദിവ്യ പൂജ്യ എ. സി. ഭക്തിവേദാന്ത സ്വാമി ശ്രീല പ്രഭുപാദർ

**ഇസ്കോൺ ഡിസൈപിൾ കോഴ്സ് നാലാം പതിപ്പ്, ഫെബ്രുവരി 2016**

ഭക്തിവേദാന്ത ബുക്ക് ട്രസ്റ്റ് ഇന്റർനാഷണലിന്റെയും www.krishna.com ന്റെയും ആർട് വർക്ക് അഥവാ ചിത്രങ്ങളും ഗ്രന്ഥങ്ങളും അനുവാദം നേടി ഉപയോഗിച്ചിരിക്കുന്നു.

ജിബിസി ഗുരു സർവ്വീസ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് ഇസ്കോൺ ഡിസൈപിൾ കോഴ്സ് (ശിഷ്യത്വ പാഠ്യപദ്ധതി) രൂപീകരിച്ചിരിക്കുന്നത്. ഇസ്കോൺ ഡിസൈപിൾ കോഴ്സ് സെക്രട്ടേറിയേറ്റുമായി രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത അദ്ധ്യാപകർക്ക് മാത്രമേ ഈ കോഴ്സ് പഠിപ്പിക്കാൻ അനുവാദമുള്ളൂ.

ഇസ്കോൺ ഡിസൈപിൾ കോഴ്സ് സെക്രട്ടേറിയേറ്റിന്റെ (idcsecretariate@gmail.com) അനുമതിയില്ലാതെ ഈ പ്രസിദ്ധീകരണത്തിന്റെ യാതൊരു ഭാഗവും വിതരണം ചെയ്യുവാനോ പുനർനിർമ്മിക്കുവാനോ പാടില്ല.

## സ്വാഗതം !

ഇസ്കോൺ ഡിസൈപിൾ കോഴ്സിലേക്ക് സ്വാഗതം. ഈ കോഴ്സിലുടനീളം നിങ്ങൾ ഉപയോഗിക്കുന്നതും നിങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തിൽ ഒരു റെഫറൻസായി ഉപകരിക്കുമെന്ന് ഞങ്ങൾ കരുതുന്നതുമായ നിങ്ങളുടെ സെമിനാർ ഹാൻഡ് ബുക്ക് ആണ് ഇത്. അതിനാൽ ഈ പുസ്തകം വളരെ ശ്രദ്ധയോടെ സൂക്ഷിക്കുക. വിവിധ തരത്തിലുള്ള രസകരമായതും പ്രധാനപ്പെട്ടതുമായ വിഷയങ്ങൾ നിങ്ങൾ പഠിക്കുമെന്നതിനാൽ ധാരാളം കുറിപ്പുകൾ എഴുതി സൂക്ഷിക്കുക.

അനവധി ഗുരുക്കന്മാരുള്ള ഇസ്കോൺ സംസ്കാരത്തിൽ നിന്നുകൊണ്ട് ഗുരുതത്ത്വത്തിനെയും ഗുരുപാദാശ്രയത്തിനെയും കുറിച്ചുള്ള നിങ്ങളുടെ അറിവിനെ ശക്തിപ്പെടുത്താനായിട്ടുള്ള ഒരു പരിശീലന പദ്ധതിയാണ് ഇസ്കോൺ ഡിസൈപിൾ കോഴ്സ്. ദീക്ഷ എടുക്കാൻ തയ്യാറെടുക്കുന്ന പുതിയ ഭക്തന്മാർക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള ഈ കോഴ്സ് ഇസ്കോണിലെ നേതൃത്വം വഹിക്കുന്നവർ, പ്രചാരകർ, ഉപദേശകർ, അദ്ധ്യാപകർ മുതലായവർക്കും ശുപാർശ ചെയ്യുന്നു.

ജിബിസി ഗുരു സർവ്വീസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇസ്കോണിലെ മുതിർന്ന അദ്ധ്യാപകരുടെ കൂട്ടായ പരിശ്രമത്തോടെ രണ്ട് വർഷം കൊണ്ട് രൂപീകരിച്ചതാണ് ഈ കോഴ്സ്.

ഇസ്കോൺ ഡിസൈപിൾ കോഴ്സ് ശ്രീല പ്രഭുപാദരുടെ ഉപദേശങ്ങളെയും വിശാലമായ ഗൗഡീയ വൈഷ്ണവ പാരമ്പര്യത്തിന്റെ ലേഖനങ്ങളെയും നിലവിലുള്ള ഇസ്കോൺ നിയമങ്ങളെയും അടിസ്ഥാനമാക്കിയുള്ളതാണ്.

ഈ സൃഷ്ടിയ്ക്ക് സഹായിച്ചിട്ടുള്ള പ്രഹ്ളാദാനന്ദ സ്വാമി, ഭക്തി ചൈതന്യ സ്വാമി, രവീന്ദ്ര സ്വരൂപ ദാസ, ലക്ഷ്മി മണി ദാസി, അതുൽ കൃഷ്ണ ദാസ, ഗോപിക രാധിക ദാസി, ആനന്ദ വൃന്ദാവന ദാസി, താരക ദാസി, ബ്രജ ബിഹാരി ദാസ, മാധവാനന്ദ ദാസ, ഹനുമാൻ ദാസ എന്നിവർ ഉൾപ്പെടെയുള്ള അനേകം ഭക്തന്മാർക്ക് ഞാനെന്റെ ഉപകാരസ്മരണയും ഈ കോഴ്സ് ആരംഭിച്ച മായാപുർ ഇൻസ്റ്റിറ്റ്യൂട്ടിന് പ്രത്യേക നന്ദിയും അർപ്പിക്കുന്നു.

ഈ ഡിസൈപിൾ കോഴ്സിന്റെ അടിസ്ഥാനവും കാഴ്ചപ്പാടും ഉണ്ടായത് ഏതിൽ നിന്നാണോ ആ ഇസ്കോൺ ഗുരു സെമിനാർ ആരംഭിച്ച സ്റ്റീറിംഗ് കമ്മിറ്റി അംഗങ്ങൾക്കും ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നു. ഈ കമ്മിറ്റിയിൽ മുകളിൽ പറഞ്ഞിട്ടുള്ളതിൽ ചില ഭക്തന്മാർ കൂടാതെ ജയപതാക സ്വാമി, ഭക്തിചാരു സ്വാമി, രാധാനാഥ് സ്വാമി, ഗരുഡ ദാസ, രുക്മിണി ദാസി എന്നിവരും ഉൾപ്പെടുന്നു.

സംശയനിവാരണത്തിന് ഇതിന്റെ നിർവാഹകരുമായോ ഇസ്കോൺ ഡിസൈപിൾ കോഴ്സ് സെക്രട്ടേറിയേറ്റുമായോ (idcsecretariate@gmail.com) ബന്ധപ്പെടുക. ശ്രീല പ്രഭുപാദരോടുള്ള നിങ്ങളുടെ സേവനം തുടരുന്നതിനും ഈ സെമിനാറിനും വേണ്ടിയുള്ള എല്ലാ നന്മകളും നേരുന്നു.

ഈ കോഴ്സ് നിങ്ങൾക്കായി രൂപപ്പെടുത്തിയ എല്ലാ വൈഷ്ണവരെയും പ്രതിനിധീകരിച്ചുകൊണ്ട്,

നിങ്ങളുടെ സേവകൻ,
അനുത്തമ ദാസ
ഇസ്കോൺ മിനിസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻസ്,
മെംബർ, ജിബിസി ഗുരു സർവ്വീസ് കമ്മിറ്റി

# ഇസ്കോൺ ഡിസൈപിൾ കോഴ്സ് - ഉള്ളടക്കം


## യൂണിറ്റ് 1 മുഖവുര, സിദ്ധാന്തം, സന്ദർഭം

പാഠം 1 സ്വാഗതം & മുഖവുര

പാഠം 2 ഗുരു തത്ത്വവും പരമ്പരയും

പാഠം 3 ശ്രീല പ്രഭുപാദർ - ഇസ്കോൺ സ്ഥാപകാചാര്യൻ

പാഠം 4 ഇസ്കോൺ ഗുരുക്കന്മാർ

## യൂണിറ്റ് 2: ഗുരുവുമായുള്ള ബന്ധം സ്ഥാപിക്കൽ

പാഠം 5 ഗുരു-പാദാശ്രയ

പാഠം 6 ഗുരുവിനെ തെരഞ്ഞെടുക്കൽ

പാഠം 7 ദീക്ഷാപ്രതിജ്ഞകൾ

## യൂണിറ്റ് 3 ഗുരുവുമായുള്ള ബന്ധത്തിൽ വർത്തിക്കൽ

പാഠം 8 ഗുരു പൂജ

പാഠം 9 ഗുരു സേവനം

പാഠം 10 ഗുരു വപു & വാണി സേവനം

പാഠം 11 ഗുരു ത്യാഗം

## യൂണിറ്റ് 4 സഹകരണമനോഭാവത്തോടെയുള്ള ബന്ധവും അതിന്റെ ഏകീകരണവും

പാഠം 12 ഗുരുവിനെ പരിചയപ്പെടുത്തൽ

പാഠം 13 ഇസ്കോണിനുള്ളിലെ ബന്ധങ്ങൾ

പാഠം 14 കോഴ്സ് റൗണ്ട് അപ്

## അനുബന്ധം

1. കൂടുതൽ ഉദ്ധരണികൾ
2. ശ്രീല പ്രഭുപാദരുടെ സ്ഥാനത്തെക്കുറിച്ച് ജിബിസിയുടെ പ്രസ്താവന
3. ഇസ്കോണിലെ ദീക്ഷാഗുരുവിന് നിർബന്ധമായും വേണ്ട യോഗ്യതകൾ
4. ഇസ്കോൺ ഗുരുക്കന്മാരുടെ പെരുമാറ്റച്ചട്ടങ്ങൾ
5. ഇസ്കോണിൽ ദീക്ഷയ്ക്ക് വേണ്ട യോഗ്യതകൾ
6. പതിതനായ ഗുരുവിന്റെ തിരസ്കരണം
7. ഇസ്കോൺ ഭരണസംവിധാനങ്ങളുടെ ഐക്യത
8. ഇസ്കോൺ ഡിസൈപിൾ കോഴ്സിനെക്കുറിച്ച് ജിബിസിയുടെ പ്രമേയം
9. ക്ലാസ്സ്റൂം നിയമങ്ങൾ
10. തുടർന്നുള്ള വായന

കോഴ്സ് വിവരണപ്പട്ടിക

# യൂണിറ്റ് 1

# മുഖവുര, സിദ്ധാന്തം, സന്ദർഭം

## പാഠം 1 സ്വാഗതം & മുഖവുര

തത്ത്വങ്ങളും മൂല്യങ്ങളും

കോഴ്സിന്റെ വിശാലമായ ഉദ്ദേശങ്ങൾ

കോഴ്സ് അസെസ്മെന്റ്

## പാഠം 2 ഗുരു തത്ത്വവും പരമ്പരയും

ഗുരു തത്ത്വം

വിവിധതരം ഗുരുക്കന്മാർ

ഗുരുപരമ്പരാ സമ്പ്രദായം

ഋത്വിക് സിദ്ധാന്തം തെറ്റാണെന്ന് തെളിയിക്കൽ

## പാഠം 3 ശ്രീല പ്രഭുപാദർ - ഇസ്കോൺ സ്ഥാപകാചാര്യൻ

സ്ഥാപകാചാര്യന്റെ ധർമ്മങ്ങൾ

ശ്രീ ചൈതന്യമഹാപ്രഭുവിന്റെ നിയോഗിക്കപ്പെട്ട പ്രതിനിധിയായ പ്രഭുപാദർ

ഇസ്കോൺ ഭാവിയിൽ

## പാഠം 4 ഇസ്കോൺ ഗുരുക്കന്മാർ

ഇസ്കോൺ ഗുരുവിന്റെ മനോഭാവം

ഗുരുവിന്റെയും ഇസ്കോൺ അധികാരികളുടെയും നിർദ്ദേശങ്ങൾ

ഇസ്കോണേതര ഗുരുക്കന്മാർ

# പാഠം 1 സ്വാഗതം & മുഖവുര

## പാഠ്യ വിഷയങ്ങൾ

ക്ലാസ്സ്റൂം നിയമങ്ങൾ

തത്ത്വങ്ങളും മൂല്യങ്ങളും

കോഴ്സിന്റെ വിശാലമായ ഉദ്ദേശം

കോഴ്സ് അസെസ്മെന്റ്

## ക്ലാസ്സ്റൂമിലെ പെരുമാറ്റചട്ടങ്ങൾ

അനുയോജ്യമായ പഠനാന്തരീക്ഷം നിലനിർത്തുവാൻ ക്ലാസ്സ്റൂമിലെ പെരുമാറ്റ ചട്ടങ്ങൾ പാലിക്കുവാൻ വിദ്യാർത്ഥികൾ ബാദ്ധ്യസ്ഥരാണ് (പേജ് 83 ലെ അനുബന്ധം 9 കാണുക)

## കോഴ്സിന്റെ വിശാലമായ ഉദ്ദേശങ്ങൾ

ശ്രീല പ്രഭുപാദരുടെ സമിതിയുടെയും അതിലെ അംഗങ്ങളുടെയും ദീർഘകാല നന്മയും ഇസ്കോണിലെ ശിഷ്യത്വത്തിന്റെ ഗുണമേന്മയുടെ അഭിവൃദ്ധിയും.

വിദ്യാർത്ഥികളെ താഴെപറയുന്നതിന് യോഗ്യരാക്കുകവഴി നമുക്കിത് നേടാൻ സാധിക്കും.

1. വിശാലമായ ഗൗഡീയ വൈഷ്ണവ പരമ്പരയുടെയും ശ്രീല പ്രഭുപാദരുടെയും നിർദ്ദേശങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ശിഷ്യത്വത്തിന്റെ ചിരസ്ഥായിയായ തത്ത്വങ്ങളെക്കുറിച്ച് മനസ്സിലാക്കുക. ഈ നിർദ്ദേശങ്ങൾ ഇസ്കോണിൽ പ്രയുക്തമാകുന്ന അപൂർവ്വ സാഹചര്യങ്ങളെ അഭിനന്ദിക്കൽ.

2. ഈ തത്ത്വങ്ങൾ താഴെപറയുന്നവയ്ക്കുവേണ്ടി പ്രയോഗിക്കൽ.

   a. ഗുരുക്കന്മാരോടും മുതിർന്ന വൈഷ്ണവരോടും ആത്മീയ അഭിവൃദ്ധിയ്ക്ക് അനുയോജ്യമായ ബന്ധം സ്ഥാപിക്കുക.

   b. ആ ബന്ധത്തിന് അനുഗണമായി പ്രവർത്തിക്കുക.

3. ശിഷ്യനുണ്ടായിരിക്കേണ്ട മനോഭാവങ്ങളും മൂല്യങ്ങളും വളർത്തിയെടുക്കൽ.

4. സ്വയം ആദർശമാതൃകയിലൂടെയും നിർദ്ദേശത്തിലൂടെയും ശ്രീലപ്രഭുപാദരുടെ പ്രബോധനങ്ങളെയും ദൗത്യത്തെയും സ്ഥിരമാക്കുവാൻ വേണ്ടി ഭഗവാനെയും അദ്ദേഹത്തിന്റെ വ്യത്യസ്ത പ്രതിനിധികളെയും സഹകരണത്തോടെയുള്ള സേവനം.

## ഡിസൈപിൾസ് കോഴ്സിന്റെ ഉദ്ദേശങ്ങൾ

ഒരു ശിഷ്യനെന്ന നിലയിൽ ഏതൊക്കെ വഴികളിൽകൂടി എനിക്ക് മെച്ചപ്പെടാം?

## പഠനത്തിന്റെ തത്ത്വങ്ങളും മൂല്യങ്ങളും

1. സർവ്വപ്രധാന ശിക്ഷാ ഗുരു എന്ന നിലയിൽ ശ്രീല പ്രഭുപാദർ
2. ഇസ്കോണിനോടും പരമ്പരയോടുമുള്ള കൂറ്
3. വിവിധ അധികാരികളോടും മുതിർന്ന വൈഷ്ണവരോടുമുള്ള ബഹുമാനം
4. ശ്രദ്ധാപൂർവ്വം ഗുരുവിനെ തെരഞ്ഞെടുക്കൽ
5. ഗുരുവിന്റെ നിർദ്ദേശങ്ങളിലുള്ള വിശ്വാസം
6. ശ്രീല പ്രഭുപാദരുടെ ദൗത്യത്തിലും പ്രതിജ്ഞകളോടുമുള്ള പ്രതിബദ്ധത
7. മാതൃകാപരമായ സാധന, പെരുമാറ്റം, സന്തുലിതമായ ജീവിതരീതി
8. അന്വേഷണം, എളിമത്വം, സേവനം
9. അനുകൂല സംഘം, അംഗീകരണം, സഹകരണം
10. ദിവ്യനാമത്തിന്റെ പരിശീലനവും പ്രചരണവും

# കോഴ്സ് അസെസ്മെന്റ്

### ഓപ്പൺ ബുക്ക് അസെസ്മെന്റ്

താഴെപ്പറയുന്ന ചോദ്യങ്ങളിൽ ചിലതോ എല്ലാമോ അദ്ധ്യാപകൻ നിങ്ങൾക്കു നൽകും. അതിന് ഉദ്ദേശം 250 വാക്കുകളിൽ കൂടാതെ ഉത്തരം നൽകേണ്ടതാണ്. ചില ചോദ്യങ്ങൾക്ക് ഹ്രസ്വമായ ഉത്തരം മതിയാകും. * അടയാളം ഉള്ള ചോദ്യങ്ങൾക്ക് നിർബന്ധമായും ഉത്തരം എഴുതേണ്ടതാണ്. മൊത്തത്തിലുള്ള വിജയത്തിന് കുറഞ്ഞത് 65% മാർക്ക് ആവശ്യമാണ്. അസെസ്മെന്റിന്റെ റിപ്പോർട്ട് അദ്ധ്യാപകൻ നിങ്ങൾക്ക് നൽകും.

### ക്ലോസ്ഡ് ബുക്ക് അസെസ്മെന്റ്

പകരമായി നിങ്ങളുടെ അദ്ധ്യാപകൻ ഒരു ക്ലോസ്ഡ് ബുക്ക് മൾട്ടിപ്പിൾ ചോയ്സ് ടെസ്റ്റ് നടത്തിയേക്കാം. ഇതിന്റെ ചോദ്യങ്ങൾ താഴെക്കൊടുത്തിട്ടുള്ള ഓപ്പൺ ബുക്ക് ചോദ്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും. മൊത്തത്തിലുള്ള വിജയത്തിന് കുറഞ്ഞത് 70% മാർക്ക് ആവശ്യമാണ്.

വിജയികളായ വിദ്യാർത്ഥികൾക്ക് ജിബിസി ഗുരു സർവീസ് കമ്മിറ്റി അംഗീകൃതമായ ഇസ്കോൺ ഡിസൈപിൾസ് കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

## യൂണിറ്റ് 1: മുഖവുര, സിദ്ധാന്തം, സന്ദർഭം

### ഗുരുതത്ത്വവും പരമ്പരയും (പാഠം 2)

1. രണ്ട് തരം ഗുരുക്കന്മാർ തമ്മിലുള്ള സാദൃശ്യങ്ങളും വ്യത്യാസങ്ങളും വിശദീകരിക്കുക.
2. ഋത്വിക് സിദ്ധാന്തം തെറ്റാണെന്ന് തെളിയിക്കാൻ കുറഞ്ഞത് നാല് വാദഗതികൾ നൽകുക. ഉത്തരത്തിൽ ശാസ്ത്രങ്ങളിൽ നിന്നുമുള്ള അനുയോജ്യമായ റെഫറൻസുകൾ ചേർക്കുക.

### ഇസ്കോണിലെ ഗുരുപാദാശ്രയം (പാഠം 3, 5 & 8)

3. ഇസ്കോണിലെ ഗുരുപാദാശ്രയം വിശദീകരിക്കുക. *
4. സർവ്വപ്രധാന ശിക്ഷാഗുരുവെന്ന നിലയിലും ഇസ്കോണിന്റെ സ്ഥാപകാചാര്യൻ എന്ന നിലയിലും ശ്രീല പ്രഭുപാദർ വർത്തിക്കുന്നതെങ്ങനെ ? *
5. ഭാവി തലമുറയ്ക്കും ശ്രീലപ്രഭുപാദർ ഇസ്കോണിലെ സർവ്വപ്രധാന ശിക്ഷാഗുരുവായി നിലനിൽക്കേണ്ടതിന്റെ ആവശ്യകത എന്ത് ? *
6. നിലവിലുള്ള ഇസ്കോണിന്റെ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീല പ്രഭുപാദരെയും വർത്തമാന ഗുരുക്കന്മാരേയും ഭാവിയിലെ ഗുരുക്കന്മാരെയും ആരാധിക്കേണ്ട ശരിയായ രീതിയെക്കുറിച്ച് വിശദീകരിക്കുക.

### ഇസ്കോൺ ഗുരുക്കന്മാർ (പാഠം 4)

7. ശ്രീല പ്രഭുപാദരുടെ നിർദ്ദേശങ്ങളെയും ഇസ്കോണിനുള്ളിലെ ആധികാരികഘടനയെയും കണക്കിലെടുത്തുകൊണ്ടുള്ള ഒരു ഗുരുവിന്റെ ശരിയായ മനോഭാവത്തെക്കുറിച്ച് വിശദീകരിക്കുക. *
8. എന്തുകൊണ്ട് ഒരാൾ ഇസ്കോണിനകത്തുള്ള ശിക്ഷാഗുരുവിനെയും ദീക്ഷാഗുരുവിനെയും മാത്രം സ്വീകരിക്കണം, പുറത്തുനിന്നുള്ളതു പാടില്ല ?
9. മറ്റു ഗൗഡീയ വൈഷ്ണവ പരമ്പരയിലെയും സംഘടനയിലെയും ഗുരുക്കന്മാരോടുള്ള ഇസ്കോൺ ശിഷ്യന്റെ ശരിയായ മനോഭാവത്തെക്കുറിച്ച് വിവരിക്കുക.

# യൂണിറ്റ് 2 & 3  ഗുരുവുമായുള്ള ബന്ധം സ്ഥാപിക്കലും വർത്തിക്കലും

## ഗുരുവിനെ തെരഞ്ഞെടുക്കൽ & ദീക്ഷാപ്രതിജ്ഞകൾ (പാഠം 6 & 7)

10. ശ്രീല പ്രഭുപാദരുടെ വ്യാഖ്യാനങ്ങളെ കണക്കിലെടുത്തുകൊണ്ട് ദീക്ഷാ പ്രതിജ്ഞകളുടെ പ്രാധാന്യം വ്യക്തമാക്കുക.

11. നിങ്ങൾ പ്രധാനമെന്ന് കരുതുന്ന ഗുരുവിന്റെ ചില യോഗ്യതകൾ ശാസ്ത്രത്തിന്റെയും ഇസ്കോണിലെ ദീക്ഷാഗുരുവിന് നിർബന്ധമായും വേണ്ട യോഗ്യതകളുടെയും (അനുബന്ധം 3) അടിസ്ഥാനത്തിൽ വിവരിക്കുക.

12. ഒരു ഗുരുവിനെ തെരഞ്ഞെടുക്കുന്നതിൽ ശരിയായതും തെറ്റായതുമായ രീതികളും കാരണങ്ങളും ചർച്ച ചെയ്യുക. നിലവിലുള്ള ഇസ്കോണിന്റെ നിയമങ്ങളുടെയും ശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ അനുയോജ്യമായ റെഫറൻസുകൾ നൽകുക. *

## ഗുരു സേവനം (പാഠം 9 & 10)

13. ഇസ്കോൺ ദൗത്യത്തിനുവേണ്ടിയുള്ള സേവനവും ഗുരു സേവനവും തമ്മിലുള്ള ബന്ധം സോദാഹരണം ചർച്ച ചെയ്യുക. ഇവ രണ്ടിനോടുമുള്ള സന്തുലിതമായ സമീപനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക. *

14. ഗുരു വപു സേവയും ഗുരു വാണിസേവയും എന്താണ് ? ഇതിൽ ഏതാണ് പ്രധാനപ്പെട്ടത്. എന്തുകൊണ്ട് ?

15. ഗുരുവിൽ നിന്നും ഉപദേശം സ്വീകരിക്കേണ്ട ശരിയായതും തെറ്റായതും ആയ വിഷയങ്ങൾക്ക് കുറഞ്ഞത് നാല് ഉദാഹരണം നൽകുക. നിങ്ങളുടെ ഉത്തരത്തിൽ ശാസ്ത്രത്തിൽ നിന്നുള്ള ഉചിതമായ സൂചനകൾ ചേർക്കുക.

16. ഒരു ശിഷ്യൻ തന്റെ ഗുരുവിന്റെ ആത്മീയ സഹോദരങ്ങളോട് എങ്ങനെ പെരുമാറണമെന്ന് ചർച്ച ചെയ്യുക. ശാസ്ത്രത്തിൽ നിന്നുള്ള ഉചിതമായ സൂചനകൾ ചേർക്കുക.

# യൂണിറ്റ് 4  സഹകരണമനോഭാവത്തോടെയുള്ള ബന്ധം

## ഗുരുവിനെ പരിചയപ്പെടുത്തൽ (പാഠം 12 & 5)

17. വൈഷ്ണവ സമൂഹത്തിനിടയിലും പൊതുജനങ്ങൾക്കിടയിലും ഗുരുവിനെക്കുറിച്ച് പ്രചരിപ്പിക്കുന്നതിൽ ഒരു ശിഷ്യനുണ്ടാകേണ്ട അനുയോജ്യമായ മനോഭാവവും പെരുമാറ്റവും സംബന്ധിച്ച് നിങ്ങളുടെ കാഴ്ചപ്പാട് ചർച്ച ചെയ്യുക. ഉത്തരത്തിൽ നിലവിലുള്ള ഇസ്കോൺ നിയമങ്ങളിലും, ശാസ്ത്രങ്ങളിലും നിന്നുമുള്ള ഉചിതമായ റെഫറൻസ് നൽകുക. ഇതു സംബന്ധിച്ച് ഒരു ഇസ്കോൺ ശിഷ്യന് ശരിയായ മനോഭാവം വളർത്തിയെടുക്കേണ്ടത് എന്തുകൊണ്ട് പ്രാധാന്യമർഹിക്കുന്നു ? *

18. ഇസ്കോണിലെ വർത്തമാന-ഭാവികാലത്തെ തലമുറയ്ക്ക് സർവ്വപ്രധാന ശിക്ഷാഗുരുവായും സ്ഥാപകാചാര്യനായും ശ്രീല പ്രഭുപാദരെ സ്ഥാപിക്കേണ്ടത് എന്തുകൊണ്ട് പ്രാധാന്യമർഹിക്കുന്നു ? *

## ഇസ്കോണിനുള്ളിലെ ബന്ധങ്ങൾ (പാഠം 13)

19. ദീക്ഷാഗുരുവിനെക്കുറിച്ച് ഒരു ശിഷ്യന് ഉണ്ടായിരിക്കാൻ പാടില്ലാത്ത പക്ഷപാതപരവും തെറ്റായതുമായ സമീപനത്തെയും മനോഭാവത്തെയും കുറിച്ച് ചർച്ച ചെയ്യുക. ഇക്കാര്യത്തിൽ ഒരു ഇസ്കോൺ ശിഷ്യൻ ശരിയായ മനോഭാവം വളർത്തിയെടുക്കേണ്ടതിന്റെ പ്രാധാന്യം എന്താണ് ? *

20. ഗുരുക്കന്മാരുടെ പേരിലുള്ള അനുചിതമായ വേർതിരിവില്ലാതെ എല്ലാ വൈഷ്ണവരോടും കൂട്ടായ്മയുടെ ബന്ധം വളർത്തിയെടുക്കാനും അത് നിലനിർത്താനുമുള്ള പ്രായോഗിക വഴികളെക്കുറിച്ച് വിവരിക്കുക. *

# പാഠം 2 ഗുരു തത്ത്വവും പരമ്പരയും

## പാഠ്യ വിഷയങ്ങൾ

- ഗുരു തത്ത്വം
- വിവിധതരം ഗുരുക്കന്മാർ
- ഗുരു പരമ്പരാ സമ്പ്രദായം
- ഋത്വിക് സിദ്ധാന്തം തെറ്റാണെന്ന് തെളിയിക്കൽ

## ഗുരു തത്ത്വം

ഗുരുവിന്റെ സ്ഥാനത്തെക്കുറിച്ച് സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

# ഗുരു തത്ത്വം

## ആദ്ധ്യാത്മിക ഗുരു കൃഷ്ണനിൽ നിന്നും ഭിന്നനല്ല.

ഗുരു കൃഷ്ണ-രൂപ ഹന ശാസ്ത്രേര പ്രമാണേ
ഗുരു-രൂപേ കൃഷ്ണ കൃപാ കരേന ഭക്ത ഗണേ

എല്ലാ ശാസ്ത്രങ്ങളുടെയും സൂക്ഷ്മമായ അഭിപ്രായമനുസരിച്ച് ആദ്ധ്യാത്മികഗുരു കൃഷ്ണനിൽനിന്നും ഭിന്നനല്ല. ഭഗവാൻ കൃഷ്ണൻ ആദ്ധ്യാത്മികഗുരുവിന്റെ രൂപത്തിൽ അദ്ദേഹത്തിന്റെ ഭക്തന്മാർക്ക് മോക്ഷം നൽകുന്നു. ശിഷ്യന് ആദ്ധ്യാത്മികഗുരുവുമായുള്ള ബന്ധം ഭഗവാനുമായുള്ള ബന്ധത്തോളം ശ്രേഷ്ഠമാണ്.

ശ്രീ ചൈതന്യ ചരിതാമൃതം ആദിലീല 1.45

ആചാര്യം മാം വിജാനീയാൻ നാവമന്യേത കർഹിചിത്
ന മർത്യ-ബുദ്ധ്യാസൂയേത സർവ-ദേവ-മയോ ഗുരുഃ

ഒരു വ്യക്തി ആചാര്യനെ എന്നെപോലെതന്നെ അറിയുകയും ഒരു വിധത്തിലും അദ്ദേഹത്തെ അപമാനിക്കാതിരിക്കുകയും ചെയ്യണം. അദ്ദേഹം എല്ലാ ദേവന്മാരുടെയും പ്രതിനിധിയാകയാൽ അദ്ദേഹത്തോട് അസൂയാലുവാകുവാനോ അദ്ദേഹത്തെ സാധാരണ ഒരു വ്യക്തിയായി കാണാനോ പാടുള്ളതല്ല

ശ്രീമദ് ഭാഗവതം 11.17.27

## ആദ്ധ്യാത്മികഗുരുവിനെ സാധാരണ ഒരു വ്യക്തിയായി കാണുന്ന ഒരാൾ അധഃപതിച്ച് പോകുന്നു.

ആദ്ധ്യാത്മിക ഗുരുവിന് പരമദിവ്യോത്തമ പുരുഷന്റെ തുല്യസ്ഥാനം നൽകി ആദരിക്കണമെന്ന് ശുപാർശ ചെയ്യപ്പെടുന്നു. *സാക്ഷാദ് ഹരിത്വേന സമസ്ത ശാസ്ത്രൈഃ* ഇത് എല്ലാ ശാസ്ത്രങ്ങളിലും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. *ആചാര്യം മാം വിജാനീയാത്* (ശ്രീ.ഭാ. 11.17.27). ഒരു ആചാര്യനെ പരമദിവ്യോത്തമ പുരുഷനോളം ശ്രേഷ്ഠനായി കാണണം. ഇത്രയും നിർദേശങ്ങൾ ഉണ്ടായിട്ടും ഒരാൾ ആദ്ധ്യാത്മികഗുരുവിനെ ഒരു സാധാരണ മനുഷ്യനായി കാണുകയാണെങ്കിൽ അയാൾ അധഃപതിച്ച് പോകുന്നു.

ഭാവാർത്ഥം, ശ്രീ.ഭാ. 7.15.26

## കർമ്മം പരിപൂർണ്ണതയോടുകൂടി ചെയ്യുമ്പോൾ അയാൾ പൂർണ്ണനാകുന്നു.....

ഒരു പോസ്റ്റ്മാൻ നമുക്കു 100 ഡോളർ കൊണ്ട് തരാം. പക്ഷേ നമ്മൾ അത് പോസ്റ്റ്മാൻ തന്നതായി കണക്കാക്കില്ല. പണം ഒരു സുഹൃത്താണ് അയച്ചത്. അതിൽ നിന്ന് പണം എടുക്കാതെയോ അതിൽ കൂടുതൽ വയ്ക്കാതെയോ നമ്മുടെ അടുത്ത് എത്തിക്കുക എന്നത് പോസ്റ്റ്മാന്റെ ജോലിയാണ്. അതാണ് അയാളുടെ പൂർണ്ണത. പോസ്റ്റ്മാൻ വേറെ പല കാര്യങ്ങളിലും അപൂർണ്ണനായിരിക്കാം. എന്നാൽ അയാളുടെ കർമ്മം പരിപൂർണ്ണതയോടുകൂടി ചെയ്യുമ്പോൾ അയാൾ പൂർണ്ണനാകുന്നു.

ശ്രീല പ്രഭുപാദരുടെ വ്യാസപൂജ പ്രഭാഷണം, ന്യൂ വൃന്ദാവൻ, സെപ്റ്റംബർ 2, 1972

## യോഗ്യത കുറഞ്ഞവർക്കും മോക്ഷതലത്തിലെത്താത്തവർക്കും ഗുരുവായി വർത്തിക്കാനാകും

ഭക്തിവിനോദ ഠാക്കൂറിന്റെ പ്രസ്താവനകൾ ശാസ്ത്രത്തോളം ശ്രേഷ്ഠമാണ്. എന്തുകൊണ്ടെന്നാൽ അദ്ദേഹം മുക്താവസ്ഥയിലാണ്. സാധാരണയായി ഭഗവാന്റെ ഇത്തരം ശാശ്വത സേവകന്മാരിൽ ഒരാളാണ് ആദ്ധ്യാത്മിക ഗുരുവായി വരുന്നത്. നിത്യമുക്തരായ ഇത്തരം വ്യക്തികളുടെ തത്വങ്ങൾ പിന്തുടരുന്നവർ മുകളിൽ പറഞ്ഞവരോളം ശ്രേഷ്ഠരാണ്. മുക്തരായ ആചാര്യന്മാരും ഗുരുക്കന്മാരും ഒരിക്കലും തെറ്റുചെയ്യില്ല. എന്നാൽ മുക്തരല്ലാത്തവർ അല്ലെങ്കിൽ യോഗ്യത കുറഞ്ഞവരായ വ്യക്തികളും ഉണ്ട്. ഗുരുശിഷ്യപരമ്പരാ കർശനമായി പിന്തുടരുന്നതിലൂടെ അവർക്കും ആചാര്യനായും ഗുരുവായും വർത്തിക്കാനാകും.

ജനാർദ്ദനനുള്ള കത്ത് - ന്യൂയോർക്ക് 26 ഏപ്രിൽ 1968

## പരിശുദ്ധ ഭക്തന്മാരെ പിന്തുടരുന്നവരും പരിശുദ്ധ ഭക്തരാണ്.....

പരിശുദ്ധ ഭക്തന്മാരെ പിന്തുടരുന്നവരും പരിശുദ്ധ ഭക്തരാണ്. ഒരാൾ നൂറു ശതമാനം പരിശുദ്ധനായിരിക്കണം എന്നില്ല. എന്തുകൊണ്ടെന്നാൽ നാം ബദ്ധജീവിതത്തിൽനിന്നും ഉയർന്നുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ കർശനമായി പരിശുദ്ധ ഭക്തന്മാരെ പിന്തുടർന്നാൽ നമ്മളും പരിശുദ്ധ ഭക്തരാണ്. പരിശുദ്ധ ഭക്തരെന്നാൽ പെട്ടെന്ന് നൂറു ശതമാനം പരിശുദ്ധരാകണമെന്നല്ല അർത്ഥമാക്കുന്നത്. എന്നാൽ ഒരു ശുദ്ധഭക്തനെ പിന്തുടരുമെന്ന് ഉറച്ചുനിന്നാൽ അയാളുടെ കർമ്മങ്ങൾ പരിശുദ്ധമാകും. അയാൾ ഒരു പരിശുദ്ധ ഭക്തനോളം ശ്രേഷ്ഠനാണ്.

ഭഗവദ് ഗീത 2.1-10
ലോസ് ഏഞ്ചൽസ്, നവംബർ 25, 1968

# വിവിധതരം ഗുരുക്കന്മാർ

**ദീക്ഷാഗുരു (ഒന്ന്)**

- നിർദ്ദേശങ്ങൾ നൽകുന്നു
- പരമ്പരയുമായുള്ള ബന്ധം തുടങ്ങിവയ്ക്കുകയും നിർവഹിക്കുകയും ചെയ്യുന്നു
- ആദ്ധ്യാത്മികനാമം നൽകുന്നു
- മന്ത്രം നൽകുന്നു (മന്ത്ര ഗുരു)
- ശിഷ്യന്മാരുടെ പ്രതിജ്ഞകൾ സ്വീകരിക്കുന്നു
- ശിഷ്യന്മാരുടെ പാപങ്ങളുടെ പ്രതിപ്രവർത്തനങ്ങൾ ദൂരീകരിക്കുന്നു (ദീക്ഷാസമയം)

**ശിക്ഷാഗുരു (ഒന്നിൽ കൂടുതൽ)**

- നിർദ്ദേശങ്ങൾ നൽകുന്നു

## ശിക്ഷണം നൽകുന്ന ആദ്ധ്യാത്മിക ഗുരുക്കളുടെ എണ്ണത്തിന് പരിമിതിയില്ല...

മന്ത്ര-ഗുരു ആര യത ശിക്ഷാ-ഗുരു-ഗണ

താന്ഹാര ചരണ ആഗേ കരിയെ വന്ദന

എന്റെ ദീക്ഷാഗുരുവിന്റെയും എല്ലാ ശിക്ഷാഗുരുക്കന്മാരുടെയും പാദപങ്കജങ്ങളിൽ ഞാനെന്റെ ആദരപ്രണാമങ്ങൾ അർഷിക്കുന്നു.

ഭാവാർത്ഥം : ഒരു ഭക്തന് ഒരു ദീക്ഷാഗുരുമാത്രമെ പാടുള്ളൂ. കാരണം ശാസ്ത്രങ്ങളിൽ ഒന്നിലധികം ദീക്ഷാഗുരുക്കന്മാരെ സ്വീകരിക്കുന്നത് വിലക്കിയിരിക്കുന്നു. എന്നിരുന്നാലും ഒരുവന് സ്വീകരിക്കാവുന്ന ശിക്ഷാ ഗുരുവിന്റെ എണ്ണത്തിന് പരിമിതിയില്ല. സാധാരണയായി ഒരു ശിഷ്യന് ആദ്ധ്യാത്മിക വിഷയങ്ങളെക്കുറിച്ച് നിരന്തരം നിർദ്ദേശങ്ങൾ നൽകുന്ന ആദ്ധ്യാത്മിക ഗുരു പിന്നീട് അയാളുടെ ദീക്ഷാഗുരുവാകുന്നു.

ശ്രീ ചൈതന്യ ചരിതാമൃതം ആദിലീല 1.35

## ദീക്ഷാഗുരുവും ശിക്ഷാഗുരുവും തുല്യരാണ്

ഒരാൾക്ക് ആദ്യമായി മഹാമന്ത്രം നൽകുന്ന ഗുരു ദീക്ഷാഗുരു എന്നറിയപ്പെടുന്നു. കൃഷ്ണാവബോധത്തിൽ പുരോഗതി നേടാൻവേണ്ടി നിർദ്ദേശങ്ങൾ നൽകുന്ന സാധുക്കളെ ശിക്ഷണം നൽകുന്ന ആദ്ധ്യാത്മിക ഗുരു വെന്നും വിളിക്കുന്നു. വ്യത്യസ്തമായ വ്യവഹാരങ്ങളിലേർപ്പെടുന്നവരെങ്കിലും ദീക്ഷാഗുരുവും ശിക്ഷാഗുരുവും തുല്യരും കൃഷ്ണന് സമാനമായ ആവിർഭാവങ്ങളുമാണ്.

ഭാവാർത്ഥം, ശ്രീ ചൈതന്യ ചരിതാമൃതം ആദിലീല 1.34

ശിക്ഷാ-ഗുരു-ബൃന്ദ കൃപ കോരിയ അപാർ

സധകേ സിഖൻ സധനേർ അംഗ-സർ

എല്ലാ ശിക്ഷാഗുരുക്കന്മാരെയും വളരെ പ്രധാനപ്പെട്ടവരായി ഞാൻ കണക്കാക്കുന്നു. എന്തുകൊണ്ടെന്നാൽ പ്രായോഗികമായ ആദ്ധ്യാത്മിക സേവനത്തിന്റെ (സാധന-ഭക്തി) എല്ലാ നിർണ്ണായക ഘടകങ്ങളെയും കുറിച്ച് നവഭക്തന്മാർക്ക് പരിശീലനം നൽകി അളവറ്റ കാരുണ്യം അവർ ചൊരിയുന്നു.

ശ്രീ ശ്രീ കല്യാണ കൽപ-തരു, ശ്രീല ഭക്തിവിനോദ ഠാകുറ

പ്രഥമ ശാഖ : ആദ്ധ്യാത്മിക ഉപദേശം ആമുഖം : ശിക്ഷാ & ദീക്ഷാഗുരു







## അതീന്ദ്രിയകർമ്മങ്ങൾക്കുള്ള ആരംഭം കുറിക്കൽ എന്നാണ് ദീക്ഷ എന്നത് കൊണ്ടർത്ഥമാക്കുന്നത്....

ആരംഭം എന്നാണ് *ദീക്ഷ* എന്ന വാക്ക് അർത്ഥമാക്കുന്നത്. ദീക്ഷ, *ദീ.. ദിവ്യ.* രണ്ട് വാക്കുകൾ ഉണ്ട്. *ദിവ്യ-ജ്ഞാനം. ദിവ്യ-ജ്ഞാനം* എന്നാൽ ആതീന്ദ്രിയം, ആദ്ധ്യാത്മിക ജ്ഞാനം. അങ്ങനെ ദീ-യും ജ്ഞാന-വും ചേരുന്നതത്രേ ദിവ്യ. *ക്ഷപയതി,* വിവരിക്കൽ, അതായത് ക്ഷ, ദീ-ക്ഷ. ഈ പദങ്ങളുടെ സംയോജനമാണ് ദീക്ഷ. അതിനാൽ ദീക്ഷ എന്നാൽ അതീന്ദ്രിയകർമ്മങ്ങൾക്കുള്ള ആരംഭം കുറിക്കൽ എന്നാണ് അർത്ഥം. ഇതിനെ യാണ് ദീക്ഷ എന്ന് വിളിക്കുന്നത്. അതുകൊണ്ട് ഞങ്ങൾ ശിഷ്യന്മാരുടെ പ്രതിജ്ഞ സ്വീകരിക്കുന്നു. ''നിങ്ങൾ ഇത്ര തവണ ജപിക്കുമോ'', ''അതെ, ജപിച്ചുകൊള്ളാം'', ''നിങ്ങൾ ഈ യമനിയമങ്ങൾ പാലിക്കുമോ?'', ''അതെ, പാലിക്കാം'' അതാണ് ദീക്ഷ. അയാൾ നിയമങ്ങളനുസരിക്കുകയും ജപിക്കുകയും വേണം. എന്നാൽ എല്ലാം സ്വാഭാവികമായും വരും.

ശ്രീമദ് ഭാഗവത പ്രഭാഷണം 6.1.15 - ഓക്ക്ലാന്റ്, ഫെബ്രുവരി 22, 1973

ദീക്ഷ സംസ്കൃത പദമാണ്. ദീക്ഷ എന്നാൽ ദി, ദിവ്യ-ജ്ഞാനം അഥവാ അതീന്ദ്രിയ ജ്ഞാനം, ക്ഷ, ഇക്ഷ, ഇക്ഷ എന്നാൽ ദർശനം, അല്ലെങ്കിൽ ക്ഷപയതി, വിവരിക്കുക. ഇതിനെയാണ് ദീക്ഷ എന്ന് പറയുന്നത്.

ബലി-മർദന ദാസിന്റെ ദീക്ഷാവേളയിൽ നടന്ന പ്രഭാഷണം, മോൻറീൽ, ജൂലൈ 29, 1968

## ഒരാൾ ദീക്ഷ എടുത്തില്ലെങ്കിൽ അയാളുടെ എല്ലാ ആത്മീയ കർമ്മങ്ങളും നിഷ്ഫലങ്ങളാണ്.

അദീക്ഷിതസ്യ വാമൊരു കൃതം സർവം നിരർഥകം
പശു-യോനിം അവാപ്നോതി ദീക്ഷാ-വിരഹിതോ ജനഃ

''ഒരാൾ അംഗീകൃത ആദ്ധ്യാത്മികഗുരുവിൽ നിന്നും ദീക്ഷ എടുത്തില്ലെങ്കിൽ അയാളുടെ എല്ലാ ആദ്ധ്യാത്മിക കർമ്മങ്ങളും വ്യർത്ഥമാകുന്നു. ശരിയായ ദീക്ഷ എടുക്കാത്ത ഒരാൾ വീണ്ടും മൃഗജാതിയിൽ ജനിക്കുന്നു''


ഹരിഭക്തിവിലാസം 2.6
വിഷ്ണു-യാമലയിൽ നിന്നും ഉദ്ധരിച്ചത്
ശ്രീ ചൈതന്യ ചരിതാമൃതം മധ്യലീല 15.108 ന്റെ ഭാവാർത്ഥത്തിൽ സൂചിപ്പിച്ചത്

## കൃഷ്ണനും, കൃഷ്ണാവബോധം വളർത്തിയെടുക്കുന്ന വ്യക്തിയും തമ്മിലുള്ള ബന്ധം സ്ഥാപിതമായിക്കഴിഞ്ഞു

ആദ്ധ്യാത്മികാചാര്യനുമായുള്ള ബന്ധത്തിനാണ് ദീക്ഷ എന്നു പറയുന്നത്. ഈ ആദ്ധ്യാത്മികാചാര്യനാൽ ദീക്ഷ നൽകപ്പെട്ട ദിവസം മുതൽ, കൃഷ്ണനും, കൃഷ്ണാവബോധം വളർത്തിയെടുക്കുന്ന വ്യക്തിയും തമ്മിലുള്ള ബന്ധം സ്ഥാപിതമായിക്കഴിഞ്ഞു. ഒരു യഥാർത്ഥ ആചാര്യനിൽ നിന്നുള്ള ദീക്ഷ കൂടാതെ, കൃഷ്ണാവബോധത്തോടെയുള്ള പ്രവർത്തനമോ, കൃഷ്ണനുമായുള്ള ബന്ധമോ ഒരിക്കലും സാധ്യമല്ല.

ഭക്തിരസാമൃതസിന്ധു, അവതാരിക

## ഗുരു പരമ്പരാ സമ്പ്രദായം



### ഏവം പരമ്പരാ-പ്രാപ്തം

ഈ പരമോന്നത ശാസ്ത്രം ശിഷ്യപരമ്പരാ ശൃംഖലയിലൂടെ ലഭിച്ചതാണ്.

ഭഗവദ് ഗീത യഥാരൂപം 4.2

## എന്തുകൊണ്ട് ജീവിച്ചിരിക്കുന്ന ദീക്ഷാഗുരുവിനെ സ്വീകരിക്കണം ?

### പരമ്പരാസമ്പ്രദായം...

ഒരു ഗുരു തന്റെ ശിഷ്യന്മാരിൽ നിന്ന് തനിക്ക് വേണ്ടി ബഹുമാനങ്ങൾ സ്വീകരിക്കുന്നില്ല. മറിച്ച് ആ ബഹുമാനം കൃഷ്ണന് സമർപ്പിക്കുന്നു.... കൃഷ്ണനെക്കുറിച്ചുള്ള ജ്ഞാനം ലഭിക്കുന്നത് ഗുരുശിഷ്യ പരമ്പരയിൽകൂടിയാണെന്ന് ഭഗവദ് ഗീതയിൽ പ്രസ്താവിക്കുന്നു. *ഏവം പരമ്പരാ പ്രാപ്തം* (ഭ.ഗീ.4.2). ഇതേ ബഹുമാനം ഒരു ഗുരു അദ്ദേഹത്തിന്റെ ഗുരുവിന് സമർപ്പിക്കുന്നു. ആ ഗുരു അത് അദ്ദേഹത്തിന്റെ ഗുരുവിനും. ഈ രീതിയിൽ അത് കൃഷ്ണൻ വരെ എത്തുന്നു. അങ്ങനെ കൃഷ്ണന്റെ കാരുണ്യം പരമ്പരാസമ്പ്രദായത്തിലൂടെ താഴോട്ടു വരുകയും കൃഷ്ണന് സമർപ്പിച്ച പ്രണാമങ്ങൾ പരമ്പരാസമ്പ്രദായത്തിലൂടെ മുകളിൽ എത്തുകയും ചെയ്യുന്നു. ഒരാൾ ഈ രീതിയിൽ പരമോന്നത ഭഗവാനെ സമീപിക്കുവാൻ പഠിക്കണം.

കപില ഉപദേശം, അദ്ധ്യായം 13, ശരണാഗതിയിലൂടെ പരിപൂർണ്ണ ജ്ഞാനം

## ഒരാൾ നിലവിലുള്ള പരമ്പരയെ സമീപിക്കണം

....ശ്രീമദ് ഭാഗവതത്തിന്റെ സന്ദേശം ഗുരുശിഷ്യ പരമ്പരയിലൂടെ താഴോട്ടു വരുന്നു. ശ്രീമദ് ഭാഗവതത്തിന്റെ യഥാർത്ഥ സന്ദേശം സ്വീകരിക്കുവാൻ ഒരാൾ ഗുരുശിഷ്യ പരമ്പരയിലുള്ള ഇപ്പോഴത്തെ കണ്ണിയെ അല്ലെങ്കിൽ ആത്മീയ ഗുരുവിനെ സമീപിക്കണം.

ശ്രീമദ് ഭാഗവതം 2.9.7

# ഗുരു പരമ്പരാ സമ്പ്രദായം

## മുതിർന്ന ഗുരുവിനെ മറികടക്കാൻ പാടില്ല...

ഭഗവദ് ഗീതാ മനസ്സിലാക്കണമെന്നുണ്ടെങ്കിൽ നേരിട്ട് കേട്ടുമനസ്സിലാക്കിയ ഒരാളെപോലെ മനസ്സിലാക്കണം. ഇതിനെയാണ് പരമ്പരാ സമ്പ്രദായം എന്നു പറയുന്നത്. ഞാൻ എന്റെ ആത്മീയ ഗുരുവിൽ നിന്ന് ചിലത് കേട്ടുവെന്നിരിക്കട്ടെ, ഞാൻ അത് അതേപടി നിങ്ങളോടു സംസാരിക്കുന്നു. ഇതാണ് പരമ്പരാ സമ്പ്രദായം. എന്റെ ആത്മീയ ഗുരു എന്താണ് പറഞ്ഞതെന്ന് നിങ്ങൾക്ക് ഊഹിച്ചെടുക്കുവാനാകില്ല. നിങ്ങൾ ചില പുസ്തകങ്ങൾ വായിച്ചാലും എന്നിൽ നിന്നല്ലാതെ അത് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കില്ല. ഇതിനെയാണ് പരമ്പരാ സമ്പ്രദായം എന്നു പറയുന്നത്. നിലവിലുള്ള ഗുരുവിനെ മറികടന്ന് അദ്ദേഹത്തിന് മുകളിലുള്ള ആചാര്യന്മാരെ സമീപിക്കുവാൻ പാടില്ല.

പ്രഭാഷണം, ശ്രീമദ് ഭാഗവതം 1.15.30, ലോസ് ഏഞ്ചൽസ്, ഡിസംബർ 8, 1973

## കൃഷ്ണനെ നേരിട്ട് സമീപിക്കുവാൻ ശ്രമിക്കരുത്. അത് വ്യർത്ഥമാണ്.

ആദ്യം നിങ്ങളുടെ ആത്മീയ ഗുരു, പിന്നീട് അദ്ദേഹത്തിന്റെ ഗുരു, പിന്നീട് അദ്ദേഹത്തിന്റെ ഗുരു, അദ്ദേഹത്തിന്റെ ഗുരു, അദ്ദേഹത്തിന്റെ ഗുരു, അവസാനം കൃഷ്ണൻ. ഇതാണ് പ്രക്രിയ. കൃഷ്ണനെ നേരിട്ട് സമീപിക്കുവാൻ ശ്രമിക്കരുത്. അത് വ്യർത്ഥമാണ്. പടിപടിയായി പരമ്പരാ സമ്പ്രദായത്തിലൂടെ നിങ്ങൾ ജ്ഞാനം സ്വീകരിക്കുന്നു. അതേ രീതിയിൽ പടിപടിയായി നമ്മൾ കൃഷ്ണനെ സമീപിക്കണം.

ശ്രീമദ് ഭാഗവതം 1.2.4 - റോം, മേയ് 28, 1974

## ഒരാൾ ഒരു വൈഷ്ണ ഗുരുവിനെ സ്വീകരിക്കണം... പുസ്തകങ്ങൾ മാത്രം വായിച്ചിട്ടല്ല...

പുസ്തകങ്ങൾ വായിച്ചതുകൊണ്ടു മാത്രം ഒരാൾക്ക് അതീന്ദ്രിയ പ്രേമയുതസേവനത്തെക്കുറിച്ച് മനസ്സിലാക്കാനാകുമെന്ന് അഹങ്കാരത്തോടെ ചിന്തിക്കാൻ പാടില്ല. ഒരു വൈഷ്ണ ഗുരുവിനെ സ്വീകരിച്ച് (അദൗ ഗുരു-ആശ്രയം), ക്രമേണ ചോദ്യോത്തരങ്ങളിലൂടെ കൃഷ്ണങ്കലുള്ള പരിശുദ്ധമായ ഭക്തിയുതസേവനം എന്താണെന്ന് മനസ്സിലാക്കണം. ഇതിനെയാണ് പരമ്പരാ സമ്പ്രദായം എന്ന് പറയുന്നത്.

ശ്രീ ചൈതന്യ ചരിതാമൃതം അന്ത്യലീല 7.53, ഭാവാർത്ഥം

## ഞാൻ ദീക്ഷ നൽകുന്ന എല്ലാ ശിഷ്യന്മാരും ഭാവിയിൽ ആത്മീയ ഗുരുക്കന്മാരാകും

എന്നിൽനിന്നും ദീക്ഷ സ്വീകരിച്ച എല്ലാ ശിഷ്യന്മാരും ഭാവിയിൽ എന്റെ പാത പിന്തുടരും. എന്റെ ഗുരു സഹോദരന്മാർ ചെയ്യുന്നതുപോലെ. അതുപോലെ, ഞാൻ ദീക്ഷ നൽകുന്ന എല്ലാ ശിഷ്യന്മാർക്കും ഭാവിയിൽ ആത്മീയ ഗുരുക്കന്മാരാകുവാൻ പരിശീലനം നൽകപ്പെടുന്നു.

സംഭാഷണം, ഡെറ്റ്രോയിട്, ജൂലൈ 18, 1971

## എന്റെ എല്ലാ ശിഷ്യന്മാരും യഥാർത്ഥ ആത്മീയ ഗുരുക്കന്മാരായികാണുവാൻ ഞാനാഗ്രഹിക്കുന്നു

എന്റെ ശിഷ്യന്മാർ യഥാർത്ഥ ആത്മീയ ഗുരുക്കന്മാരായി കൃഷ്ണാവബോധം വളരെ വ്യാപകമായി പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. അത് എന്നെയും കൃഷ്ണനെയും സന്തോഷിപ്പിക്കും.... വളരെ കർശനമായ പരിശീലനത്തിലൂടെ നിങ്ങൾക്ക് യഥാർത്ഥ ആത്മീയ ഗുരുവായി ഇതേ രീതിയിൽ ശിഷ്യന്മാരെ സ്വീകരിക്കാനാകും. എങ്കിലും ശിഷ്ടാചാര പ്രകാരം നിങ്ങളുടെ ആത്മീയ ഗുരുവിന്റെ കാലത്തിൽ പുതിയ ആൾക്കാരെ ശിഷ്യത്വത്തിലേയ്ക്കായി ഗുരുവിന്റെ അടുക്കൽ എത്തിക്കുക എന്നതാണ് ശരിയായ രീതി. ഗുരുവിന്റെ അഭാവത്തിൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ തിരോഭാവത്തിനുശേഷം നിങ്ങൾക്ക് തടസ്സങ്ങളില്ലാതെ ശിഷ്യന്മാരെ സ്വീകരിക്കാനാകും. ഇതാണ് ശിഷ്യ പരമ്പരയുടെ നിയമം.

തുഷ്ട കൃഷ്ണനുള്ള കത്ത്, ഡിസംബർ 2, 1975

## എന്റെ അഭാവത്തിൽ എന്റെ എല്ലാ ശിഷ്യന്മാരും യഥാർത്ഥ ആത്മീയ ഗുരുവാകുവാൻ ഞാനാഗ്രഹിക്കുന്നു

ചൈതന്യ ഭഗവാന്റെ യഥാർത്ഥ പ്രതിനിധികളുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ ആജ്ഞകളനുസരിക്കുന്ന ഏതൊരാൾക്കും ആത്മീയ ഗുരുവാകാൻ കഴിയും. എന്റെ അഭാവത്തിൽ എന്റെ എല്ലാ ശിഷ്യന്മാരും ലോകം മുഴുവൻ കൃഷ്ണാവബോധം പ്രചരിപ്പിക്കുവാൻ വേണ്ടി അംഗീകൃത ആത്മീയ ഗുരുവാകുവാൻ ഞാനാഗ്രഹിക്കുന്നു.

മധുസൂദനനുള്ള കത്ത് - നവദ്വീപ്, നവംബർ 2, 1967

## കൂടുതൽ എളിയനിലയിലാകുന്തോറും കൂടുതൽ പുരോഗതിനേടുന്നു....

ഇതിനെ പരമ്പര സമ്പ്രദായം എന്നു പറയുന്നു. കൂടുതൽ എളിയനിലയിലാകുന്തോറും ദാസ, ദാസ, ദാസ, ദാസ, ദാസ, നൂറു തവണ ദാസ, ദാസ എന്നിങ്ങനെ എളിയനിലയിലാകുന്തോറും കൂടുതൽ പുരോഗതിനേടുന്നു.

പ്രഭാഷണം, ഭഗവദ് ഗീത 2.2, ലണ്ടൻ, ആഗസ്റ്റ് 3, 1973

## ഋത്വിക് സിദ്ധാന്തം തെറ്റാണെന്ന് തെളിയിക്കുന്ന വാദഗതികൾ

ഋത്വിക്കുകളിലൂടെ അഥവാ ഔദ്യോഗിക പൂജാരികളിലൂടെ ആത്മീയ ഗുരുവിന്റെ വിയോഗത്തിനുശേഷവും ദീക്ഷാഗുരുവായി വർത്തിക്കുന്ന ഒരു തെറ്റായ സിദ്ധാന്തമാണ് ഋത്വിക് സിദ്ധാന്തം.

- ഒരാൾ അയാളുടെ പരം ഗുരുവിൽ നിന്ന് ദീക്ഷ എടുത്ത ഒരുദാഹരണം പോലും യഥാർത്ഥ വൈഷ്ണവ സമ്പ്രദായത്തിൽ ഇല്ല.
- പരം ഗുരുവിൽ നിന്ന് ദീക്ഷ എടുക്കാമെന്ന് സൂചിപ്പിക്കുന്ന ശാസ്ത്രീയമായ ഒരു തെളിവുകളുമില്ല.
- ഭഗവാൻ നിത്യാനന്ദപ്രഭുവിന്റെ പുത്രനായ വീരഭദ്ര ഗോസ്വാമി ശ്രീനിവാസ ആചാര്യനെഴുതിയ ഒരു കത്തിൽ പരംഗുരുവിന്റെ ശിഷ്യനാണെന്ന് അവകാശപ്പെട്ടതിന് ജയഗോപാലിനെ വൈഷ്ണവ സമൂഹത്തിൽനിന്നും പുറത്താക്കിയതായി പരാമർശിച്ചിട്ടുണ്ട്.

  ഗൗഡീയവൈഷ്ണവ അഭിധാന, സ്കന്ധം 3

- പ്രഭുപാദരുടെ ശിഷ്യന്മാരിൽ യോഗ്യരായ ദീക്ഷാഗുരുക്കൾ ഇല്ല എന്ന വാദം സൂചിപ്പിക്കുന്നത് അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ഫലപ്രദമായില്ല എന്നാണ്. അങ്ങനെയാണെങ്കിൽ ഋത്വിക് പൂജാരിമാരിലൂടെ പ്രഭുപാദരുടെ ദീക്ഷാശിഷ്യന്മാരാകുന്നതിൽ എന്ത് പ്രയോജനമാണുള്ളത് ?
- ഋത്വിക് സിദ്ധാന്തം സൂചിപ്പിക്കുന്നത് വിശേഷാൽ നിയോഗിക്കപ്പെട്ട ആചാര്യന്മാർക്ക് മാത്രമെ ഗുരു ആകാൻ സാധിക്കുകയുള്ളൂ എന്നാണ്. ഇത് ശാസ്ത്രമോ വൈഷ്ണവ പാരമ്പര്യമോ അംഗീകരിക്കുന്നില്ല.
- ഋത്വിക് സിദ്ധാന്തം സൂചിപ്പിക്കുന്നത് ആചാര്യന്മാർ ശാസ്ത്ര വിരുദ്ധമായി പ്രവർത്തിക്കാമെന്നാണ്.
- ഭക്തിയ്ക്ക് വേണ്ട സുപ്രധാന ഘടകമായ, ജീവിക്കുന്ന വൈഷ്ണവരിലുള്ള വിശ്വാസത്തിന്റെ, പ്രകൃത്യായുള്ള പുരോഗതിയെ നശിപ്പിച്ചുകൊണ്ടാണ് ഋത്വിക് സിദ്ധാന്തം പ്രവർത്തിക്കുന്നത്.
- ഒരു ഋത്വിക് ഗുരു ഉപദേശങ്ങൾ നൽകുന്നുണ്ടെങ്കിലും ശരിയായ ദീക്ഷാഗുരു ചെയ്യുന്നതുപോലെ തന്റെ ശിഷ്യന്റെ മോക്ഷത്തിനുള്ള ഉത്തരവാദിത്വം ഔദ്യോഗികമായി ഏറ്റെടുക്കുന്നില്ല.

കൂടുതൽ സൂചനകൾ :

## കൂടുതൽ ഉദ്ധരണികൾ - പാഠം 2 - ഗുരുതത്ത്വം & പരമ്പര

## ഗുരുതത്ത്വം

### ഭഗവാനെപ്പോലെ ആചാര്യനെ ബഹുമാനിക്കണം

*സാക്ഷാദ് ഹരിത്വേന സമസ്ത-ശാസ്ത്രൈർ യുക്തസ് തഥാ ഭാവ്യത ഏവ സദ്ഭിഃ* എന്ന് വിശ്വനാഥ ചക്രവർത്തി ഠാക്കൂർ പറഞ്ഞിട്ടുണ്ട്. ആചാര്യൻ, ഗുരു, ഈശ്വരതുല്യനാണ്. *സാക്ഷാദ്-ധരിത്വേന* - കൃഷ്ണനെപോലെ ആചാര്യനും ബഹുമാനിക്കപ്പെടണം. അതുകൊണ്ടാണ് ശ്രീമദ് ഭാഗവതത്തിൽ (11.17.27) *ആചാര്യം മാം വിജാനീയാൻ നാവമന്യേത കർഹിചിത്* എന്ന് പറഞ്ഞിരിക്കുന്നത്. "എന്നെപോലെ ഒരു സാധാരണ മനുഷ്യനെതന്നെയാണ് അവർ ആരാധിക്കുന്നത്. അയാൾ ഒരു സ്ഥാനം സ്വീകരിച്ചിരിക്കുന്നതിനാൽ ശിഷ്യന്മാരാൽ ആരാധിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നു" എന്നൊക്കെ ചിലർ വിഡ്ഢിത്തമായി ചിന്തിക്കുന്നു. ചിലപ്പോൾ ഇത്തരത്തിൽ അവർ ചോദ്യം ചെയ്യുന്നു. എന്നാൽ ആചാര്യൻ എങ്ങനെ ബഹുമാനിക്കപ്പെടണം എന്ന് അവർക്ക് അറിയില്ല. ആചാര്യൻ ഈശ്വരനെപ്പോലെ ബഹുമാനിക്കപ്പെടണം, *സാക്ഷാദ്-ഹരിത്വേന* - ഇത് അതിശയോക്തിയല്ല, ശാസ്ത്രപ്രകാരമാണ്. പരമദിവ്യോത്തമപുരുഷന് അർപ്പിക്കാനായി ആചാര്യൻ ഈ ആദരപ്രണാമങ്ങൾ സ്വീകരിക്കുന്നു.

ശ്രീമദ് ഭാഗവതം 1.7.45-46, വൃന്ദാവനം, ഒക്ടോബർ 5, 1976

### ശ്രീമതി രാധാറാണിയുടെ സഹചാരിയും നിത്യാനന്ദ പ്രഭുവിന്റെ പ്രതിനിധിയും

ഒരേസമയം പരമദിവ്യോത്തമ പുരുഷനിൽ നിന്നും വിഭിന്നവും സമാനവുമാണ് സർവ്വവും എന്ന് സ്ഥാപിക്കുന്ന അചിന്ത്യ ഭേദാഭേദ തത്വമാണ് യഥാർത്ഥ വൈദിക വേദശാസ്ത്രം. ഇതാണ് യഥാർത്ഥ ആത്മീയ ഗുരുവിന്റെ ശരിയായ സ്ഥാനമെന്ന് ശ്രീല രഘുനാഥ ദാസ ഗോസ്വാമി സ്ഥിരീകരിച്ചിട്ടുണ്ട്. ആത്മീയ ഗുരുവിനെ അദ്ദേഹത്തിന് മുകുന്ദനുമായുള്ള (ശ്രീ കൃഷ്ണൻ) അടുത്തബന്ധത്തിന്റെ അടിസ്ഥാനത്തിൽ സദാ സ്മരിക്കണമെന്നും പറയുന്നു. ഒരു പരിശുദ്ധ ഭക്തൻ ആത്മീയ ഗുരുവിനെയും മഹാദേവനെയും പരമോന്നത ഭഗവാന് തുല്യനായി കണക്കാക്കുന്നത് അവർ ഭഗവാന് സമാനരാണെന്ന നിലയ്ക്കല്ല മറിച്ച് ഭഗവാന് ഏറ്റവും പ്രിയപ്പെട്ടവരാണെന്ന കാരണത്താലാണെന്ന് ശ്രീല ജീവഗോസ്വാമി ഭക്തി-സന്ദർഭത്തിൽ (213) വിശദീകരിച്ചിട്ടുണ്ട്. ശ്രീല രഘുനാഥ ദാസ ഗോസ്വാമിയുടെയും ശ്രീല ജീവഗോസ്വാമിയുടെയും ചുവടുകൾ പിന്തുടർന്ന് പിന്നീട് ശ്രീല വിശ്വനാഥ ചക്രവർത്തി ഠാക്കൂറിനെപോലുള്ള ആചാര്യന്മാരും ഇതേ സത്യം സ്ഥിരീകരിച്ചിട്ടുണ്ട്. ആത്മീയ ഗുരു ഭഗവാന്റെ വളരെ പ്രിയപ്പെട്ടവനും വിശ്വസ്തനുമായ സേവകനായതിനാൽ അദ്ദേഹം പരമദിവ്യോത്തമ പുരുഷന് തുല്യനാണെന്ന് ശ്രീല വിശ്വനാഥ ചക്രവർത്തി ഠാക്കൂർ ആത്മീയ ഗുരുവിനോടുള്ള പ്രാർത്ഥനയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. അതിനാൽ ഗൗഡീയവൈഷ്ണവർ ശ്രീല ഗുരുദേവിനെ പരമദിവ്യോത്തമ പുരുഷന്റെ സേവകൻ എന്ന നിലയ്ക്ക് ആരാധിക്കുന്നു. ഭക്തിയുത സേവനത്തെക്കുറിച്ചുള്ള എല്ലാ പുരാതന സാഹിത്യങ്ങളിലും സമീപകാലത്തുള്ള ശ്രീല നരോത്തമദാസ ഠാക്കൂറിന്റെയും, ശ്രീല ഭക്തിവിനോദ ഠാക്കൂറിന്റെയും, മറ്റു വിശുദ്ധരായ വൈഷ്ണവരുടെയും രചനകളിലും ആത്മീയ ഗുരുവിനെ ഒന്നുകിൽ ശ്രീമതി രാധാറാണിയുടെ വിശ്വസ്ത പരിചാരകരിൽ ഒരാളായിട്ടോ അല്ലെങ്കിൽ ശ്രീല നിത്യാനന്ദ പ്രഭുവിന്റെ പ്രതിനിധികളിൽ ഒരാളായിട്ടോ സദാ കണക്കാക്കപ്പെട്ടിട്ടുണ്ട്.

ശ്രീ ചൈതന്യ ചരിതാമൃതം ആദി-ലീല 1.46

### ആത്മീയ ഗുരു ചൈത്യ ഗുരുവിന്റെ ബാഹ്യമായ ആവിഷ്കാരമാണ്...

പരമോന്നത ആത്മീയ ഗുരു കൃഷ്ണനനാണ്. അതിനാൽ അദ്ദേഹം ചൈത്യഗുരുവെന്നറിയപ്പെടുന്നു. ഇത് എല്ലാവരുടെയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന പരമാത്മാവിനെ സൂചിപ്പിക്കുന്നു. ഭഗവദ് ഗീതയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ പരമാത്മ രൂപത്തിൽ ഉള്ളിൽ നിന്നും, ആത്മീയ ഗുരുവിന്റെ രൂപത്തിൽ ബാഹ്യമായും സഹായിക്കുന്നു. എല്ലാവരുടെയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന ചൈത്യ ഗുരുവിന്റെ ബാഹ്യമായ ആവിഷ്കാരമാണ് ആത്മീയ ഗുരു.

ഭാവാർത്ഥം, ശ്രീമദ് ഭാഗവതം 4.8.44

### പരിശുദ്ധ ഭക്തന്മാരെ പിന്തുടർന്നാൽ നിങ്ങളും പരിശുദ്ധ ഭക്തരാണ്.....

നമ്മൾ നൂറു ശതമാനം പൂർണ്ണതയുള്ളവരായിരിക്കണം എന്നില്ല. എന്നാൽ നിർദേശങ്ങൾ യഥാരൂപം പിന്തുടർന്നാൽ അത്രത്തോളം പൂർണ്ണതയുണ്ടാകും. ഈ രീതിയിൽ നാം പരിപൂർണ്ണതയാർജ്ജിക്കുന്നു. അതിനാൽ നിർദേശങ്ങൾ അനുസരിക്കണം. അതുപോലെതന്നെ ഒരു വിദഗ്ധനായ ടെക്നീഷ്യന്റെ കീഴിൽ ജോലി ചെയ്യുന്ന ഒരാളും വൈദഗ്ദ്ധ്യം കൈവരിക്കുന്നു. അയാൾ നൂറു ശതമാനം പൂർണ്ണനായിരിക്കില്ല. എന്നാൽ അയാളുടെ ജോലിയ്ക്ക് വൈദഗ്ദ്ധ്യമുണ്ടാകും. ഇത് വ്യക്തമാണോ ? എന്തുകൊണ്ടെന്നാൽ അയാൾ വിദഗ്ദ്ധന്റെ കീഴിൽ ജോലി ചെയ്യുന്നു. നിങ്ങൾക്ക് മനസ്സിലായോ ? അതിനാൽ പരിശുദ്ധ ഭക്തന്മാരെ പിന്തുടർന്നാൽ നിങ്ങളും പരിശുദ്ധ ഭക്തരാണ്. ഒരാൾ നൂറു ശതമാനം പരിശുദ്ധനാകണമെന്നില്ല. എന്തുകൊണ്ടെന്നാൽ നമ്മൾ സ്വയം ബദ്ധജീവിതത്തിൽ നിന്ന് ഉയർന്നുവരാൻ ശ്രമിക്കുന്നവരാണ്. എന്നാൽ കർശന

മായി പരിശുദ്ധ ഭക്തന്മാരെ പിന്തുടർന്നാൽ നമ്മളും പരിശുദ്ധ ഭക്തരാണ്. എത്രത്തോളം നമ്മൾ ചെയ്യുന്നുവോ അത്രയും പരിശുദ്ധരാണ്. അതിനാൽ പരിശുദ്ധ ഭക്തനെന്നാൽ പെട്ടെന്ന് നൂറു ശതമാനം പരിശുദ്ധനാകണമെന്നല്ല അർത്ഥമാക്കുന്നത്. പരിശുദ്ധ ഭക്തന്മാരെ പിന്തുടരും എന്ന തത്ത്വത്തിൽ അയാൾ ഉറച്ചു നിന്നാൽ അയാളുടെ കർമ്മങ്ങളും അയാളും പരിശുദ്ധ ഭക്തരോളം ശ്രേഷ്ഠമാകുന്നു.

ഭഗവദ് ഗീത 2.1-10, ലോസ് ഏഞ്ചൽസ്, നവംബർ 25, 1968

## വിവിധതരം ഗുരുക്കന്മാർ

### അവർ അനവധി വ്യക്തികളല്ല; ഒരൊറ്റ ഗുരു-തത്ത്വമാണ്...

*വന്ദേ ഗുരൂൻ* - ആദരണീയ പ്രണാമങ്ങൾ ഗുരുവിന് സമർഷിക്കുന്നു. ഗുരൂൻ എന്നത് ബഹുവചന രൂപമാണ്. അതിനർത്ഥം അനവധി ഗുരുക്കന്മാർ എന്നാണ്. എന്നാൽ അവർ അനവധി വ്യക്തികളല്ല; ഒരൊറ്റ ഗുരു തത്ത്വമാണ്.

പ്രഭാഷണം, ശ്രീ ചൈതന്യ ചരിതാമൃതം, ആദിലീല 1.1, മായാപുർ, മാർച്ച് 25, 1975

### ദീക്ഷ ഒരാളുടെ മുൻകാല പാപകരമായ പ്രതിപ്രവർത്തനങ്ങൾ ഇല്ലാതാക്കുന്നു.

ദീക്ഷാ-കാലേ ഭക്ത കരെ ആത്മ-സമർപണ

സെയ്-കാലേ കൃഷ്ണ താരേ കരെ ആത്മ-സമ

ദീക്ഷാ സമയം ഒരു ഭക്തൻ ഭഗവദ്സേവനത്തിൽ പൂർണ്ണമായി സമർപ്പിതനാകുമ്പോൾ കൃഷ്ണൻ അയാളെ തനിക്ക് സമാനനായി കണക്കാക്കുന്നു.

സെയ് ദെഹ കരെ താര ചിദ്-ആനന്ദ-മയ

അപ്രാകൃത-ദെഹെ താങ്ര ചരണ ഭജയ

അപ്രകാരം ഭക്തന്റെ ശരീരം ആത്മീയസ്ഥിതിയിലോട്ട് രൂപാന്തരം പ്രാപിക്കുമ്പോൾ, ഭക്തൻ ആ അതീന്ദ്രിയ ശരീരത്തിലിരുന്നുകൊണ്ട് ഭഗവാന്റെ പാദപത്മങ്ങൾക്ക് സേവനം അനുഷ്ഠിക്കുന്നു.

ശ്രീ ചൈതന്യ ചരിതാമൃതം, അന്ത്യലീല 4.192-193

### ദീക്ഷാഗുരുവും ശിക്ഷാഗുരുവും

ശാസ്ത്രവിധികളനുസരിച്ച് ദീക്ഷ നൽകുന്ന ആത്മീയ ഗുരുവിനെ ദീക്ഷാഗുരുവെന്നു വിളിക്കുന്നു. ആദ്ധ്യാമിക നിർദ്ദേശങ്ങൾ നൽകുന്ന ആത്മീയ ഗുരുവിനെ ശിക്ഷാഗുരുവെന്നു വിളിക്കുന്നു.

ശ്രീ ചൈതന്യ ചരിതാമൃതം, മധ്യലീല 8.128

ദീക്ഷാ-പുരശ്ചര്യാ-വിധി അപേക്ഷാ നാ കരെ

ജിഹ്വാ-സ്പർശെ ആ-ചണ്ഡാല സബാരെ ഉദ്ധാരെ

ദീക്ഷ എടുക്കുകയോ അല്ലെങ്കിൽ ദീക്ഷയ്ക്ക് മുൻപ് ആവശ്യമായ കർമ്മങ്ങൾ നിർവഹിക്കണമെന്നോ ഇല്ല. ഒരുവൻ തന്റെ അധരങ്ങൾകൊണ്ട് ദിവ്യനാമങ്ങൾ ഉച്ചരിച്ചാൽമാത്രം മതിയാകും. അപ്രകാരം താഴ്ന്നകുലമായ ചണ്ഡാളവർഗ്ഗത്തിലെ മനുഷ്യൻപോലും മോചിതനാകുന്നു.

സത്യരാജഖാനോട് ശ്രീ ചൈതന്യ മഹാപ്രഭു, ശ്രീ ചൈതന്യ ചരിതാമൃതം, മധ്യലീല 15.108

### ആത്മീയ ഗുരു അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ പാപകർമ്മങ്ങൾ സ്വീകരിക്കുന്നു

ആത്മീയ ഗുരു അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ പാപകർമ്മങ്ങൾ ഹരിനാമ ദീക്ഷയിൽ സ്വീകരിക്കുന്നു. പലർക്കും ഞാൻ വളരെ എളുഷത്തിൽ ദീക്ഷ നൽകുന്നുണ്ട്, എനിക്കെന്തു ചെയ്യാനാകും ? ഭഗവദ്സേവനത്തിനായി ഞാൻ നരകത്തിൽ പോകാൻ തയ്യാറാണ്.

ജദുറാണിയ്ക്കുള്ള കത്ത്, ന്യൂ വൃന്ദാവൻ 4 സെപ്റ്റംബർ, 1972

### ശ്രവണം തുടങ്ങുന്ന ആദ്യ ദിവസം മുതൽ ശാശ്വതമായ ബന്ധം തുടങ്ങുന്നു

രണ്ടാമത്തെ ദീക്ഷയാണ് ശരിയായ ദീക്ഷ. പ്രൈമറിയും സെക്കന്ററിയും വിദ്യാഭ്യാസം പോലെ ആദ്യത്തെ ദീക്ഷ പ്രാരംഭ തയ്യാറെടുഷാണ്. ആദ്യത്തെ ദീക്ഷ സ്വയം ശുദ്ധീകരിക്കാനുള്ള അവസരം നൽകുന്നു. ശരിക്കും പരിശുദ്ധനായിക്കഴിയുമ്പോൾ അയാളെ ബ്രാഹ്മണനായി അംഗീകരിക്കുന്നു. അതാണ് ശരിയായ ദീക്ഷ. ആത്മീയ ഗുരുവും ശിഷ്യനും തമ്മിലുള്ള ശാശ്വതമായ ബന്ധം ശ്രവണം തുടങ്ങുന്ന ആദ്യ ദിവസം ആരംഭിക്കുന്നു, എന്റെ ആത്മീയ ഗുരുവിനെഷോലെ. 1922 ൽ ഞങ്ങളുടെ ആദ്യത്തെ ഒത്തുചേരലിൽ അദ്ദേഹം പറഞ്ഞു, ''നിങ്ങൾ വിദ്യാഭ്യാസമുള്ളവരാണ്, എന്തുകൊണ്ട് നിങ്ങൾക്ക് ഈ കൃഷ്ണാവബോധം പ്രചരിപ്പിച്ചുകൂടാ.'' അതായിരുന്നു തുടക്കം. ഇഷോൾ അത് സത്യമാകുന്നു. അതിനാൽ ആ ദിവസം മുതൽ ബന്ധം ആരംഭിക്കുന്നു.

ജദുറാണിയ്ക്കുള്ള കത്ത്, പുതിയ വൃന്ദാവൻ 4 സെപ്റ്റംബർ, 1972

# ഗുരുപരമ്പരാ സമ്പ്രദായം

## ആദ്യം നിങ്ങൾ എന്റെ ഭക്തന്റെ ഭക്തനാകുക... *ദാസ-ദാസ-ദാസാനുദാസഃ*

കൃഷ്ണനെ നമുക്ക് നേരിട്ട് സമീപിക്കാൻ കഴിയില്ല. അത് മറ്റൊരു വിഡ്ഢിത്തമാണ്. നമ്മൾ ഗുരു മുഖേന കൃഷ്ണനെ സമീപിക്കണം. അതാണ് പരമ്പരാ സമ്പ്രദായം. നിങ്ങൾ ഗുരുവിനെ മറികടന്നുപോകാൻ മാത്രം അത്ര നിസാരനല്ല കൃഷ്ണൻ. ചിലർ ചോദിക്കാറുണ്ട്, "ഞാനെന്തിനു ഗുരുവിനെ സ്വീകരിക്കണം, എനിക്ക് കൃഷ്ണനെ നേരിട്ട് സമീപിക്കാൻ കഴിയും." ഇല്ല. കൃഷ്ണൻ അങ്ങനെ സ്വീകരിക്കില്ല... *മദ്-ഭക്തഃ പൂജാഭ്യധികഃ.* കൃഷ്ണൻ പറയുന്നു, "ആദ്യം നിങ്ങൾ എന്റെ ഭക്തന്റെ ഭക്തനാകുക." ചൈതന്യ മഹാപ്രഭു പറയുന്നു, *ഗോപീ-ഭർതുഃ പദ-കമലയോർ ദാസ-ദാസ-ദാസാനുദാസഃ* - ഞാൻ കൃഷ്ണന്റെ സേവകന്റെ സേവകന്റെ സേവകനാകുന്നു.

പ്രഭാഷണം, ഭഗവദ് ഗീത 2.2, ലണ്ടൻ, ആഗസ്റ്റ് 3, 1973

## ഒരു ആത്മീയ ഗുരു  ശിഷ്യന്റെ വിഡ്ഢിത്തങ്ങളെ നേരിട്ട് ചൂണ്ടികാണിക്കുന്നു...

വിദ്യാഭ്യാസത്താൽ അഹങ്കാരമുള്ള എളിമത്വമില്ലാത്ത ഒരു വ്യക്തി ശരിയായ ആത്മീയ ഗുരുവിന്റെ സംരക്ഷണം തേടുകയില്ല. ആത്മീയ ഗുരുവിന്റെ ആവശ്യമില്ലെന്നും സ്വന്തം പ്രയത്നത്തിലൂടെ ഉയർന്ന പരിപൂർണ്ണത നേടാൻ സാധിക്കുമെന്നും അയാൾ ചിന്തിക്കുന്നു. അത്തരം വ്യക്തികൾ വേദാന്തപഠനത്തിന് യോഗ്യരല്ല. ഭൗതികശക്തിയുടെ സ്വാധീനത്തിന് കീഴെയുള്ളവർ ഗുരുശിഷ്യ പരമ്പരയുടെ നിർദേശങ്ങൾ പിന്തുടരില്ല. എന്നാൽ അവരുടേതായ ചിലത് സൃഷ്ടിക്കുവാൻ ശ്രമിക്കുകയും അങ്ങനെ വേദാന്ത പഠനത്തിന്റെ വലയത്തിൽ നിന്ന് പുറത്താവുകയും ചെയ്യുന്നു. ഇത്തരം സ്വതന്ത്രരായ മാനസിക ഊഹാപോഹക്കാരെ ശരിയായ ഒരു ആത്മീയ ഗുരു എല്ലായ്പ്പോഴും ശാസിക്കണം. ഒരു ആത്മീയ ഗുരു  ശിഷ്യന്റെ വിഡ്ഢിത്തങ്ങളെ നേരിട്ട് ചൂണ്ടികാണിക്കുമ്പോൾ അത് വേറെ രീതിയിൽ കണക്കാക്കേണ്ടതില്ല.

ചൈതന്യ ശിക്ഷാമൃതം 18, പ്രകാശാനന്ദയുമായുള്ള സംഭാഷണം

## ഗൗരകിശോര ദാസ ബാബാജി മഹരാജിന്റെ ഔദ്യോഗികമായ ആത്മീയ ഗുരു ഭക്തിവിനോദ ഠാക്കൂർ അല്ലായിരുന്നു.

ഗൗരകിശോര ദാസ ബാബാജി മഹരാജിന്റെ ഔദ്യോഗികമായ ആത്മീയ ഗുരു ഭക്തിവിനോദ ഠാക്കൂർ അല്ലായിരുന്നു. ഗൗരകിശോര ദാസ ബാബാജി മഹരാജ് നേരത്തെതന്നെ പരിത്യാഗക്രമത്തിലുള്ള പരമഹംസനായിരുന്നു, എന്നാൽ ഭക്തിവിനോദ ഠാക്കൂർ ഗൃഹസ്ഥാശ്രമ ജീവിതം നയിക്കുമ്പോൾ പോലും അദ്ദേഹത്തിന്റെ വളരെ ഉയർന്ന ആത്മീയജ്ഞാനത്താൽ ഗൗരകിശോര ദാസ ബാബാജി മഹരാജ് അദ്ദേഹത്തിനെ ആചാര്യനായി കരുതിയിരുന്നു. അപ്രകാരം അദ്ദേഹത്തെ ഗൗരകിശോര ദാസ ബാബാജി മഹരാജ് സദാ തന്റെ ആത്മീയഗുരുവായി കണക്കാക്കി. ദീക്ഷാഗുരു, ശിക്ഷാഗുരു എന്നിങ്ങനെ രണ്ട് തരം ആത്മീയ ഗുരുക്കന്മാരുണ്ട്. അതിനാൽ ഭക്തിവിനോദ ഠാക്കൂർ ഔദ്യോഗികമായി ഗൗരകിശോര ദാസ ബാബാജി മഹരാജിന്റെ ശിക്ഷാഗുരു പോലെ ആയിരുന്നു.

ദയാനന്ദനുള്ള കത്ത്, ഓൾസ്റ്റൺ, മാസ്സച്യുസെറ്റ്സ്, 1 മെയ്, 1969

## ഒരാൾ നേരിട്ട് ശിഷ്യനാകണമെന്നല്ല ശിഷ്യ പരമ്പരകൊണ്ട് അർത്ഥമാക്കുന്നത്.

ഒരു പ്രത്യേക വ്യക്തിയുടെ നേരിട്ടുള്ള ശിഷ്യനാകണം എന്നല്ല ശിഷ്യപരമ്പര കൊണ്ടർത്ഥമാക്കുന്നത്. ഞങ്ങളുടെ ഭഗവദ് ഗീതാ യഥാരൂപത്തിൽ ഞങ്ങൾ വിശദമാക്കാൻ ശ്രമിച്ച നിർണ്ണയവും അർജുനന്റെ നിർണ്ണയവും ഒന്നുതന്നെയാണ്..... മറ്റൊരുദാഹരണം നോക്കാം, ഒരു വൃക്ഷത്തിന് ധാരാളം ശാഖകളും അവയിൽ അനേകം ഇലകളുമുണ്ട്. എന്നാൽ ഏതൊരു ഇലയെടുത്ത് രുചിച്ച് നോക്കിയാലും അവയ്ക്കെല്ലാം ഒരേ രുചിയാണെന്ന് കാണാം. രുചിയാണ് നിർണ്ണയം, രുചിയിൽനിന്ന് രണ്ടിലകളും ഒരേ വൃക്ഷത്തിന്റേതാണെന്ന് മനസ്സിലാക്കാനാകും.

കീർത്തനാനന്ദയ്ക്കുള്ള കത്ത്, ലോസ് ഏഞ്ചൽസ്, 25 ജനുവരി, 1969

## ഗുരു ഒന്നാണ്

ഗുരു ഒന്നാണ്, എന്തുകൊണ്ടെന്നാൽ അദ്ദേഹം ശിഷ്യ പരമ്പരയിൽ വരുന്നു. അയ്യായിരം വർഷങ്ങൾക്കു മുന്നെ വ്യാസദേവനും കൃഷ്ണനും പഠിപ്പിച്ചത് ഇപ്പോഴും പഠിപ്പിച്ചുവരുന്നു. രണ്ട് നിർദ്ദേശങ്ങൾക്കുമിടയിൽ അന്തരം ഇല്ല. ആയിരക്കണക്കിന് ആചാര്യന്മാർ വന്നുപോയെങ്കിലും സന്ദേശം ഒന്നാണ്. ശരിയായ ഗുരു രണ്ടാകില്ല. എന്തുകൊണ്ടെന്നാൽ ശരിയായ ഗുരു അദ്ദേഹത്തിന്റെ പൂർവ്വികരിൽ നിന്നും വ്യത്യസ്തമായി സംസാരിക്കില്ല.

ആത്മഗവേഷണം, അ.8 ഗുരു എന്നാൽ എന്ത് ?

# പാഠം മൂന്ന്
# ശ്രീല പ്രഭുപാദർ - ഇസ്‌കോൺ സ്ഥാപകാചാര്യൻ

## പാഠ്യ വിഷയങ്ങൾ

സ്ഥാപകാചാര്യന്റെ ധർമ്മങ്ങൾ

ശ്രീ ചൈതന്യമഹാപ്രഭുവിന്റെ നിയോഗിക്കപ്പെട്ട പ്രതിനിധിയായ ശ്രീല പ്രഭുപാദർ

ഇസ്‌കോൺ ഭാവിയിൽ

## സ്ഥാപകാചാര്യന്റെ ധർമ്മങ്ങൾ

“സ്ഥാപനം ” എന്ന വാക്കിന്റെ അർത്ഥ തലങ്ങൾ :

അടിസ്ഥാനം അല്ലെങ്കിൽ ദൃഢമായ പിന്തുണ നൽകുക
ഒരു കാതലായ നിർദേശ വിഷയത്തെ ഉറപ്പിക്കുക
ചിരകാല നിലനിൽപ് ഉദ്ദേശിച്ചുകൊണ്ട് ഒരു സ്ഥാപനം തുടങ്ങിവയ്ക്കൽ

ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷ്നറി, രണ്ടാം പതിപ്, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്

ശ്രീലപ്രഭുപാദർ ഇസ്‌കോണിന്റെ സ്ഥാപകാചാര്യനായി പ്രവർത്തിക്കുന്ന രീതികൾ എഴുതുക

**ശ്രീല പ്രഭുപാദർക്ക് ഓരോ ഇസ്‌കോൺ ഭക്തനുമായും ഒരു സർവ്വപ്രധാന ബന്ധം ഉണ്ട്.**

അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെ സ്ഥാപകാചാര്യൻ, സർവ്വപ്രധാന ശിക്ഷാ ഗുരു, നമ്മുടെ ഈ സമിതിയിലെ പരമാധികാരി എന്നീ നിലകളിൽ ശ്രീല പ്രഭുപാദർക്ക് ഓരോ ഇസ്‌കോൺ ഭക്തനുമായും ഒരു സർവ്വപ്രധാന ബന്ധം ഉണ്ട്.

303, ശ്രീല പ്രഭുപാദരുടെ സ്ഥാനത്തെക്കുറിച്ചുള്ള ജിബിസി പ്രസ്താവന (മാർച്ച് 2013)

## ശ്രീ ചൈതന്യമഹാപ്രഭുവിന്റെ നിയോഗിക്കപ്പെട്ട പ്രതിനിധിയായ ശ്രീല പ്രഭുപാദർ

ആധുനിക യുഗത്തിലെ ശ്രീ ചൈതന്യമഹാപ്രഭുവിന്റെ നിയോഗിക്കപ്പെട്ട പ്രതിനിധിയായി നമ്മൾ ശ്രീല പ്രഭുപാദരെ സ്വീകരിച്ചതിന്റെ കാരണങ്ങൾ താഴെ എഴുതുക

മോര സേനാപതി-ഭക്ത

എബെ നാമ സങ്കീർത്തന തിക്ഷണ ഖദഗ ലൈയ അന്തര അസുര ജിവേര ഫെലിബെ കടിയ

യദി പാപി ഛദി ധർമ ദുരെ ദെസെ യയ മോര സേനാപതി-ഭക്ത യൈബെ തഥയ

ഹരേ കൃഷ്ണ മന്ത്രകീർത്തനമെന്ന മൂർച്ചയേറിയ ഖഡ്ഗമുപയോഗിച്ച് ബദ്ധാത്മാക്കളുടെ ഹൃദയത്തിലെ ആസുരിക മനോഭവത്തെ ഞാൻ പിഴുതെടുത്ത് നശിപ്പിക്കും. മതതത്ത്വങ്ങളുപേക്ഷിച്ച് ചില പാപികൾ വിദൂരദേശത്തേയ്ക്ക് പലായനം ചെയ്യുമ്പോൾ അവർക്ക് കൃഷ്ണാവബോധം നൽകാനായി എന്റെ സേനാപതി ഭക്തൻ ആ സമയം വരും.

ലോചന ദാസ ഠാക്കൂർ, ചൈതന്യ മംഗളം

(സൂത്രകാണ്ഡം, ഗീതം 12, ശ്ലോകം 564-565)

## ഇസ്കോൺ ഭാവിയിൽ

ഭാവിയിൽ ഇസ്കോണിന്റെ സ്ഥാപകാചാര്യനായും സർവ്വപ്രധാന ശിക്ഷാ ഗുരുവായും ശ്രീല പ്രഭുപാദർ നിലനിൽക്കും എന്ന് ഉറപ്പുവരുത്താൻ എന്തുചെയ്യാൻ കഴിയും ? നിങ്ങളുടെ ചിന്തകൾ താഴെ എഴുതുക.

### ചൈതന്യ ഭഗവാന്റെ സന്ദേശങ്ങൾ വഹിക്കുന്നവൻ മാത്രമാണ് ഞാൻ...

എന്റെ പുസ്തകങ്ങളെയും എഴുത്തുകളെയും ഭക്തന്മാരുമായുള്ള സംഭാഷണങ്ങളെയും കുറിച്ചുള്ള നിങ്ങളുടെ അഭിനന്ദനങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. അവ എന്റെ വാക്കുകൾ അല്ല. ഞാൻ ഇതിന് മുമ്പും നിങ്ങളോട് പറഞ്ഞിട്ടുള്ളതുപോലെ ചൈതന്യ ഭഗവാന്റെ സന്ദേശങ്ങൾ ശിഷ്യ പരമ്പരയിലൂടെ വഹിക്കുന്നവൻ മാത്രമാണ് ഞാൻ. അതിൽ മാറ്റങ്ങളൊന്നും ഞാൻ വരുത്തുന്നില്ല. ഇതുപോലെ, ഈ വാക്കുകൾ നിങ്ങളെല്ലാവരും പരമ്പരയായി വഹിക്കുകയാണെങ്കിൽ അതീന്ദ്രിയ പരമ്പരാ സമ്പ്രദായം അതുപോലെതന്നെ നിലനിന്നുപോരുകയും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുകയും ചെയ്യും.

ഭഗവാനുള്ള കത്ത്, ലോസ് ഏഞ്ചൽസ് 10 ജനുവരി, 1970

# പാഠം 4 ഇസ്കോൺ ഗുരുക്കന്മാർ

## പാഠ്യ വിഷയങ്ങൾ

ശിഷ്യന്റെ യോഗ്യതകൾ
ഇസ്കോൺ ഗുരുവിന്റെ മനോഭാവം
ഗുരുവിന്റെയും ഇസ്കോൺ അധികാരികളുടെയും നിർദ്ദേശങ്ങൾ
ഇസ്കോണേതര ഗുരുക്കന്മാർ

## ശിഷ്യന്റെ യോഗ്യതകൾ

ശിഷ്യന്റെ ചില പ്രധാനപ്പെട്ട യോഗ്യതകൾ എഴുതുക


## ഇസ്കോൺ ഗുരുവിന്റെ മനോഭാവം

താഴെ പറയുന്നവ സംബന്ധിച്ച് ഇസ്കോൺ ഗുരുവിന്റെ (നിലവിലുള്ളതും ഭാവിയിലേയും) ശരിയായ മനോഭാവം എന്താണെന്നാണ് നിങ്ങൾ കണക്കാക്കുന്നത്.

- ശ്രീല പ്രഭുപാദരുടെ ശിക്ഷണങ്ങൾ
- ഇസ്കോണിനുള്ളിലെ അധികാര ഘടന

നിങ്ങളുടെ ചിന്തകൾ എഴുതുക

## ഇസ്കോൺ ഗുരുക്കളും ഇസ്കോൺ അധികാരികളും തമ്മിലുള്ള ബന്ധം




കുറിപ്പ് : മുകളിൽ കൊടുത്തിട്ടുള്ള ചാർട്ട് പഠനാവശ്യത്തിന് വേണ്ടി മാത്രമുള്ളതാണ്, ഭരണസംബന്ധമായ അനുശാസനയല്ല. ഇസ്കോൺ അംഗങ്ങളെല്ലാവരും ശ്രീല പ്രഭുപാദരുടെയും ജിബിസിയുടെയും നിർദേശത്തിൻ കീഴിൽ സേവനമനുഷ്ഠിക്കുന്നു എന്ന് ഇത് വിവരിക്കുന്നു. ഇസ്കോണിൽ നമുക്ക് ഒന്നിലധികം അധികാരികളുണ്ട്, അവരെയെല്ലാം നാം സഹകരണ മനോഭാവത്തോടെ ബഹുമാനിക്കുകയും സേവിക്കുകയും വേണം.

# ഗുരുവിന്റെയും ഇസ്കോൺ അധികാരികളുടെയും നിർദ്ദേശങ്ങൾ

ഗ്രൂപ്പ് എക്സെർസൈസെസ്

താഴെ പറയുന്നവയെ ഒരു ലഘു സ്കിറ്റ് രൂപത്തിൽ അവതരിപ്പിക്കുക.

ലോക്കൽ ഇസ്കോൺ അധികാരിയുടെയും ഗുരുവിന്റെയും നിർദ്ദേശങ്ങൾ ഭിന്നമായി വരുന്ന സാഹചര്യത്തിൽ അനുവർത്തിക്കപ്പെട്ടേക്കാവുന്ന ഒരു തെറ്റായ സമീപനം.

ലോക്കൽ ഇസ്കോൺ അധികാരിയുടെയും ഗുരുവിന്റെയും നിർദ്ദേശങ്ങൾ വ്യത്യസ്തമായി വരുന്ന സാഹചര്യത്തിൽ അനുവർത്തിക്കപ്പെട്ടേക്കാവുന്ന ഒരു ശരിയായ സമീപനം.

സ്കിറ്റ് വിശകലനം ചെയ്ത് കുറിപ്പുകളെഴുതുക.

# ഇസ്കോണിന് പുറത്തുള്ള ഗുരുക്കന്മാർ

ഇസ്കോണിനുള്ളിലെ ദീക്ഷാഗുരുക്കന്മാരെയും ശിക്ഷാഗുരുക്കന്മാരെയും സ്വീകരിച്ചാലുള്ള ചില പ്രയോജനങ്ങൾ എഴുതുക

# ഒരു ഇസ്കോൺ ഗുരുവിന്റെ മനോഭാവം

### ശ്രീല പ്രഭുപാദരോടും നമ്മുടെ ഗുരു പരമ്പരയോടുമുള്ള സേവനം

ഇസ്കോണിലെ ദീക്ഷാഗുരുവിന്റെയും ശിക്ഷാഗുരുവിന്റെയും സേവനം സ്വീകരിച്ചിട്ടുള്ളവർ അവരുടെ വാക്കുകളിലും വ്യക്തിപരമായ പെരുമാറ്റത്തിലും ശ്രീല പ്രഭുപാദരുടെ നിർദേശങ്ങളെ പ്രതിനിധീകരിക്കുന്ന മാതൃകയായിരിക്കേണ്ടതാണ്. ശിക്ഷാഗുരു ശ്രീല പ്രഭുപാദരുടെയും നമ്മുടെ ഗുരു പരമ്പരയുടെയും സ്ഥാനത്തിൽനിന്ന് ആത്മീയ നിർദ്ദേശങ്ങളും പ്രചോദനവും നൽകുന്നു. ദീക്ഷാഗുരു ശ്രീല പ്രഭുപാദരോടും നമ്മുടെ ഗുരു പരമ്പരയോടുമുള്ള സേവനമെന്ന നിലയിൽ യോഗ്യനായ ഒരു ശിഷ്യന് ആത്മീയ നിർദ്ദേശങ്ങളും പ്രചോദനവും ഔദ്യോഗികമായി ദീക്ഷയും ആദ്ധ്യാത്മിക നാമവും നൽകുകയും പിന്നീട് ദിവ്യമായ ഗായത്രി മന്ത്രം പകർന്നു നൽകുകയും ചെയ്യുന്നു.

303, ശ്രീല പ്രഭുപാദരുടെ സ്ഥാനത്തെക്കുറിച്ചുള്ള ജിബിസി പ്രസ്താവന (മാർച്ച് 2013)

### ഭക്തിസിദ്ധാന്ത സരസ്വതി ഠാക്കൂറിന്റെ ഗവർണിംഗ് ബോഡി

ഭക്തിസിദ്ധാന്ത സരസ്വതി ഠാക്കൂർ അദ്ദേഹത്തിന്റെ ദേഹത്യാഗവേളയിൽ, ഒരു ഗവർണിംഗ് ബോഡി രൂപീകരിക്കുവാനും സമിതിയുടെ പ്രവൃത്തികൾ സഹകരണത്തോടെ നടത്തുവാനും വേണ്ടി തന്റെ എല്ലാ ശിഷ്യന്മാരോടും അഭ്യർത്ഥിച്ചു. അടുത്ത ആചാര്യനാകുവാൻ ഒരു പ്രത്യേക വ്യക്തിയ്ക്ക് അദ്ദേഹം നിർദേശം നൽകിയില്ല. എന്നാൽ അദ്ദേഹം പിരിഞ്ഞുപോയ ഉടൻ അദ്ദേഹത്തിന്റെ മുതിർന്ന സെക്രട്ടറികൾ അധികാരമില്ലാതെ ആചാര്യന്റെ സ്ഥാനം കൈക്കലാക്കുവാൻ പദ്ധതികളുണ്ടാക്കുകയും അടുത്ത ആചാര്യൻ ആരാകണം എന്നതിന്റെ പേരിൽ രണ്ട് വിഭാഗമായി പിരിയുകയും ചെയ്തു. പരിണിതഫലമായി രണ്ട് വിഭാഗക്കാരും ആത്മീയ ഗുരുവിന്റെ ആജ്ഞകളെ ലംഘിച്ച് അധികാരമില്ലാതെയായതിനാൽ *അസാര* അല്ലെങ്കിൽ ഉപയോഗമില്ലാത്തവർ ആയിത്തീർന്നു.

ശ്രീ ചൈതന്യ ചരിതാമൃതം ആദി ലീല 12.8

# ഗുരുവിന്റെയും ഇസ്കോൺ അധികാരികളുടെയും നിർദ്ദേശങ്ങൾ

### ശ്രീല പ്രഭുപാദരെ അനുസരിക്കുന്നു എന്നാൽ ജിബിസിയെ പിന്തുടരുന്നില്ല...

''അവർ ഇസ്കോണും ജിബിസിയും അവർക്ക് ഇഷ്ടമല്ല എന്നു പറയുമ്പോൾ എന്റെ ആജ്ഞകൾ പാലിക്കുവാൻ ഇഷ്ടമില്ല എന്നാണ് അവർ ശരിക്കും പറയുന്നത്. അതിനർത്ഥം അവർക്ക് എന്റെ ആജ്ഞകൾ ഇഷ്ടമല്ല. അതായത് എന്റെ ആജ്ഞകളിൽ അവർക്ക് വിശ്വാസമില്ല എന്നർത്ഥം. അതായത് അവർക്ക് എന്നിൽ വിശ്വാസമില്ല. അത് ഗുരു അപരാധമാണ്. എന്നിൽ വിശ്വാസമുണ്ടെന്ന് പറയുന്നത് വിരുദ്ധം മാത്രമാണ്.''

8 ഫെബ്രുവരി 1975, ഇസ്കോൺ ഹോനോലുലു, ഹവായ്
പ്രഭുപാദർ ലീലാമൃതത്തിനുള്ള സത്സ്വരൂപ ദാസ് ഗോസ്വാമിയുടെ അനുബന്ധം

# ഇസ്കോണേതര ഗുരുക്കന്മാർ

### നമ്മുടെ പരമ്പയിൽ വരാത്ത ഒരാളെ ശ്രവിക്കുവാൻ ഒരിക്കലും ശ്രമിക്കരുത്

അനുഭവ ജ്ഞാനമുള്ള ആത്മീയ സഹോദരന്മാരെയും നിങ്ങളുടെ ആത്മീയ ഗുരുവിനെയും പോലുള്ള അംഗീകൃത വ്യക്തികളിൽ നിന്ന് മാത്രം കേൾക്കുന്നതിൽ ഉറച്ചു നിൽക്കുന്നതാണ് നല്ലത്. നമ്മുടെ പരമ്പയിൽ വരാത്ത ഒരാളെ ശ്രവിക്കുവാൻ ഒരിക്കലും ശ്രമിക്കരുത്. അത് സമയം പാഴാക്കൽ മാത്രമാണ്. പിന്നീട് തെറ്റുകൾ തിരുത്തുകയും വേണം.

ഹംസദൂതനുള്ള കത്ത്, ഹാംബർഗ്, 5 സെപ്റ്റംബർ 1969

### ദയവായി അവരെ ഒഴിവാക്കുക

1975 സെപ്റ്റംബർ 3-ാം തീയതിയിലുള്ള കത്തും അതിനോടൊപ്പമുള്ള വൻ (ബോൺ) മഹാരാജിനെ കുറിച്ചുള്ള വസ്തുതകളും എനിക്ക് ലഭിച്ചു. അതിനാൽ എന്റെ എല്ലാ ശിഷ്യന്മാരും എന്റെ ആത്മീയ സഹോദരന്മാരെ ഒഴിവാക്കണമെന്ന് ഞാനിപ്പോൾ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവർക്ക് അവരുമായി യാതൊരു ഇടപാടുകളും ഉണ്ടാകാൻ പാടില്ല, കത്തുകൾപോലും പാടില്ല, അവർക്ക് എന്റെ പുസ്തകങ്ങൾ നൽകുവാനോ ഇവർ അവരുടെ പുസ്തകങ്ങൾ വാങ്ങുവാനോ അവരുടെ ഒരു അമ്പലങ്ങളിലും പോകുവാനോ പാടില്ല. ദയവായി അവരെ ഒഴിവാക്കുക.

വിശ്വകർമ്മയ്ക്കുള്ള കത്ത്, ബോംബെ, 9 നവംബർ 1975

### അദ്ദേഹത്തിന് പ്രസാദം നൽകുക, മുതിർന്ന വൈഷ്ണവനായി അദ്ദേഹത്തെ അംഗീകരിക്കുക, പക്ഷേ അദ്ദേഹം സംസാരിക്കുവാനോ പ്രഭാഷണം നൽകുവാനോ പാടുള്ളതല്ല...

എല്ലാ വൈഷ്ണവരും കൃഷ്ണാവബോധം പ്രചരിപ്പിക്കുവാനുള്ള അധികാരികളാണ്, എങ്കിൽപോലും വിവിധ നിലവാരത്തിലുള്ള അധികാരികളുണ്ട്. ചുരുക്കത്തിൽ എന്നെ അടിച്ചമർത്തുകയാണ് അദ്ദേഹത്തിന്റെ (ബോൺ മഹാരാജ) ലക്ഷ്യമെങ്കിൽ, അതിനുവേണ്ടിയാണ് അദ്ദേഹം ഇവിടെ വന്നിട്ടുള്ളതെങ്കിൽ നമുക്കെങ്ങനെ അദ്ദേഹത്തെ സ്വീകരിക്കാനാകും ? അദ്ദേഹം ഒരു പ്രൊഫസർക്ക് നേരത്തെതന്നെ തെറ്റായ ഒരു ധാരണ നൽകിയിട്ടുണ്ട്. അദ്ദേഹം നമ്മുടെ സെന്ററിൽ വന്നാൽ ഒരു അഥിതിയായി കണക്കാക്കാം, അദ്ദേഹത്തിന് പ്രസാദം നൽകുക, മുതിർന്ന വൈഷ്ണവനായി അദ്ദേഹത്തെ അംഗീകരിക്കുക, പക്ഷേ അദ്ദേഹം സംസാരിക്കുവാനോ പ്രഭാഷണം നൽകുവാനോ പാടുള്ളതല്ല. അദ്ദേഹത്തിന് സംസാരിക്കണമെന്നുണ്ടെങ്കിൽ വേറെ പ്രഭാഷകൻ തയ്യാറായിരിക്കുകയാണെന്ന് നിങ്ങൾക്ക് അദ്ദേഹത്തോട് പറയാം. അത്രയെ ഉള്ളൂ.

സത്സ്വരൂപയ്ക്കുള്ള കത്ത്, ഹോനോലുലു, 4 ജൂൺ 1975

# കൂടുതൽ ഉദ്ധരണികൾ - പാഠം നാല് - ഇസ്കോൺ ഗുരുക്കന്മാർ

## ജിബിസി

"ദി ഗവർണിംഗ് ബോഡി കമ്മിഷൻ (ജിബിസി) ആണ് മുഴുവൻ അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെയും അന്തിമ ഭരണാധികാരി."

ശ്രീല പ്രഭുപാദരുടെ വിൽപത്രം, ജൂൺ 1977

## ഗൗഡീയ സമിതി പ്രചരണ ദൗത്യത്തിൽ പരാജയപ്പെട്ടു.

ഈ ധാർമ്മിക പ്രവർത്തനങ്ങളിൽ നിങ്ങൾ നിരന്തരം വ്യാപൃതരായിരിക്കണം. ഗൗഡീയ സമിതി ഈ തത്വം സ്വീകരിച്ചതുകൊണ്ടാണ് അവർ പ്രചരണ ദൗത്യത്തിൽ പരാജിതരായത്. ഒരു മഠത്തിന്റെയോ അല്ലെങ്കിൽ അമ്പലത്തിന്റെയോ, കുറച്ച് ഡസൻ..., കുറച്ച് ഡസൻ അല്ല ഒരു ഡസൻ ശിഷ്യന്മാരുടെയോ പേരിന് താഴെ ചെറിയ ഒരു ആശ്രയം കിട്ടിയാലുടൻ അവൻ അവിടെ സ്ഥിരമാവുകയാണ്. അവൻ വലിയ ജപിക്കുന്ന ആളാണെന്ന് കാണിച്ചുകൊണ്ടാണ് ഇപ്പോൾ അവന്റെ ഭജന, 'ഹരേ കൃഷ്ണ, ഹരേ കൃഷ്ണ, ഹരേ കൃഷ്ണ, ഹരേ കൃഷ്ണ, ഹരേ കൃഷ്ണ.' എന്താണ് നിന്റെ പ്രചരണം ?..... അതിനാൽ എന്റെ ഗുരു മഹാരാജ് ഈ തത്ത്വത്തെ നിന്ദിക്കുന്നു. *മന തുമി കിസേര വൈഷ്ണവഃ* 'നീ എന്തുതരം വൈഷ്ണവനാണ് ?'. *പ്രതിഷ്ഠാര താരേ നിർജനേര ഘരേഃ* 'നിസാരമായ പ്രശസ്തിക്കു വേണ്ടി, ഓ ! അവൻ ഒരു വൈഷ്ണവനാണ്, അവൻ ജപിക്കുന്നു. ശരി.....'. ഒരു ചിന്തയുമില്ല, എന്തുകൊണ്ടെന്നാൽ പ്രചരണമില്ലെങ്കിൽ ഒരു ചിന്തയുമില്ല. നിങ്ങൾക്ക് താഴെയിരുന്ന് 'ഞാനിപ്പോൾ വളരെ മുക്തനായ ആത്മാവായി' എന്ന് ജനങ്ങളെ കാണിക്കാം, ജപിക്കാം, ധ്യാനിക്കാം. അതിനർത്ഥം ഉറങ്ങുക എന്നാണ്. ഇത്തരം ഇടപാടുകൾ എന്റെ ഗുരു മഹാരാജ് വെറുക്കുന്നു. *പ്രതിഷ്ഠാര താരേ നിർജനേര ഘരേ തവ ഹരിനാമ കേവല.* ഇത് വെറുതെ വഞ്ചിക്കലാണ്. അദ്ദേഹം ഇത്തരം ഇടപാടുകൾ അംഗീകരിച്ചില്ല. അദ്ദേഹം അംഗീകരിച്ചില്ല. എല്ലാവരും പ്രചരണത്തിൽ വ്യാപൃതരാകുന്നത് കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു.

ശ്രീമദ് ഭാഗവതം 6.3.18, ഗോരഖ്പുർ, ഫെബ്രുവരി 11, 1971

## ജിബിസിയുടെ അധികാരികളെ സ്വീകരിക്കുക എന്നത് ശ്രീല പ്രഭുപാദരുടെ ആജ്ഞയായിരുന്നു.

ഒരു ഗുരുവിനെ യോഗ്യനാക്കുവാൻ അത്യാവശ്യം വേണ്ട സ്വഭാവം അദ്ദേഹത്തിന്റെ ഗുരുവിന്റെ ആജ്ഞകളെ പാലിക്കുക എന്നതാണെന്ന് വൈഷ്ണവ തത്വങ്ങൾ പറയുന്നു. അദ്ദേഹം ഒരിക്കലും ഗുരുവാകുന്നില്ല, എന്നാൽ എല്ലായ്പ്പോഴും സേവകനായി നിലനിൽക്കുന്നു. പരിണിതഫലമായി, ഇസ്കോണിലെ ഗുരുവായി യോഗ്യനാകുവാൻ, ജിബിസിയിലെ അധികാരികളുടെ കീഴിൽ എല്ലാ ഭക്തന്മാരും സഹകരണത്തോടെ സേവനം ചെയ്യണം എന്ന് ആജ്ഞാപിച്ച ശ്രീല പ്രഭുപാദരുടെ ആജ്ഞകൾ കർശനമായി പിന്തുടരേണ്ടത് അത്യാവശ്യമായിരുന്നു. ജിബിസി ബോർഡിലെ അധികാരികളെ സ്വീകരിക്കുക എന്നത് സ്വമേധയാലുള്ള താൽപര്യമായിരുന്നില്ല - അത് ശ്രീല പ്രഭുപാദരുടെ ആജ്ഞയായതിനാൽ അത് ഗുരുത്വത്തിന് അത്യാവശ്യമായിരുന്നു.

ഗുരു റിഫോം - രവീന്ദ്ര സ്വരൂപ ദാസ - ഇസ്കോൺ കമ്മ്യൂണിക്കേഷൻസ് ജർണൽ 2.1

## ശിഷ്യൻ ആത്മീയ ഗുരുവിന്റെ കല്പനകൾ വ്യതിയാനം കൂടാതെ നടപ്പാക്കേണ്ടതാണ്

ഇതിനെ സംബന്ധിച്ച് ശ്രീല ഭക്തിസിദ്ധാന്ത സരസ്വതി മഹാരാജ് പറയുന്നു, "കൃത്യമായി ആത്മീയ ഗുരുവിന്റെ അധരങ്ങളിൽ നിന്നും കേൾക്കുന്ന വാക്കുകളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഒരാൾക്ക് അയാളുടെ ജീവിത ദൗത്യത്തിൽ പൂർണ്ണമായും വിജയിക്കാൻ കഴിയും". ആത്മീയ ഗുരുവിന്റെ വചനങ്ങൾ ഇങ്ങനെ സ്വീകരിക്കുന്നതിനെ *ശ്രൗത-വാക്യ* എന്നു പറയുന്നു, ശിഷ്യന്മാർ ആത്മീയ ഗുരുവിന്റെ കല്പനകൾ വ്യതിയാനം കൂടാതെ നടപ്പാക്കണം എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് സംബന്ധിച്ച് ശ്രീല വിശ്വനാഥ ചക്രവർത്തി ഠാക്കൂർ പറയുന്നത് ഒരു ശിഷ്യൻ തന്റെ ആത്മീയ ഗുരുവിന്റെ വചനങ്ങളെ അവന്റെ സർവ്വസ്വവുമായി സ്വീകരിക്കണം എന്നാണ്.

ശ്രീ ചൈതന്യ ചരിതാമൃതം ആദിലീല 7.72

## ശ്രീല പ്രഭുപാദരെ അനുസരിക്കുകയും അദ്ദേഹത്തിന്റെ ജിബിസിയെ അനുസരിക്കാതിരിക്കുകയും ചെയ്യുക...

ശ്രീല പ്രഭുപാദരെ വിശ്വസ്തതയോടെ അനുസരിക്കാം എന്നാൽ ജിബിസി പ്രതിനിധികളെയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഇസ്കോണിനെയോ പിന്തുടരാൻ സാധിക്കില്ല എന്ന് നിർബന്ധം പിടിക്കുന്ന ഭക്തന്മാരുമായി ശ്രീല പ്രഭുപാദരുടെ മുറിയിൽ മറ്റൊരു ഏറ്റുമുട്ടൽ നടന്നു. പ്രഭുപാദരുടെ മുറിയിലുണ്ടായിരുന്ന ഭക്തന്മാർ ഇസ്കോൺ ഹവായിലെ മുമ്പത്തെ നേതാക്കന്മാരായിരുന്നു, എന്നാൽ അവർ അവിടം വിട്ടുപോവുകയും സ്ഥലവും സമ്പത്തും അവരുടെ പേരിൽ ഉപയോഗിക്കുമെന്ന് പേടിപ്പെടുത്തുകയായിരുന്നു. പ്രഭുപാദർ ഇങ്ങനെ ചോദിച്ചുകൊണ്ടിരുന്നു, "നിങ്ങളെന്തിനു വിട്ടു പോയി ? എന്തുകൊണ്ട് നിന്നില്ല ? എന്തുകൊണ്ട് ശരണം പ്രാപിച്ചില്ല ?" എന്നാൽ അവർ പ്രഭുപാദിനെ വിശ്വസിച്ചപ്പോൾ ജിബിസിയെ വിശ്വസിക്കാൻ കഴിഞ്ഞില്ല എന്ന് ഉറച്ചു നിന്നു.

ശരണം പ്രാപിക്കുവാൻ പറഞ്ഞുകൊണ്ടുള്ള പ്രഭുപാദിന്റെ നിസ്സാരമായ അഭ്യർത്ഥന സ്വീകരിക്കുവാൻ അവർ എതിർത്തപ്പോൾ മുറിയിലുണ്ടായിരുന്ന ഒരു ജിബിസി അംഗം ക്ഷോഭിതനായി.

“ നിങ്ങൾ പറയുന്നു നിങ്ങൾ പ്രഭുപാദിനെ സ്വീകരിക്കുന്നുവെന്ന് ? ”

“ അതെ, ” അവർ മറുപടി പറഞ്ഞു.

“ നിങ്ങൾക്ക് അദ്ദേഹത്തിൽ വിശ്വാസം ഉണ്ടെന്നും നിങ്ങൾ പറയുന്നു ? ”

“ അതെ. ”

“ അദ്ദേഹം എന്തു പറഞ്ഞാലും നിങ്ങൾ അനുസരിക്കുമെന്ന് പറയുന്നു ? ”

“ അതെ. ”

“ അങ്ങനെയാണെങ്കിൽ, ജിബിസിയെ അനുസരിക്കാൻ നിങ്ങളോട് പ്രഭുപാദർ ആവശ്യപ്പെട്ടാൽ നിങ്ങൾ ചെയ്യുമോ ? ” മുറി വളരെ നിശബ്ദവും പ്രക്ഷുബ്ധവുമായി.

“ ഇല്ല, ഞങ്ങൾ അനുസരിക്കില്ല. ”

അവർ ഇല്ല എന്ന് ശബ്ദിച്ചപ്പോൾ, ശ്രീല പ്രഭുപാദർ അദ്ദേഹത്തിന്റെ മുഷ്ടി മേശയിൽ ഇടിച്ച്, തെറ്റിപ്പോയ ഭക്തന് നേരെ ചൂണ്ടി പ്രഖ്യാപിച്ചു, “ കാപട്യം നോക്കൂ!”

പ്രഭുപാദരുടെ ദൃഢമായ നിർണ്ണയത്തിനുശേഷവും, പ്രഭുപാദർ അവരോട് പോകാൻ പറയുന്നതുവരെ അവർ “ഞങ്ങൾ അങ്ങയെ ശരണം പ്രാപിക്കുന്നു, എന്നാൽ ഇസ്കോണിനെ അല്ല” എന്ന അവരുടെ തത്ത്വം തുടർന്നു കൊണ്ടിരുന്നു. മുറിയിലുളള മറ്റു ഭക്തന്മാരോട് പ്രഭുപാദർ സൂചിപ്പിച്ചു, “അവർക്ക് ഇസ്കോണിനെയും ജിബിസിയെയും ഇഷ്ടമില്ല എന്ന് പറയുമ്പോൾ ശരിക്കും അവർ പറയുന്നത് എന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ ഇഷ്ടമില്ല എന്നാണ്. അതായത് അവർക്ക് എന്റെ നിർദ്ദേശങ്ങൾ ഇഷ്ടമല്ല എന്നർത്ഥം. അതായത് എന്റെ നിർദ്ദേശങ്ങളിൽ വിശ്വാസമില്ല. എന്നിൽ വിശ്വാസമില്ല. അത് ഗുരു അപരാധമാണ്. എന്നിൽ വിശ്വാസമുണ്ടെന്ന് പറയുന്നത് വെറും മിഥ്യയാണ്. ”

8 ഫെബ്രുവരി, 1975, ഹോനോലുലു,

പ്രഭുപാദർ ലീലാമൃതത്തിനുള്ള സത്സ്വരൂപ ദാസ് ഗോസ്വാമിയുടെ അനുബന്ധം

## ശിഷ്യൻ ആത്മീയ ഗുരുവിനു മുന്നിൽ എപ്പോഴും വിഡ്ഢിയായി നിലകൊള്ളണം...

എങ്ങനെ ഒരു ശിഷ്യനാകണമെന്നതിന് ഉത്തമ ഉദാഹരണം ചൈതന്യ മഹാപ്രഭു സ്വയം കാണിച്ചു തന്നു. ആത്മീയ ഗുരുവിന് ഓരോ ശിഷ്യന്മാരെയും എങ്ങനെ ഒരു പ്രത്യേക കർത്തവ്യത്തിൽ മുഴുകിപ്പിക്കാം എന്ന് നന്നായി അറിയാം. എന്നാൽ ശിഷ്യൻ സ്വയം തന്റെ ആത്മീയ ഗുരുവിനെക്കാൾ ഉയർന്നവനായി കരുതി അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ വകവെക്കാതെ സ്വതന്ത്രനായി പ്രവർത്തിച്ചാൽ അയാൾ സ്വന്തം ആത്മീയ പുരോഗതിയെ തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. ഓരോ ശിഷ്യന്മാരും സ്വയം താൻ കൃഷ്ണന്റെ ശാസ്ത്രത്തെക്കുറിച്ച് പൂർണ്ണമായും അജ്ഞനാണെന്ന് കണക്കാക്കുകയും, കൃഷ്ണാവബോധത്തിൽ ഉയരുവാൻവേണ്ടി ആത്മീയ ഗുരുവിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സദാ തയ്യാറാവുകയും വേണം. ശിഷ്യൻ അവന്റെ ആത്മീയ ഗുരുവിനു മുന്നിൽ എപ്പോഴും വിഡ്ഢിയായി നിലകൊള്ളണം.

ശ്രീ ചൈതന്യ ചരിതാമൃതം, ആദിലീല 7.72

## ചിന്താശക്തിയുള്ള ഒരു മനുഷ്യൻ തെറ്റിൽ നിന്ന് ശരിയെ തിരിച്ചറിയുവാൻ അഭ്യസിച്ചു കൊണ്ട് ആ രീതിയിൽ പ്രവർത്തിക്കണം..

നമ്മൾ മാനസികമായും ബുദ്ധിപരമായും ശക്തനും ആരോഗ്യവാനുമായി നമ്മെ സദാ നിലനിർത്തുന്ന രീതിയിൽ ജീവിക്കണം, എന്തുകൊണ്ടെന്നാൽ ദുരിതങ്ങൾ നിറഞ്ഞ ജീവിതത്തിൽനിന്നും നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം തിരിച്ചറിയാൻ നമുക്ക് സാധിക്കും. ചിന്താശക്തിയുള്ള ഒരു മനുഷ്യൻ തെറ്റിൽ നിന്ന് ശരിയെ തിരിച്ചറിയുവാൻ അഭ്യസിച്ചുകൊണ്ട് ആ രീതിയിൽ പ്രവർത്തിക്കുകയും അങ്ങനെ ജീവിത ലക്ഷ്യം പ്രാപിക്കുകയും ചെയ്യും.

ശ്രീമദ് ഭാഗവതം, ഭാവാർത്ഥം 7.6.5

# യൂണിറ്റ് 2 ഗുരുവുമായുള്ള ബന്ധം സ്ഥാപിക്കൽ

## പാഠം 5 ഗുരു-പാദാശ്രയ

പ്രഭുപാദാശ്രയ

ദീക്ഷാ-ശിക്ഷാ ഗുരുപാദാശ്രയ & പ്രഭുപാദാശ്രയ

## പാഠം 6 ഗുരുവിനെ തെരഞ്ഞെടുക്കൽ

അംഗീകൃത ഗുരുവിന്റെ യോഗ്യതകൾ

ഗുരുവിനെ തെരഞ്ഞെടുക്കൽ

## പാഠം 7 ദീക്ഷയ്ക്കുള്ള പ്രതിജ്ഞകൾ

ദീക്ഷയ്ക്കുള്ള പ്രതിജ്ഞകൾ കർശനമായി പിന്തുടരൽ

ദീക്ഷയ്ക്കുള്ള പ്രതിജ്ഞകൾ പിന്തുടരുമ്പോൾ നേരിടുന്ന വെല്ലുവിളികൾ

വെല്ലുവിളികൾക്കുള്ള പരിഹാരങ്ങൾ

അപാകത നിവാരണത്തിനുള്ള പടികൾ

# പാഠം 5 ഗുരു-പാദാശ്രയ

## പാഠ്യ വിഷയങ്ങൾ

പ്രഭുപാദാശ്രയ

ദീക്ഷാ-ശിക്ഷാ ഗുരുപാദാശ്രയ & പ്രഭുപാദാശ്രയ

## പ്രഭുപാദാശ്രയയ്ക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ആരംഭം മുതൽക്കെ ശ്രീല പ്രഭുപാദരുമായി അഗാധവും ആധികാരികവുമായ അത്മീയബന്ധം സൃഷ്ടിച്ചെടുക്കാൻ നമുക്ക് കഴിയുന്ന ചില പ്രത്യേക വഴികൾ എഴുതുക.

### ശ്രീല പ്രഭുപാദർക്ക് ഓരോ ഇസ്കോൺ ഭക്തനുമായും ഒരു വിശിഷ്ട ബന്ധം ഉണ്ട്.

അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെ സ്ഥാപകാചാര്യൻ, സർവ്വപ്രധാന ശിക്ഷാഗുരു, നമ്മുടെ ഈ സമിതിയിലെ പരമാധികാരി എന്നീ നിലയിൽ ശ്രീല പ്രഭുപാദർക്ക് ഓരോ ഇസ്കോൺ ഭക്തനുമായും ഒരു വിശിഷ്ട ബന്ധം ഉണ്ട്.

303, ശ്രീല പ്രഭുപാദരുടെ സ്ഥാനത്തെക്കുറിച്ചുള്ള ജിബിസി വസ്തുത (മാർച്ച് 2013)

### പുതിയ അംഗങ്ങളെ ശ്രീല പ്രഭുപാദരിൽ ശരണം പ്രാപിക്കാൻ നിർദ്ദേശിക്കുക

ഇസ്കോൺ ഭക്തന്മാർ പുതിയ അംഗങ്ങളെ ശ്രീല പ്രഭുപാദരിൽ ശരണം പ്രാപിക്കുവാനും, കൃഷ്ണാവബോധത്തിൽ അവർക്ക് നിർദ്ദേശങ്ങൾ നൽകുന്നവരിൽ നിന്നും മാർഗ്ഗനിർദ്ദേശവും, പരിശീലനവും സഹായവും ആവശ്യപ്പെടുവാനും വേണ്ടി നിർദ്ദേശം നൽകണം. ഇസ്കോൺ അംഗങ്ങൾക്ക് എപ്പോൾ, ആരിൽ നിന്ന് ദീക്ഷ അഭ്യർത്ഥിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് സ്വയം തീരുമാനിക്കാവുന്നതാണ്. ശ്രീല പ്രഭുപാദർ സ്ഥാപകാചാര്യനും, അവരുടെ സർവ്വപ്രധാന ശിക്ഷാ ഗുരുവും ആണെന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.

ഇസ്കോൺ നിയമം 7.2.1 ആദ്യത്തെ (ഹരിനാമ) ദീക്ഷ

### ശ്രീല പ്രഭുപാദരുടെ പ്രണാമ മന്ത്രങ്ങളിൽ ആദ്യത്തേതെങ്കിലും ജപിക്കണം

അവരുടെ ദീക്ഷാഗുരുവിന്റെ പ്രണാമ മന്ത്രം ജപിച്ചതിനുശേഷം എല്ലാ പ്രശിഷ്യന്മാരും (ഗ്രാന്റ് ഡിസൈപിൾ) ഭാവിതലമുറകളും സ്ഥാപകാചാര്യനെ ബഹുമാനിച്ചുകൊണ്ടുള്ള നമസ്കാരങ്ങൾ അർപ്പിച്ചുകൊണ്ട് ശ്രീല പ്രഭുപാദരുടെ പ്രണാമ മന്ത്രങ്ങളിൽ ആദ്യത്തേതെങ്കിലും ജപിക്കണം.


ഇസ്കോൺ നിയമം 7.2.1 ആദ്യത്തെ (ഹരിനാമ) ദീക്ഷ

## ദീക്ഷാ-ശിക്ഷാ ഗുരുപാദാശ്രയ & പ്രഭുപാദാശ്രയ

ദീക്ഷാ-ശിക്ഷാ ഗുരുപാദാശ്രയയും പ്രഭുപാദാശ്രയയും തമ്മിലുള്ള ബന്ധം എന്താണ് ?

## ഇസ്കോണിലെ ഗുരുപാദാശ്രയ

ഇസ്കോണിലെ ഒരു ശിഷ്യൻ മൂന്നുപേരിൽ നിന്ന് അഭയം സ്വീകരിക്കണം




### ദീക്ഷാഗുരുവിന്റെ നിർദ്ദേശങ്ങൾക്കെതിരായി ഒന്നുംതന്നെ ശിക്ഷാഗുരു സംസാരിക്കില്ല...

ചിലസമയങ്ങളിൽ ദീക്ഷാഗുരു എല്ലായ്പ്പോഴും സന്നിഹിതനാകണമെന്നില്ല. അതിനാൽ മുതിർന്ന ഭക്തന്മാരിൽനിന്നും അഭ്യസിക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. അവരെയാണ് ശിക്ഷാഗുരു എന്നു വിളിക്കുന്നത്. ശിക്ഷാഗുരുവെന്നാൽ ദീക്ഷാഗുരുവിന്റെ നിർദ്ദേശങ്ങൾക്കെതിരായി അദ്ദേഹം സംസാരിക്കുന്നു എന്നല്ല അർത്ഥമാക്കുന്നത്. അങ്ങനെയുള്ളയാൾ ശിക്ഷാഗുരു അല്ല. അയാൾ തെമ്മാടിയാണ്.

ഭഗവദ് ഗീത 17.1-3, ഹോനോലുലു, ജൂലൈ 4, 1974

### ഭക്തൻ അദ്ദേഹത്തിന്റെ കാരുണ്യത്തിന്റെ വിവിധ ആവിഷ്കാരങ്ങളിലൂടെ മോചിതനാകുന്നു.

അദ്ദേഹത്തിന്റെ കാരുണ്യത്തിന്റെ വിവിധ ആവിഷ്കാരങ്ങളിലൂടെ ഒരു ഭക്തൻ അന്തിമമായി ശ്രീ കൃഷ്ണനാൽ മോചിതനാകുന്നു. ഇതിൽ ചൈത്യ ഗുരു, ശ്രീല പ്രഭുപാദർ, ഗുരു പരമ്പര, ദീക്ഷാഗുരു, മറ്റു ശിക്ഷ ഗുരുക്കന്മാർ, ദിവ്യ നാമം, ശാസ്ത്രങ്ങൾ തുടങ്ങി നവവിധ ഭക്തിയുതസേവനം എന്നിവ ഉൾപ്പെടുത്തുന്നു. എന്നാൽ ഇതിൽ മാത്രം ഒതുങ്ങുന്നില്ല.

303, ശ്രീല പ്രഭുപാദരുടെ സ്ഥാനത്തെക്കുറിച്ചുള്ള ജിബിസി വസ്തുത (മാർച്ച് 2013)

### എല്ലാ ഇസ്കോൺ അംഗങ്ങളുടെയും സർവ്വപ്രധാന ശിക്ഷാഗുരു ശ്രീല പ്രഭുപാദർ ആണ്.

അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെ സ്ഥാപകാചാര്യനെന്ന നിലയിൽ ശ്രീല പ്രഭുപാദർ ഇസ്കോണിലെ എല്ലാ അംഗങ്ങളുടെയും സർവ്വപ്രധാന ശിക്ഷാഗുരുവാണ്. എല്ലാ തലമുറകളിലെയും ഇസ്കോൺ അംഗങ്ങൾ ശ്രീല പ്രഭുപാദരെ അഭയം പ്രാപിക്കുവാൻ പ്രചോദനം നൽകപ്പെടുന്നു. എല്ലാ ഇസ്കോൺ അംഗങ്ങളും ശ്രീല പ്രഭുപാദരുമായി, അദ്ദേഹത്തിന്റെ പുസ്തകങ്ങളിലൂടെയും, നിർദേശങ്ങളിലൂടെയും, സേവനത്തിലൂടെയും, അദ്ദേഹത്തിന്റെ ഇസ്കോൺ സമിതിയിലൂടെയും, ഒരു വ്യക്തിപരമായ ബന്ധം സ്ഥാപിക്കാൻ ബാദ്ധ്യസ്ഥരും പ്രചോദിതരുമാണ്.

303, ശ്രീല പ്രഭുപാദരുടെ സ്ഥാനത്തെക്കുറിച്ചുള്ള ജിബിസി വസ്തുത (മാർച്ച് 2013)

# പാഠം 6 ഗുരുവിനെ തെരഞ്ഞെടുക്കൽ

## പാഠ്യ വിഷയങ്ങൾ

അംഗീകൃത ഗുരുവിന്റെ യോഗ്യതകൾ

ഗുരുവിനെ തെരഞ്ഞെടുക്കൽ

**നിങ്ങൾ ഒരു ഗുരുവിൽ എന്താണ് കാണുന്നത് ?**

## അംഗീകൃത ഗുരുവിന്റെ യോഗ്യതകൾ

അംഗീകൃത ഗുരുവിന്റെ യോഗ്യതകൾ എന്തെല്ലാം ? ചർച്ചയിൽനിന്നും കുറിപ്പുകൾ എടുത്ത് എഴുതുക.

# അംഗീകൃത ഗുരുവിന്റെ യോഗ്യതകൾ

വാചോ വേഗം മനസഃ ക്രോധ-വേഗം ജിഹ്വാ-വേഗം ഉദരോപസ്ത-വേഗം

ഏതാൻ വേഗാൻ യോ വിഷഹേത ധീരഃ സർവാം അപീമാം പൃഥിവീം സ ശിഷ്യാത്

സംസാരിക്കുന്നതിനുള്ള ത്വരയെയും, മനസ്സിന്റെ വിവിധാഭിലാഷങ്ങളെയും, കോപത്തിന്റെ പ്രവർത്തനങ്ങളെയും, നാവിന്റെ ത്വരകളെയും (ഷഡ്രസങ്ങൾ അനുഭവിക്കുന്നതിനുള്ള ത്വരകൾ), ഉദരത്തിന്റെയും ഉത്പാദനേന്ദ്രിയത്തിന്റെയും ത്വരകളെയും സഹിക്കുവാൻ കഴിവുള്ളവൻ ധീരനാണ്. അവന് ലോകം മുഴുവൻ ശിഷ്യന്മാരുണ്ടാക്കുന്നതിനുള്ള അർഹതയുണ്ട്.

ഉപദേശാമൃതം ശ്ലോകം 1

**രണ്ട് യോഗ്യതകൾ**

തദ്-വിജ്ഞാനാർത്ഥം സ ഗുരും ഏവാഭിഗച്ഛേത്

സമിത്-പാണിഃ ശ്രോത്രിയം ബ്രഹ്മ-നിഷ്ഠാം

ഈ കാര്യങ്ങൾ ശരിയായി മനസ്സിലാക്കുവാൻ സമിത്പാണിയായി വേദങ്ങളിൽ ജ്ഞാനമുള്ള പരമസത്യത്തിൽ ദൃഢമായി ഭക്തിയുള്ള ഒരു ആത്മീയ ഗുരുവിനെ വളരെ എളിമത്വത്തോടെ സമീപിക്കണം.

മുണ്ഡക ഉപനിഷദ് 1.2.12

ഒരു അംഗീകൃത ഗുരു സ്വന്തം ശൈലിയിലുള്ളതോ കെട്ടിചമച്ചതോ ആയ ജ്ഞാനം പകർന്നുകൊടുക്കില്ല. അദ്ദേഹത്തിന്റെ ജ്ഞാനം നിലവാരമുള്ളതും പരമ്പരാ സമ്പ്രദായത്തിൽകൂടി ലഭിച്ചതുമാണ്. അദ്ദേഹം പരമദിവ്യോത്തമ പുരുഷൻ ഭഗവാന്റെ സേവനത്തിൽ ദൃഢമായി ഉറച്ചവനുമാണ് (ബ്രഹ്മ-നിഷ്ഠാം). ഇതാണ് അദ്ദേഹത്തിന്റെ രണ്ട് യോഗ്യതകൾ. അദ്ദേഹം ഗുരുശിഷ്യ പരമ്പരയിലൂടെ വൈദികജ്ഞാനം കേട്ടിട്ടുണ്ടാകണം, പരമോന്നത ഭഗവാന്റെ സേവനത്തിൽ സ്ഥാപിതനുമാകണം. വളരെ ജ്ഞാനിയായ പണ്ഡിതനാകണമെന്നില്ല, എന്നാൽ ശരിയായ അധികാരിയിൽനിന്ന് ശ്രവിച്ചിരിക്കണം.

കപിലോപദേശം, ശ്ലോകം 4, അംഗീകൃത ഗുരുവിനെ സമീപിക്കൽ

# ഗുരുവിനെ തെരഞ്ഞെടുക്കൽ

ഒരു ഗുരുവിനെ തെരഞ്ഞെടുക്കുവാനുള്ള ചില അനുയോജ്യമല്ലാത്ത കാരണങ്ങൾ താഴെ എഴുതുക.

## ഗുരുവിനെ തെരഞ്ഞെടുക്കുന്നതിനുള്ള ഘട്ടങ്ങൾ

ദീക്ഷയ്ക്കുള്ള തയ്യാറെടുപ്പിനെ സംബന്ധിച്ച് ഇസ്കോൺ നിയമത്തിൽനിന്നും താഴെപ്പറയുന്ന ഘട്ടങ്ങൾ സ്വീകരിച്ചിരിക്കുന്നു. അനുബന്ധം 5 -ൽ (പേജ് 70) നിയമങ്ങൾ പൂർണ്ണമായും കാണിച്ചിട്ടുണ്ട്.

ഒരു വർഷത്തെ തയ്യാറെടുക്കൽ

പ്രഭുപാദാശ്രയ

ദീക്ഷാ-ശിക്ഷാ ഗുരുപാദാശ്രയ

ഹരിനാമ ദീക്ഷ

### ഒരു വർഷത്തെ തയ്യാറെടുക്കൽ

ഭക്തിയുത സേവനത്തിൽ അനുകൂലമായി മുഴുകുക

നാല് യമനിയങ്ങൾ കർശനമായി പാലിക്കുക

എല്ലാ ദിവസവും 16 മാല ജപിക്കുക

രാവിലത്തെ എല്ലാ പൂജകളിലും പങ്കെടുക്കുക (ക്ഷേത്രത്തിൽ വസിക്കുന്നവർ)

പ്രഭാത പൂജകൾ വീടുകളിലോ നാമഹട്ടയിലോ പങ്കെടുക്കുക (ക്ഷേത്രത്തിനു പുറമെ വസിക്കുന്നവർ)

### പ്രഭുപാദാശ്രയ

ശ്രീല പ്രഭുപാദർ സർവ്വപ്രധാന ശിക്ഷാഗുരുവാണെന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക

പ്രണാമങ്ങൾ അർപ്പിക്കുമ്പോൾ ശ്രീല പ്രഭുപാദരുടെ പ്രണാമ മന്ത്രങ്ങൾ ഉച്ചരിക്കുക

അതാത് ഇസ്കോൺ ആത്മീയ അധികാരികളിൽനിന്നും (ശിക്ഷാഗുരുക്കന്മാർ) മാർഗ്ഗനിർദ്ദേശം സ്വീകരിക്കുക

ഇസ്കോൺ ഡിസൈപിൾ കോഴ്സ് പൂർത്തിയാക്കുക

### ദീക്ഷാ-ശിക്ഷാ ഗുരുപാദാശ്രയ

മുകളിലത്തേത് പാലിച്ച് തുടങ്ങി കുറഞ്ഞത് ആറുമാസം കഴിഞ്ഞാൽ ഇസ്കോണിലെ ശിക്ഷാഗുരുക്കന്മാരിൽ നിന്നും ഒരു അംഗീകൃത ദീക്ഷാഗുരുവിനെ തെരഞ്ഞെടുക്കാവുന്നതാണ്. ആറുമാസമെന്നത് ഏറ്റവും കുറഞ്ഞ കാലാവധിയാണെന്ന് ശ്രദ്ധിക്കുക. ഇത് തെരഞ്ഞെടുക്കാൻ ഒരാൾക്ക് ആവശ്യമുള്ള എത്ര സമയം വേണമെങ്കിലും എടുക്കാവുന്നതാണ്.

ബന്ധപ്പെട്ട ക്ഷേത്ര അദ്ധ്യക്ഷനെയോ നിർദ്ദിഷ്ട അധികാരികളെയോ അറിയിക്കുക

ഇസ്കോൺ അധികാരികളാൽ നടത്തപ്പെടുന്ന എഴുത്തുപരീക്ഷയിൽ പങ്കെടുക്കുക

ഇസ്കോൺ അധികാരിയിൽനിന്നും ഔദ്യോഗികമായ ശുപാർശ കത്ത് വാങ്ങുക

തെരഞ്ഞെടുത്ത ഗുരുവിൽനിന്നും സമ്മതം വാങ്ങുക

ആ ഗുരുവിനെ ആരാധിക്കുകയും അദ്ദേഹത്തിന്റെ പ്രണാമ മന്ത്രം ചൊല്ലാൻ ആരംഭിക്കുകയും ചെയ്യുക (ശ്രീല പ്രഭുപാദരുടെ പ്രണാമ മന്ത്രങ്ങളിൽ ആദ്യത്തേതെങ്കിലും ഉരുവിട്ടതിനുശേഷം)

തെരഞ്ഞെടുത്ത ദീക്ഷാഗുരുവിൽനിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനു പുറമെ, അംഗീകൃത ശിക്ഷാഗുരുക്കന്മാരിൽനിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കുന്നത് തുടരുകയും ചെയ്യണം.

മറ്റൊരു ഇസ്കോൺ ഗുരുവിൽനിന്നും ദീക്ഷയെടുക്കാൻ തീരുമാനിച്ചാൽ അത് ഗുരുവിനെയും പ്രാദേശിക അധികാരികളെയും അറിയിക്കുക.

### ഹരിനാമ ദീക്ഷ

കുറഞ്ഞത് തുടർച്ചയായ ആറുമാസമെങ്കിലും സാധന തുടർന്നതിനുശേഷം വൈഷ്ണവ ദീക്ഷ സ്വീകരിക്കാവുന്നതാണ്.

ഗുരു ഒരു അപേക്ഷകന് ദീക്ഷ നൽകുവാൻ നിർബന്ധിതനല്ല.

ദീക്ഷയ്ക്കുശേഷം ദീക്ഷാഗുരുവിന്റെ അനുമതിയോടെ കൂടുതൽ ശിക്ഷാഗുരുക്കന്മാരെ സ്വീകരിക്കാവുന്നതാണ്.

# അംഗീകൃത ഗുരുവിന്റെ യോഗ്യതകൾ

## വ്യക്തിപരമായ പെരുമാറ്റവും പ്രചരണവും

'ആചാര', 'പ്രചാര', –നാമേര കരഹ 'ദുയ് ' കാര്യ

തുമി–സർവ-ഗുരു, തുമി ജഗതേര ആര്യ

''ദിവ്യനാമം സംബന്ധിച്ച് അങ്ങയുടെ കർത്തവ്യങ്ങൾ ഒരേ സമയം വ്യക്തിപരമായ പെരുമാറ്റത്തിലൂടെയും പ്രചരണത്തിലൂടെയും നിർവഹിക്കുന്നു. ഈ ലോകത്തിലെ ഏറ്റവും ഉന്നത ഭക്തൻ ആയതിനാൽ ലോകത്തിന്റെ മുഴുവൻ ആത്മീയഗുരുവും അങ്ങാണ്''.

ഭാവാർത്ഥം : ഇവിടെ സനാതന ഗോസ്വാമി ലോകത്തിന്റെ ശരിയായ ആത്മീയ ഗുരുവിനെക്കുറിച്ച് വളരെ വ്യക്തമായി നിർവചിക്കുന്നു. ശാസ്ത്രത്തിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും അതേ സമയം പ്രചരണം ചെയ്യുകയും വേണമെന്നതാണ് ഇത് സംബന്ധിച്ച് വെളിപ്പെടുത്തിയിട്ടുള്ള യോഗ്യതകൾ. അങ്ങനെ ചെയ്യുന്ന വ്യക്തിയാണ് യഥാർത്ഥ ആത്മീയ ഗുരു.

ശ്രീ ചൈതന്യ ചരിതാമൃതം, അന്ത്യലീല 4.103

## ഏതെങ്കിലും ആശ്രമത്തിൽനിന്ന്

കിബാ വിപ്ര, കിബാ ന്യാസീ, ശൂദ്ര കേനേ നയ

ഏയ് കൃഷ്ണ-തത്ത്വ-വേത്താ, സേയ് 'ഗുരു' ഹയ

ബ്രാഹ്മണനാകട്ടെ, സന്ന്യാസിയാകട്ടെ അല്ലെങ്കിൽ ശൂദ്രനാകട്ടെ - ആരാണെന്ന പരിഗണന ആവശ്യമില്ല - കൃഷ്ണന്റെ ശാസ്ത്രം അറിയാമെങ്കിൽ അയാൾക്ക് ആത്മീയ ഗുരുവാകാൻ സാധിക്കും.

ശ്രീ ചൈതന്യ ചരിതാമൃതം മധ്യ ലീല 8.128

## നിങ്ങളിലോരോരുത്തരും ആത്മീയ ഗുരുവാകണം

ആമാരാ ആജ്ഞായ ഗുരു ഹഞാ താര' ഏയ് ദേശ

യാരെ ദേഖ, താരെ കഹ 'കൃഷ്ണ'-ഉപദേശ

ശ്രീ ചൈതന്യ ചരിതാമൃതം, മധ്യലീല 7.128

ചൈതന്യ ഭഗവാൻ പറയുന്നു ''നിങ്ങളിലോരോരുത്തരും ആത്മീയ ഗുരുവാകണം, നിങ്ങളിലോരോരുത്തരും. എന്തുകൊണ്ട് ഒന്നോ രണ്ടോ ? നിങ്ങളിലോരോരുത്തരും.'' ''ഓ, ആത്മീയ ഗുരുവിന്റെ ജോലി വളരെ ബുദ്ധിമുട്ടാണ്.'' അല്ല. ബുദ്ധിമുട്ടുള്ള ജോലി അല്ല. ചൈതന്യ മഹാപ്രഭു പറയുന്നു, *ആമാര അജ്ഞായഃ* ''എന്റെ ആജ്ഞകൾ പാലിക്കുക മാത്രം ചെയ്യുക. അത്രെ ഉള്ളൂ. അപ്പോൾ നിങ്ങൾ ആത്മീയ ഗുരുവാകുന്നു.''

ഭഗവദ് ഗീത 4.1-2, കൊളംബസ്, മേയ് 9, 1969

## ''എന്റെ ആജ്ഞയിൽ'' അതാണ് നിർണായകമായ കാര്യം.

എല്ലാവരും എങ്ങനെ ആത്മീയ ഗുരുവാകാം ? ആത്മീയ ഗുരുവിന് ആവശ്യത്തിന് ജ്ഞാനമുണ്ടാകണം, മറ്റു പല യോഗ്യതകളും വേണം. അല്ല, ഒരു യോഗ്യതകളുമില്ലാതെയും ആത്മീയ ഗുരുവാകാൻ സാധിക്കും. എങ്ങനെ ? ഇപ്പോൾ പ്രക്രിയ എന്തെന്നാൽ, ചൈതന്യ മഹാപ്രഭു പറയുന്നു, *ആമാര ആജ്ഞായഃ* ''എന്റെ ആജ്ഞയിൽ'' അതാണ് നിർണായകമായ കാര്യം. ഒരാൾ തന്റെ സ്വന്തം ആശയങ്ങൾകൊണ്ട് ആത്മീയ ഗുരുവാകുന്നില്ല. അയാൾ ആത്മീയ ഗുരുവല്ല. അയാൾ മുതിർന്ന അധികാരികളാൽ നിർദ്ദേശങ്ങൾ നൽകപ്പെടണം. അപ്പോഴാണ് ആത്മീയ ഗുരുവാകുന്നത്. *ആമാര ആജ്ഞായ.* നമ്മുടെ കാര്യത്തിലെപ്പോലെ. നമ്മുടെ മുതിർന്ന അധികാരി, നമ്മുടെ ആത്മീയ ഗുരു, അദ്ദേഹം എന്നോടാജ്ഞാപിച്ചത് ''നീ എന്നിൽനിന്നും എന്തൊക്കെ പഠിച്ചിട്ടുണ്ടോ, ആ വചനങ്ങൾ മാത്രം ഇംഗ്ലീഷിൽ പ്രചരണം ചെയ്യാൻ നീ ശ്രമിക്കുക'' എന്നാണ്. അതുകൊണ്ട് ഞങ്ങൾ ശ്രമിച്ചു. അത്രമാത്രം. ഞാൻ വളരെ യോഗ്യനാണ് എന്നല്ല. ഒരേ ഒരു യോഗ്യത എന്തെന്നാൽ ഞാൻ മുതിർന്ന അധികാരിയുടെ ആജ്ഞകൾ നിർവഹിക്കാൻ ശ്രമിച്ചു. അത്രമാത്രം. ഇതാണ് വിജയത്തിന്റെ രഹസ്യം.

ഭഗവദ് ഗീത 2.2, ലണ്ടൻ, ആഗസ്റ്റ് 3, 1973

## ഗുരുവിനെ തെരഞ്ഞെടുക്കൽ

### മതഭ്രാന്ത് കാരണം പെട്ടെന്നൊരു ഗുരുവിനെ നമ്മൾ സ്വീകരിക്കാൻ പാടില്ല. അത് ആപത്താണ്.

ശാസ്ത്രങ്ങൾ കല്പിക്കുന്നു, ഗുരുവിനെ സ്വീകരിക്കുന്നതിനു മുൻപ് നമുക്ക് അദ്ദേഹത്തിൽ അഭയം പ്രാപിക്കുവാൻ കഴിയുമോ എന്നറിയാൻ നാം അദ്ദേഹത്തെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കണം. മതഭ്രാന്ത് കാരണം പെട്ടെന്നൊരു ഗുരുവിനെ സ്വീകരിക്കാൻ പാടില്ല. അത് ആപത്താണ്. ഗുരുവും ശിഷ്യനാകാൻ ആഗ്രഹിക്കുന്നയാൾ യോഗ്യനാണോ എന്നു മനസ്സിലാക്കാൻ അയാളെക്കുറിച്ച് അറിയേണ്ടതാണ്. ഇതാണ് ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം സ്ഥാപിക്കേണ്ട രീതി.

ആത്മഗവേഷണം, 8 ഗുരു എന്നാൽ എന്ത് ?

### ഒരു വർഷത്തേക്കെങ്കിലും ആശയവിനിമയത്തിലേർപ്പെടുക...

സനാതന ഗോസ്വാമിയുടെ ഹരിഭക്തിവിലാസത്തിൽ ആത്മീയ ഗുരുവും ശിഷ്യനും ഒരു വർഷത്തേക്കെങ്കിലും സമ്പർക്കത്തിലായിരിക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, ''എന്റെ ഗുരുവായി എനിക്ക് സ്വീകരിക്കാൻ പറ്റിയ ഒരു വ്യക്തി ഇതായിരിക്കുന്നു'' എന്ന് ശിഷ്യനും ''എന്റെ ശിഷ്യനാകാൻ യോഗ്യനായ ഒരു വ്യക്തി ഇവിടെയുണ്ട് '' എന്ന് ഗുരുവും മനസ്സിലാക്കാൻ സാധിക്കും. അപ്പോൾ ഇടപാടുകൾ ഭംഗിയായിരിക്കും.

ശ്രീമദ് ഭാഗവതം 1.16.25, ഹവായ്, ജനുവരി 21, 1974

### അദ്ദേഹത്തിൽനിന്ന് ഒരു വർഷമെങ്കിലും ശ്രവിക്കണം

ഒരു ഗുരുവിനെ സ്വീകരിക്കുന്നതിനുമുമ്പ് അദ്ദേഹത്തിൽനിന്ന് ഒരു വർഷത്തേക്കെങ്കിലും ശ്രവിക്കണം എന്നതാണ് പ്രക്രിയ. ''എന്നെ പഠിപ്പിക്കാൻ കഴിയുന്ന ഒരു ഗുരു ശരിക്കും ഇവിടെയുണ്ട് '' എന്ന് ബോദ്ധ്യപ്പെട്ടാൽ, അപ്പോൾ അദ്ദേഹത്തെ ഗുരുവായി സ്വീകരിക്കുക. വെറുതെ സ്വീകരിക്കരുത്.

ശ്രീമദ് ഭാഗവതം 1.16.25, ഹവായ്, ജനുവരി 21, 1974

### ആത്മീയ ഗുരുവിനെ തിരസ്കരിച്ചതിനാലുള്ള ദുരന്തങ്ങൾ സ്വയം സൃഷ്ടിക്കരുത്

ആത്മീയ ഗുരുവും ശിഷ്യനും അന്യോന്യം സ്വീകരിക്കുന്നതിനുമുമ്പ് രണ്ടുപേരും പരസ്പരമുള്ള യഥാർത്ഥ നിരീക്ഷണത്തിന് വിധേയരാകണമെന്ന് ശാസ്ത്രങ്ങൾ ശുപാർശ ചെയ്യുന്നു. സാധാരണ ഒരു വീട്ടുപകരണം പോലും വാങ്ങുന്നതിനുമുമ്പ് പരിശോധിക്കുമ്പോൾ, ജീവസത്തകളുടെയെല്ലാം ഉത്തമ സുഹൃത്തായ ആത്മീയ ഗുരുവിനെ തെരഞ്ഞെടുക്കുന്നതിലുള്ള പരിശോധനയിലേക്ക് കടക്കാൻ പരാജയപ്പെടുന്നവൻ വെറും നിർഭാഗ്യശാലിയായ വിഡ്ഢി മാത്രം. ആത്മീയ ഗുരുവിനെ തിരസ്കരിച്ചതിനാലുള്ള ദുരന്തങ്ങൾ സ്വയം സൃഷ്ടിക്കരുതെന്ന് സാരം. വിവേകിയായ ഒരാൾക്ക് ഇത്തരം സാഹചര്യം ഒഴിവാക്കാൻ സാധിക്കും.

ഹരിനാമ ചിന്താമണി - 6

### ആത്മീയഗുരുവിനെ സാമൂഹിക ആചാര അടിസ്ഥാനത്തിൽ സ്വീകരിക്കരുത്

വിവേകിയായ ഒരു വ്യക്തി ശാസ്ത്രവിധിക്കടിസ്ഥാനമായി ശരിയായ ഒരു ആത്മീയ ഗുരുവിനെ സ്വീകരിക്കുക എന്നത് അനിവാര്യമാണ്. പാരമ്പര്യത്തിന്റെയോ സാമൂഹിക ആചാരങ്ങളുടെയോ സഭാമര്യാദയുടെയോ അടിസ്ഥാനത്തിൽ ആത്മീയ ഗുരുവിനെ സ്വീകരിക്കരുതെന്ന് ശ്രീ ജീവഗോസ്വാമി ഉപദേശിക്കുന്നു. ആദ്ധ്യാത്മിക ജ്ഞാനത്തിന്റെ ശരിയായ ഉന്നമനത്തിനുവേണ്ടി യഥാർത്ഥത്തിൽ യോഗ്യനായ ഒരു ആത്മീയ ഗുരുവിനെ കണ്ടുപിടിക്കാൻ ശ്രമിക്കണം.

ചൈതന്യ ചരിതാമൃതം ആദിലീല 1.35, ഭാവാർത്ഥം

### സ്വന്തം ജ്ഞാനം പ്രയോഗിച്ച് ശരിയായി തെരഞ്ഞെടുക്കുക

ദീക്ഷയ്ക്കുള്ള അപേക്ഷന്റെ വ്യക്തിപരമായ ഉത്തരവാദിത്തമാണ് സ്വന്തം ജ്ഞാനം പ്രയോഗിച്ച് ഒരു പ്രത്യേക ഭക്തനെ ആത്മീയ ഗുരുവായി തിരഞ്ഞെടുക്കുക എന്നത്. അവരെ തിരിച്ച് ഭഗവദ് സന്നിധിയിലേക്ക് കൊണ്ടുപോകാനുള്ള ആ ഭക്തന്റെ കഴിവിൽ ദൃഢവും പൂർണ്ണവുമായ വിശ്വാസം വളർത്തിയെടുത്തതിനുശേഷം മാത്രമേ ദീക്ഷയെടുക്കാൻ തയ്യാറെടുത്തവർ ആത്മീയ ഗുരുവിൽനിന്ന് ദീക്ഷ സ്വീകരിക്കാവൂ. ഒരു ഭക്തന്റെ പുരോഗതിയുടെ അളവിനെ കണക്കാക്കുവാൻ പ്രയോഗിക്കാവുന്ന ആധികാരികമായ കാര്യങ്ങളാണ് സാധു, ശാസ്ത്രം, ഗുരു എന്നിവ. ആ ഭക്തൻ ഇസ്കോൺ നിയമത്തിൽ ഉണ്ടാക്കിയിട്ടുള്ള അംഗീകാര പ്രക്രിയ വിജയകരമായി പൂർത്തിയാക്കിയെന്നും ഒരു മുതിർന്ന ഭക്തന്റെ വിലയിരുത്തൽ പ്രകാരം ആ അപേക്ഷാർത്ഥി ഇസ്കോൺ നിയമത്തിൽ നൽകിയിട്ടുള്ള മാർഗനിർദേശങ്ങളുടെ നിലവാരത്തിലെത്തി എന്നുമാണ് ഒദ്യോഗികമായി ഇസ്കോൺ ഗുരുവിന്റെ അംഗീകാരം സ്വീകരിക്കുക എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. എന്നിരുന്നാലും അത്തരം അംഗീകാരത്തെ ഗുരുവിന്റെ ഭഗവദ് സാക്ഷാത്കാരത്തിന്റെ അളവിനെ കാണിക്കുന്ന വസ്തുതയായി കണക്കാക്കരുത്, അപേക്ഷാർത്ഥിയുടെ ബുദ്ധിപരമായ വിവേചനത്തെ മാറ്റിനിർത്താനുള്ളതുമല്ല.

ഇസ്കോൺ നിയമം 7.2 ദീക്ഷയ്ക്കുള്ള അപേക്ഷകന്റെ ഉത്തരവാദിത്വം

# കൂടുതൽ ഉദ്ധരണികൾ - പാഠം ആറ് - ഗുരുവിനെ തെരഞ്ഞെടുക്കൽ

## അംഗീകൃത ഗുരുവിന്റെ യോഗ്യതകൾ

തസ്മാദ് ഗുരും പ്രപദ്യേത ജിജ്ഞാസുഃ ശ്രേയ ഉത്തമം

ശബ്ദേ പരേ ച നിഷ്ണാതം ബ്രഹ്മണി ഉപശമാശ്രയം

ശരിയായ സന്തോഷം ഗൗരവമായി ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയും ഒരു അംഗീകൃത ഗുരുവിനെ കണ്ടെത്തി ദീക്ഷയിലൂടെ അദ്ദേഹത്തെ അഭയം പ്രാപിക്കണം. ശാസ്ത്രങ്ങളുടെ നിർണയം സാക്ഷാത്കരിച്ച് അത് മറ്റുള്ളവർക്ക് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് യഥാർത്ഥ ഗുരുവിന്റെ യോഗ്യത. പരമോന്നത ഭഗവാനിൽ അഭയം പ്രാപിച്ചിട്ടുള്ള ഇത്തരം മഹദ്വ്യക്തികൾ, എല്ലാ ഭൗതികമായ കണക്കുകൂട്ടലുകളും മാറ്റിവച്ച്, യഥാർത്ഥ ആത്മീയ ഗുരുവാണെന്ന് മനസ്സിലാക്കണം.

ശ്രീമദ് ഭാഗവതം 11.3.21

## ഗുരുവിനെ തെരഞ്ഞെടുക്കൽ

### ഒരു ശിഷ്യൻ ഉത്തമ-അധികാരിയെമാത്രം ആത്മീയ ഗുരുവായി സ്വീകരിക്കുവാൻ ശ്രദ്ധാലുവായിരിക്കണം.

ഒരു വ്യക്തി താൻ കൃഷ്ണന്റെ ശാശ്വത സേവകനായി സ്വയം സാക്ഷാത്കരിക്കുമ്പോൾ അയാൾക്ക് കൃഷ്ണന്റെ സേവനമൊഴിച്ച് മറ്റെല്ലാ താൽപര്യങ്ങളും നഷ്ടമാകുന്നു. എല്ലായ്പ്പോഴും കൃഷ്ണനെക്കുറിച്ച് ചിന്തിച്ചും, കൃഷ്ണന്റെ ദിവ്യനാമം പ്രചരിപ്പിക്കുവാനുള്ള ഉപാധികൾ കണ്ടെത്തിയും അയാളുടെ ഒരേ ഒരു വ്യവഹാരം ലോകമെമ്പാടും കൃഷ്ണാവബോധ പ്രസ്ഥാനത്തെ പ്രചരിപ്പിക്കുക എന്നതാണെന്ന് അയാൾ മനസ്സിലാക്കുന്നു. അത്തരം വ്യക്തിയെ ഉത്തമ-അധികാരിയായി കണക്കാക്കുന്നു. ആറ് പ്രക്രിയ (*ദദാതി, പ്രതിഗൃഹ്ണാതി* മുതലായവ) പ്രകാരം അത്തരം വ്യക്തിയുമായുള്ള കൂടിച്ചേരൽ ഉടൻതന്നെ സ്വീകരിക്കണം. പുരോഗതിയാർജ്ജിച്ച ഉത്തമ-അധികാരിയായ വൈഷ്ണവ ഭക്തനെ തീർച്ചയായും ആത്മീയ ഗുരുവായി സ്വീകരിക്കണം. ഒരാൾക്കുള്ളതെല്ലാം അദ്ദേഹത്തിന് സമർപ്പിക്കണം, എന്തുകൊണ്ടെന്നാൽ സ്വന്തമായിട്ടുള്ളതെല്ലാം ആത്മീയ ഗുരുവിന് നൽകണമെന്ന് കല്പിച്ചിരിക്കുന്നു.

ഉത്തമ-അധികാരി വൈഷ്ണവൻ, ധാരാളം പതിതാത്മാക്കളെ വൈഷ്ണവനായി മാറ്റുവാനുള്ള അദ്ദേഹത്തിന്റെ കഴിവിനാൽ, അംഗീകരിക്കപ്പെടണമെന്ന് കാണിക്കുവാൻ ശ്രീല ഭക്തിവിനോദ ഠാക്കൂർ ചില പ്രായോഗികമായ സൂചന നൽകുന്നു. കനിഷ്ഠ-അധികാരിയെയും, മധ്യമ-അധികാരിയെയും, ഉത്തമ-അധികാരിയെയും തരംതിരിച്ചറിയുവാൻ കഴിയുംവിധം ബുദ്ധിയുള്ളവനായിരിക്കണം ഒരു ഭക്തനെന്ന് ഈ ശ്ലോകത്തിൽ ശ്രീല രൂപഗോസ്വാമി ഉപദേശിക്കുന്നു. ഉത്തമ-അധികാരി തലത്തിൽ ആയിത്തീരാത്തപക്ഷം ആത്മീയ ഗുരുവാകരുത്. ഒരു നവ വൈഷ്ണവനോ അല്ലെങ്കിൽ മധ്യമതലത്തിൽ സ്ഥിതിചെയ്യുന്ന വൈഷ്ണവനോ ശിഷ്യന്മാരെ സ്വീകരിക്കാം, എന്നാൽ അത്തരം ശിഷ്യന്മാരും അതേ തലത്തിലായിരിക്കണം. അവർക്ക് ജീവിതത്തിന്റെ അന്തിമ ലക്ഷ്യത്തിലേയ്ക്ക് പുരോഗമിക്കാനോ അദ്ദേഹത്തിന്റെ അപര്യാപ്തമായ മാർഗനിർദ്ദേശത്തിൻകീഴിൽ ജീവിതലക്ഷ്യത്തിലേക്ക് മുന്നേറുവാനോ സാധിക്കില്ല എന്ന് മനസ്സിലാക്കണം. അതിനാൽ ഒരു ഭക്തൻ ഒരു ഉത്തമ-അധികാരിയെ ആത്മീയ ഗുരുവായി സ്വീകരിക്കുവാൻ ശ്രദ്ധാലുവായിരിക്കണം.

ഉപദേശാമൃതം, ശ്ലോകം 5, ഭാവാർത്ഥം

### എന്താണ് ഗുരു എന്ന് വിശദമായ വ്യാഖ്യാനം നിങ്ങൾക്ക് ആവശ്യമില്ല

എന്താണ് ഗുരു എന്ന് വിശദമായ വ്യാഖ്യാനം നിങ്ങൾക്ക് ആവശ്യമില്ല. *തദ്-വിജ്ഞാനാർത്ഥം* എന്ന സൂചന വൈദികജ്ഞാനം നൽകുന്നു. ആത്മീയ ജീവതത്തിന്റെ ശാസ്ത്രം നിങ്ങൾക്കറിയണമെങ്കിൽ, *തദ്-വിജ്ഞാനാർത്ഥം സ ഗുരും ഏവ അഭിഗച്ഛേത്* (മുണ്ഡകോപനിഷത് 1.2.12), നിങ്ങൾ ഗുരുവിനെ സമീപിക്കണം. ആരാണ് ഗുരു ? ഭഗവാന്റെ വിശ്വസ്ത സേവകനാണ് ഗുരു. വളരെ ലളിതം.

ശ്രീമദ് ഭാഗവതം 6.1.26-27, ഫിലാഡെൽഫിയ, ജൂലൈ 12, 1975

# പാഠം 7 ദീക്ഷയ്ക്കുള്ള പ്രതിജ്ഞകൾ

## പാഠ്യ വിഷയങ്ങൾ

ദീക്ഷയ്ക്കുള്ള പ്രതിജ്ഞകൾ കർശനമായി പിന്തുടരൽ

ദീക്ഷയ്ക്കുള്ള പ്രതിജ്ഞകൾ പിന്തുടരുമ്പോൾ നേരിടുന്ന വെല്ലുവിളികൾ

വെല്ലുവിളികൾക്കുള്ള പരിഹാരങ്ങൾ

തിരുത്തലിനുള്ള ഉപായങ്ങൾ

| | |
|---|---|
| മാംസാഹാരം ഉപേക്ഷിക്കുക | ദയ |
| ലഹരിപദാർത്ഥം ഉപേക്ഷിക്കുക | തപശ്ചര്യ |
| അവിഹിത ലൈംഗിക ബന്ധം ഉപേക്ഷിക്കുക | പരിശുദ്ധി |
| ചൂതുകളി ഉപേക്ഷിക്കുക | സത്യസന്ധത |

ശ്രീമദ് ഭാഗവതം 1.17.24

## ദീക്ഷയ്ക്കുള്ള പ്രതിജ്ഞകൾ പിന്തുടരേണ്ടതിന്റെ പ്രാധാന്യം

### എനിക്ക് നിങ്ങളെ സംരക്ഷിക്കാനാകില്ല. അത് അസാധ്യമാണ്.

നാല് ക്രമീകൃത തത്ത്വങ്ങൾ പാലിക്കുക വളരെ കഠിനമല്ല. നിങ്ങൾക്ക് ഗൗരവമുള്ളവരാകണമെന്നുണ്ടെങ്കിൽ ഈ കാര്യങ്ങൾ ഉപേക്ഷിക്കണം. അല്ലെങ്കിൽ കപടവേഷം ധരിച്ച് നിങ്ങൾക്കിഷ്ടമുള്ളത് പ്രവർത്തിക്കാം. എനിക്ക് നിങ്ങളെ സംരക്ഷിക്കാനാകില്ല. അത് അസാധ്യമാണ്. അതിനാൽ നിങ്ങൾക്ക് കാര്യഗൗരവമുണ്ടെങ്കിൽ ഈ നിയമങ്ങളും ക്രമങ്ങളും പാലിക്കണം. എന്നിട്ട് ദീക്ഷയെടുക്കു. പ്രഹസനം കാട്ടരുത്, പ്രഹസനം കാട്ടരുത്. അത് എന്റെ ആഭ്യർത്ഥനയാണ്.

ശ്രീമദ് ഭാഗവതം 1.16.35, ഹവായ്, ജനുവരി 28, 1974

### അല്ലെങ്കിൽ അവർ എന്റെ ശിഷ്യന്മാരല്ല.

എല്ലായ്പ്പോഴും 16 മാല ജപിക്കുക, നാല് ക്രമീകൃത തത്വങ്ങൾ പാലിക്കുക എന്നതാണ് എന്റെ ഉപദേശം. എന്റെ എല്ലാ ശിഷ്യന്മാരും ഈ കാര്യം സമ്മതിക്കണം, അല്ലെങ്കിൽ അവർ എന്റെ ശിഷ്യന്മാരല്ല. എന്റെ ശിഷ്യ ന്മാർ ഈ തത്ത്വങ്ങൾ പാലിക്കണം, സ്വർഗത്തിൽ ജീവിച്ചാലും നരകത്തിൽ ജീവിച്ചാലും.

രാജ ലക്ഷ്മിയ്ക്കുള്ള കത്ത്, മായാപുർ, 17 ഫെബ്രുവരി, 1976

## വെല്ലുവിളികൾക്കുള്ള പരിഹാരങ്ങൾ

ദീക്ഷയ്ക്കുള്ള പ്രതിജ്ഞകൾ കർശനമായി പിന്തുടരുമ്പോൾ നേരിടുന്ന വെല്ലുവിളികൾക്കുള്ള ചില പരിഹാരങ്ങൾ താഴെ എഴുതുക.

## കൃഷ്ണാവബോധത്തിൽ വളരെ വേഗത്തിലുള്ള പുരോഗതിയുണ്ടാക്കാൻ നിങ്ങളെ സ്വാധീനിക്കുന്ന തപശ്ചര്യ.

നിങ്ങളുടെ ആത്മീയ ഗുരുവിനോട് പ്രതിജ്ഞ പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, നിങ്ങളെ ശിഷ്യനെന്നും ഭക്തനെന്നും വിളിക്കുന്നതിൽ എന്തർത്ഥം. അത് വെറുതെ അഭിനയമാണ്. അതിനാൽ, ഞാൻ എന്റെ ആത്മീയ ഗുരുവിനോട് പ്രതിജ്ഞ ചെയ്തിട്ടുണ്ട് എന്നും, യാതൊരു ഒഴിവുകഴിവുമില്ലാതെ അദ്ദേഹത്തെ ഞാൻ അനസരിക്കണം അല്ലെങ്കിൽ എന്നെ ശിഷ്യനെന്നു വിളിക്കാൻ എനിക്ക് കഴിയില്ല എന്നും ചിന്തിക്കണം. അതാണ് കൃഷ്ണാവബോധത്തിൽ വളരെ വേഗത്തിലുള്ള പുരോഗതിയുണ്ടാക്കാൻ നിങ്ങളെ സ്വാധീനിക്കുന്ന തപശ്ചര്യ. തപശ്ചര്യയില്ലാതെ പുരോഗതിയില്ല. അതിനാൽ ഈ രീതിയിൽ കാര്യങ്ങൾ ത്യാഗം ചെയ്യാൻ കഴിയാത്തവിധം ഭൗതിക പ്രകൃതി അത്രമേൽ നിങ്ങൾക്ക് ആകർഷകമാണെങ്കിൽ നിങ്ങൾ എല്ലാമുപേക്ഷിച്ച് പുറത്തുനിന്ന് നിങ്ങൾക്കിഷ്ടമുള്ളത് ചെയ്യുന്നതാണ് നല്ലത്. പക്ഷേ നിങ്ങൾ ഭക്തനെന്ന് വിളിക്കപ്പെടാനും അത്തരത്തിൽ കൃഷ്ണസേവനം ചെയ്യാനും ആഗ്രഹിക്കുന്നുവെങ്കിൽ യാതൊരു ഒഴിവുകഴിവുമില്ലാതെ എല്ലാ സാഹചര്യങ്ങളിലും അടിസ്ഥാനപരമായ ഈ നാല് നിയാമക തത്വങ്ങൾ പാലിക്കണം. തീർച്ചയായും ഒരിക്കലോ രണ്ടു തവണയോ കൃഷ്ണൻ ക്ഷമിക്കും, അത് ബുദ്ധിമുട്ടുള്ള കാര്യമല്ല. എന്നാൽ അതിൽ കൂടുതൽ നിങ്ങളെ ക്ഷമിക്കുവാൻ കൃഷ്ണന് വളരെ ബുദ്ധിമുട്ടാകും. നിങ്ങളുടെ സമയമോ അദ്ധ്വാനമോ കണക്കാക്കാതെ എല്ലാം നഷ്ടപ്പെടാനുള്ള വലിയ സാധ്യതയുമുണ്ട്.

ശങ്കരാസനയ്ക്കുള്ള കത്ത്, ബോംബെ, 31 ഡിസംബർ 1972

## എതിർക്കുക എന്നാൽ ആത്മീയഗുരുവുമായുള്ള ബന്ധം വിച്ഛേദിക്കുക എന്നർത്ഥം

ആത്മീയ ഗുരു അദ്ദേഹത്തിന്റെ എല്ലാ ശിഷ്യന്മാരും ആദ്ധ്യാത്മിക ആകാശത്തിലേക്ക് ഉയർത്തപ്പെടുന്നതുവരെ ഭൗതിക പ്രപഞ്ചത്തിൽ നിലകൊള്ളും എന്നത് ശരിയാണോ എന്ന് നിങ്ങൾ ചോദിച്ചു. ഉത്തരം ശരിയാണ്. അതാണ് നിയമം. അതിനാൽ ആദ്ധ്യാത്മിക ആകാശത്തിലേക്കുള്ള ഉയർച്ചയ്ക്ക് ഹാനികരമായ അപരാധങ്ങൾ ചെയ്യാതിരിക്കുവാൻ ഒരോ വിദ്യാർത്ഥിയും ശ്രദ്ധാലുവായിരിക്കണം. അതുകാരണം ആത്മീയ ഗുരുവിന് ശിഷ്യനെ മോചിപ്പിക്കാനായി വീണ്ടും അവതരിക്കേണ്ടിവരും. ഈ വക മനോഭാവം ആത്മീയ ഗുരുവിനോടുള്ള ഒരു തരം അപരാധമാകും. പത്ത് തരത്തിലുള്ള അപരാധങ്ങളിൽ ഒന്നാമത്തേത് ആത്മീയ ഗുരുവിന്റെ നിർദ്ദേശങ്ങളെ നിരസിക്കുക എന്നതാണ്. ദീക്ഷാസമയത്ത് ആത്മീയ ഗുരു ശിഷ്യന് നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം. അത് ആത്മീയപാതയിൽ ഉയരുവാൻ സഹായിക്കും. പക്ഷേ, മനഃപൂർവ്വം ആ നിർദ്ദേശങ്ങൾ എതിർക്കുകയാണെങ്കിൽ അയാളുടെ ഉന്നമനം ആരംഭം മുതൽക്കെ തടസ്സപ്പെടും. എതിർക്കുക എന്നാൽ ആത്മീയഗുരുവുമായുള്ള ബന്ധം വിച്ഛേദിക്കുക എന്നർത്ഥം. അങ്ങനെ എതിർത്ത് ആത്മീയഗുരുവുമായുള്ള ബന്ധം വിച്ഛേദിക്കുന്നയാൾക്ക് ജന്മജന്മാന്തരം ആത്മീയഗുരുവിന്റെ സഹായം പ്രതീക്ഷിക്കാൻ കഴിയില്ല. ഇത് നിങ്ങളുടെ ചോദ്യത്തിനുള്ള ഉത്തരം ആവശ്യത്തിന് വ്യക്തമാക്കുന്നുവെന്ന് ഞാൻ കരുതുന്നു.

ജയപതാകയ്ക്കുള്ള കത്ത്, ലോസ് ഏഞ്ചൽസ്, 11 ജൂലൈ, 1969

# കൂടുതൽ ഉദ്ധരണികൾ - പാഠം 7 - ദീക്ഷയ്ക്കുള്ള പ്രതിജ്ഞകൾ

## ഞാൻ അതിൽ വെള്ളമൊഴിച്ചൽ തീ കത്തിക്കാൻ ബുദ്ധിമുട്ടാണ്.....

തീർച്ചയായും ഹരിനാമ ജപം നിങ്ങളെ പരിശുദ്ധരാക്കും. അത് കൊള്ളാം. എന്നാൽ ഞാൻ കത്തിക്കാൻ പോകുന്ന ഈ തീ പോലെ. ഇത് ഉണങ്ങിയ തടിക്കഷണമാണ്. ഞാൻ അതിനെ ഉണങ്ങിയതായി സൂക്ഷിച്ചാൽ തീ നന്നായി കത്തും. എന്നാൽ അതിൽ വെള്ളമൊഴിച്ചാൽ കത്തിക്കാൻ കഷ്ടമായിരിക്കും. അതുപോലെ കൃഷ്ണാവബോധത്തിന്റെ അഗ്നി നിങ്ങളെ സദാ മുന്നേറാൻ സഹായിക്കും, അതേസമയം നമ്മൾ മനഃപൂർവ്വം ആ തീയിൽ വെള്ളമൊഴിക്കാതിരുന്നാൽ നല്ലതായിരിക്കും. അതുപോലെ, കൃഷ്ണാവബോധം അല്ലെങ്കിൽ ഹരേ കൃഷ്ണ ജപം നിങ്ങളെ മുന്നേറാൻ സഹായിക്കും. അതേ സമയം, നിങ്ങൾ മനഃപൂർവ്വം ഈ വക വിഡ്ഢിത്തങ്ങൾ ചെയ്യാതിരുന്നാൽ അത് നല്ലതായിരിക്കും. നിങ്ങൾ ഈ വെള്ളമൊഴിക്കുന്നത് തുടർന്നുകൊണ്ടിരുന്നാൽ അത് ഒരു മനുഷ്യൻ മരുന്ന് കഴിക്കുകയും അതേ സമയം എല്ലാ വിഡ്ഢിത്തങ്ങളും കാണിക്കുകയും ചെയ്യുന്നതുപോലെയാണ്. അപ്പോൾ അയാളുടെ രോഗം മാറില്ല, അല്ലെങ്കിൽ അത് ധാരാളം സമയമെടുക്കും. അതിനാൽ ഈ രീതിയിൽ നമ്മൾ നിരുത്തരവാദികളാകാൻ പാടില്ല, എന്തുകൊണ്ടെന്നാൽ ജീവിതം വളരെ ഹ്രസ്വമാണ്.

ദീക്ഷാസമയത്ത് നൽകിയ പ്രഭാഷണം, സാൻ ഫ്രാൻസിസ്കോ, 10 മാർച്ച്, 1968

## ചൈതന്യ ഭഗവാൻ എല്ലാ തരത്തിലുള്ള പാപികളെയും ഒരു നിബന്ധനയിൽ സ്വീകരിക്കുന്നു.

ഭഗവാൻ തന്റെ സുദർശനചക്രം ആവാഹിച്ചപ്പോൾ ശ്രീല നിത്യാനന്ദ പ്രഭു അദ്ദേഹത്തോട് രണ്ടു സഹോദരന്മാരോടും ക്ഷമിക്കുവാൻവേണ്ടി അപേക്ഷിച്ചു. രണ്ടു സഹോദരന്മാരും ഭഗവാന്റെ പങ്കജപാദങ്ങളിൽ വീണ് അവരുടെ തെറ്റായ പെരുമാറ്റത്തിന് മാപ്പപേക്ഷിച്ചു. ഭഗവാനോട് നിത്യാനന്ദ പ്രഭു പശ്ചാത്തപിക്കുന്ന ഈ രണ്ട് ആത്മാക്കളെ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടു. അവർ ഇനിമുതൽ പൂർണ്ണമായും അവരുടെ എല്ലാ പാപ പ്രവൃത്തികളും ദുരാചാരങ്ങളും ഉപേക്ഷിക്കണം എന്ന നിബന്ധനയിൽ അവരെ സ്വീകരിക്കാമെന്ന് ഭഗവാൻ സമ്മതിച്ചു. രണ്ട് സഹോദരന്മാരും സമ്മതിക്കുകയും അവരുടെ പാപകരമായ ശീലങ്ങൾ ഉപേക്ഷിക്കാമെന്ന് വാക്കു കൊടുക്കുകയും ചെയ്തു. ദയാലുവായ ഭഗവാൻ അവരെ സ്വീകരിച്ചു, പിന്നീടൊരിക്കലും അവരുടെ ഭൂതകാലത്തെ ദുർനടത്തങ്ങളെക്കുറിച്ച് പരാമർശിച്ചില്ല. ഇതാണ് ചൈതന്യ ഭഗവാന്റെ പ്രത്യേക കാരുണ്യം. ഈ യുഗത്തിൽ ഒരാൾക്കുപോലും താൻ പാപമുക്തനാണെന്ന് പറയാൻ സാധിക്കില്ല. ഇത് ആരെങ്കിലും പറയുക അസാധ്യമാണ്. എന്നാൽ യഥാർത്ഥ ആത്മീയഗുരുവിനാൽ ആദ്ധ്യാത്മികമായി ദീക്ഷയെടുത്തതിനുശേഷം പാപപ്രവൃത്തികളിൽ ഏർപ്പെടില്ല എന്ന പ്രതിജ്ഞയുടെ ഒരു നിബന്ധനയിൽ ചൈതന്യ ഭഗവാൻ എല്ലാ തരത്തിലുള്ള പാപികളെയും സ്വീകരിച്ചു. ഈ കലിയുഗത്തിൽ പ്രായോഗികമായി എല്ലാ ജനങ്ങളും ജഗായ്-മാധായുടെ ഗുണത്തിലുള്ളവരാണ്. അവരുടെ ദുർനടത്തങ്ങളുടെ പ്രതിപ്രവർത്തനങ്ങളിൽ നിന്നും മോചിതരാകുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഭഗവാൻ ചൈതന്യ മഹാപ്രഭുവിനെ അഭയം പ്രാപിക്കുകയും, ആദ്ധ്യാത്മിക ദീക്ഷയ്ക്കുശേഷം ശാസ്ത്രങ്ങൾ വിലക്കിയിട്ടുള്ള കാര്യങ്ങളിൽ നിന്നും മാറിനിൽക്കുകയും വേണം.

ശ്രീമദ് ഭാഗവതം, മുഖവുര

## പരിശുദ്ധീകരണ പ്രക്രിയ ഭക്തന്റെ ഹൃദയത്തിൽ നേരത്തെതന്നെ ഉണ്ട്

വേദങ്ങളനുസരിച്ച് ഉന്നതമായ പദവിയിൽ നിന്നും ഒരാൾ പതിതനാവുകയാണെങ്കിൽ പരിശുദ്ധീകരിക്കുവാൻ ചില നിർദ്ദിഷ്ഠ ചടങ്ങുകൾ നിർവഹിക്കണമെന്ന് നിയമങ്ങളുണ്ട്. എന്നാൽ ഇവിടെ അങ്ങനെയുള്ള യാതൊരു നിബന്ധനകളുമില്ല. എന്തുകൊണ്ടെന്നാൽ ഭക്തൻ നിരന്തരമായി പരമോന്നത പുരുഷൻ ഭഗവാനെ സ്മരിക്കുന്നതിനാൽ പരിശുദ്ധീകരണ പ്രക്രിയ അയാളുടെ ഹൃദയത്തിൽ നേരത്തെതന്നെ ഉണ്ട്. അതിനാൽ ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ / ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ എന്ന ജപം നിർത്താതെ തുടരണം.

ഭഗവദ് ഗീത 9.31

## നീയൊരു മാന്യൻപോലും അല്ല, പിന്നെ ഭക്തനാണെന്ന് എങ്ങനെപറയും

ഹൃദയാനന്ദ : (തർജ്ജമ ചെയ്യുന്നു) ഏറ്റവും വലിയ അപരാധം ഗുരുവിനെ നിരസിക്കുന്നതാണോ എന്ന് അയാൾക്കറിയണം.

പ്രഭുപാദർ : അതെ, അതാണ് ആദ്യത്തെ അപരാധം. *ഗുരോർ അവജ്ഞാ, ശ്രുതി-ശാസ്ത്ര-നിന്ദനം. ശ്രുതി-ശാസ്ത്ര-നിന്ദനം ഗുരോർ അവജ്ഞാ.* ഗുരുവിനെ സ്വീകരിച്ചിട്ട് അദ്ദേഹത്തെ നിരസിച്ചാൽ നിന്റെ അവസ്ഥ എന്താണ് ? നീയൊരു മാന്യൻപോലുമല്ല. ''ഞാൻ അങ്ങയുടെ നിർദ്ദേശങ്ങൾ അനുസരിക്കും, ഞാനിത് ചെയ്യും'' എന്ന് നീ ഗുരുവിന് മുന്നിൽ, കൃഷ്ണന് മുന്നിൽ, അഗ്നിയ്ക്കു മുന്നിൽ പ്രതിജ്ഞ ചെയ്തു. എന്നിട്ട് അത് ചെയ്യുന്നില്ല. എന്നാൽ നീയൊരു മാന്യൻപോലും അല്ല, ഭക്തനെക്കുറിച്ച് എന്തുപറയാൻ. ഇത് സാമാന്യബുദ്ധിയാണ്.

ഭഗവദ് ഗീത 2.11, മെക്സിക്കോ, ഫെബ്രുവരി 11, 1975

# യൂണിറ്റ് 3

# ഗുരുവുമായുള്ള ബന്ധത്തിൽ വർത്തിക്കൽ

## പാഠം 8 ഗുരു പൂജ

ശ്രീല പ്രഭുപാദരുടെ നിരന്തരമായ ആരാധന

ഗുരു പൂജയുടെ പ്രാധാന്യം

ഇസ്കോൺ ഗുരുക്കന്മാരുടെ ഔദ്യോഗികമായ ആരാധന

വ്യാസ പൂജ

## പാഠം 9 ഗുരു സേവനം

ശിഷ്യന്റെ ഗുണങ്ങൾ

ഗുരു സേവനവും ഇസ്കോണിലുള്ള സേവനവും

കർത്തവ്യങ്ങൾ സന്തുലിതമായ രീതിയിൽ നിർവഹിക്കൽ

## പാഠം 10 ഗുരു വപു സേവനവും വാണി സേവനവും

ഗുരു വപു സേവനത്തിന്റെയും വാണി സേവനത്തിന്റെയും രീതികൾ

ഗുരു വപു സേവനത്തിന്റെ പ്രാധാന്യം

ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ ശരിയായി പെരുമാറുക

ഗുരുവിൽ നിന്ന് ചോദിച്ചറിയൽ

ഗുരു വാണി സേവനത്തിന്റെ പ്രാധാന്യം

## പാഠം 11 ഗുരു ത്യാഗം

ഗുരു ത്യാഗത്തിന്റെ തത്ത്വങ്ങളും നടപടിക്രമങ്ങളും

ഗുരുവിനെക്കുറിച്ചുള്ള പരാതികൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

പുനർ ദീക്ഷയെടുക്കൽ

ഇസ്കോണിൽ ഭക്തിയുതസേവനം നിർവഹിക്കുന്നത് തുടരുക

# പാഠം 8 ഗുരു പൂജ

## പാഠ്യ വിഷയങ്ങൾ

ശ്രീല പ്രഭുപാദരുടെ നിരന്തരമായ ആരാധന

ഗുരു പൂജയുടെ പ്രാധാന്യം

ഇസ്കോൺ ഗുരുക്കന്മാരുടെ ഔദ്യോഗികമായ ആരാധന

വ്യാസ പൂജ

## ഗുരു പൂജയുടെ പ്രാധാന്യം

സാക്ഷാദ്-ഹരിത്വേന സമസ്ത-ശാസ്ത്രൈർ
ഉക്തസ് തഥാ ഭാവ്യത ഏവ സദ്ഭിഃ

ആത്മീയ ഗുരു ഭഗവാന്റെ വിശ്യസ്ത സേവകനാകയാൽ, ഭഗവാന് തുല്യം ആദരണീയനാണ്.

*ശ്രീ ശ്രീ ഗുരു അഷ്ടകം, ശ്ലോകം 7*

ആരാധനാനാം സർവേഷാം വിഷ്ണോർ ആരാധനം പരം
തസ്മാത് പരതരം ദേവി തദീയാനാം സമർചനം

(മഹാദേവൻ ദുർഗ്ഗാദേവിയോടു പറഞ്ഞു) 'എന്റെ പ്രിയ ദേവി, വേദങ്ങൾ ദേവാരാധന ശുപാർശ ചെയ്യുന്നുണ്ടെങ്കിലും ഭഗവാൻ വിഷ്ണുവിന്റെ ആരാധനയാണ് സർവ്വ ശ്രേഷ്ഠം. എന്നിരുന്നാലും ഭഗവാൻ വിഷ്ണുവിന്റെ ആരാധനയെക്കാളും ഉയർന്നതാണ് ഭഗവാൻ വിഷ്ണുവുമായി ബന്ധമുള്ള വൈഷ്ണവർക്ക് സേവനം ചെയ്യുക എന്നത്.'

പദ്മ പുരാണത്തിൽനിന്ന്, ചൈതന്യ ചരിതാമൃതം, മധ്യലീല 11.31

യേ മേ ഭക്ത-ജനാഃ പാർഥ ന മേ ഭക്താശ് ച തേ ജനാഃ
മദ്-ഭക്താനാം ച യേ ഭക്താസ് തേ മേ ഭക്ത-തമാ മതാഃ

(ഭഗവാൻ കൃഷ്ണൻ അർജ്ജുനനോടു പറഞ്ഞു) 'നേരിട്ടുള്ള എന്റെ ഭക്തന്മാർ ശരിക്കും ഭക്തന്മാരല്ല. എന്നാൽ എന്റെ സേവകന്മാരുടെ ഭക്തന്മാരാണ് വാസ്തവത്തിൽ എന്റെ ഭക്തന്മാർ.'

ആദി പുരാണത്തിൽനിന്ന്, ചൈതന്യ ചരിതാമൃതം, മധ്യലീല 11.28

### ഇത് ആത്മീയ പ്രശംസയല്ല, യഥാർത്ഥ വിദ്യാഭ്യാസമാണ്

ഗുരു പൂജ ആത്മീയ പ്രശംസയല്ല, യഥാർത്ഥ വിദ്യാഭ്യാസമാണ്. *ഗുരു-മുഖ-പത്മ-വാക്യ ആര നാ കരിയാ ഐക്യ* എന്ന് നിങ്ങൾ ദിവസേന ആലപിക്കുന്നു. ഇത് വിവർത്തനമാണ്. ഞാൻ തുറന്നു പറയാം, ഈ കൃഷ്ണാവബോധ പ്രസ്ഥാനം അല്പമെങ്കിലും വിജയകരമായിട്ടുണ്ടെങ്കിൽ അത് എന്റെ ഗുരു മഹാരാജിനാൽ പറയപ്പെട്ടതെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങളും അത് തുടരുക. എന്നാൽ എല്ലാ വിജയവും ഉണ്ടാകും.

ആഗമന പ്രസംഗം ന്യൂയോർക്ക്, ജൂലൈ 9, 1976

### നിത്യേനയുള്ള ഗുരു പൂജയുടെ പ്രയോജനങ്ങൾ എഴുതുക

# ഔദ്യോഗികമായ ഇസ്കോൺ ഗുരു ആരാധന

## പ്രണാമ മന്ത്രങ്ങൾ

എല്ലാ പ്രശിഷ്യന്മാരും ഭാവി തലമുറകളും അവരുടെ ദീക്ഷാഗുരുവിന്റെ പ്രണാമ മന്ത്രം ഉരുവിട്ടതിനുശേഷം, സ്ഥാപകാചാര്യനുള്ള ബഹുമാനാർത്ഥം നമസ്കാരങ്ങൾ അർപ്പിച്ചുകൊണ്ട് ശ്രീല പ്രഭുപാദരുടെ ആദ്യത്തെ പ്രണാമ മന്ത്രമെങ്കിലും പറയണം

ഇസ്കോൺ നിയമം 7.2.1

## ആരാത്രിക സമർപ്പിക്കൽ

ക്ഷേത്രങ്ങളിലോ അല്ലെങ്കിൽ ക്ഷേത്രവുമായി സംബന്ധിക്കുന്ന പരിപാടികളിലോ ആരതി നടത്തുമ്പോൾ പൂജാരി അദ്ദേഹത്തിന്റെ ദീക്ഷാഗുരുവിന്റെ ഒരു ചെറിയ ചിത്രം ആരതി തട്ടിലോ അല്ലെങ്കിൽ മേശപ്പുറത്തോ വയ്ക്കാവുന്നതാണ്. ആ ദീക്ഷാഗുരു ഇസ്കോണിൽ നല്ല രീതിയിലുള്ള ഒരു അംഗീകൃത ഗുരുവായിരിക്കണം. ദീക്ഷാ ഗുരുവിന്റെ ചിത്രം അൾത്താരയിലുള്ള ശ്രീല പ്രഭുപാദരുടെ ചിത്രത്തേക്കാൾ ചെറുതായിരിക്കണം, ആരതിയ്ക്കുശേഷം അതെടുത്ത് മാറ്റാവുന്നതാണ്.

ഇസ്കോൺ നിയമം 6.4.8.3 a

## ഗുരു-പൂജ (നിലവിലുള്ള ഇസ്കോൺ ദീക്ഷാഗുരുക്കന്മാർക്കുവേണ്ടി)

ശ്രീല പ്രഭുപാദരല്ലാതെ മറ്റുള്ള ഗുരുക്കന്മാരുടെ ശിഷ്യന്മാർ അവരുടെ ഗുരുവിനുള്ള ഗുരു-പൂജ ക്ഷേത്രമുറിയ്ക്ക് പുറത്ത് ചെയ്യാവുന്നതാണ്. ശിഷ്യന്മാരുടെ ഈ ആരാധനയ്ക്കുള്ള സൗകര്യം ക്ഷേത്രം നൽകേണ്ടതാണ്.

ഇസ്കോൺ നിയമം 6.4.8.1.1.

## നിയന്ത്രിതമായ അഭിസംബോധന

''ദിവ്യ പൂജ്യ'' എന്ന് ആദരസൂചകമായി ഇസ്കോണിലുള്ള ആരെയും പരസ്യമായി അഭിസംബോധന ചെയ്യാറില്ല. പരസ്യമായോ അല്ലാതെയോ ''-പദ'' അല്ലെങ്കിൽ ''-ദേവ'' എന്ന് അവസാനിക്കുന്ന വിധത്തിൽ ആദരസൂചകം നൽകി അഭിസംബോധന ചെയ്യാറുമില്ല. ശിഷ്യന്മാർ ഇസ്കോൺ ദീക്ഷാ-ശിക്ഷാ ഗുരുക്കന്മാരെ ''ഗുരു ദേവ'' അല്ലെങ്കിൽ ''ഗുരു മഹാരാജ് '' എന്ന് അഭിസംബോധന ചെയ്യാവുന്നതാണ്.

ഇസ്കോൺ നിയമം 6.4.8

## വൈഷ്ണവന്മാരെ സ്വീകരിക്കൽ

ഗുരുവായി സേവനമനുഷ്ഠിക്കുന്നവരുൾപ്പെയെടുള്ള വൈഷ്ണവരെ ഇസ്കോൺ ക്ഷേത്രങ്ങളിൽ സ്വീകരിക്കുന്ന ചടങ്ങുകൾ മര്യാദപൂർവ്വമായിരിക്കണം. ഉദാഹരണത്തിന് ആസനം നൽകുക, പ്രസാദവും കുടിക്കാനെന്തെങ്കിലും നൽകുക, പൂമാല സമർപ്പിക്കുക, കീർത്തനം നടത്തുക.

ഇസ്കോൺ നിയമം 6.4.8.2

# വ്യാസ പൂജ

ഒരു വ്യാസപൂജ ചടങ്ങിൽ പങ്കെടുത്തതിന്റെ ചില പ്രതിഫലനങ്ങളെക്കുറിച്ച് എഴുതുക

## ഇസ്കോണിൽ നിലവിലുള്ള ദീക്ഷാ-ശിക്ഷാഗുരുക്കന്മാർക്ക് വേണ്ടിയുള്ള വ്യാസ പൂജ

ശ്രീല പ്രഭുപാദരിലും അദ്ദേഹത്തിന് ഓരോ ഭക്തന്മാരുമായുള്ള പ്രത്യേക ബന്ധത്തിലും പൂർണ്ണമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുവേണ്ടി, ഇസ്കോൺ ശിക്ഷാ അല്ലെങ്കിൽ ദീക്ഷാ ഗുരു വർഷത്തിലൊരിക്കൽ അദ്ദേഹത്തിന്റെ വ്യാസപൂജ ദിനത്തിൽ പരസ്യമായി ഏതെങ്കിലും ഇസ്കോണിൽ വച്ച് വ്യക്തിപരമായി ഗുരു പൂജ (ആരതി അല്ലെങ്കിൽ പാദ പൂജ) സ്വീകരിക്കേണ്ടതാണ്. ഈ ചടങ്ങ് ക്ഷേത്രമുറിയിൽ വച്ച് നടത്താവുന്നതാണ്. ഇസ്കോൺ ഗുരുക്കന്മാർക്ക് വ്യാസപൂജ നടത്തുന്ന ഇസ്കോൺ അംഗങ്ങൾ മര്യാദപൂർവ്വം, ശ്രീല പ്രഭുപാദരുടെ വ്യാസപൂജയെക്കാൾ വളരെ ചെറിയ രീതിയിൽ നടത്തണം. പൊതുവായി, ഭക്തന്മാർ ഈ വ്യാസപൂജ ചടങ്ങുകൾ അവരവരുടെ പ്രദേശത്ത് ആഘോഷിക്കാവുന്നതാണ്. ഇസ്കോണിൽ വ്യാസപൂജ പുസ്തകം ശ്രീല പ്രഭുപാദർക്ക് വേണ്ടി മാത്രമെ പ്രസിദ്ധീകരിക്കാവൂ.

ഇസ്കോൺ നിയമം 6.4.8.1

### കുറിപ്പ്

പൊതുവായി ശിഷ്യന്മാർ, അവരുടെ ആത്മീയ ഗുരുവിന്റെ വ്യാസപൂജയിൽ പങ്കെടുക്കാനോ, അന്നേ ദിവസം വന്ന് പ്രശംസിക്കാനോ, ലേഖനങ്ങൾ സമർപ്പിക്കാനോ ഗുരുവിന്റെ ആത്മീയ സഹോദരങ്ങളോട് അപേക്ഷിക്കുന്നത് വൈഷ്ണവ മര്യാദയുടെ ലംഘനമായി കണക്കാക്കുന്നു.

ജിബിസി ഗുരു സർവ്വീസ് കമ്മിറ്റിയുടെ ശുപാർശ

### ശ്രീല പ്രഭുപാദരുടെ വ്യാസപൂജയും തിരോഭാവ തിഥിയും

ശ്രീല പ്രഭുപാദരുടെ വ്യാസപൂജ ( & തിരോഭാവവും) ചടങ്ങ് ഇസ്കോണിലെ സർവ്വപ്രധാന വ്യാസപൂജ ചടങ്ങായി ഇസ്കോൺ അംഗങ്ങൾ ആഘോഷിക്കണം. എല്ലാ ഇസ്കോൺ അംഗങ്ങളും ശ്രീല പ്രഭുപാദർക്ക് വാർഷിക വ്യാസപൂജാ ലേഖനം സമർപ്പിക്കേണ്ടതാണ്.

ഇസ്കോൺ നിയമം 6.4.8

## കൂടുതൽ ഉദ്ധരണികൾ - പാഠം 8 - ഗുരു പൂജ

### ഗുരുവിന്റെ ചിത്രത്തെ ആദരിക്കുക

എനിക്കും എന്റെ ചിത്രത്തിനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അതിനാൽ ആ ബോധത്തോടെ ചിത്രത്തെ നമ്മൾ ആദരിക്കുകയും സൂക്ഷിക്കുകയും വേണം. നമ്മൾ ചിത്രത്തെ ഇവിടെയും അവിടെയും എറിയുകയാണെങ്കിൽ അത് അപരാധമാണ്. ആത്മീയ ലോകത്തിൽ നാമവും ചിത്രവും വ്യക്തിയോളം ശ്രേഷ്ഠമാണ്.

ജദുറാണിയ്ക്കുള്ള കത്ത്, ന്യൂ വൃന്ദാവനം, 4 സെപ്റ്റംബർ, 1972

### ആത്മീയ ഗുരുവിന്റെ ആവിർഭാവ ദിനം വ്യാസ പൂജയായി ആരാധിക്കപ്പെടുന്നു

ഈ പക്വമായ ഫലം ശിഷ്യ പരമ്പരയിലൂടെ ലഭിക്കുന്നു, ശ്രീല വ്യാസദേവനിൽ നിന്നു ശിഷ്യ പരമ്പരയിൽ ഈ പ്രവൃത്തി ചെയ്യുന്ന ഏതൊരാളെയും വ്യാസദേവന്റെ പ്രതിനിധിയായി കണക്കാക്കപ്പെടുന്നു. അതിനാൽ യഥാർത്ഥ ആത്മീയ ഗുരുവിന്റെ ആവിർഭാവ ദിനത്തെ വ്യാസ പൂജയായി ആരാധിക്കപ്പെടുന്നു. ആത്മീയ ഗുരു ഇരിക്കുന്ന ശ്രേഷ്ഠമായ ആസനത്തെ വ്യാസാസനം എന്നും വിളിക്കുന്നു.

ബലി മർദനയ്ക്കുള്ള കത്ത്, ടോക്യോ, 25 ആഗസ്റ്റ്, 1970

### ഒരു ആഭരണമോ സംഭാവനയോപോലും വൈസ്റോയ്ക്ക് തൊടാൻ കഴിയില്ല....

വ്യാസപൂജ എന്നാൽ വർഷത്തിൽ ഒരു ദിവസമാണ്, ആത്മീയ ഗുരുവിന്റെ ജന്മദിനത്തിൽ, അദ്ദേഹം വ്യാസന്റെ പ്രതിനിധിയായതിനാലും ശിഷ്യ പരമ്പരയിലൂടെ താഴോട്ട് ലഭിച്ച അതേ ജ്ഞാനം ഒരു മാറ്റവും വരുത്താതെ നൽകുന്നതുകൊണ്ടും അദ്ദേഹം ആദരണീയനാണ്. ഇതാണ് വ്യാസപൂജ എന്നു വിളിക്കുന്നത്. ആത്മീയഗുരു എല്ലാ ബഹുമാനങ്ങളും, എല്ലാ സംഭാവനകളും സ്വീകരിക്കുന്നത് പരമദിവ്യോത്തമ പുരുഷൻ ഭഗവാനുവേണ്ടിയാണ്, സ്വന്തം വ്യക്തിത്വത്തിനല്ല. നമ്മുടെ രാജ്യത്ത് ബ്രിട്ടീഷ് ഭരണകാലത്ത് രാജാവിന്റെ പ്രതിനിധിയായി ഒരു വൈസ്റോയ് ഉണ്ടായിരിന്നു, അതുപോലെ. സ്വാഭാവികമായും വൈസ്റോയ് പല കൂടിക്കാഴ്ചയ്ക്ക് പോകുമ്പോൾ ധാരാളം ജനങ്ങൾ അദ്ദേഹത്തിനെ ബഹുമാനിക്കുവാൻ ആഭരണങ്ങളും മറ്റു വിലപിടിപ്പുള്ളവയും നൽകാറുണ്ട്. പക്ഷേ ഒരൊറ്റ ആഭരണമോ സംഭാവനയോപോലും വൈസ്റോയ്ക്ക് തൊടാൻ കഴിയില്ല. അത് രാജസമ്പത്തിൽ ചേരുന്നതാണ്. വൈസ്റോയ്ക്ക് എല്ലാ സംഭാവനകളും രാജാവിന്റെ പേരിൽ സ്വീകരിക്കാവുന്നതാണ്. അത് രാജാവിന് പോകും. അതുപോലെ, ഈ ദിവസം, വ്യാസപൂജാ ദിവസം, എന്തൊക്കെ പുരസ്കാരങ്ങൾ, സംഭാവനകൾ, കൃതജ്ഞതകൾ ആത്മീയ ഗുരുവിന് സമർപ്പിക്കപ്പെടുന്നുവോ, ജ്ഞാനം മുകളിൽനിന്നും നമുക്ക് ലഭിക്കുന്നതുപോലെ, ഈ ബഹുമാനങ്ങളും താഴെനിന്ന് മുകളിലോട്ട് പോകുന്നു. ഇതാണ് പ്രക്രിയ. ആത്മീയ ഗുരു ഒരു വിദ്യാർത്ഥിയുടെ അധ്യാപകനാകയാൽ ശിഷ്യന് എങ്ങനെ അയാളുടെ ബഹുമാനവും സംഭാവനയും ഭഗവാനിൽ എത്തിക്കണം എന്ന് പറഞ്ഞുകൊടുക്കണം. ഇതിനെയാണ് വ്യാസപൂജ എന്ന് വിളിക്കുന്നത്.

ശ്രീ വ്യാസ പൂജ, ന്യൂ വൃന്ദാവനം, സെപ്റ്റംബർ 2, 1972

### ശ്രീ വ്യാസപൂജയുടെ രഹസ്യം

ഇതാണ് ശ്രീ വ്യാസപൂജയുടെ രഹസ്യം. ഭഗവാന്റെ അതീന്ദ്രിയ ലീലകളെ നാം ധ്യാനിക്കുമ്പോൾ, നമ്മൾ അദ്ദേഹത്തിന്റെ ശാശ്വത സേവകന്മാരാണെന്ന് അഭിമാനിക്കാറുണ്ട്, നമ്മൾ സന്തോഷിക്കുകയും ആനന്ദത്തിൽ നൃത്തം വയ്ക്കുകയും ചെയ്യാറുണ്ട്. അദ്ദേഹത്തിന്റെ ഒരിക്കലും വറ്റാത്ത കാരുണ്യത്താൽ നമ്മൾക്കിടയിൽ ശാശ്വതമായി നിലകൊള്ളുന്ന ഇത്തരം ഒരു പ്രസ്ഥാനം സൃഷ്ടിച്ചതിന് എന്റെ ദിവ്യഗുരുവിന് എല്ലാ സ്തുതികളും അർപ്പിക്കുന്നു. നമുക്ക് അദ്ദേഹത്തിന്റെ പാദപങ്കജങ്ങളിൽ നമസ്കരിക്കാം.

ശ്രീല പ്രഭുപാദരുടെ വ്യാസപൂജ

ശ്രീല ഭക്തിസിദ്ധാന്തസരസ്വതി ഠാക്കൂറിനുള്ള ആദരാഞ്ജലി, ബോംബെ, ഫെബ്രുവരി 1935

# പാഠം 9 ഗുരു സേവനം

## പാഠ്യ വിഷയങ്ങൾ

ശിഷ്യന്റെ ഗുണങ്ങൾ

ഗുരു സേവനവും ഇസ്കോണിലുള്ള സേവനവും

കർത്തവ്യങ്ങൾ സന്തുലിതമായ രീതിയിൽ നിർവഹിക്കുക

സേവയാ

നാം എന്തെങ്കിലും വാങ്ങിയാൽ അതിനു പ്രതിഫലം നൽകണം എന്നതുപോലെ. അതിനാൽ അതിനെ സേവയാ എന്ന് വിളിക്കുന്നു. ആത്മീയ ഗുരുവിനാൽ പഠിപ്പിച്ചതിന്റെ മൂല്യം തിരിച്ചുനൽകികൊണ്ട് നിങ്ങൾക്ക് പ്രതിഫലം നൽകാനാകില്ല. അത് അസാധ്യമാണ്. അതിനാൽ അതിനെ സേവയാ എന്ന് വിളിക്കുന്നു. നിങ്ങളുടെ ജീവിതം അദ്ദേഹത്തിന്റെ സേവനത്തിന് വേണ്ടി സമർപ്പിക്കുക. നിങ്ങൾക്ക് പ്രതിഫലം നൽകാനാകില്ല. ആത്മീയ ഗുരുവിന് തിരിച്ച് നൽകാൻ നിങ്ങളുടെ കൈയ്യിൽ എന്താണുള്ളത് ?

ശ്രീമദ് ഭാഗവതം 2.3.25, ലോസ് ഏഞ്ചൽസ്, ജൂൺ 23, 1972

## ഗുരു സേവനവും ഇസ്കോണിലുള്ള സേവനവും

താഴെയുള്ള പട്ടിക പൂർത്തിയാക്കുക

| ഇസ്കോണിന്റെ ദൗത്യത്തെ സേവിക്കുവാനുള്ള വഴികൾ | ഗുരുവിനെ സേവിക്കുവാനുള്ള വഴികൾ |
|---|---|
| | |
| | |
| | |
| | |
| | |
| | |

ഗുരു സേവനത്തെയും ഇസ്കോണിന്റെ ദൗത്യത്തിന്റെ സേവനത്തെയും സന്തുലിതമായി സമീപിക്കുന്നതിനെക്കുറിച്ച് താഴെ വിമർശിക്കുക.

## കർത്തവ്യങ്ങൾ സന്തുലിതമായ രീതിയിൽ നിർവഹിക്കുക

ഗുരുവിനോടുള്ള കർത്തവ്യത്തിനു പുറമെ എനിക്ക് ജീവിതത്തിലുള്ള കടമകൾ എഴുതുക.

ഗുരുവിനോടും മറ്റുള്ളവരോടുമുള്ള കർത്തവ്യങ്ങൾ സന്തുലിതമായ രീതിയിൽ പൂർത്തികരിക്കാൻ നേരിടുന്ന വെല്ലുവിളികൾക്കുള്ള പരിഹാരം നിർദേശിക്കുക

**നിർദ്ദേശങ്ങൾ പാലിക്കുവാനുള്ള ശിഷ്യന്റെ കർത്തവ്യം......ചൈതന്യ ഭഗവാന്റെ സന്ദേശം ലോകം മുഴുവൻ പ്രചരിപ്പിക്കുക.**

പൃഥിവീതേ ആഛേ യത നഗരാദി ഗ്രാമ

സർവത്ര പ്രചാര ഹൈബെ മോര നാമ

(ശ്രീ ചൈതന്യ ഭാഗവതം, അന്ത്യ കാണ്ഡം 4.126)

ചൈതന്യ ഭഗവാന്റെ ഭക്തന്മാർ ലോകത്തിലെ ഓരോ ഗ്രാമത്തിലും നഗരത്തിലും കൃഷ്ണാവബോധം പ്രചരിപ്പിക്കണം. അത് ഭഗവാനെ തൃപ്തിപ്പെടുത്തും. ആത്മ തൃപ്തിക്കുവേണ്ടി സ്വന്തം ഇഷ്ടപ്രകാരം പ്രവൃത്തിക്കണം എന്നല്ല. ഈ നിർദ്ദേശം പരമ്പരാ സമ്പ്രദായത്തിലൂടെ താഴേക്ക് വന്നതാണ്. ആത്മീയ ഗുരു ഈ നിർദ്ദേശങ്ങളെ ശിഷ്യന്മാരോട്, അവർ ശ്രീ ചൈതന്യ മഹാപ്രഭുവിന്റെ സന്ദേശം പ്രചരിപ്പിക്കുവാൻവേണ്ടി, അവതരിപ്പിക്കുന്നു. യഥാർത്ഥ ആത്മീയ ഗുരുവിന്റെ നിർദ്ദേശങ്ങൾ പാലിച്ച് ചൈതന്യ ഭഗവാന്റെ സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കുക എന്നത് ഓരോ ശിഷ്യന്മാരുടെയും കർത്തവ്യമാണ്.

ശ്രീ ചൈതന്യ ചരിതാമൃതം, ഭാവർത്ഥം, മധ്യ ലീല 16.64

# ഗുരു സേവ

തദ് വിദ്ധി പ്രണിപാതേന പരിപ്രശ്നേന സേവയാ

ഉപദേക്ഷ്യന്തി തേ ജ്ഞാനം ജ്ഞാനിനസ് തത്ത്വ-ദർശിനഃ

ആത്മീയ ഗുരുവിനെ സമീപിച്ച് പരമാർത്ഥം അറിയുവാൻ ശ്രമിക്കുക. അദ്ദേഹത്തിൽനിന്നും താഴ്മയോടെ ചോദിച്ചറിയുകയും അദ്ദേഹത്തിന് സേവനമനുഷ്ഠിക്കുകയും ചെയ്യുക. അവർ പരമസത്യത്തെ അറിയുന്നതിനാൽ ആത്മസാക്ഷാത്കാരം ലഭിച്ച ആത്മാക്കൾക്ക് നിങ്ങളിൽ ജ്ഞാനം പകരുവാൻ കഴിയും.

അത്തരം ആത്മീയ ഗുരുവിനെ പൂർണ്ണ ശരണാഗതിയോടെ സ്വീകരിക്കണം. ആത്മീയ ഗുരുവിനെ ദുരഭിമാനം കൂടാതെ വിനീതനായ ഭൃത്യനെപ്പോലെ സേവനം ചെയ്യണം. ആത്മസാക്ഷാത്കാരം നേടിയ ആത്മീയ ഗുരുവിന്റെ സംതൃപ്തിയാണ് ആദ്ധ്യാത്മിക ജീവിതത്തിലെ പുരോഗതിയ്ക്കുള്ള രഹസ്യം.

ഭഗവദ്ഗീത യഥാരൂപം 4.34

## ശരണാഗതിയില്ലെങ്കിൽ പുരോഗമനം ഇല്ല

ആദ്ധ്യാത്മിക ജീവിതത്തിന്റെ ആരംഭം ശരണാഗതിയിലൂടെയാണ്. ശരണാഗതിയില്ലെങ്കിൽ പുരോഗമനം ഇല്ല. *സർവ-ധർമാൻ പരിത്യജ്യ മാം ഏകം ശരണം വ്രജ* (ഭ.ഗീ. 18.66) ഇതാണ് അരംഭം. ഇതിന്റെ കുറവുണ്ടെങ്കിൽ ആരംഭംപോലും ഉണ്ടാകില്ല, പിന്നെയെങ്ങനെയാണ് പുരോഗതിയുണ്ടാവുക. അതിനെകുറിച്ച് നേരത്തെ ചർച്ച ചെയ്തുകഴിഞ്ഞു. *ന സ സിദ്ധിം അവാപ്നോതി ന സുഖം ന പരാം ഗതിഃ.* ഇതാണ് ആദ്ധ്യാത്മിക ജീവിതത്തിന്റെ ആരംഭം. അതാണ് ശിഷ്യൻ. ശിക്ഷണം സ്വീകരിക്കുന്നവനത്രെ ശിഷ്യൻ. ശിക്ഷണം ഇല്ലെങ്കിൽ ഇല്ലെങ്കിൽ ശിഷ്യൻ എവിടെ ?

മുറിയിലുള്ള സംഭാഷണം, ജൂലൈ 1, 1974, മെൽബോൺ

## ആജ്ഞകൾ നിർവഹിക്കുവാൻ കർശനമായി ശ്രമിക്കണം.

ആത്മീയ ഗുരുവിന്റെ ആജ്ഞകളെ വളരെ കർശനമായി നടപ്പിലാക്കുന്ന തത്ത്വം സ്വീകരിക്കണം. ആത്മീയ ഗുരു വ്യത്യസ്ത വ്യക്തികൾക്ക് വ്യത്യസ്ത നിർദ്ദേശങ്ങൾ നൽകുന്നു. ഉദാഹരണമായി, ശ്രീ ചൈതന്യ മഹാപ്രഭു ജീവഗോസ്വാമിയോടും, രൂപഗോസ്വാമിയോടും, സനാതനഗോസ്വാമിയോടും പ്രചരണം നടത്തുവാൻ നിർദേശിച്ചു, രഘുനാഥഗോസ്വാമിയോട് പരിത്യാഗ ക്രമത്തിന്റെ നിയമങ്ങൾ കർശനമായി പാലിക്കുവാൻ നിർദ്ദേശിച്ചു. ആറ് ഗോസ്വാമികളും ശ്രീ ചൈതന്യ മഹാപ്രഭുവിന്റെ നിർദ്ദേശങ്ങൾ കർശനമായി പിന്തുടർന്നു. ഭക്തിയുതസേവനത്തിലെ വളർച്ചയ്ക്കുള്ള തത്ത്വം ഇതാണ്. ആത്മീയ ഗുരുവിൽനിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചതിനുശേഷം അത് കർശനമായി നിർവഹിക്കുവാൻ ശ്രമിക്കണം. അതാണ് വിജയത്തിന്റെ പാത.

ശ്രീ ചൈതന്യ ചരിതാമൃതം അന്ത്യലീല 6.312

## ഈ രീതിയിൽ ഭക്തിലത നശിച്ചുപോകുന്നു.

ക്രമീകൃത തത്വങ്ങൾ ഉപേക്ഷിച്ച് തന്നിഷ്ടപ്രകാരം ജീവിക്കുന്നതിനെ മദയാനയോട് ഉപമിച്ചിരിക്കുന്നു. അത് ശക്തിയാൽ ഭക്തിലതയെ പിഴുതെടുത്ത് കഷണങ്ങളാക്കുന്നു. ഈ രീതിയിൽ ഭക്തിലത നശിച്ചുപോകുന്നു. ആത്മീയഗുരുവിന്റെ നിർദ്ദേശങ്ങൾ നിരസിക്കുമ്പോഴാണ് ഇത്തരം അപരാധങ്ങൾ പ്രത്യേകിച്ചും സൃഷ്ടിക്കപ്പെടുന്നത്. ഇതിനെ ഗുരു-അവജ്ഞ എന്ന് വിളിക്കുന്നു. അതിനാൽ ആത്മീയ ഗുരുവിന്റെ നിർദ്ദേശങ്ങൾ നിരസിച്ചുകൊണ്ട് അദ്ദേഹത്തിനോട് അപരാധം ചെയ്യാതിരിക്കാൻ ഒരു ഭക്തൻ വളരെ ശ്രദ്ധാലുവായിരിക്കണം. ആത്മീയ ഗുരുവിന്റെ നിർദ്ദേശങ്ങളിൽനിന്നും വഴിമാറിതുടങ്ങിയാലുടൻതന്നെ ഭക്തിലതയുടെ നാശം ആരംഭിക്കുകയും ക്രമേണ എല്ലാ ഇലകളും ഉണങ്ങിപോവുകയും ചെയ്യുന്നു.

ശ്രീ ചൈതന്യ ചരിതാമൃതം മധ്യലീല 19.156

## ആത്മീയ ഗുരുവിന്റെ ആജ്ഞയാണ് ശിഷ്യന്റെ ജീവസത്ത

ദീക്ഷയെടുത്ത് ആത്മീയ ഗുരുവിന്റെ ആജ്ഞകൾ സ്വീകരിച്ചതിനുശേഷം ശിഷ്യൻ നിസ്സങ്കോചം ഗുരുവിന്റെ നിർദ്ദേശങ്ങൾ അല്ലെങ്കിൽ ആജ്ഞകളെക്കുറിച്ച് ചിന്തിക്കുകയും മറ്റൊന്നിനാലും അസ്വസ്ഥമാകാൻ സ്വയം അനുവദിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. ഭഗവദ് ഗീതയിലെ ഒരു ശ്ലോകം (*വ്യവസായാത്മികാ ബുദ്ധിർ ഏകേഹ കുരു നന്ദന*, ഭഗവദ് ഗീത യഥാരൂപം 2.41) വിവരിക്കുന്നതിനിടയിൽ ആത്മീയ ഗുരുവിന്റെ ആജ്ഞയാണ് ശിഷ്യന്റെ ജീവസത്ത എന്ന് ചൂണ്ടിക്കാട്ടിയ ശ്രീല വിശ്വനാഥ ചക്രവർത്തി ഠാക്കൂറിന്റെ കല്പന കൂടിയാണിത്. ശിഷ്യൻ തിരിച്ച് ഭഗവദ് ധാമത്തിലേക്ക് പോകുമോ എന്ന് കണക്കാക്കാതെ, അയാളുടെ ആദ്യത്തെ ചുമതല ആത്മീയ ഗുരുവിന്റെ നിർദ്ദേശങ്ങൾ പാലിക്കുകയെന്നതാണ്. അങ്ങനെ ശിഷ്യൻ സദാ ആത്മീയ ഗുരുവിന്റെ നിർദ്ദേശങ്ങളെ ധ്യാനിക്കണം. അതാണ് പൂർണ്ണമായ ധ്യാനം. അയാൾ നിർദ്ദേശങ്ങളെ ധ്യാനിച്ചാൽ മാത്രം പോരാ, അതിനെ ശരിയായി നിർവഹിക്കാനും ആരാധിക്കാനും ഉള്ള വഴികൾ കണ്ടെത്തുകയും വേണം.

ശ്രീമദ് ഭാഗവതം 4.24.15

# കൂടുതൽ ഉദ്ധരണികൾ - പാഠം 9 - ഗുരു സേവ

## ശിക്ഷണം എന്ന വാക്കുമായി ബന്ധമുള്ള ശിഷ്യൻ

ആത്മീയ ഗുരുവിനെ സ്വീകരിക്കുക എന്നതുകൊണ്ടർത്ഥമാക്കുന്നത്, മഹദ് വ്യക്തികളാൽ നൽകപ്പെട്ടിട്ടുള്ള നിയമങ്ങളും ക്രമങ്ങളും പാലിക്കാമെന്ന് സ്വമേധയാ സമ്മതിക്കുന്നു എന്നാണ്. ഇതാണ് ശിഷ്യനാകുന്നതുകൊണ്ട് അർത്ഥമാക്കുന്നത് - സ്വമേധയാ സമ്മതിക്കുക, ''അതെ സർ, നിങ്ങൾ പറയുന്നതെന്തും ഞാൻ സ്വീകരിക്കുന്നു'' സംസ്കൃത പദം ശിഷ്യ എന്നാൽ ''നിയമങ്ങൾ പാലിക്കുന്നവൻ'' എന്നാണ് അർത്ഥമാക്കുന്നത്. ഇംഗ്ലീഷിൽ ശിക്ഷണം എന്ന വാക്കുമായി ബന്ധമുള്ള ശിഷ്യൻ എന്ന വാക്കുണ്ട്. അതിനാൽ ശിഷ്യൻ ആത്മീയ ഗുരുവിനാൽ ശിക്ഷണം നൽകപ്പെടുന്നു. ''എന്റെ വ്യക്തിപരമായ സുഖസൗകര്യങ്ങളുടെ ബുദ്ധിമുട്ടിൽ പോലും എന്റെ ആത്മീയ ഗുരുവിന്റെ ആജ്ഞകൾ ഞാൻ പാലിക്കണം.''

പ്രഭാഷണം 5.5.1, ടിറ്റെൻഹർസ്റ്റ്, ലണ്ടൻ, 12 സെപ്റ്റംബർ 1969

## യഥാർത്ഥ ആത്മീയ ഗുരുവിനെ അഭയം പ്രാപിക്കുകയും അദ്ദേഹത്തെ പൂർണ്ണമനസ്സോടെ സേവിക്കുകയും വേണം.

യഥാർത്ഥ ആത്മീയ ഗുരുവിനെ അഭയം പ്രാപിക്കുകയും അദ്ദേഹത്തെ പൂർണ്ണമനസ്സോടെ സേവിക്കുകയും ചെയ്യുക എന്നതാണ് ആത്മീയ നേട്ടത്തിന്റെ എളുപ്പവഴി. അതാണ് വിജയത്തിന്റെ രഹസ്യം. വിശ്വനാഥ ചക്രവർത്തി ഠാക്കൂർ അദ്ദേഹത്തിന്റെ ആത്മീയ ഗുരുവിനോടുള്ള പ്രാർത്ഥനയുടെ എട്ടാമത്തെ ശ്ലോകത്തിൽ പറഞ്ഞിട്ടുള്ളതുപോലെ, *യസ്യ പ്രസാദാദ് ഭഗവത്-പ്രസാദഃ* ആത്മീയ ഗുരുവിനെ സേവിക്കുന്നതിലൂടെ അല്ലെങ്കിൽ കൃപ നേടുന്നതിലൂടെ ഒരാൾ ഭഗവദ് കൃപ നേടുന്നു. ഭക്തനായ പതി, കർദ്ദമ മുനിയെ സേവിച്ചതിലൂടെ ദേവഹൂതിയ്ക്ക് അദ്ദേഹത്തിന്റെ നേട്ടങ്ങളുടെ വിഹിതം ലഭിച്ചു. അതുപോലെ ആത്മാർത്ഥ ശിഷ്യൻ യഥാർത്ഥ ആത്മീയ ഗുരുവിനെ സേവിക്കുന്നതുകൊണ്ട് മാത്രം ഒരേസമയം ഭഗവാന്റെയും ആത്മീയ ഗുരുവിന്റെയും കാരുണ്യം നേടാൻ സാധിക്കും.

ശ്രീമദ് ഭാഗവതം 3.23.7

## ആത്മീയ ഗുരുവിന്റെ വാക്കുകളെ പിന്തുടരും എന്ന തത്ത്വത്തിൽ ഉറച്ചുനിൽക്കുക

ശിഷ്യൻ ആത്മീയ ഗുരുവിന്റെ ദൗത്യത്തെ നിർവഹിക്കുവാൻ വളരെ ആത്മാർത്ഥതയുള്ളവനായാൽ അയാൾ ഉടൻതന്നെ പരമദിവ്യോത്തമപുരുഷൻ ഭഗവാനുമായി വാണി അല്ലെങ്കിൽ വപുവിലൂടെ സമ്പർക്കത്തിലാകുന്നു. പരമപുരുഷനായ ഭഗവാനെ കാണുന്നതിൽ വിജയിക്കുവാനുള്ള ഒരേ ഒരു രഹസ്യം ഇതാണ്. വൃന്ദാവനത്തിലെ ഏതെങ്കിലും കുറ്റിച്ചെടികൾക്കിടയിൽ ഭഗവാനെ കാണാൻ വ്യഗ്രത കാണിക്കുകയും അതേസമയം ഇന്ദ്രിയാസ്വാദനത്തിൽ മുഴുകുകയും ചെയ്യുന്നതിന് പകരം, ആത്മീയഗുരുവിന്റെ വാക്കുകളെ പിന്തുടരും എന്ന തത്ത്വത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ അയാൾക്ക് പരമോന്നത ഭഗവാനെ നിഷ്പ്രയാസം കാണാൻ സാധിക്കും.

ശ്രീമദ് ഭാഗവതം 4.28.51

## നിങ്ങൾ എന്റെ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ സഹായിക്കുമ്പോൾ..... അതാണ് യഥാർത്ഥ ബന്ധം

ഞാനുമായുള്ള ബന്ധം വീണ്ടും നേടാൻ ആഗ്രഹമുണ്ടെന്ന് നിങ്ങൾ എനിക്കെഴുതി, എന്നാൽ നീയെപ്പോഴും ഞാനുമായി സഹവാസത്തിലാണെന്ന കാര്യം എന്തുകൊണ്ട് മറക്കുന്നു ? എന്റെ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ സഹായിക്കുമ്പോൾ ഞാനെപ്പോഴും നിങ്ങളെക്കുറിച്ച് ചിന്തിക്കുന്നു, നിങ്ങളും സദാ എന്നെക്കുറിച്ച് ചിന്തിക്കുന്നു. അതാണ് യഥാർത്ഥ ബന്ധം.

ഗോവിന്ദനുള്ള കത്ത്, ലോസ് ഏഞ്ചൽസ്, 17 ആഗസ്റ്റ്, 1969

## എന്റെ ഗുരു മഹാരാജ് എന്നോടൊപ്പമുള്ളതുപോലെ ഞാൻ നിങ്ങളുടെ അടുത്തുണ്ട്.

എവിടെയൊക്കെ ആത്മാർത്ഥ ശിഷ്യന്മാർ ആത്മീയ ഗുരുവിന്റെ നിർദ്ദേശങ്ങളെ സേവിക്കാൻ ശ്രമിക്കുന്നുവോ അവിടെ അദ്ദേഹം സന്നിഹിതനാണ്. ഇത് കൃഷ്ണ കൃപയാൽ മാത്രമേ സാധിക്കൂ. എന്നെ സേവിക്കുവാനുള്ള നിന്റെ ഉദ്യമങ്ങളിലും സത്യസന്ധമായ എല്ലാ ആദ്ധ്യാത്മിക വികാരങ്ങളിലും ഞാൻ നിന്റെ കൂടെയുണ്ട്, എന്റെ ഗുരു മഹരാജ് എന്റെയടുത്തുള്ളതുപോലെ. എപ്പോഴും ഇതോർക്കുക.

ഭക്ത ഡോണിനുള്ള കത്ത്, ലോസ് ഏഞ്ചൽസ്, 1 ഡിസംബർ, 1973

# പാഠം 10 ഗുരു വപു സേവനവും വാണി സേവനവും

## പാഠ്യ വിഷയങ്ങൾ

ഗുരു വപു സേവനത്തിന്റെയും വാണി സേവനത്തിന്റെയും രീതികൾ

ഗുരു വപു സേവനത്തിന്റെ പ്രാധാന്യം

ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ ശരിയായി പെരുമാറുക

ഗുരുവിൽ നിന്ന് ചോദിച്ചറിയുക

ഗുരു വാണി സേവനത്തിന്റെ പ്രാധാന്യം

വപു
ഭൗതിക ശരീരം

വാണി
നിർദേശങ്ങൾ

സാധു-സംഗ, സാധു-സംഗ–സർവ-ശാസ്ത്രേ കയ

ലവ-മാത്ര സാധു-സംഗേ സർവ-സിദ്ധി ഹയ

പരിശുദ്ധ ഭക്തന്റെ നിമിഷ നേരത്തെ സംഗം കൊണ്ടുപോലും ഒരാൾക്ക് എല്ലാ വിജയവും നേടാനാകും എന്നതാണ് എല്ലാ വെളിപ്പെട്ട ശാസ്ത്രങ്ങളുടെയും കല്പന.

ശ്രീ ചൈതന്യ ചരിതാമൃതം, മധ്യലീല 22.54

## ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ ശരിയായി പെരുമാറുക

### ഹരി-ഭക്തി-വിലാസത്തിൽ നിന്നുള്ള ഒരു ശിഷ്യന്റെ പെരുമാറ്റ ചട്ടങ്ങൾ

- ആത്മീയഗുരുവിനെ കാണുന്ന മാത്രയിൽ പിഴുതുവന്ന വൃക്ഷത്തെപോലെ അയാൾ മുന്നിൽ വീഴണം (ദണ്ഡവത് നമസ്കാരം).
- ഗുരു സമീപിക്കുമ്പോൾ അദ്ദേഹത്തെ എതിരേൽക്കുകയും, അദ്ദേഹം പോകുമ്പോൾ പിന്തുടരുകയും വേണം.
- ആത്മീയ ഗുരുവിന്റെ സാമീപ്യത്തിൽനിന്നും അദ്ദേഹത്തിന്റെ സമ്മതമില്ലാതെ അകലരുത്.
- ശ്രദ്ധയില്ലാതെ ആത്മീയ ഗുരുവിന്റെ നാമം ഉച്ചരിക്കരുത്, എല്ലായ്പ്പോഴും ബഹുമാനത്തോടെ മാത്രം ഉച്ചരിക്കുക.
- ആത്മീയ ഗുരുവിന്റെ നടത്തയെയോ, പ്രവൃത്തികളെയോ, ശബ്ദത്തെയോ അനുകരിക്കരുത്.
- ആത്മീയ ഗുരുവിന്റെ വാക്കുകളെ സദാ ബഹുമാനപൂർവ്വം ഉൾക്കൊള്ളണം.
- ആത്മീയ ഗുരുവിനാൽ ശിക്ഷിക്കപ്പെട്ടാലും, അതിനെ ദയയില്ലായ്മയായി കാണരുത്.
- ആത്മീയ ഗുരുവിനെയോ, ശാസ്ത്രങ്ങളെയോ, ഭഗവാനെയോകുറിച്ചുള്ള കുറ്റങ്ങൾ കേൾക്കാൻ നിൽക്കരുത്, ഉടൻ തന്നെ അവിടം വിട്ടുപോകണം.
- ആത്മീയ ഗുരുവിന്റെ പൂമാല, കിടക്ക, പാദുകം, ആസനം, മേശ, നിഴൽ തുടങ്ങിയവയെ ചവിട്ടരുത്.
- ആത്മീയ ഗുരുവിന് നേരെ കാൽ നീട്ടുകയോ, കോട്ടുവായിടുകയോ, ചിരിക്കുകയോ അല്ലെങ്കിൽ ബഹുമാനമില്ലാത്ത ശബ്ദങ്ങൾ പുറപ്പെടുവിക്കുകയോ ചെയ്യരുത്.
- അത്മീയ ഗുരു ഇരിക്കുന്നതിനു മുൻപ് ആസനത്തിലോ കിടക്കയിലോ ഇരിക്കരുത്.
- ആത്മീയ ഗുരുവിനെക്കാൾ മുൻഗണന നൽകി മറ്റുള്ളവരെ ആരാധിക്കരുത്.
- ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ ദീക്ഷ നൽകുകയോ ശാസ്ത്രങ്ങളെ വിവരിക്കുകയോ നേതൃത്വം കാണിക്കുകയോ അരുത്.
- ആത്മീയ ഗുരുവിന് നിർദ്ദേശങ്ങൾ നൽകരുത്, പകരം എല്ലായ്പ്പോഴും അദ്ദേഹത്തെ അനുസരിക്കണം.
- ആത്മീയ ഗുരുവിന്റെ ആത്മീയ ഗുരുവിനെ ഇതേ ബഹുമാനത്തോടെ കാണണം.
- ആത്മീയ ഗുരുവിന്റെ ഭാര്യയെയും മകനെയും മറ്റു ബന്ധുക്കളെയും ആത്മീയ ഗുരുവിനെപോലെത്തന്നെ കാണണം, എന്നാൽ മകന്റെ ശരീരം ശുചിയാക്കുകയോ അദ്ദേഹത്തിന്റെ ഉച്ഛിഷ്ഠം നുകരുകയോ പാദം കഴുകുകയോ ചെയ്യരുത്.

ഹരി-ഭക്തി-വിലാസത്തിൽനിന്നും ഒരു യഥാർത്ഥ ശിഷ്യന്റെ യോഗ്യതകൾ (പഞ്ചരാത്ര-പ്രദീപയിൽനിന്നും)

## ഗുരു വപു സേവനം

### ശാരീരികമായ സുഃഖസൗകര്യങ്ങൾ നൽകി ആത്മീയ ഗുരുവിനെ വ്യക്തിപരമായി സേവിക്കുക..

ശാരീരികമായ സുഃഖസൗകര്യങ്ങൾ നൽകി ആത്മീയ ഗുരുവിനെ വ്യക്തിപരമായി സേവിക്കുകയും അദ്ദേഹത്തെ കുളി, വസ്ത്രധാരണം, ഉറക്കം, പ്രസാദസേവ തുടങ്ങിയവയ്ക്ക് സഹായിക്കുകയും ചെയ്യുക എന്നാണ് *ഗുരു-ശുശ്രൂഷയാ* എന്ന വാക്കിനർത്ഥം. ഇതിനെ ഗുരു-ശുശ്രൂഷണം എന്നു വിളിക്കുന്നു. ഒരു ശിഷ്യൻ വിനീതനായ ഭൃത്യനെഷോലെ തന്റെ ആത്മീയ ഗുരുവിനെ സേവിക്കണം. അയാളുടെ ഉടമസ്ഥതയിലുള്ളതെല്ലാം ആത്മീയ ഗുരുവിന് സമർഷിക്കുകയും വേണം.

ശ്രീമദ് ഭാഗവതം 7.7.30-31

### ഇടിവെട്ടിനെഷോലെ കഠിനമായതും റോസാഷൂപോലെ മൃദുലമായതും

ആചാര്യൻ അല്ലെങ്കിൽ വൈഷ്ണവ സ്കൂളിന്റെ മഹദ് വ്യക്തി സ്വ-തത്ത്വങ്ങളിൽ വളരെ കൃത്യനിഷ്ഠയുള്ളവനാണ്. എന്നാൽ അദ്ദേഹം ഇടിവെട്ടിനെഷോലെ കഠിനമാണെങ്കിലും ചില സമയം റോസാപൂപോലെ മൃദുലവുമാണ്. അപ്രകാരം അദ്ദേഹം ശരിക്കും സ്വതന്ത്രനാണ്.

ശ്രീ ചൈതന്യ ചരിതാമൃതം, ആദിലീല 7.55

ശ്രേയസ് തു ഗുരുവദ്-വൃത്തിർ നിത്യം ഏവ സമാചരേത്

ഗുരു-പുത്രേഷു ദാരേഷു ഗുരോശ് ചൈവ സ്വ-ബന്ധുഷു

ശിഷ്യൻ ആത്മീയ ഗുരുവിന് നൽകുന്ന അതേ ബഹുമാനപൂർവ്വമായ പരിഗണന അദ്ദേഹത്തിന്റെ കുട്ടികളോടും ഭാര്യയോടും ബന്ധുക്കളോടും കാണിക്കണം.

ഹരി-ഭക്തി-വിലാസത്തിൽനിന്നും ഒരു യഥാർത്ഥ ശിഷ്യന്റെ യോഗ്യതകൾ,
പ്രഥമ വിലാസം, ശ്ലോകം 84, പഞ്ചരാത്ര-പ്രദീപയിൽനിന്നും

### ആത്മീയ ഗുരുവിന്റെ കുടുംബാംഗങ്ങൾ അദ്ദേഹത്തെ സാധാരണ മനുഷ്യനായി കണക്കാക്കുന്നു..

ഭഗവാൻ കൃഷ്ണനെ അല്ലെങ്കിൽ ഭഗവാൻ രാമചന്ദ്രനെ സാധാരണ മനുഷ്യനായി കണക്കാക്കിയാൽ അതിനർത്ഥം ഭഗവാൻ സാധാരണ മനുഷ്യനായി എന്നല്ല. അതുപോലെ, പരമദിവ്യോത്തമപുരുഷൻ ഭഗവാന്റെ യഥാർത്ഥ പ്രതിനിധിയായ ആത്മീയഗുരുവിനെ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ സാധാരണ മനുഷ്യനായി കണക്കാക്കിയാൽ അതിനർത്ഥം അദ്ദേഹം സാധാരണ മനുഷ്യനായി എന്നല്ല. ആത്മീയ ഗുരു പരമദിവ്യോത്തമ പുരുഷൻ ഭഗവാനോളംതന്നെ ശ്രേഷ്ഠനാണ്. അതിനാൽ ആദ്ധ്യാത്മിക പുരോഗതിയിൽ ഗൗരവമുള്ളവർ ആത്മീയ ഗുരുവിനെ ഈ രീതിയിൽ കാണണം. ഈ അറിവിൽ നിന്നുള്ള ചെറിയൊരു മാറ്റം പോലും ശിഷ്യന്റെ വൈദിക പഠനത്തിലും തപശ്ചര്യകളിലും നാശം സൃഷ്ടിച്ചേക്കാം.

ശ്രീമദ് ഭാഗവതം, 7.15.27

### ഗുരുവിന്റെ ആത്മീയ സഹോദരങ്ങളെ ബഹുമാനിക്കുക

ചൈതന്യ ഭഗവാന്റെ ആത്മീയഗുരു ഈശ്വര പുരിയും ശ്രീ അദ്വൈത പ്രഭുവും, നിത്യാനന്ദ പ്രഭുവിന്റെ ആത്മീയ ഗുരുവായ മാധവേന്ദ്ര പുരിയുടെ ശിഷ്യന്മാരാണ്. അപ്രകാരം അദ്വൈത പ്രഭു, ചൈതന്യ ഭഗവാന്റെ ആത്മീയ മാതുലൻ സദാ ബഹുമാനാർഹനാണ്, എന്തുകൊണ്ടെന്നാൽ തന്റെ ആത്മീയ ഗുരുവിനെ ബഹുമാനിക്കുന്നതുപോലെ അദ്ദേഹത്തിന്റെ ആത്മീയ സഹോദരങ്ങളെയും ബഹുമാനിക്കണം.

### വൈഷ്ണവ പെരുമാറ്റ ചട്ടങ്ങൾ പാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുകയെന്നത് ഒരു ഭക്തന്റെ സവിശേഷതയാണ്.

എന്റെ പ്രിയഷെട്ട സനാതനാ, മുഴുവൻ പ്രപഞ്ചത്തിന്റെയും മോക്ഷദായകൻ നീയാണെങ്കിലും, ദേവന്മാരും മഹാ മുനികളും പോലും നിന്നെ സ്പർശിക്കുന്നതുമൂലം പരിശുദ്ധരാക്കഷെടുന്നുവെങ്കിലും വൈഷ്ണവ പെരുമാറ്റ ചട്ടങ്ങൾ പാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുകയെന്നത് ഒരു ഭക്തന്റെ സവിശേഷതയാണ്. വൈഷ്ണവ പെരുമാറ്റങ്ങൾ നിലനിർത്തുകയെന്നത് ഒരു ഭക്തന്റെ അലങ്കാരമാണ്. പെരുമാറ്റ ചട്ടങ്ങളെ അതിലംഘിക്കുകയാണെങ്കിൽ ജനങ്ങൾ അയാളെ കളിയാക്കുകയും, അയാൾ ഈ ലോകത്തിലും അടുത്ത ലോകത്തിലും പരാജിതനാവുകയും ചെയ്യുന്നു. പെരുമാറ്റ ചട്ടങ്ങൾ പാലിക്കുന്നതിലൂടെ നീ എന്റെ മനസ്സിനെ തൃപ്തിഷെടുത്തിയിരുക്കുന്നു.

ശ്രീ ചൈതന്യ ചരിതാമൃതം, അന്ത്യ ലീല, അദ്ധ്യായം 4, 129-133,
ശ്രീ ചൈതന്യ മഹാപ്രഭു സനാതന ഗോസ്വാമിയോട്.

## ഗുരുവിൽ നിന്ന് ചോദിച്ചറിയൽ

### വെല്ലുവിളിക്കുള്ള മനോഭാവത്തോടെ ഇത് ചെയ്യാൻ പാടില്ല.

ഭാഗവതം കേൾക്കുന്നവർ ശരിയായ അർത്ഥം വെളിപ്പെടുത്തുവാൻ വേണ്ടി അതിന്റെ വക്താവിനോട് ചോദ്യങ്ങൾ ചോദിക്കാം. എന്നാൽ വെല്ലുവിളി മനോഭാവത്തോടെ ഇത് ചെയ്യാൻ പാടില്ല. വക്താവിനും വിഷയത്തിനും വളരെ പ്രാധാന്യം നൽകിക്കൊണ്ടുവേണം ചോദ്യങ്ങൾ സമർപ്പിക്കുവാൻ. ഇതും ഭഗവദ് ഗീതയിൽ ശുപാർശ ചെയ്തിട്ടുള്ള ഒരു മാർഗമാണ്. ശരിയായ ഉറവിടത്തിൽനിന്നും വിനീതമായി കേട്ടറിഞ്ഞ് അതീന്ദ്രിയ വിഷയങ്ങൾ മനസ്സിലാക്കണം. അതിനാൽ ഈ മുനികൾ വക്താവായ സൂത ഗോസ്വാമിയെ വളരെ ബഹുമാനത്തോടെ അഭിസംബോധന ചെയ്യുന്നു.

ശ്രീമദ് ഭാഗവതം 1.1.5

### ചോദ്യങ്ങൾ നിർബന്ധമായും അതീന്ദ്രിയ വിഷയത്തെക്കുറിച്ചായിരിക്കണം.

ഒരാൾ യഥാർത്ഥ ജിജ്ഞാസുവായിരിക്കണം. ആചാര്യനിൽ നിന്ന് സത്യമറിയുവാൻ ശരിക്കും താത്പര്യമുള്ളവനായിരിക്കണം. ഉത്തമമായ ശ്രേയസ്സ് ഏത് (ജിജ്ഞാസുഃ ശ്രേയ ഉത്തമം) എന്നറിയുന്നതിലായിരിക്കണം അവന്റെ തീവ്രമായ അഭിലാഷം. ഭൗതികത്തിൽ നിന്ന് അതീതമായ അറിവിനെയാണ് ഉത്തമം എന്ന പദം കൊണ്ടു വിവക്ഷിക്കുന്നത്. ''തമ'' എന്നതിന് ഭൗതികലോകത്തിലെ അന്ധകാരം എന്നാണു വിവക്ഷ. ''ഉത് '' എന്നതിന് ദിവ്യം എന്നാണർത്ഥം. സാമാന്യേന ജനങ്ങൾ നിസ്സാര കാര്യങ്ങളെക്കുറിച്ച് അറിയുന്നതിലായിരിക്കും ആഗ്രഹം കാണിക്കുന്നത്. എന്നാൽ അക്കാര്യങ്ങളിലുള്ള താത്പര്യം അസ്തമിച്ച് ദിവ്യ വിഷയങ്ങളിൽ താത്പര്യമുദിച്ചാൽ അയാൾ ദീക്ഷയെടുക്കുവാൻ തികച്ചും യോഗ്യനായി.

ഉപദേശാമൃതം, ശ്ലോകം 5

## ഗുരു വാണി സേവനത്തിന്റെ പ്രാധാന്യം

### വാണി ശാശ്വതമായി നിലകൊള്ളുന്നു.

ഭൗതിക കാഴ്ചപ്പാടനുസരിച്ച് ദിവ്യ പൂജ്യ ശ്രീല ഭക്തിസിദ്ധാന്ത സരസ്വതി ഠാക്കൂർ പ്രഭുപാദ 1936 ഡിസംബറിലെ അവസാന ദിവസം ഈ ഭൗതിക ലോകം വിട്ടുപോയെങ്കിലും, അദ്ദേഹം ഇപ്പോഴും തന്റെ വാണിയിലൂടെ, വചനങ്ങളിലൂടെ സദാ എന്റെയൊപ്പം ഉണ്ടെന്ന് ഞാൻ കരുതുന്നു. രണ്ട് രീതിയിൽ നമുക്ക് ബന്ധപ്പെടാം, വാണിയിലൂടെയും വപുവിലൂടെയും. വാണി എന്നാൽ വചനങ്ങൾ, വപു എന്നാൽ ഭൗതിക ശരീരം. ശാരീരികമായ സാന്നിദ്ധ്യം ചിലസമയം ലഭ്യമാകുന്നു, ചിലസമയം ഇല്ല. എന്നാൽ വാണി ശാശ്വതമായി നിലകൊള്ളുന്നു. അതിനാൽ നാം വാണിയുടെ പ്രയോജനം മുതലാക്കണം, ശാരീരിക സാന്നിദ്ധ്യത്തിന്റെയല്ല. ഉദാഹരണമായി, ഭഗവദ് ഗീത ഭഗവാൻ കൃഷ്ണന്റെ വാണിയാണ്. കൃഷ്ണൻ അയ്യായിരം വർഷങ്ങൾക്ക് മുമ്പ് ഇവിടെ സന്നിഹിതനായിരുന്നു, ഭൗതിക കാഴ്ചപ്പാടനുസരിച്ച് ഇപ്പോൾ ശാരീരികമായി ഇവിടെയില്ല എങ്കിൽ പോലും ഭഗവദ് ഗീത ഇപ്പോഴും നിലകൊള്ളുന്നു.

ചൈതന്യ ചരിതാമൃതം, അന്ത്യ ലീല, ഉപസംഹാര വാക്കുകൾ

### വപു വാണിയെക്കാൾ പ്രധാനപ്പെട്ടതാകുന്നു

ഗുരുവിന്റെ രൂപത്തെ ആരാധിക്കുന്നതിനെക്കാൾ പ്രാധാന്യം അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കുക എന്നതാണ്. എന്നാൽ രണ്ടും തള്ളിക്കളയാൻ പാടില്ലാത്തതാണ്. രൂപത്തെ വപു എന്നും നിർദ്ദേശങ്ങളെ വാണി എന്നും വിളിക്കുന്നു. രണ്ടിനെയും ആരാധിക്കണം. വപു ആണ് വാണിയെക്കാൾ പ്രധാനം.

തുഷ്ട കൃഷ്ണയ്ക്കുള്ള കത്ത്, അഹമ്മദാബാദ്, 14 ഡിസംബർ, 1972

### രാജാവിന്റെ മടിയിൽ ഇരിക്കുന്ന പ്രാണി

ഗുരുവുമായുള്ള വ്യക്തിപരമായ സഹവാസം സംബന്ധിച്ചിടത്തോളം, നാലോ അഞ്ചോ തവണ മാത്രമേ ഞാൻ എന്റെ ഗുരു മഹാരാജിന്റെ കൂടെയുണ്ടായിരുന്നുള്ളൂ, എന്നാൽ അദ്ദേഹവുമായുള്ള ബന്ധം ഞാൻ ഒരിക്കലും വിട്ടുപോയിട്ടില്ല, ഒരു ക്ഷണം പോലും. ഞാൻ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനാൽ ഒരു രീതിയിലുള്ള വേർപാടും ഞാൻ അനുഭവിച്ചിട്ടില്ല. എന്റെ ചില ആത്മീയ സഹോദരങ്ങൾ ഇവിടെ ഇൻഡ്യ

യിലുണ്ട്, അവർ നിരന്തരമായി ഗുരു മഹാരാജുമായുള്ള സഹവാസത്തിലാണ്, എന്നാൽ അവർ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ അവഗണിക്കുന്നു. ഇത് രാജാവിന്റെ മടിയിൽ ഇരിക്കുന്ന പ്രാണി പോലെയാണ്. അതിന് അതിന്റെ പദവിയിൽ അഹങ്കാരം തോന്നിയേക്കാം. എന്നാൽ അതിന് ചെയ്യാൻ കഴിയുന്നത് രാജാവിനെ കടിക്കുക എന്നത് മാത്രമാണ്. സേവനത്തിലൂടെയുള്ള സഹവാസത്തോളം പ്രധാനമല്ല വ്യക്തിപരമായ സഹവാസം.

സതധന്യയ്ക്കുള്ള കത്ത്, കൽക്കത്ത, 20 ഫെബ്രുവരി, 1972

## എന്റെ ദൗത്യം പൂർത്തീകരിക്കാൻ നിങ്ങൾ ശ്രമിച്ചാൽ... അത് നമ്മുടെ നിരന്തരമായുള്ള ബന്ധമായിരിക്കും.

എന്നെ സംബന്ധിച്ചിടത്തോളം എന്റെ ഗുരു മഹാരാജിൽനിന്ന് യാതൊരു വേർപാടും എനിക്ക് തോന്നുന്നില്ല, എന്തുകൊണ്ടെന്നാൽ ഞാൻ അദ്ദേഹത്തിന്റെ ആഗ്രഹത്തിനനുസരിച്ച് അദ്ദേഹത്തെ സേവിക്കാൻ ശ്രമിക്കുന്നു. അതായിരിക്കണം ലക്ഷ്യം. നിന്നെ എന്തിനുവേണ്ടിയാണോ അവിടേയ്ക്കയച്ചത് എന്റെ ആ ദൗത്യം പൂർത്തീകരിക്കാൻ നിങ്ങൾ ശ്രമിച്ചാൽ, അത് നമ്മുടെ നിരന്തരമായുള്ള ബന്ധമായിരിക്കും.

ഹംസദൂതയ്ക്കുള്ള കത്ത്, ലോസ് ഏഞ്ചൽസ്, 22 ജൂൺ, 1970

## വേർപാടിന്റെ അനുഭവം അതീന്ദ്രിയ അനുഗ്രഹമായി മാറും.

ദയവായി വേർപാടിൽ സന്തോഷിക്കൂ. 1936 മുതൽ ഞാൻ എന്റെ ഗുരു മഹാരാജിൽനിന്നും വേർപെട്ടിരിക്കുന്നു, എന്നാൽ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിനാൽ ഞാൻ സദാ അദ്ദേഹത്തിന്റെ കൂടെയാണ്. അതിനാൽ ഭഗവാൻ കൃഷ്ണനെ തൃപ്തിപ്പെടുത്തുവാൻ നമ്മളെല്ലാവരും ഒന്നിച്ച് പ്രവർത്തിക്കണം, ആ രീതിയിൽ വേർപാടിന്റെ അനുഭവം അതീന്ദ്രിയ അനുഗ്രഹമായി മാറും.

ഉദ്ധവനുള്ള കത്ത്, ബോസ്റ്റൺ, 3 മെയ്, 1968

# പാഠം 11 ഗുരു ത്യാഗം (ആത്മീക ഗുരുവിനെ ത്യജിക്കൽ)

## പാഠ്യ വിഷയങ്ങൾ

ഗുരു ത്യാഗത്തിന്റെ തത്ത്വങ്ങളും നടപടി ക്രമങ്ങളും

ഗുരുവിനെക്കുറിച്ചുള്ള പരാതികൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

പുനർ ദീക്ഷയെടുക്കൽ

ഇസ്കോണിൽ ഭക്തിയുതസേവനം നിർവഹിക്കുന്നത് തുടരുക

## ഗുരു ത്യാഗത്തിന്റെ തത്ത്വങ്ങളും നടപടി ക്രമങ്ങളും

### മോശമായ പ്രവൃത്തികളിലേർപ്പെടുന്ന ഒരു ആചാര്യൻ ത്യജിക്കപ്പെടാൻ യോഗ്യനാണ്

ശാസ്ത്രത്തിന്റെ നിയമമനുസരിച്ച്, നിന്ദ്യമായ പ്രവൃത്തികളിലേർപ്പെടുന്ന വിവേചനബുദ്ധി നഷ്ടപ്പെട്ട ഒരു ആചാര്യൻ ത്യജിക്കപ്പെടാൻ യോഗ്യനാണ്.

ഭഗവദ് ഗീത യഥാരൂപം 2.5

### ആത്മീയഗുരു അയോഗ്യനാണെന്നു തെളിഞ്ഞാൽ അദ്ദേഹം ത്യജിക്കപ്പെടേണ്ടവനാണ്.

വെളിവാക്കപ്പെട്ട ശാസ്ത്രങ്ങളനുസരിച്ച് ഒരു ആത്മീയഗുരു ആചാര്യനെന്ന പദവിയിൽ അയോഗ്യനാണെന്നു തെളിഞ്ഞാൽ അദ്ദേഹം ത്യജിക്കപ്പെടാൻ ബാദ്ധ്യസ്ഥനാണ്.

ശ്രീമദ് ഭാഗവതം 1.7.43

ഗുരോർ അപി അവലിപ്തസ്യ കാര്യകാര്യം അജനതഃ

ഉപഥ-പ്രതിപന്നസ്യ പരിത്യാഗോ വിധിയതേ

ഒരു ആചാര്യൻ ഇന്ദ്രിയാസ്വാദനത്തിൽ ആകർഷിതനാവുകയും, അയാളുടെ കർത്തവ്യബോധം നഷ്ടപ്പെടുകയും, ഭഗവാന്റെ ഭക്തിയുതസേവന പാതയല്ലാതെ മറ്റു അധഃപതിച്ച പാത സ്വീകരിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ നിരസിക്കപ്പെടണം.

മഹാഭാരതം, ഉദ്യോഗപർവ്വം 179.25

### അബദ്ധത്തിൽ നിങ്ങൾ ഒരു തെമ്മാടിയുടെ അടുക്കൽ എത്തിച്ചേർന്നു ...... നിങ്ങൾക്ക് അയാളെ തള്ളിക്കളയാം.

''ഇയാൾ കൃഷ്ണനെക്കുറിച്ച് ഒന്നും അറിയാത്ത ഒരു തെമ്മാടിയാണ്, ഞാനിയാളിൽ എത്തിച്ചേർന്നിരിക്കുന്നു'' എന്ന് നിങ്ങൾ മനസ്സിലാക്കിയയുടൻതന്നെ അയാളെ ഉപേക്ഷിക്കുക. ഇങ്ങനെ ശാസ്ത്രം പറയുന്നു. *ഗുരുർ അപി അവലിപ്തസ്യ കാര്യാകാര്യം അജ്ഞാനന്തഃ പരിത്യാഗോ വിധീയതേ.* എങ്ങനെ ആചാര്യനാകണം എന്നറിയാത്ത ഒരു തെമ്മാടിയുടെ അടുക്കൽ അബദ്ധത്തിൽ ചെന്നെത്തിയെങ്കിലും നിങ്ങൾക്ക് അയാളെ ഉപേക്ഷിക്കാവുന്നതാണ്. നിങ്ങൾ എന്തിന് അയാളെ സ്വീകരിക്കണം ? അയാളെ ഉപേക്ഷിക്കൂ.

മുറിയിലെ സംഭാഷണം, ജനുവരി 31, 1977, ഭുവനേശ്വർ

ഒരാചാര്യൻ അദ്ദേഹത്തിന്റെ പദവിയിൽ അയോഗ്യനാണെന്ന് തെളിഞ്ഞാൽ ശിഷ്യന്മാരെ എങ്ങനെയാണ് ഇസ്കോൺ സംരക്ഷിക്കുന്നത് ? നിങ്ങളുടെ അഭിപ്രായം എഴുതുക.

## ഗുരുവിനെക്കുറിച്ചുള്ള പരാതികൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

ശിഷ്യൻ തന്റെ ഗുരുവിനെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ താഴെഷപറഞ്ഞിട്ടുള്ളവരുമായി ആലോചിച്ചശേഷം വെളിപ്പെടുത്താവുന്നതാണ്.

- ക്ഷേത്ര അധികാരികളും ജിബിസി അധികാരികളും
- ശിക്ഷാ ഗുരുക്കന്മാർ
- ഇസ്കോൺ റിസോൾവ്

### ആത്മീയഗുരുവുമായുള്ള സംഗം ഉപേക്ഷിച്ചാൽ, അത് നിങ്ങൾക്ക് നല്ലതല്ല.

ആത്മീയഗുരുവിനെ ഉപേക്ഷിക്കുകയാണെങ്കിൽ അതിന് എന്തെങ്കിലും കാരണമുണ്ടാകും. ആ കാരണത്തെക്കുറിച്ചും ശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. *ഗുരുർ അപി അവലിപ്തസ്യ കാര്യാകാര്യം അജാനതഃ. കാര്യ അകാര്യ.* ആത്മീയ ഗുരു യഥാർത്ഥത്തിൽ എന്ത് ചെയ്യണമെന്നും എന്ത് ചെയ്യാൻ പാടില്ലയെന്നും അറിവില്ലാതെ, ശാസ്ത്രങ്ങളുടെ നിയമങ്ങൾക്കെതിരായി പ്രവർത്തിക്കുകയാണെങ്കിൽ അത്തരം ഗുരുവിനെ ഉപേക്ഷിക്കാവുന്നതാണ്. എന്നാൽ അദ്ദേഹം ശാസ്ത്രത്തിന്റെയും ഗുരുവിന്റെയും തത്ത്വങ്ങൾക്ക് എതിരായി പ്രവൃത്തിക്കുന്നുവെന്ന് നിങ്ങൾ കാണാത്തപക്ഷം, ഗുരുവിന്റെ സംഗം ഉപേക്ഷിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് നല്ലതല്ല. അത് നിങ്ങളുടെ അധഃപതനമാണ്.

ശ്രീമദ് ഭാഗവതം 1.16.36, ടോക്യോ, ജനുവരി 30, 1974

### നിന്റെ മന്ത്രഗുരു ഉള്ളിടത്തോളംകാലം നിനക്ക് വേറെ പോകാൻ സാധിക്കില്ല.

ഒരിക്കൽ ശ്രീല ഗദാധര പണ്ഡിറ്റ് വീണ്ടും ദീക്ഷയെടുക്കാവാനുള്ള തന്റെ ആഗ്രഹത്തിന്റെ കാരണം ഭഗവാനോട് വെളിപ്പെടുത്തി. അദ്ദേഹം പറഞ്ഞു, ''എന്റെ ആചാര്യനിൽനിന്നും എനിക്ക് ലഭിച്ച എന്റെ ഇഷ്ട മന്ത്രം (പൂജാവിഗ്രഹത്തിന്റെ മന്ത്രം) ഞാൻ അതർഹിക്കാത്ത ഒരാൾക്ക് വെളിപ്പെടുത്തി. അപ്പോൾ മുതൽ എന്റെ മനസ്സ് അസ്വസ്ഥമാണ്. എന്റെ പ്രഭോ, ദയവായി അങ്ങ് വീണ്ടും എനിക്ക് അതേ ഇഷ്ട മന്ത്രം ദീക്ഷ നൽകിയാലും, എന്നാൽ എന്റെ മനസ്സ് വീണ്ടും ആനന്ദഭരിതമാകും''. ഭഗവാൻ മറുപടി നൽകി, ''നിനക്ക് ഇഷ്ട മന്ത്രം അരുളിചെയ്ത നിന്റെ ആചാര്യനോട് അപരാധം ചെയ്യാതിരിക്കുവാൻ വളരെ ശ്രദ്ധാലുവായിരിക്കുക. നിന്റെ മന്ത്ര ഗുരു ഉള്ളിടത്തോളംകാലം നിനക്ക് വേറെ പോകാൻ സാധിക്കില്ല, എന്റെയടുത്ത് പോലും. അത് നിന്റെയും എന്റെയും ആത്മീക ജീവിതത്തിന്റെ നാശത്തിന് കാരണമാകും.''

ശ്രീ ചൈതന്യ ഭാഗവതം, അന്ത്യകാണ്ഡം, അദ്ധ്യായം 10, ശ്രീ പുണ്ഡരീക വിദ്യാനിധിയുടെ ലീലകൾ

ബോധഃ കലുഷിതസ് തേന ദൗരാത്മ്യം പ്രകടീ-കൃതം

ഗുരുർ യേന പരിത്യക്തസ് തേന ത്യക്തഃ പുരാ ഹരിഃ

''ഗുരുവിനെ നിരസിക്കുകയാണെങ്കിൽ അയാൾ തന്റെ ബുദ്ധിയെ മലിനപ്പെടുത്തുകയും അത് അവന്റെ സ്വഭാവദൂഷ്യത്തെ കാണിക്കുകയുമാണ് ചെയ്യുന്നത്. അത്തരം വ്യക്തി പരമോന്നത ഭഗവാൻ ഹരിയെ നിരസിച്ചതിന് തുല്യമാണ്.''

ബ്രഹ്മവൈവർത്തപുരാണം

## പുനർ ദീക്ഷയെടുക്കൽ

ആചാര്യനെ ഉപേക്ഷിക്കുന്നത് സംബന്ധിച്ചുള്ള ജിബിസി മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ട് മുതിർന്ന ഇസ്കോൺ ഭക്തന്മാരുമായി കൂടിയാലോചിച്ചതിനുശേഷം ഒരു ഭക്തൻ തന്റെ അയോഗ്യനായ ആചാര്യനെ ഉപേക്ഷിക്കാൻ തീരുമാനിച്ചാൽ, മറ്റൊരു അംഗീകൃത ഇസ്കോൺ ഗുരുവിൽ നിന്ന് വീണ്ടും ദീക്ഷ സ്വീകരിക്കാവുന്നതാണ്. ആദ്യത്തെയും രണ്ടാമത്തെയും ദീക്ഷ സംബന്ധിച്ച് ഇസ്കോൺ നിയമത്തിൽ വിവരിച്ചിട്ടുള്ള പ്രക്രിയകൾ പാലിക്കേണ്ടതാണ്.

ഇസ്കോൺ നിയമം 7.2.6

ഗുരു ത്യാഗത്തിനുശേഷം വീണ്ടും ദീക്ഷയെടുക്കുന്നതുവരെ, ശിഷ്യൻ ശ്രീല പ്രഭുപാദരുമായും, ഗുരു പരമ്പരയുമായും ഇസ്കോണുമായും ബന്ധം തുടരുവാനുള്ള വഴികൾ എഴുതുക.

**ദയവായി എന്റെ നിർദേശങ്ങളിലൂടെ സദാ എന്നെ ഓർക്കാൻ ശ്രമിക്കുക, നമ്മൾ എപ്പോഴും ഒന്നിച്ചായിരിക്കും.**

ദയവായി എന്റെ നിർദ്ദേശങ്ങളിലൂടെ സദാ എന്നെ ഓർക്കാൻ ശ്രമിക്കുക, നമ്മൾ എപ്പോഴും ഒന്നിച്ചായിരിക്കും. ഞാൻ ശ്രീമദ് ഭാഗവതത്തിന്റെ ആദ്യ പതിപ്പിൽ എഴുതിയിട്ടുള്ളതുപോലെ, ''ആത്മീയ ഗുരു അദ്ദേഹത്തിന്റെ ദിവ്യമായ നിർദ്ദേശങ്ങളാൽ എന്നെന്നേയ്ക്കും നിലകൊള്ളുന്നു, ശിഷ്യന്മാർ അദ്ദേഹത്തിന്റെ കൂടെ ജീവിക്കുകയും ചെയ്യുന്നു'', ഞാൻ എന്റെ ഗുരു മഹാരാജിന്റെ നിർദ്ദേശങ്ങൾ പിന്തുടരുന്നതിലൂടെ അദ്ദേഹത്തെ സദാ സേവിക്കുകയാൽ ഒരിക്കൽപോലും അദ്ദേഹത്തിൽനിന്ന് വേർപെട്ടിട്ടില്ല.

ചിദാനന്ദനുള്ള കത്ത്, ഭക്തിവേദാന്ത മാനർ, 25 നവംബർ, 1973

# യൂണിറ്റ് 4

# സഹകരണമനോഭാവത്തോടെയുള്ള ബന്ധവും അതിന്റെ ഏകീകരണവും

**പാഠം 12 ഗുരുവിനെ പരിചയപ്പെടുത്തൽ**

ശ്രീല പ്രഭുപാദരെ പരിചയപ്പെടുത്തൽ

നിലവിലുള്ള ഇസ്കോൺ ഗുരുക്കന്മാരെ പരിചയപ്പെടുത്തൽ

**പാഠം 13 ഇസ്കോണിനുള്ളിലെ ബന്ധങ്ങൾ**

ഗുരുവിന്റെ അടിസ്ഥാനത്തിലുള്ള വേർതിരിവ്

സഹകരണത്തോടെയുള്ള ബന്ധം വളർത്തിയെടുക്കൽ

**പാഠം 14 കോഴ്സ് റൗണ്ട് അപ്**

# പാഠം 12 ഗുരുവിനെ പരിചയപ്പെടുത്തൽ

## പാഠ്യ വിഷയങ്ങൾ

- ശ്രീല പ്രഭുപാദരെ പരിചയപ്പെടുത്തൽ
- നിലവിലുള്ള ഇസ്കോൺ ഗുരുക്കന്മാരെ പരിചയപ്പെടുത്തൽ

## ശ്രീല പ്രഭുപാദരെ പരിചയപ്പെടുത്തൽ

നിലവിലുള്ള ഭക്തന്മാർക്കും ഭാവി തലമുറയ്ക്കും വേണ്ടി ശ്രീല പ്രഭുപാദരെ സ്ഥാപകാചാര്യനായും, ഇസ്കോണിലെ സർവ്വപ്രധാന ശിക്ഷാഗുരുവുമായും പരസ്യമായി പ്രചരിപ്പിക്കുന്നതിലുള്ള ചില ഗുണങ്ങൾ താഴെ എഴുതുക.

## നിലവിലുള്ള ഇസ്കോൺ ഗുരുക്കന്മാരെ പരിചയപ്പെടുത്തൽ

നിലവിലുള്ള ഇസ്കോൺ ഗുരുക്കന്മാരെ പരിചയപ്പെടുത്തുന്നതിനുള്ള ചില തെറ്റായ വഴികൾ താഴെ എഴുതുക.

ഇസ്കോൺ ഗുരുക്കന്മാരെ തെറ്റായി അവതരിപ്പിക്കുന്നതുകൊണ്ടുള്ള പരിണിതഫലങ്ങൾ എന്തൊക്കെയായിരിക്കും ? നിങ്ങളുടെ അഭിപ്രായങ്ങൾ താഴെ എഴുതുക.

# കൂടുതൽ ഉദ്ധരണികൾ - പാഠം 12 - ഗുരുവിനെ പരിചയപ്പെടുത്തൽ

**പുതിയ അംഗങ്ങളെ ശ്രീല പ്രഭുപാദരിൽ അഭയം പ്രാപിക്കാൻ നിർദേശിക്കുക.**

ഇസ്കോൺ നിയമം 7.2.1 ആദ്യത്തെ (ഹരിനാമ) ദീക്ഷ,
(പേജ് 29 കാണുക)

## സ്ഥാനനാമത്തിന്റെ ഉപയോഗം

പുസ്തകങ്ങൾ, മാസികകൾ, വാർത്താക്കുറിപ്പുകൾ, ലഘു പത്രികകൾ, നോട്ടീസുകൾ, ക്ഷണക്കത്തുകൾ തുടങ്ങി എല്ലാ ഇസ്കോൺ പ്രസിദ്ധീകരണങ്ങളിലും സ്ഥാപകാചാര്യൻ, പ്രഭുപാദർ, ദിവ്യപൂജ്യ എന്നിവ ഉൾപ്പെടുത്തിയുള്ള ശ്രീല പ്രഭുപാദരുടെ നാമവും പദവിയും വ്യക്തമായി കാണിക്കേണ്ടതാണ്. ഉദാഹരണം, ‘‘ദിവ്യപൂജ്യ എ.സി. ഭക്തിവേദാന്ത സ്വാമി പ്രഭുപാദർ, അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെ സ്ഥാപകാചാര്യൻ’’

ഇസ്കോൺ നിയമം 2.3.1

## ശീർഷക ഫലകങ്ങൾ

ശ്രീല പ്രഭുപാദരുടെ നാമം കൊത്തിവച്ചിട്ടില്ലാത്ത എല്ലാ ഇസ്കോൺ ക്ഷേത്രങ്ങളും പ്രധാനപ്പെട്ട കെട്ടിടങ്ങളിൽ ശ്രീല പ്രഭുപാദരുടെ പൂർണ്ണ നാമവും അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെ സ്ഥാപകാചാര്യൻ എന്ന അദ്ദേഹത്തിന്റെ പദവിയും കൊത്തിയിട്ടുള്ള ശീർഷക ഫലകങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഭക്തിവേദാന്ത ബുക്ക് ട്രസ്റ്റ്, ഭക്തിവേദാന്ത ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീല പ്രഭുപാദർ സ്ഥാപിച്ചതും ഇസ്കോൺ അംഗീകൃതവുമായ മറ്റു സമിതി തുടങ്ങിയവയുടെ കെട്ടിട്ടങ്ങൾക്കും ഇത് ബാധകമാണ്.

ഇസ്കോൺ നിയമം 2.3.3

## ഗുരുവിനെ രഹസ്യമായി സൂക്ഷിക്കണം

ഗോപയേദ് ദേവതം ഇഷ്ടം ഗോപയേദ് ഗുരും ആത്മനഃ

ഗോപയേദ് ച നിജം മന്ത്രം ഗോപയേൻ നിജ-മലികം

ഇഷ്ടദേവനെ രഹസ്യമായി വയ്ക്കണം, ഗുരുവിനെ രഹസ്യമായി വയ്ക്കണം, മന്ത്രത്തെ രഹസ്യമായി വയ്ക്കണം, ജപമാലയെ രഹസ്യമായി വയ്ക്കണം.

ഹരി-ഭക്തി-വിലാസം, ശ്ലോകം 2.147

## ഗുരുവിന്റെ ചിത്രമുള്ള ടി-ഷർട്ടുകൾ, പരസ്യങ്ങൾ, ജപസഞ്ചികൾ തുടങ്ങിയവ പരസ്യമായി പ്രദർശിപ്പിക്കൽ

ഇസ്കോൺ ദീക്ഷാ-ശിക്ഷാ ഗുരുക്കന്മാരുടെ ശിഷ്യന്മാർ ഗുരുവിന്റെ (ശ്രീല പ്രഭുപാദരൊഴികെയുള്ള) ചിത്രമുള്ള ടി-ഷർട്ടുകൾ, പരസ്യങ്ങൾ, ജപസഞ്ചികൾ, തൊപ്പികൾ തുടങ്ങിയവ പരസ്യമായി പ്രദർശിപ്പിക്കുകയോ ധരിക്കുകയോ പാടില്ല.

ഇസ്കോൺ നിയമം/ശുപാർശ 6.4.8, ആരാധനയും പെരുമാറ്റ ചട്ടവും

## ഇസ്കോൺ ദീക്ഷാ-ശിക്ഷാ ഗുരുക്കന്മാരുടെ ചിത്രങ്ങൾ

ഇസ്കോൺ ക്ഷേത്രവാസികൾ അവരുടെ ദീക്ഷാ-ശിക്ഷ ഗുരുക്കന്മാരുടെ ചിത്രങ്ങൾ ആശ്രമത്തിലെ അവരുടെ വാസസ്ഥലത്തിൽ സ്വകാര്യമായി സൂക്ഷിക്കേണ്ടതാണ്, ഇസ്കോൺ കെട്ടിടത്തിൽ പരസ്യമായി പ്രദർശിപ്പിക്കാൻ പാടില്ല. വല്ലപ്പോഴുമുള്ള പ്രത്യേക പ്രചരണ പരിപാടികളിൽ ഒരു പ്രോത്സാഹനമായി മാത്രം ചെയ്യാവുന്നതാണ്.

ഇസ്കോൺ നിയമം 6.4.8 ആരാധനയും പെരുമാറ്റച്ചട്ടങ്ങളും

## ശ്രീല പ്രഭുപാദരുടെ ഒരു ചിത്രം എടുത്തുകാട്ടുന്ന വെബ്സൈറ്റുകൾ

ഇസ്കോൺ സ്ഥാപനത്തിന്റെ അധികാരികൾ, സ്ഥാപനത്തിന്റെ പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ വെബ്സൈറ്റുകളുടെയും അവതാരികയിൽ ശ്രീല പ്രഭുപാദരുടെ ഒരു ചിത്രം പ്രത്യേകം എടുത്തുകാട്ടുവാൻ ബാദ്ധ്യസ്ഥരാണ്. ഈ ചിത്രം മറ്റേത് വ്യക്തികളുടെയും (ജിബിസി, സമിതി അദ്ധ്യക്ഷൻ, ഗുരു തുടങ്ങിയവർ പോലുള്ള) ചിത്രത്തേക്കാൾ വലുതായിരിക്കണം. ശ്രീല പ്രഭുപാദരെ അദ്ദേഹത്തിന്റെ ഔദ്യോഗിക നാമവും പദവിയും കാണിച്ച് ‘‘അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതി സ്ഥാപകാചാര്യൻ ദിവ്യപൂജ്യ ശ്രീ ശ്രീമദ് എ.സി. ഭക്തിവേദാന്ത സ്വാമി പ്രഭുപാദർ’’ എന്ന് അഭിസംബോധന ചെയ്യണം.

304, ശ്രീല പ്രഭുപാദരുടെ പദവിയെക്കുറിച്ച് ജിബിസി വസ്തുത (മാർച്ച് 2013)

# പാഠം 13 ഇസ്കോണിനുള്ളിലെ ബന്ധങ്ങൾ

## പാഠ്യ വിഷയങ്ങൾ

ഗുരുവിന്റെ അടിസ്ഥാനത്തിലുള്ള വേർതിരിവ്

സഹകരണത്തോടെയുള്ള ബന്ധം വളർത്തിയെടുക്കൽ

## ഗുരുവിന്റെ അടിസ്ഥാനത്തിലുള്ള വേർതിരിവ്

വിവേചനം

"കാണുക, മനസ്സിലാക്കുക, കാര്യങ്ങൾ തമ്മിലുള്ള അന്തരം കണ്ടെത്തുക"

ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷ്നറി 2-ാം പതിപ്പ്, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്

"ഒരു വ്യക്തി ഒരു പ്രത്യേക വർഗ്ഗത്തിലോ വിഭാഗത്തിലോ സംഘത്തിലോ പെടുന്നു എന്നതിനെ അടിസ്ഥാനമാക്കി അവനോട് പക്ഷപാതപരമായി പെരുമാറുന്നതാണ് വിവേചനം.... ഒരു സംഘത്തിലുള്ള അംഗങ്ങളെ മറ്റ് സംഘങ്ങളിലുള്ള അംഗങ്ങൾക്ക് ലഭിക്കുന്ന അവസരങ്ങളിൽനിന്ന് ഒഴിവാക്കുകയോ പ്രതിബന്ധം സൃഷ്ടിക്കുകയോ ചെയ്യുന്നത് ഇതിൽ ഉൾപ്പെടുന്നു."

സോഷ്യോളജി അവതാരിക. 7-ാം പതിപ്പ്, ന്യൂയോർക്ക്, W. W. Norton & Company Inc. 2009. പേജ് 324

ദീക്ഷാ-ശിക്ഷാ ഗുരുക്കന്മാരുടെ അടിസ്ഥാനത്തിൽ ഇസ്കോണിൽ നിങ്ങൾക്കുണ്ടായിട്ടുള്ള അനുചിതമായ വിവേചനത്തിന്റെ ഒരനുഭവം വിശദീകരിക്കുക.

ഗുരുവിന്റെ അടിസ്ഥാനത്തിലുള്ള തെറ്റായ പക്ഷപാതം മൂലം ഇസ്കോണിലുണ്ടായേക്കാവുന്ന ചില ദീർഘകാല പരിണിതഫലങ്ങളെക്കുറിച്ചെഴുതുക.

## സഹകരണത്തോടെയുള്ള ബന്ധം വളർത്തിയെടുക്കൽ

ഇസ്കോണിലെ എല്ലാ ഗുരുശിഷ്യന്മാരുടെയും ഇടയിൽ ഊർജ്ജസ്വലവും സഹകരണത്തോടുമുള്ള ബന്ധം ഭക്തന്മാർ നിലനിർത്തുകയാണെങ്കിൽ, നിങ്ങളുടെ കാഴ്ചപ്പാടിൽ ഇസ്കോൺ എങ്ങനെയായിരിക്കണമെന്ന് വിശദീകരിക്കുക....

**നിങ്ങളുടെ പരസ്പര സൗഹൃദത്തിൽ ഞാൻ വളരെ സന്തുഷ്ടനാണ്, ആകയാൽ ഞാൻ നിങ്ങൾക്ക് എല്ലാ സൗഭാഗ്യങ്ങളും നേരുന്നു.**

ഭഗവാൻ പറഞ്ഞു: എന്റെ പ്രിയ രാജസുതന്മാരേ, ഞാൻ നിങ്ങൾ തമ്മിലുള്ള സൗഹൃദബന്ധത്തിൽ വളരെ സംപ്രീതനാണ്. നിങ്ങളെല്ലാവരും ഭക്തിയുതസേവനമെന്ന ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങളുടെ പരസ്പര സൗഹൃദബന്ധത്തിൽ വളരെ സന്തുഷ്ടനാണ്, ആകയാൽ ഞാൻ നിങ്ങൾക്ക് എല്ലാ സൗഭാഗ്യങ്ങളും നേരുന്നു. ഇപ്പോൾ നിങ്ങൾക്ക് എന്നോട് എന്തെങ്കിലും വരം ചോദിക്കാം.

ശ്രീമദ് ഭാഗവതം 4.30.8, പ്രാചീനബർഹിഷത് രാജാവിന്റെ പുത്രന്മാരോട് ഭഗവാൻ സംസാരിക്കുന്നു.

## ഞാൻ പോയതിനുശേഷം ഈ സ്ഥാപനം നടത്തിക്കുവാൻ കൂട്ടായി സഹകരിക്കൂ.

ശ്രീല പ്രഭുപാദർ പറഞ്ഞു, ‘‘എന്നോടുള്ള നിങ്ങളുടെ സ്നേഹം, ഞാൻ പോയതിനുശേഷം ഈ സ്ഥാപനം നടത്തിക്കുവാൻ നിങ്ങൾ എത്രമാത്രം കൂട്ടായി സഹകരിക്കുന്നു എന്നതിൽനിന്ന് കാണാൻ സാധിക്കും’’.

ശ്രീല പ്രഭുപാദ-ലീലാമൃതം, വാല്യം 6.52: ‘‘ഞാൻ എന്റെ ഭാഗം നിർവഹിച്ചുകഴിഞ്ഞു’’

### “ഐകമത്യം മഹാബലം”

ചൈതന്യ മഹാപ്രഭുപോലും നമ്മുടെ സഹകരണം ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം ഭഗവാൻ കൃഷ്ണനാണ്. അതിനാൽ സഹകരണം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ‘‘എനിക്ക് വളരെ ഉൽകൃഷ്ടമായ കഴിവുകളുണ്ട്, എനിക്കത് ചെയ്യാൻ സാധിക്കും’’ എന്ന് ചിന്തിക്കാൻ പാടില്ല. ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ നമുക്ക് ഏത് വലിയ ജോലിയും ചെയ്യാനാകും. ‘‘ഐകമത്യം മഹാബലം’’ ഇതാണ് നമ്മുടെ..... അതിനാൽ കൃഷ്ണാവബോധം വളർത്തിയെടുക്കുന്നതിൽ വളരെ ശക്തമായിരിക്കുക, കൃഷ്ണൻ നമ്മെ സഹായിക്കും. അദ്ദേഹമാണ് ഏറ്റവും ശക്തൻ. എങ്കിലും നമ്മൾ കൂട്ടായ്മയോടെ പ്രവർത്തിക്കണം.

രാധാ-ദാമോധര സങ്കീർത്തന പാർട്ടിയുമായുള്ള സംഭാഷണം
മാർച്ച് 16, 1976, മായാപൂർ

ഈ പാഠ്യപദ്ധതിയിൽനിന്നും നിങ്ങൾ പഠിച്ചതെന്താണ്?

# അനുബന്ധം

1. കൂടുതൽ ഉദ്ധരണികൾ
2. ശ്രീല പ്രഭുപാദരുടെ സ്ഥാനത്തെക്കുറിച്ചുള്ള ജിബിസി വസ്തുത (മാർച്ച് 2013)
3. ഇസ്കോണിലെ ദീക്ഷാഗുരുവിന് നിർബന്ധമായും വേണ്ട യോഗ്യതകൾ
4. ഇസ്കോണിൽ ദീക്ഷയ്ക്ക് വേണ്ട യോഗ്യതകൾ
5. ഗുരുക്കന്മാർക്കുള്ള പെരുമാറ്റച്ചട്ടങ്ങൾ
6. പതിതനായ ഗുരുവിനെ തിരസ്കരിക്കൽ
7. ഭരണസംവിധാനങ്ങളുടെ ഐക്യത എന്ന പ്രസിദ്ധീകരണം
8. ഇസ്കോൺ ഡിസൈപിൾ കോഴ്സിനെക്കുറിച്ചുള്ള ജിബിസി പ്രമേയം
9. പഠനമുറിയിലെ പെരുമാറ്റച്ചട്ടങ്ങൾ
10. കൂടുതൽ വായന

# അനുബന്ധം 1 കൂടുതൽ ഉദ്ധരണികൾ

## പാഠം 1 സ്വാഗതവും മുഖവുരയും

### "നാം ആത്മീയഗുരുവിന്റെ ആജ്ഞകൾ നിർവഹിക്കുകമാത്രം ചെയ്യുക.."

നമ്മൾ ആത്മീയഗുരുവിന്റെ ആജ്ഞകൾ നിർവഹിക്കുകമാത്രം ചെയ്യുക, കൃഷ്ണാവബോധം പ്രചരിപ്പിക്കുക, വൈഷ്ണവരുടെ പാത പിന്തുടരുക. ആത്മീയഗുരു ഭഗവാൻ കൃഷ്ണനെയും വൈഷ്ണവന്മാരെയും പ്രതിനിധീകരിക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ ആജ്ഞകൾ അനുസരിക്കുന്നതിലൂടെയും ഹരേ കൃഷ്ണ മഹാമന്ത്ര ജപത്തിലൂടെയും സർവ്വതും മംഗളകരമാകും.

ശ്രീമദ് ഭാഗവതം 4.23.7, ഭാവാർത്ഥം

### "ഇവിടെ ഇത്തരത്തിലുള്ള പരിശീലനകേന്ദ്രങ്ങൾ വേണം...."

"നീ ഇത്തരത്തിലുള്ള എല്ലാ ശീലങ്ങളും ഉപേക്ഷിക്കണം" എന്ന് ശിഷ്യനാകാൻവേണ്ടി എന്നെ സമീപിക്കുന്നവരോട് ഞാൻ പറയാറുണ്ട്. അവരത് സമ്മതിക്കുമ്പോൾ ഞാൻ അവരെ സ്വീകരിക്കും. അതിലേയ്ക്കായി പരിശീലനം ലഭിച്ച ചില തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ എന്റെ കൂടെയുണ്ട്. അതിനാൽ ശാസ്ത്രങ്ങളനുസരിച്ച് ശരിയായ പരിശീലനം നൽകുവാൻ ഇത്തരത്തിലുള്ള പരിശീലനകേന്ദ്രങ്ങളും, ഇൻസ്റ്റിറ്റ്യൂട്ടുകളും ആവശ്യമാണ്. എന്നാൽ മൊത്തത്തിലുള്ള സാഹചര്യം മാറ്റിയെടുക്കുവാനുള്ള സാധ്യതയുണ്ട്.

ഗവർണറുമായുള്ള സംഭാഷണം - ഏപ്രിൽ 20 1975, വൃന്ദാവനം.

## പാഠം 5 ഗുരു-പാദാശ്രയ

യസ്യ ദേവേ പരാ ഭക്തിർ യഥാ ദേവേ തഥാ ഗുരൗ
തസ്യൈതേ കഥിതാ ഹി അർഥാഃ പ്രകാശന്തേ മഹാത്മനഃ

"ഭഗവാനിലും ആത്മീയഗുരുവിലും അകമഴിഞ്ഞ വിശ്വാസമുള്ള മഹാത്മാക്കൾക്ക് വൈദികവിജ്ഞാനത്തിന്റെ എല്ലാ സത്തയും സ്വയമേവ വെളിവാക്കപ്പെടും".

ശ്വേതാശ്വതര ഉപനിഷദ് 6.23

### ആത്മീയഗുരുവിനുള്ള അർപ്പണം പൂർണ്ണ ഹൃദയത്തോടെ നൽകണം.....

ശിഷ്യൻ സാധുസേവകനെന്ന നിലയിൽ തന്റെ ആത്മീയ ഗുരുവിനെ സേവിക്കണം. അയാളുടെ ഉടമസ്ഥതയിലുള്ള സർവതും ആത്മീയ ഗുരുവിന് സമർപ്പിക്കുകയും വേണം. *പ്രാണൈർ അർഥൈർ ധിയാ വാചാ*. എല്ലാവരും അവർക്ക് സ്വന്തമായുള്ള ജീവിതം, സമ്പത്ത്, ബുദ്ധി, വചനങ്ങൾ ഇവയെല്ലാം ആത്മീയ ഗുരുവെന്ന മാധ്യമത്തിലൂടെ പരമദിവ്യോത്തമപുരുഷനായ ഭഗവാന് സമർപ്പിക്കണം. ഒരു കർത്തവ്യമെന്ന നിലയിൽ സർവവും ആത്മീയ ഗുരുവിന് അർപ്പിക്കണം, ഈ അർപ്പണം പൂർണ്ണ മനസ്സോടെ നൽകണം, ഭൗതികനേട്ടങ്ങൾക്ക് വേണ്ടി കൃത്യമമായി ആകരുത്...

ശ്രീമദ് ഭാഗവതം 7.7.30-31

### ആത്മീയഗുരുവിനെ ആശ്രയം പ്രാപിച്ച് അദ്ദേഹത്തെ പൂർണ്ണ ഹൃദയത്തോടെ സേവിക്കുക.

ആത്മീയ ഗുരുവിനെ ആശ്രയം പ്രാപിച്ച് അദ്ദേഹത്തെ പൂർണ്ണ ഹൃദയത്തോടെ സേവിക്കുക എന്നതാണ് ആദ്ധ്യാത്മിക ഉന്നതിയ്ക്കുള്ള എളുപ്പ മാർഗം. അതാണ് വിജയത്തിന്റെ രഹസ്യവും. വിശ്വനാഥ ചക്രവർത്തി ഠാക്കൂർ അദ്ദേഹത്തിന്റെ ആത്മീയ ഗുരുവിനോടുള്ള പ്രാർത്ഥനയുടെ എട്ടാം ശ്ലോകത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, *യസ്യ പ്രസാദാദ് ഭഗവത്-പ്രസാദഃ* ആത്മീയ ഗുരുവിനെ സേവിച്ച് അദ്ദേഹത്തിന്റെ കൃപ നേടുന്നതിലൂടെ പരമോന്നത ഭഗവാന്റെ അനുഗ്രഹം സമ്പാദിക്കാനാകും. ഭക്തനായ തന്റെ പതി കർദമ മുനിയെ സേവിച്ചതിലൂടെ ദേവഹൂതി അദ്ദേഹത്തിന്റെ നേട്ടങ്ങളുടെ വിഹിതം കൈപ്പറ്റി. അതേപോലെ ഒരു ആത്മാർത്ഥ ശിഷ്യന് ആത്മീയ ഗുരുവിനെ സേവിക്കുന്നതിലൂടെ ഒരേസമയം ഭഗവാന്റെയും ഗുരുവിന്റെയും എല്ലാ കൃപയും നേടാൻ സാധിക്കും.

ശ്രീമദ് ഭാഗവതം 3.23.7

## പാഠം 7 ദീക്ഷയ്ക്കുള്ള പ്രതിജ്ഞകൾ

### ആത്മീയ ഗുരുവിനോടുള്ള മമതയും അദ്ദേഹത്തിന്റെ ആജ്ഞ പാലിക്കലും

ദീക്ഷാ സമയം യജ്ഞാഗ്നിയ്ക്ക് മുൻപിൽ ഇരിക്കുമ്പോൾ ആത്മീയ ഗുരുവിനോട് ഒരു പ്രതിജ്ഞ എടുക്കുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. അതിനാൽ ഈ പ്രതിജ്ഞ ഒരിക്കലും തെറ്റിക്കാൻപാടില്ല. ഭക്തന്മാരുടെ സംഗത്തെ അഭിനന്ദിക്കുന്നുവെന്ന് നിങ്ങൾ പറയുന്നു, എന്നാൽ ഭൗതിക ആകർഷണങ്ങളെ നിങ്ങൾ എങ്ങനെ നേരിടും ? അപരാധങ്ങളില്ലാതെ കൃത്യമായി ഹരേകൃഷ്ണ മന്ത്രം നിങ്ങൾ ജപിക്കുന്നില്ലെങ്കിൽ ? ആത്മീയ ഗുരുവിനോടുള്ള മമതയും അദ്ദേഹത്തിന്റെ ആജ്ഞകൾ പാലിക്കുന്നതും ഒന്നാണ്. എന്റെ എല്ലാ ശിഷ്യന്മാരും ദിവസവും 16 മാല ജപിക്കുകയും മംഗള ആരതിയ്ക്ക് പങ്കെടുക്കുകയും ചെയ്യുക എന്നതാണ് എന്റെ നിർദേശം.

ഈ ജീവിതം സദാ ചഞ്ചലമാണ്, ഏത് നിമിഷവും അതിന് അന്ത്യം സംഭവിക്കാം. അതിനാൽ ഉയർന്ന അധികാരികളുടെയും ആത്മീയ ഗുരുവിന്റെയും ഭഗവദ് ഗീതയിൽ ഭഗവാൻ കൃഷ്ണന്റെയും നിർദ്ദേശങ്ങൾ നമ്മൾ മുറുകെ പിടിക്കണം.

രാധാകാന്തിനുള്ള കത്ത്, വൃന്ദാവനം, 20 ആഗസ്റ്റ് 1974

### ഇതൊരു വടംവലിയാണ്

ഇതൊരു വടംവലിയാണ്. അതിനാൽ മായയെ ഭയപ്പെടേണ്ട. ജപം പോഷിപ്പിക്കുകമാത്രം ചെയ്യൂ, നിങ്ങൾക്ക് കീഴടക്കാൻ കഴിയും. അത്ര തന്നെ. *നാരായണ-പരാഃ സർവേ ന കുതശ്ചന ബിഭ്യതി* (ശ്രീ.ഭാ. 6.17.28). കൃഷ്ണൻ ഉള്ളതിനാൽ നമ്മൾ മായയെ ഭയക്കുന്നില്ല. അതെ, കൃഷ്ണൻ പറയുന്നു : *കൗന്തേയ പ്രതിജാനീഹി ന മേ ഭക്ത പ്രണശ്യതി* (ഭ.ഗ. 9.31). എന്റെ ഭക്തന്മാർക്ക് മായയാൽ ഒരു നാശവും സംഭവിക്കില്ല എന്ന് നീ പ്രഖ്യാപിക്കൂ. മായയ്ക്ക് ഒന്നും ചെയ്യാനാകില്ല. നിങ്ങൾ ശക്തരായിരിക്കുകമാത്രം ചെയ്താൽ മതി. എന്താണ് ആ ശക്തി ? ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ എന്ന് ഉറക്കെ ജപിക്കുക. അതെ.

ഭഗവദ് ഗീത 3.6-10, ലോസ് ഏഞ്ചൽസ്, ഡിസംബർ 23, 1968

## പാഠം 12 ഗുരുവിനെ പരിചയപ്പെടുത്തൽ

### ശിഷ്യന്മാരോട് എന്റെ നാമം ജപിക്കുവാൻ നിർദേശിക്കാറില്ല.

ശിഷ്യന്മാരോട് എന്റെ നാമം ജപിക്കുവാൻ നിർദേശിക്കാറില്ല, ''ഭക്തിവേദാന്ത സ്വാമി, ഭക്തിവേദാന്ത സ്വാമി'' എന്ന്. അല്ല. അവർ ഹരേ കൃഷ്ണ എന്നാണ് ജപിക്കുന്നത്. *ഹരി-ത്വേന സമസ്ത ശാസ്ത്രൈർ ഉക്ത* - ഗുരു കൃഷ്ണനോളം ബഹുമാന്യനാണ്. ഇതിനർത്ഥം ഞാനവരെ എന്റെ നാമം ജപിക്കുവാൻ പഠിപ്പിക്കണമെന്നല്ല, ''ഭക്തിവേദാന്ത സ്വാമി, ഭക്തിവേദാന്ത സ്വാമി, ഭക്തിവേദാന്ത സ്വാമി'' എന്ന്. എന്താണിത് ? ഞങ്ങൾ പഠിപ്പിക്കുന്നത് ''ഹരേ കൃഷ്ണ ജപിക്കൂ'' എന്നാണ്. ഹരേർ നാമ, ഹരേർ നാമ......

ശ്രീല പ്രഭുപാദർ, പ്രഭാതസവാരി 29 മാർച്ച് 1974, ബോംബെ

### മഹാപ്രഭുവിന്റെ ഭക്തനാണെന്ന് ആവർത്തിച്ച് വിളംബരം ചെയ്യൂ

''ഞാൻ ഗൗരന്റേതാണ്! ഞാൻ ഗൗരന്റേതാണ് !'' എന്ന് പറഞ്ഞുകൊണ്ട് മഹാപ്രഭുവിന്റെ ഭക്തനാണെന്ന് ആവർത്തിച്ച് വിളംബരം ചെയ്താൽപ്പോലും അത് മതിയാകില്ല. മറിച്ച്, മഹാപ്രഭു പഠിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നവർക്ക് ഭഗവാന്റെ അനുയായികളാകുന്നതിന്റെ ഫലം ലഭിക്കുമെന്ന് മനസ്സിലാക്കണം.

ശ്രീല ജഗദാനന്ദ പണ്ഡിറ്റ്, പ്രേമ-വൈവർത്തം 8.6

## പാഠം 14 കോഴ്സ് റൗണ്ട് അപ്

### ഇരുഭാഗത്തുമുള്ള ഇടപാടുകൾ പരിപൂർണ്ണമായിരുന്നാൽ.... കൃഷ്ണാവബോധം വളരെ എളുപ്പമാണ്.

കാര്യങ്ങൾ ഗ്രഹിക്കുന്നതിൽ വളരെ ഗൗരവമുള്ളവനായിരിക്കുകയും ഒരു യോഗ്യനായ മഹാത്മാഗുരുവിനെ സമീപിക്കുകയും വേണം. എന്നാൽ അവന്റെ ഇടപാടുകൾ വളരെ നല്ലരീതിയിൽ നടക്കും. ഇതാണ് വൈദിക പ്രക്രിയ.......രണ്ടുഭാഗത്തുമുള്ള ഇടപാടുകൾ പരിപൂർണ്ണമായിരുന്നാൽ, ഗുരുവിന്റെ ഭാഗത്തും ശിഷ്യന്റെ ഭാഗത്തും, കൃഷ്ണാവബോധം വളരെ എളുപ്പമാണ്.

ശ്രീമദ് ഭാഗവതം 1.5.29, വൃന്ദാവനം, ആഗസ്റ്റ് 10, 1974

# അനുബന്ധം 2 ശ്രീല പ്രഭുപാദരുടെ സ്ഥാനത്തെ ക്കുറിച്ചുള്ള ജിബിസി വസ്തുത (മാർച്ച് 2013)

## 303, ശ്രീല പ്രഭുപാദരുടെ സ്ഥാനത്തെക്കുറിച്ചുള്ള ജിബിസി വസ്തുത (മാർച്ച് 2013)

നമ്മുടെ സമൂഹത്തിനുള്ളിൽ സകല ഇസ്കോൺ അംഗങ്ങളെയും ദീക്ഷാ-ശിക്ഷാഗുരുക്കന്മാരെയും അപേക്ഷിച്ച് ശ്രീല പ്രഭുപാദരുടെ പരമ പ്രധാന നിലയെയും ഇസ്കോൺ സമൂഹത്തിൽ ദീക്ഷാ-ശിക്ഷാഗുരുക്കന്മാരുടെ ചുമതലകളെയും സ്ഥാനങ്ങളെയും സുവ്യക്തമാക്കുന്ന സംക്ഷിപ്തമായ പ്രസ്താവനയുടെ ആവശ്യകത.

## തീരുമാനം :

## ജിബിസി താഴെപ്പറയുന്ന പ്രസ്താവന സാക്ഷ്യപ്പെടുത്തുകയുണ്ടായി

അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെ സ്ഥാപകാചാര്യൻ, സർവ്വപ്രധാന ശിക്ഷാഗുരു, ഈ സമിതിയിലെ പരമാധികാരി എന്നീ നിലയിൽ ശ്രീല പ്രഭുപാദർക്ക് ഓരോ ഇസ്കോൺ ഭക്തനുമായും ഒരു അതുല്യ ബന്ധമുണ്ട്. ഗുരു പരമ്പരയിലൂടെ താഴോട്ടൊഴുകുന്നത് ആരുടെ ദിവ്യകൃപയാണോ ആ പരമദിവ്യോത്തമ പുരുഷനായ ഭഗവാൻ കൃഷ്ണനാണ് ആദിഗുരു. അദ്ദേഹത്തിന്റെ കാരുണ്യത്തിന്റെ വിവിധ ആവിഷ്കരണങ്ങളിലൂടെ ഒരു ഭക്തൻ അന്തിമമായി ഭഗവാൻ കൃഷ്ണനാൽ മോചിതനാകുന്നു. ഇതിൽ ചൈത്യഗുരു, ശ്രീല പ്രഭുപാദർ, ഗുരുപരമ്പര, ദീക്ഷാഗുരു, മറ്റു ശിക്ഷാഗുരുക്കന്മാർ, ദിവ്യ നാമം, ശാസ്ത്രങ്ങൾ തുടങ്ങി നവവിധ ഭക്തിയുതസേവനം എന്നിവയും ഉൾപ്പെടുന്നു, എന്നാൽ ഇതിൽ മാത്രം ഒതുങ്ങുന്നില്ല.

ശ്രീല പ്രഭുപാദർ, അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെ സ്ഥാപകാചാര്യൻ എന്ന നിലയിൽ ഇസ്കോണിലെ എല്ലാ അംഗങ്ങളുടെയും സർവ്വപ്രധാന ശിക്ഷാഗുരുവാണ്. എല്ലാ തലമുറയിലെയും ഇസ്കോണിലെ എല്ലാ അംഗങ്ങളും ശ്രീല പ്രഭുപാദരുടെ അഭയം തേടുവാൻ പ്രചോദനം നൽകപ്പെടുന്നു. ഇസ്കോണിലെ എല്ലാ അംഗങ്ങളും ശ്രീല പ്രഭുപാദരുമായി, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും നിർദ്ദേശങ്ങളിലൂടെയും സേവനത്തിലൂടെയും അദ്ദേഹത്തിന്റെ ഇസ്കോൺ സമിതിയിലൂടെയും, ഒരു വ്യക്തിഗത ബന്ധം വളർത്തിയെടുക്കുവാൻ ബാധ്യസ്ഥരും പ്രചോദിതരുമാണ്.

ദീക്ഷാ-ശിക്ഷാഗുരുക്കന്മാർ ഉൾപ്പെടെ ഇസ്കോണിൽ നേതൃത്വസ്ഥാനം വഹിക്കുന്ന എല്ലാ അംഗങ്ങളും ശ്രീല പ്രഭുപാദർ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലും, പ്രഭാഷണങ്ങളിലും, വ്യക്തിപരമായ സംഭാഷണങ്ങളിലും പ്രസ്താവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നിറവേറ്റുവാൻവേണ്ടി ഇസ്കോണിന്റെ ഗവേണിംഗ് ബോഡി കമ്മീഷന്റെ (ജിബിസി) കീഴിൽ ഒരുമിച്ച് സേവനമനുഷ്ഠിക്കുവാൻ ബാധ്യസ്ഥരാണ്. ദീക്ഷാ-ശിക്ഷാഗുരുക്കന്മാർ തുടങ്ങി മറ്റു നേതൃസ്ഥാനം വഹിക്കുന്നവരുടെയെല്ലാം പ്രഥമ കർത്തവ്യമെന്നത് ശ്രീല പ്രഭുപാദർ അദ്ദേഹത്തിന്റെ ഗുരു ശ്രീല ഭക്തിസിദ്ധാന്ത സരസ്വതിയ്ക്കും നമ്മുടെ ബ്രഹ്മമധ്വഗൗഡീയ സമ്പ്രദായത്തിനും ചെയ്യുന്ന സേവനങ്ങളിൽ സഹായിക്കുക എന്നതാണ്. ഇസ്കോണിലെ ദീക്ഷാ-ശിക്ഷാഗുരുക്കന്മാരുടെ സേവനം സ്വീകരിച്ചിട്ടുള്ള എല്ലാവരും അവരുടെ വാക്കുകളിലും വ്യക്തിപരമായ പെരുമാറ്റത്തിലും ശ്രീല പ്രഭുപാദരുടെ നിർദ്ദേശങ്ങളെ പ്രതിനിധീകരിക്കുന്ന ഉദാഹരണങ്ങളായിരിക്കണം. ശിക്ഷാഗുരു ശ്രീല പ്രഭുപാദരുടെയും നമ്മുടെ ഗുരു പരമ്പരയുടെയും പേരിൽ ആത്മീയ നിർദ്ദേശങ്ങളും പ്രചോദനങ്ങളും നൽകുന്നു. എന്നാൽ ദീക്ഷാഗുരു ആത്മീയ നിർദ്ദേശങ്ങളും പ്രചോദനങ്ങളും ഔദ്യോഗികമായി ദീക്ഷയും ഒരു ആദ്ധ്യാത്മിക നാമവും നൽകുകയും, പിന്നീട് ശ്രീല പ്രഭുപാദരുടെയും നമ്മുടെ ഗുരു പരമ്പരയുടെയും പേരിൽ, യോഗ്യനായ ശിഷ്യന് പവിത്രമായ ഗായത്രി മന്ത്രം പകർന്നുകൊടുക്കുകയും ചെയ്യുന്നു.

കൃഷ്ണാവബോധ തത്ത്വങ്ങൾ കർശനമായി പിന്തുടരുന്ന ഭക്തന്മാർ മുക്താവസ്ഥയിലാണ് പ്രവർത്തിക്കുന്നതെന്നും, യഥാർത്ഥത്തിൽ ഇപ്പോഴും മോചിതരല്ലെങ്കിൽപ്പോലും അവർ പരിശുദ്ധ ഭക്തന്മാരാണെന്നും ശ്രീല പ്രഭുപാദർ വ്യക്തമായി വിവരിച്ചിട്ടുണ്ട്. (അത്തരം കലർപ്പറ്റ ഭക്തിയുതസേവനം, ഒരാൾ സ്വീകരിച്ച സേവനത്തിന്റെയോ സ്ഥാനത്തിന്റെയോ അടിസ്ഥാനത്തിലല്ല, മറിച്ച് അവന്റെ സാക്ഷാത്കാരത്തിന്റെ അടിസ്ഥാനത്തിലാണ് നിർണയിക്കേണ്ടത്.)

ഇസ്കോണിലെ ദീക്ഷാ-ശിക്ഷാഗുരുക്കന്മാരുടെ സേവനം സ്വീകരിച്ചിട്ടുള്ള എല്ലാപേരും ശ്രീല പ്രഭുപാദരുടെ നിർദ്ദേശങ്ങൾ കർശനമായി പിന്തുടരണമെന്നത് നിർബന്ധമാണ്. അത് ചെയ്യുന്നിടത്തോളംകാലം അവർ മുക്ത തലത്തിലായിരിക്കും. അപ്രകാരം ശ്രീല പ്രഭുപാദർ ആജ്ഞാപിച്ചതുപോലെ ഭഗവാന്റെയും ഗുരുപരമ്പരയുടെയും വിശ്വസ്തനായ ഒരു പ്രതിനിധിയായി അവരുടെ കാരുണ്യത്തിന് പാത്രമായി അവർക്ക് സേവനമനുഷ്ഠിക്കാം. എങ്കിൽഷോലും അത്തരം ദീക്ഷാ-ശിക്ഷാഗുരുക്കന്മാർ ഈ നിർദ്ദേശങ്ങൾ കർശനമായി പിന്തുടരുന്നതിൽനിന്നും വഴിമാറിപോയാൽ അവർ അവരുടെ പദവിയിൽനിന്നും പതിതനായേക്കാം എന്ന് വ്യക്തമായി മനസ്സിലാക്കേണ്ടതാണ്. അതിനാൽ ഇസ്കോണിൽ ദീക്ഷാഗുരുവായി പ്രവർത്തിക്കുകയെന്നാൽ, ശ്രീല പ്രഭുപാദർ നിർദേശിച്ചിട്ടുള്ളതുപോലെ കൃത്യമായ ഗുരുവായി വർത്തിച്ചുകൊണ്ട് മറ്റു ഇസ്കോൺ അധികാരികളുമായി സഹകരിച്ച്, ജിബിസിയുടെ കീഴിൽ സേവനമനുഷ്ഠിക്കുക എന്നാണർത്ഥം.

ഈ പ്രസ്താവന നിർണ്ണായകമാണെങ്കിലും ഈ തത്ത്വങ്ങൾ ചർച്ചചെയ്യുന്നതിൽ സമ്പൂർണ്ണമല്ല. നമ്മുടെ സ്ഥാപകാചാര്യനായ ശ്രീല പ്രഭുപാദരുടെ സർവ്വപ്രധാന പദവി, നമ്മുടെ സമിതിയിൽ ഗുരുക്കന്മാരുടെ ചുമതലകൾ, ഇസ്കോൺ അംഗങ്ങളുടെ ബന്ധപ്പെട്ട കർത്തവ്യങ്ങൾ എന്നിവയെക്കുറിച്ച് കൂടുതൽ വിവരങ്ങളുള്ള ലേഖനങ്ങളും പ്രസ്താവനകളും ജിബിസി ഭാവിയിൽ പ്രസിദ്ധീകരിച്ചേക്കാം.

## തീരുമാനം :

ഈ പ്രമേയം എല്ലാ ജിബിസി അംഗങ്ങളും ഇസ്കോൺ അംഗങ്ങളുടെ അറിവിന് വേണ്ടി ശരിയായ മാധ്യമത്തിലൂടെ എല്ലാ ഇസ്കോൺ ക്ഷേത്രങ്ങളിലും സമുദായങ്ങളിലും വിതരണം ചെയ്യേണ്ടതാണ്. ആമുഖ കോഴ്സുകൾ, ഇസ്കോൺ ഡിസൈപിൾ കോഴ്സ്, ആത്മീയനേതൃത്വ സെമിനാർ : ഇസ്കോണിൽ ഗുരുവായി വർത്തിക്കൽ എന്നിവ ഉൾഷെടെയുള്ള ഇസ്കോൺ കോഴ്സുകളിലും മറ്റു ബന്ധപ്പെട്ട വേദികളിലും ഈ പ്രസ്താവനകൾ പാഠ്യവിഷയമാക്കേണ്ടതാണ്. ആദ്ധ്യാത്മിക ബന്ധവും കർത്തവ്യവും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ 2012 ൽ ജിബിസി അംഗീകരിച്ചിട്ടുള്ള ഔദ്യോഗികമായ ‘‘ഭരണസംവിധാനങ്ങളുടെ ഐക്യത’’ എന്ന ലേഖനത്തിൽ കണ്ടെത്താവുന്നതാണ്.

## 304. ഇസ്കോൺ വെബ്സൈറ്റുകളിൽ സ്ഥാപകാചാര്യരുടെ പ്രമുഖമായ പ്രതിപാദനം (മാർച്ച് 2013)

ഇസ്കോൺ ക്ഷേത്രങ്ങളുടെ ഇഷോഴുള്ള എണ്ണമറ്റ വെബ്സൈറ്റുകളിൽ അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെ സ്ഥാപകാചാര്യൻ എന്ന നിലയിൽ ദിവ്യപൂജ്യ ശ്രീ ശ്രീമദ് എ.സി. ഭക്തിവേദാന്ത സ്വാമി പ്രഭുപാദരുടെ വ്യക്തിത്വവും നിർദ്ദേശങ്ങളും പ്രതിപാദിക്കുന്നില്ല. പലതിലും ശ്രീല പ്രഭുപാദരുടെ ഒരു ചിത്രംപോലും കൊടുത്തിട്ടില്ല. ചിലതിൽ ശ്രീല പ്രഭുപാദരുടെ ഗ്രന്ഥങ്ങൾ, പ്രഭാഷണങ്ങൾ, വീഡിയോകൾ എന്നിവയ്ക്കുള്ള ലിങ്ക് കൊടുത്തിട്ടുണ്ട്. ഇസ്കോൺ ക്ഷേത്രങ്ങളുടെ എണ്ണമറ്റ വെബ്സൈറ്റുകളിൽ സ്ഥാപകാചാര്യൻ എന്ന ശ്രീല പ്രഭുപാദരുടെ സർവ്വപ്രധാന സ്ഥാനത്തിന് ഒരു പ്രാധാന്യവും നൽകാതെ കാണപ്പെടുന്നു. ഇസ്കോൺ വെബ്സൈറ്റുകളിൽ ശ്രീല പ്രഭുപാദരുടെ സ്ഥാനവും ചിത്രവും എങ്ങനെ പ്രദർശിപ്പിക്കണമെന്ന് പ്രത്യേകിച്ച് പ്രതിപാദിച്ചിട്ടില്ലാത്ത ഈ അവസ്ഥയിൽ ചില സൈറ്റുകളിലെ ആമുഖപേജിൽ ‘‘ഇസ്കോൺ’’, ‘‘പ്രഭുപാദർ’’ എന്നിവ വളരെ മങ്ങിയ അക്ഷരത്തിൽ ചെറുതായി കൊടുത്തിട്ടുണ്ട്.

## തീരുമാനം :

ഇസ്കോൺ സമിതി പ്രസിദ്ധീകരിക്കുന്ന എല്ലാ വെബ് സൈറ്റുകളുടെയും പ്രധാന പേജിൽ ശ്രീല പ്രഭുപാദരുടെ ചിത്രം കാണിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത് അതാത് കേന്ദ്രത്തിലെ ഔദ്യോഗികരുടെ ഉത്തരവാദിത്വമാണ്. ഈ ചിത്രം മറ്റേത് വ്യക്തികളുടെ (ജിബിസി, ടെമ്പിൾ പ്രസിഡന്റ്, ഗുരു തുടങ്ങിയവരുടെ) ചിത്രത്തേക്കാളും വലുതായിരിക്കണം. ശ്രീല പ്രഭുപാദരെ അദ്ദേഹത്തിന്റെ ഔദ്യോഗിക നാമവും പദവിയും കാണിച്ച് അഭിസംബോധന ചെയ്തിരിക്കണം. ‘‘ദിവ്യപൂജ്യ ശ്രീ ശ്രീമദ് എ. സി. ഭക്തിവേദാന്ത സ്വാമി പ്രഭുപാദർ, അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതി സ്ഥാപകാചാര്യൻ’’ അല്ലെങ്കിൽ ‘‘ഇസ്കോൺ സ്ഥാപകാചാര്യൻ ദിവ്യപൂജ്യ ശ്രീ ശ്രീമദ് എ. സി. ഭക്തിവേദാന്ത സ്വാമി പ്രഭുപാദർ’’ അല്ലെങ്കിൽ തത്തുല്യമായ സംബോധന കാണിച്ചിരിക്കണം.

വെബ്സൈറ്റിന്റെ സന്ദർശകർക്ക് ശ്രീല പ്രഭുപാദരുടെ നിർദ്ദേശങ്ങളും വീഡിയോ റെക്കോഡിങ്ങുകളും കാണാൻ സാധിക്കുംവിധം അവയുടെ ലിങ്കുകൾ എല്ലാ വെബ്സൈറ്റുകളുടെയും പ്രധാനപേജിൽ കൊടുക്കേണ്ടതാണ്. അങ്ങനെ കൊടുത്തിട്ടുള്ള അദ്ദേഹത്തിന്റെ ചിത്രവും നാമവും സ്ഥാനവും മറ്റേത്

വ്യക്തിയുടെ ചിത്രത്തിൽ നിന്നും വേർതിരിച്ച് നൽകിയിരിക്കണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ശ്രീല പ്രഭുപാദർ മാത്രമായിരിക്കണം ആ ചിത്രത്തിലുണ്ടായിരിക്കേണ്ടത്. ശ്രീല പ്രഭുപാദരുടെ നാമവും പദവിയും കാണിച്ചിരിക്കുന്ന അക്ഷരം വളരെ സ്പഷ്ടമായിരിക്കണം. ഈ തീരുമാനം പാസ്സാക്കി 90 ദിവസത്തിനകം എല്ലാ ഇസ്കോൺ സെന്ററുകളുടെയും വെബ് സൈറ്റുകൾ ഈ നിലവാരത്തിലുള്ളതാക്കണം.

## 305. ഭരണസംവിധാനങ്ങളുടെ ഐക്യത എന്ന പ്രസിദ്ധീകരണം വായിച്ചിരിക്കേണ്ടതാണ് (ഇസ്കോൺ നിയമം)

ഇസ്കോണിൽ വിവിധ അധികാരികൾ തമ്മിൽ ഐക്യത വേണ്ടതാണ്.

ഭക്തന്മാരുടെ ജീവിതത്തിൽ ദീക്ഷ നൽകുന്ന ആത്മീയ ആചാര്യന്മാർ സുപ്രധാന പങ്ക് വഹിക്കുമ്പോൾ മറ്റ് ഇസ്കോൺ അധികാരികളും വളരെ പ്രധാനപ്പെട്ടവരാണ്. ഗുരുക്കന്മാരുടെയും മറ്റ് ഇസ്കോൺ അധികാരികളുടെയും സേവനത്തിലെ ഐക്യത എങ്ങനെ വളർത്തിയെടുക്കാമെന്ന് ''ഭരണസംവിധാനങ്ങളുടെ ഐക്യത'' എന്ന ജിബിസി പ്രസിദ്ധീകരണം വ്യക്തമാക്കുന്നു.

### തീരുമാനം :

ഹരിനാമ ദീക്ഷയെടുക്കുന്നതിന് മുൻപ് എല്ലാവരും ''ഭരണസംവിധാനങ്ങളുടെ ഐക്യത'' എന്ന ജിബിസി പ്രസിദ്ധീകരണം വായിച്ചിരിക്കേണ്ടതാണ്. ഇത് ഹരിനാമ ദീക്ഷയ്ക്കായി ശുപാർശ ചെയ്യുന്ന ഇസ്കോൺ അധികാരിയും ദീക്ഷ നൽകുന്ന ഗുരുവും ഉറപ്പുവരുത്തേണ്ടതാണ്. മൂന്ന് മാസത്തിനകം എല്ലാ ജിബിസി സോണൽ സെക്രട്ടറിമാരും ഈ പ്രസിദ്ധീകരണം അവരുടെ പരിധിയിലുള്ള എല്ലാ ഭക്തന്മാർക്കും ലഭിക്കുംവിധം വിവർത്തനം ചെയ്യുകയും അത് എല്ലാ അംഗീകൃത ദീക്ഷാഗുരുക്കന്മാർ, നാഷണൽ കൗൺസിൽ, മറ്റ് റീജണൽ ബോഡീസ്, ടെമ്പിൾ പ്രസിഡന്റ്, കോൺഗ്രിഗേഷണൽ ലീഡർസ്, മറ്റ് ഭാരവാഹികൾ എന്നിവർക്ക് വിതരണം ചെയ്യേണ്ടതുമാണ്.

## 306. ദീക്ഷാ ഗുരുവിനെ സ്വീകരിക്കുന്നതിനുമുമ്പുള്ള നിർദ്ദിഷ്ട പരീക്ഷയിലുള്ള ഭേദഗതികൾ (ഇസ്കോൺ നിയമം)

ശ്രീല പ്രഭുപാദരുടെ പദവിയെക്കുറിച്ചുള്ള ജിബിസി വസ്തുതയും ''ഭരണസംവിധാനങ്ങളുടെ ഐക്യത'' എന്ന പ്രസിദ്ധീകരണവും ജിബിസി അംഗീകരിക്കുകയും അത് ഹരിനാമ ദീക്ഷയെടുക്കുന്നവർ വായിച്ചിരിക്കണം എന്ന് നിർബന്ധമാക്കുകയും ചെയ്തു. മാത്രമല്ല എല്ലാ അപേക്ഷാർത്ഥികളും ഇത് മനസ്സിലാക്കിയിരിക്കണം എന്നത് വളരെ പ്രധാനമാണ്. ഇസ്കോൺ നിയമം 7.2.1.1.6 പ്രകാരം ഹരിനാമ ദീക്ഷയെടുക്കുന്ന എല്ലാവരും ദീക്ഷയ്ക്ക് മുൻപ് അതിനുള്ള പരീക്ഷ എഴുതിയിരിക്കേണ്ടതാണ്. ഈ പരീക്ഷ അവർ ഇത്തരം പ്രസിദ്ധീകരണങ്ങൾ വായിച്ചിട്ടുണ്ടെന്നും പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റിയുള്ള അവരുടെ ജ്ഞാനത്തെക്കുറിച്ചും മനസ്സിലാക്കുവാൻ സഹായിക്കുന്നു.

### തീരുമാനം :

(a) ഹരിനാമ ദീക്ഷയെടുക്കുന്നതിന് മുൻപ് എഴുതേണ്ട പരീക്ഷയിൽ താഴെയുള്ള മൂന്ന് ചോദ്യങ്ങൾകൂടി ചേർക്കുംവിധം ഇസ്കോൺ നിയമം 7.2.1.1.6 ൽ മാറ്റം വരുത്തേണ്ടതാണ്.

14. ശ്രീല പ്രഭുപാദരുടെ സ്ഥാനത്തെക്കുറിച്ചുള്ള ജിബിസി വസ്തുത നിങ്ങൾ വായിച്ചിട്ടുണ്ടോ ?

15. ''ഭരണസംവിധാനങ്ങളുടെ ഐക്യത'' എന്ന പ്രസിദ്ധീകരണം നിങ്ങൾ വായിച്ചിട്ടുണ്ടോ ?

16. ''ഭരണസംവിധാനങ്ങളുടെ ഐക്യത'' എന്ന പ്രസിദ്ധീകരണത്തിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയമായി നിങ്ങൾ മനസ്സിലാക്കിയതെന്താണ് ?

(b) എല്ലാ ജിബിസിയ്ക്കും ഗുരുക്കന്മാർക്കും വേണ്ടി ഗുരു സർവ്വീസ് കമ്മിറ്റി ദീക്ഷയ്ക്കുള്ള പരീക്ഷയിൽ തദനുസൃതമായി വേണ്ട മാറ്റങ്ങൾ വരുത്തേണ്ടതാണ്.

# അനുബന്ധം 3 ഇസ്കോണിലെ ദീക്ഷാഗുരുവിന് നിർബന്ധമായും വേണ്ട യോഗ്യതകൾ

ഇസ്കോൺ നിയമം 6.2.1 ജിബിസി 2010 തീരുമാനം

ദീക്ഷയെടുത്ത് കുറഞ്ഞത് പത്ത് വർഷമെങ്കിലും തികഞ്ഞിരിക്കണം

നാല് ക്രമീകൃത തത്ത്വങ്ങൾ കർശനമായി പാലിക്കുകയും, പ്രഭാത പരിപാടികളിൽ കൃത്യമായും പങ്കെടുക്കുകയും, ദിവസവും പതിനാറ് മാല ജപിക്കുകയും, കഴിഞ്ഞ പത്ത് വർഷത്തിൽ നല്ലനിലയിൽ വർത്തിക്കുകയും ചെയ്തിരിക്കണം.

വൈഷ്ണവ തത്ത്വങ്ങൾക്കെതിരായുള്ള പെരുമാറ്റങ്ങളോട് താൽപര്യം പ്രകടിപ്പിക്കരുത്.

പ്രചരണ പ്രവർത്തനങ്ങളിൽ നൈപുണ്യമുണ്ടായിരിക്കണം.

ശാസ്ത്രങ്ങളുടെ ജ്ഞാനത്തിലും അത് മനസ്സിലാക്കുന്നതിലും കഴിവുണ്ടായിരിക്കണം.

കെട്ടുകഥകളൊന്നും ചമയ്ക്കാതെ, കർശനമായും പരമ്പരയ്ക്കനുസൃതമായി, സിദ്ധാന്തങ്ങളിലും നിർണായക സത്യത്തിലും ഉറച്ചിട്ടുള്ള ശാസ്ത്രങ്ങളുടെ ജ്ഞാനത്തോടെ പ്രചരണം ചെയ്യണം.

പ്രായോഗിക പ്രചരണത്തിലും ഗുണദോഷിക്കലിലും കഴിവുണ്ടായിരിക്കണം.

ശ്രീല പ്രഭുപാദരോടും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളോടും ഇസ്കോണിനോടുമുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥതയ്ക്ക് വിരുദ്ധമായയോ വിട്ടുവീഴ്ച ചെയ്യുന്നതോ ആയ മറ്റൊന്നിനോടും കൂറ് പുലർത്തരുത്.

പുസ്തക വിതരണവും മറ്റ് ഇസ്കോൺ പദ്ധതികളും വളർത്തിയെടുക്കുവാനുള്ള ശക്തമായ പ്രതിബദ്ധതയോടെ ശ്രീല പ്രഭുപാദരുടെ സംരംഭം മനസ്സിലാക്കുകയും അതിന് സമർപ്പണം ചെയ്യുകയും വേണം.

ജിബിസിയെ ഇസ്കോണിലെ അന്തിമ അധികാരിയായി അംഗീകരിക്കുകയും അതിന് സഹായിക്കുകയും പിന്തുടരുകയും വേണം.

ഏതെങ്കിലും ഇസ്കോൺ സെന്ററിലോ ഇസ്കോൺ അംഗീകൃതമായ മറ്റ് പ്രചരണ പരിപാടികളിലോ ഉള്ള ഭക്തിയുത സേവനത്തിൽ പൂർണ്ണമായും മുഴുകണം.

കഴിഞ്ഞ പത്ത് വർഷകാലത്തേയ്ക്കെങ്കിലും കുറ്റകൃത്യങ്ങളിലൊന്നും ഏർപ്പെടുകയോ താഴെകൊടുത്തിട്ടുള്ളവയ്ക്ക് ഉത്തരവാദിയാവുകയോ ചെയ്തിരിക്കാൻ പാടില്ല :

ധനത്തിന്റെയോ മറ്റ് ആസ്തികളുടെയോ അനൗചിത്യപരമായ ഉപയോഗം

തന്റെ നിയന്ത്രണത്തിലുള്ള ധനവും ആസ്തികളും അനുചിതമായി കൈകാര്യം ചെയ്തതുമൂലം നിയമപരമായ കുരുക്കിൽ അകപ്പെടൽ

അനധികൃതമായ പ്രവർത്തനങ്ങളിലൂടെ വളരെ വലിയ ധന നഷ്ടത്തിന് കാരണമാവുക.

ജിബിസി നിയമപ്രകാരമുള്ള സദാചാരചട്ടങ്ങൾ ലംഘിക്കുന്ന പ്രവൃത്തികളിലേർപ്പെടുന്നത്

ഗുരുപരിശീലന സെമിനാറുകളിൽ പങ്കെടുക്കേണ്ടത് മറ്റൊരു അവശ്യകതയാണ്.

## വിവേചനപരമായ യോഗ്യതകൾ

ആത്മീയ ബിരുദങ്ങൾ - ഭക്തി ശാസ്ത്രി, ഭക്തി വൈഭവ്, ഭക്തി വേദാന്ത (ലഭ്യമാണെങ്കിൽ) - എന്നിവയാണ് എതിർപ്പില്ലാതെ ഇസ്കോണിൽ ഗുരുവായി സേവനം ചെയ്യാനുള്ള അഭിലഷണീയമായ യോഗ്യതകൾ.

ഗുരുവിന്റെ പെരുമാറ്റച്ചട്ടങ്ങൾ പാലിക്കുവാൻ ഈ വ്യക്തിയ്ക്ക് കഴിയില്ല എന്ന് സംശയം ജനിപ്പിക്കുന്ന തരത്തിലുള്ള സാഹചര്യങ്ങളോ സ്വഭാവമോ പെരുമാറ്റമോ ഉണ്ടാകാതിരിക്കണം.

അസാധാരണവും തികച്ചും വ്യക്തിപരമായതുമായ കാര്യങ്ങളിൽ ഇടപെടരുത്. ഉദാഹരണമായി ഒരു ഗുരുവിന്റെ കർത്തവ്യങ്ങളിൽനിന്നും അദ്ദേഹത്തെ വ്യതിചലിപ്പിക്കുകയോ അനുയായികൾക്ക് ശല്യമായിത്തീരുകയോ ചെയ്യുന്നരീതിയിൽ അസ്വസ്ഥമായ ഒരു കുടുംബ സാഹചര്യം.

എല്ലാ വ്യവഹാരങ്ങളിലും സദാ ഉത്തരവാദമുള്ളവനും വിശ്വസ്തനും ആദരണീയനുമായിരിക്കണം.

# അനുബന്ധം 4 ഗുരുക്കന്മാരുടെ പെരുമാറ്റ ചട്ടങ്ങൾ

ഇസ്കോൺ നിയമം 6.4.3

സദാ എല്ലാ ഭക്തന്മാർക്കും ഒരു ഉത്തമ ഉദാഹരണമായിരിക്കണം.
ഇസ്കോണിൽ പഠിപ്പിക്കുകയും പാലിക്കുകയും ചെയ്യുന്ന ശ്രീല പ്രഭുപാദരുടെ നിർദ്ദേശങ്ങൾ പിന്തുടരാൻ ശിഷ്യന്മാരെ ഉപദേശിക്കണം.
എല്ലാ ഇസ്കോൺ ഭക്തന്മാരുടെയും അവരുടെ ഗുരുവിലും ശ്രീല പ്രഭുപാദരിലും കൃഷ്ണനിലും ഉള്ള വിശ്വാസം കാത്തുസൂക്ഷിക്കുകയും അത് വളർത്തിയെടുക്കുകയും ചെയ്യണം.
നിലവിലുള്ള അംഗങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കുകയും പുതിയതായി വരുന്നവർക്ക് ഇസ്കോണിനോടുള്ള വിശ്വാസം വളർത്തിയെടുക്കുകയും ചെയ്യണം.
അംഗീകാര പ്രക്രിയ പൂർണ്ണമാകാതെ ദീക്ഷ നൽകുവാൻ പാടില്ല.
ശിഷ്യന്മാരുടെ എണ്ണം കൂട്ടുവാൻവേണ്ടി അവരോട് അഭ്യർത്ഥിക്കരുത്.
ദീക്ഷയെടുത്തിട്ടില്ലാത്ത എല്ലാ ഭക്തന്മാർക്കും അവരുടെ ഇച്ഛയ്ക്കനുസരിച്ച് ഏത് ഗുരുവിൽനിന്ന് ദീക്ഷ സ്വീകരിക്കണമെന്ന് തീരുമാനിക്കാനുള്ള മുഴുവൻ സ്വാതന്ത്ര്യവും നൽകണം.
ആദ്യകാലങ്ങളിൽ അദ്ദേഹത്തെ ശരണം പ്രാപിച്ച ദീക്ഷയെടുത്തിട്ടില്ലാത്ത ഭക്തന്മാർക്ക് അവരുടെ ഇഷ്ടമനുസരിച്ച് ദീക്ഷാഗുരുവിനെ മാറ്റുവാനുള്ള സ്വാതന്ത്ര്യം നൽകണം.
ഒരു ഇസ്കോൺ ഗുരു സ്വീകരിക്കുന്ന ഗുരുദക്ഷിണ ഇസ്കോണിന്റെ സമ്പത്താകയാൽ അത് കൃഷ്ണാവബോധ സമിതിയുടെ പ്രയോജനത്തിനുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണ്. എല്ലാ ഗുരു ദക്ഷിണയും ഒരു പ്രത്യേക അക്കൗണ്ടിൽ, ഇസ്കോണിന്റെ പേരിലുള്ള അക്കൗണ്ടിൽ, കുറഞ്ഞത് രണ്ട് കൈയ്യൊപ്പുകളോടുകൂടി സൂക്ഷിക്കേണ്ടതാണ്. അതിന് ശരിയായ കണക്കുകളും രേഖപ്പെടുത്തിയിരിക്കണം.
ദീക്ഷയ്ക്ക് യോഗ്യനാക്കുവാൻ ഒരു ശിഷ്യനോട് എന്തെങ്കിലും സംഭാവനയോ അല്ലെങ്കിൽ മറ്റു സാമ്പത്തിക ബാധ്യതകളോ ആവശ്യപ്പെടുന്നത് വിലക്കിയിരിക്കുന്നു.
ഒരു ഗുരു തന്റെ വ്യക്തിപരമായ സേവനങ്ങൾക്കായും യാത്രകൾക്കായും വളരെ ചുരുങ്ങിയ ശിഷ്യന്മാരെ മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ. എതിർ ലിംഗത്തിലുള്ള ഒരു വ്യക്തിയെയോ, എതിർ ലിംഗത്തിലുള്ള വിവാഹിതരായ അംഗത്തെ അവരുടെ പങ്കാളിയില്ലാതെ ഒറ്റയ്ക്കോ തന്റെ നേരിട്ടുള്ള വ്യക്തിപരമായ സേവനത്തിൽ ഏർപ്പെടുത്തുകയോ ശാസ്ത്രം വിലക്കിയിട്ടുള്ളതുപോലെ അവരുമായി ഏകാന്തതയിൽ ഇരിക്കുവാനോ പാടില്ല.

### 6.4.3.2 ജിബിസി ബോഡിയെ സംബന്ധിച്ചുള്ള നിലവാരങ്ങൾ

ജിബിസിയെ ശ്രീല പ്രഭുപാദരുടെ തെരെഞ്ഞെടുക്കപ്പെട്ട പിൻഗാമിയായും ഇസ്കോണിലെ അന്തിമ അധികാരിയായും ബഹുമാനിച്ച് സേവന മനോഭാവം പുലർത്തേണ്ടതാണ്.
ശ്രീല പ്രഭുപാദരുടെ പരമ്പരയിലുള്ള ഗുരുവെന്ന നിലയിൽ ഇസ്കോണിൽ പ്രവർത്തിക്കാൻ അദ്ദേഹത്തിന്റെ ആജ്ഞകൾ അനുസേരിക്കേണ്ടതാണ്. അതിനാൽ അദ്ദേഹത്തിന്റെ അധികാരിയായി ജിബിസിയെ അംഗീകരിക്കുകയും അതിന്റെ നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യണം.
പുതിയ ശിഷ്യന്മാർക്ക് ദീക്ഷ നൽകാതിരിക്കൽ തുടങ്ങി ജിബിസി ചുമത്തുന്ന ഏത് തരത്തിലുള്ള അച്ചടക്ക നടപടികൾക്കും വിധേയനാകണം.

### 6.4.3.3 ജിബിസി സോണൽ സെക്രട്ടറിയെ സംബന്ധിച്ചുള്ള നിലവാരം

ജിബിസി സോണൽ സെക്രട്ടറിമാരുമായി സഹകരിച്ച് അവരുടെ നേതൃത്വത്തിന് കീഴിൽ പ്രവർത്തിക്കണം.
ലോക്കൽ ജിബിസി സോണൽ സെക്രട്ടറിയുമായി കൂടിയാലോചിക്കാതെ തന്റെ വസതി മാറാൻ പാടില്ല, എന്തുകൊണ്ടെന്നാൽ അത്തരം മാറ്റം ക്ഷേത്രത്തെയും ഭക്തന്മാരെയും ബാധിക്കും.
പ്രതിവർഷം സാമ്പത്തിക രേഖകൾ ജിബിസി സെക്രട്ടേറിയെറ്റിനെ വെളിപ്പെടുത്തേണ്ടതാണ്.

### 6.4.3.4 ഇസ്കോൺ ആത്മീയ അധികാരികൾ സംബന്ധിച്ചുള്ള നിലവാരം

ലോക്കൽ ഇസ്കോൺ അധികാരികളുമായി സഹകരിച്ച് പ്രവർത്തിക്കണം.
ബന്ധപ്പെട്ട ഇസ്കോൺ ആത്മീയ അധികാരിയിൽനിന്നും ശുപാർശ ലഭിക്കാത്ത ഒരു ഭക്തന് ദീക്ഷ നൽകാൻ പാടില്ല.
ഇസ്കോൺ അധികാരികളുമായി സഹകരിച്ച് പ്രവർത്തിക്കാനും എന്തെങ്കിലും സ്വരചേർച്ച നഷ്ടപ്പെടുന്നപക്ഷം ശരിയായ വൈഷ്ണവരീതി പാലിക്കുവാനും സ്വന്തം ശിഷ്യന്മാരെയും മറ്റ് ഭക്തന്മാരെയും നിർദ്ദേശിക്കണം.

ഇസ്കോൺ അധികാരികളുമായി നല്ല ഒരു സുഹൃദ്ബന്ധം നിലനിർത്തണം. അവരെ യാതൊരു രീതിയിലും തരംതാഴ്ത്തരുത്.

ക്ഷേത്ര അദ്ധ്യക്ഷനും പദ്ധതി നേതാക്കളും ഭക്തന്മാരെ അവരുടെ കർമ്മങ്ങളിൽ മുഴുകിപ്പിക്കുവാൻ പൂർണ്ണ ഉത്തരവാദികളായതിനാൽ, സേവനം, സ്ഥലം, ആശ്രമം എന്നിവ മാറുമ്പോൾ അത് ഭക്തന്മാരുടെ ലോക്കൽ അധികാരിയുമായി കൂടിയാലോചിക്കാതെ ഭക്തന്മാരുമായി ചർച്ച ചെയ്യരുത്.

## 6.4.5 ജിബിസിയാൽ നൽകപ്പെടുന്ന ഗുരുവിന്റെ വിലക്കുകൾ

ജിബിസി ബോഡിയ്ക്ക് ഒരു ഗുരുവിന്റെ ദുർനടപ്പിനെതിരായി താഴെപ്പറയുന്ന വിലക്കുകൾ നൽകാവുന്നതാണ്.

### 6.4.5.1 താക്കീത് (അല്ലെങ്കിൽ ശാസന)

ഒരു ഗുരു ആത്മീയ പരിശീലനങ്ങൾ ത്യജിക്കുകയോ അതിൽനിന്ന് വ്യതിചലിക്കുകയോ ചെയ്യുന്നതായി കണ്ടാൽ, എന്നാൽ അത്തരം വ്യതിചലനങ്ങൾ വലിയതോതിലോ സ്ഥിരമോ അല്ലാത്തപക്ഷം, അല്ലെങ്കിൽ ഒരു ഗുരുവിനുള്ള അംഗീകൃത പെരുമാറ്റങ്ങളും നിലവാരങ്ങളും ലംഘിക്കുന്നപക്ഷം (തന്ത്രപൂർവ്വം ശിഷ്യന്മാരെ ചേർക്കാൻ ശ്രമിക്കുന്നതുപോലുള്ള) ആ ഗുരുവിന് രഹസ്യമായി താക്കീത് (അല്ലെങ്കിൽ ശാസന) നൽകേണ്ടതാണ്.

### 6.4.5.2 പരീക്ഷണഘട്ടം

താക്കീതിനെ വകവയ്ക്കാതിരിക്കുകയും, ആത്മീയ പരിശീലനങ്ങൾ ത്യജിക്കുന്നതും അതിൽനിന്ന് വ്യതിചലിക്കുന്നതും കൂടുതൽ ഗൗരവമാവുകയും, ഗുരുവിനുള്ള അംഗീകൃത പെരുമാറ്റങ്ങളും നിലവാരങ്ങളും ലംഘിക്കുന്നത് ഗൗരവമാവുകയും ചെയ്യുന്നപക്ഷം ആ ഗുരുവിനെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നവിധം പ്രത്യേക നിബന്ധനകളോടെ അദ്ദേഹത്തെ പരീക്ഷണഘട്ടത്തിൽ നിർത്താവുന്നതാണ് (ദീക്ഷ നൽകുവാനുള്ള അധികാരം താൽക്കാലികമായി എടുത്തുമാറ്റുന്നതുൾപ്പെടെ). അത് കൂടാതെ അദ്ദേഹത്തിന്റെ തെറ്റ് തിരുത്തലിനും തദ്ഫലമായി പുഃനസ്ഥാപിക്കാനും വേണ്ടി ഏതെങ്കിലും പരിപാടിയുടെ ഭാഗമായി ചെയ്യാവുന്ന പ്രത്യേക പ്രവർത്തനങ്ങളും പൊതുവായുള്ള ശുപാർശകളും നൽകാവുന്നതാണ്.

### 6.4.5.3 താല്കാലിക നീക്കം

ഒരു ഗുരു പരീക്ഷണ ഘട്ടത്തിന്റെ നിബന്ധനകൾ വകവയ്ക്കാതെ, ഒന്നോ അതിലേറെയോ ക്രമീകൃത തത്ത്വങ്ങൾ ആവർത്തിച്ച് പാലിക്കാതെ വരുകയോ, നിലവിലുള്ള ഇസ്കോണിനെയും ജിബിസി തത്ത്വങ്ങളെയും ഗൗരവമായും ഹാനികരമായും വകവയ്ക്കാതെ പെരുമാറുകയോ, അംഗീകാരമില്ലാതെ അദ്ദേഹത്തിന്റെ സന്ന്യാസ ആശ്രമം ഉപേക്ഷിക്കുകയോ, ഇസ്കോൺ പ്രസ്ഥാനത്തെയും ഭക്തസംഘത്തെയും ഉപേക്ഷിക്കുകയോ, കൃത്യമായ സാധനയിൽനിന്നും പൂർണ്ണമായും വ്യതിചലിക്കുകയോ ചെയ്യുകയാണെങ്കിൽ അദ്ദേഹത്തെ താല്ക്കാലികമായി നീക്കം ചെയ്യാവുന്നതാണ്. അങ്ങനെ ഒരു ഗുരുവിനെ താല്ക്കാലികമായി നീക്കം ചെയ്താൽ അദ്ദേഹം ദീക്ഷ നൽകാനോ, അദ്ദേഹത്തിന്റെ ശിഷ്യന്മാരുമായി പരമശിക്ഷാപദവി നിലനിർത്തുവാനോ, ആത്മീയ ഗുരുവായി പരിചയപ്പെടുത്തുവാനോ, ഗുരു പൂജയോ ദക്ഷിണയോ സ്വീകരിക്കുന്നത് പോലുള്ള ചടങ്ങുകൾ നടത്തുവാനോ പാടില്ല.

### 6.4.5.4 നീക്കം ചെയ്യൽ

ഒരു ഗുരു ഇസ്കോണുമായും ശ്രീല പ്രഭുപാദരുമായും പ്രത്യക്ഷമായി ശത്രുതയിലാവുകയോ, ആസുരികമായി പ്രവർത്തിക്കുകയോ, നിർവ്യക്തിഗതവാദിയാവുകയോ (മായാവാദി), ചൈതന്യ മഹാപ്രഭുവിന്റെ തത്ത്വങ്ങൾക്കെതിരായുള്ള അപസമ്പ്രദായക്കാരുടെ അനധികൃതമായ തത്ത്വങ്ങൾ പ്രചരിപ്പിക്കുകയോ, ലജ്ജയില്ലാതെ നിരന്തരം ഇസ്കോണിനെയും ജിബിസി തത്ത്വങ്ങളെയും എതിർക്കുകയോ, ആ ഗുരുവിന്റെ ഇന്ദ്രിയാസ്വാദനത്തിനുള്ള ആസക്തി ഗൗരവവും വിസ്താരമായതും നിരാശപ്പെടുത്തുന്നതും ആവുകയോ ചെയ്യുന്നപക്ഷം ശാസ്ത്രവിധിയനുസരിച്ച് അദ്ദേഹത്തെ ദീക്ഷാഗുരു അല്ലെങ്കിൽ ശിക്ഷാഗുരു എന്ന പദവിയിൽനിന്നും നീക്കം ചെയ്യേണ്ടതാണ്.

# അനുബന്ധം 5 ഇസ്കോണിൽ ദീക്ഷയ്ക്ക് വേണ്ട യോഗ്യതകൾ (പ്രസക്ത ഭാഗങ്ങൾ)

## 7.2 ദീക്ഷയ്ക്കുള്ള അപേക്ഷാർത്ഥിയുടെ ഉത്തരവാദിത്വങ്ങൾ

സ്വന്തം ബുദ്ധിയുപയോഗിച്ച് ശരിയായ രീതിയിൽ ഒരു പ്രത്യേക ഭക്തനെ ആത്മീയ ഗുരുവായി തിരഞ്ഞെടുക്കേണ്ടത് ദീക്ഷയ്ക്കുള്ള അപേക്ഷാർത്ഥിയുടെ വ്യക്തിപരമായ ഉത്തരവാദിത്വമാണ്. ആത്മീയ ഗുരുവുമായി ദൃഢമായ ബന്ധം സ്ഥാപിച്ച് അദ്ദേഹത്തിന് ഭക്തനെ തിരിച്ച് ഭഗവദ് സന്നിധിയിലേക്ക് എത്തിക്കാനുള്ള കഴിവിൽ പക്വതയുള്ള വിശ്വാസം വളർത്തിയെടുത്തതിന്ശേഷം മാത്രമേ ദീക്ഷ സ്വീകരിക്കാൻ പാടുള്ളൂ. ഒരു ഭക്തന്റെ പുരോഗതിയുടെ അളവിനെ കണക്കാക്കാനുള്ള ആധികാരികങ്ങളായ റെഫറൻസുകൾ ഗുരു, സാധു, ശാസ്ത്രം എന്നിവ ആണ്. ഇസ്കോൺ ഗുരു എന്ന അംഗീകാരം ലഭിച്ചു എന്നതുകൊണ്ടർത്ഥമാക്കുന്നത് ആ ഭക്തൻ ഇസ്കോൺ നിയമത്തിൽ പറഞ്ഞിട്ടുള്ള അംഗീകാര പ്രക്രിയ വിജയകരമായി പൂർത്തിയാക്കിയെന്നും, ചില മുതിർന്ന ഭക്തന്മാരുടെ കണക്കുകൂട്ടലിൽ ഇവർ ഇസ്കോൺ നിയമത്തിൽ നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കും നിലവാരങ്ങൾക്കും അനുസരിച്ച് പുരോഗമിച്ചിട്ടുണ്ടെന്നുമാണ്. എന്നിരുന്നാലും അത്തരം അംഗീകാരം ആചാര്യന്റെ ഭഗവദ് സാക്ഷാത്കാരത്തിന്റെ അളവിനെ കാണിക്കുന്ന പ്രസ്താവനയായോ അപേക്ഷാർത്ഥിയുടെ ബുദ്ധിപരമായ വകതിരിവിന് പകരം വയ്ക്കുന്ന ഒന്നായോ കാണുവാൻ പാടില്ല.

## 7.2.1 ആദ്യത്തെ (ഹരിനാമ) ദീക്ഷ

### 1 ആദ്യത്തെ ദീക്ഷയ്ക്കുള്ള യോഗ്യതകൾ

### 1.1 ഒരു വർഷത്തെ പ്രാരംഭകാലഘട്ടം

ഹരിനാമ ദീക്ഷ സ്വീകരിക്കുവാൻ കുറഞ്ഞത് ഒരു വർഷത്തേയ്ക്കെങ്കിലും മുടങ്ങാതെ പ്രതിദിനം പതിനാറ് മാല ജപിക്കുകയും നാല് യമനിയമങ്ങൾ കർശനമായി പാലിക്കുകയും ചെയ്ത് ഭക്തിയുതസേവനത്തിൽ മുഴുകിയിരിക്കണം.

ഇസ്കോൺ ഭക്തന്മാർ പുതിയ അംഗങ്ങളെ ശ്രീല പ്രഭുപാദരെ അഭയം പ്രാപിക്കാനും അവർക്ക് നേരിട്ട് കൃഷ്ണാവബോധത്തിൽ ഉപദേശങ്ങൾ നൽകുന്നവരുടെ സംഘവും മാർഗ നിർദ്ദേശവും സ്വീകരിക്കാനും ഉപദേശിക്കണം. ഇസ്കോൺ അംഗങ്ങൾക്ക് എപ്പോൾ ആരിൽനിന്ന് ദീക്ഷ സ്വീകരിക്കണം എന്ന് തിരഞ്ഞെടുക്കാവുന്നതാണ്. സ്ഥാപകാചാര്യനും സർവ്വപ്രധാന ശിക്ഷാഗുരുവും എന്ന നിലയിൽ ശ്രീല പ്രഭുപാദരിൽ അവരുടെ ശ്രദ്ധ കേന്ദ്രീകരിക്കണം.

ശ്രീല പ്രഭുപാദരുടെ ശിക്ഷണങ്ങളിൽ ദൃഢമായ ഒരു ബന്ധം സ്ഥാപിച്ച് കുറഞ്ഞത് ആറുമാസത്തേയ്ക്കെങ്കിലും കർശനമായ സാധന പാലിച്ചതിനുശേഷം ഒരു അംഗീകൃത ഇസ്കോൺ ഭക്തനെ അവരുടെ ഭാവിയിലെ ദീക്ഷാഗുരുവായി സ്വീകരിക്കണം. തുടർന്നുള്ള ആറ് മാസം കഴിഞ്ഞശേഷം അദ്ദേഹത്തിൽനിന്ന് വൈഷ്ണവ ദീക്ഷ സ്വീകരിക്കാവുന്നതാണ്. വിശ്വസ്തത, ആസക്തി, മമത എന്നിവയെ അടിസ്ഥാനപ്പെടുത്തി ശ്രീല പ്രഭുപാദരുമായുള്ള ഒരു ഭക്തന്റെ ബന്ധം ശക്തിപ്പെടുത്തുക എന്നതാണ് ഇസ്കോണിലെ ശിക്ഷയും ദീക്ഷയും കൊണ്ടുദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കണം.

ആരിൽ നിന്ന് ദീക്ഷ സ്വീകരിക്കണം എന്ന് തീരുമാനിച്ചശേഷം ആ ഗുരുവിന്റെ സമ്മതം നേടുകയും ലോക്കൽ ടെമ്പിൾ പ്രസിഡന്റ് അല്ലെങ്കിൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ആത്മീയ ഗുരുവിന്റെ പ്രണാമ മന്ത്രം ഉച്ചരിച്ച് അദ്ദേഹത്തെ ആരാധിക്കുവാൻ തുടങ്ങുകയും വേണം. സ്വന്തം ദീക്ഷാഗുരുവിന്റെ പ്രണാമ മന്ത്രം ഉച്ചരിച്ചശേഷം എല്ലാ പ്രശിഷ്യനും ഭാവി തലമുറയും സ്ഥാപകാചാര്യന്റെ ബഹുമാന സൂചകമായി ശ്രീല പ്രഭുപാദരെ നമസ്കരിക്കുമ്പോൾ അദ്ദേഹത്തിന്റെ ആദ്യത്തെ പ്രണാമ മന്ത്രമെങ്കിലും ഉരുവിടേണ്ടതാണ്. ഭാവി ഗുരുവിന്റെ ആശ്രയം സ്വീകരിച്ച് അത് ലോക്കൽ ടെമ്പിൾ പ്രസിഡന്റ് അല്ലെങ്കിൽ അവരുടെ അധികാരികളെ അറിയിക്കുകയും ചെയ്ത് കുറഞ്ഞത് ആറ് മാസം കഴിഞ്ഞശേഷം മാത്രമേ ശരിയായ ദീക്ഷ സാധ്യമാകൂ.

### 1.4 ക്ഷേത്രസമൂഹത്തിൽ വസിക്കുന്ന ഭക്തന്മാർ

മുകളിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾക്ക് പുറമെ ക്ഷേത്രസമൂഹത്തിൽ വസിക്കുന്ന ഭക്തന്മാർ ഒരു വർഷത്തെ പ്രാരംഭ ഘട്ടത്തിൽ കൃത്യമായും എല്ലാ പ്രഭാത പരിപാടികളിലും പങ്കെടുക്കേണ്ടതാണ്.

### 1.5 ക്ഷേത്ര സമൂഹത്തിന് പുറമെ വസിക്കുന്ന ഭക്തന്മാർ

അമ്പലത്തിൽ നിത്യേനയുള്ള പരിപാടികളിൽ പങ്കെടുക്കാൻ കഴിയാത്ത, ക്ഷേത്ര സമൂഹത്തിന് പുറമെ വസിക്കുന്ന ഭക്തന്മാർ ഏതെങ്കിലും നാമഹട്ട സംഘത്തിലോ അല്ലെങ്കിൽ വീടുകളിലോ കൃത്യമായി പ്രഭാത പരിപാടികളിൽ പങ്കെടുക്കുന്നപക്ഷം അവർക്ക് ദീക്ഷ നൽകാവുന്നതാണ്.

### 1.6 പരീക്ഷ വിജയിക്കുക

ഒരു ഭക്തന് ഒരു പ്രത്യേക ഇസ്കോൺ ഗുരുവിനെ ഔപചാരികമായി അഭയം പ്രാപിക്കുവാനുള്ള സമ്മതവും തുടർന്ന് ദീക്ഷയ്ക്കുള്ള ശുപാർശയും നൽകുന്നതിനുമുമ്പ് അയാൾക്ക് ശ്രീല പ്രഭുപാദരുടെ നിർദ്ദേശങ്ങളെക്കുറിച്ചുള്ള അടിസ്ഥാന അറിവ് തെളിയിക്കേണ്ടതാണ്. ഇത് ടെമ്പിൾ പ്രസിഡന്റിന്റെയോ അല്ലെങ്കിൽ നിർദ്ദിഷ്ഠ അധികാരികളുടെയോ നേതൃത്വത്തിലുള്ള എഴുത്തുപരീക്ഷയിലൂടെയാണ് നടത്തുക. ഔപചാരികമായി ഒരു ആത്മീയഗുരുവിൽ അഭയം പ്രാപിച്ച ഒരു ഭക്തൻ പിന്നീട് മറ്റൊരു ഇസ്കോൺ ഗുരുവിൽനിന്നും ദീക്ഷ നേടുവാൻ തീരുമാനിക്കുന്ന സാഹചര്യത്തിൽ അത് രണ്ട് ഗുരുക്കന്മാരെയും മറ്റ് അധികാരികളെയും അറിയിക്കേണ്ടതാണ്. പുതിയ ഗുരുവിനെ സ്വീകരിക്കുന്ന ദിവസം മുതൽ ദീക്ഷയ്ക്ക് മുമ്പുള്ള ആറ് മാസ കാലയളവ് വീണ്ടും ആരംഭിക്കുന്നതാണ്.

ആദ്യത്തെ ദീക്ഷ സ്വീകരിക്കുന്നതിനുമുമ്പ് ശരിയായ ഇസ്കോൺ അധികാരികളാൽ എഴുതപ്പെട്ട ഔപചാരികമായ ശുപാർശക്കത്ത് ഗുരുവിന് നൽകിയിരിക്കണം.

### ആദ്യത്തെയും രണ്ടാമത്തെയും ദീക്ഷയ്ക്ക് ഇടയിലുള്ള ഒരുവർഷത്തെ കാത്തിരിപ്പ്

രണ്ടാമത്തെ ദീക്ഷയ്ക്ക് യോഗ്യനാകുവാൻ ആദ്യത്തെ ദീക്ഷ സ്വീകരിച്ച ഭക്തൻ കുറഞ്ഞത് ഒരുവർഷകാലത്തേയ്ക്കെങ്കിലും കൃത്യമായി പതിനാറ് മാല ജപിക്കുകയും നാല് ക്രമീകൃത തത്വങ്ങൾ പാലിക്കുകയും അനുകൂലമായ ഭക്തിയുത സേവനങ്ങളിൽ മുഴുകുകയും വേണം. ഇതിനു പുറമെ ക്ഷേത്രത്തിലോ നാമഹട്ടയിലോ വീട്ടിലോ ഉള്ള പ്രഭാത പരിപാടികളിൽ മുടങ്ങാതെ പങ്കെടുക്കുകയുംവേണം.

### പതനം സംഭവിച്ചവരുടെ രണ്ട് വർഷത്തെ കാത്തിരിപ്പ്

ഭക്തൻ ആദ്യത്തെ ദീക്ഷയ്ക്ക്ശേഷം ആത്മീയ നിലവാരത്തിൽനിന്ന് പതിതനായി വളരെ ഗൗരവമായ രീതിയിൽ തന്റെ ദീക്ഷാപ്രതിജ്ഞകൾ അവഗണിക്കുകയും ഇസ്കോൺ ഭക്തന്മാരുമായുള്ള സത്സംഘം ദീർഘകാലത്തേയ്ക്ക് ഉപേക്ഷിക്കുകയും ചെയ്തശേഷം ഭാവിയിൽ തിരിച്ചുവരുകയാണെങ്കിൽ രണ്ടാമത്തെ ദീക്ഷ സ്വീകരിക്കുവാൻ കുറഞ്ഞത് രണ്ട് വർഷമെങ്കിലും കാത്തിരിക്കേണ്ടിവരും.

### ദീക്ഷാഗുരു നടത്തുന്ന അനുയോജ്യമായ പരീക്ഷ

ബ്രാഹ്മണ ദീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ള ശിഷ്യന്മാരുടെ യോഗ്യത പരീക്ഷിക്കേണ്ടത് ദീക്ഷ നൽകുന്ന ഗുരുവിന്റെ ഉത്തരവാദിത്വമാണ്. ഇതിലേയ്ക്കായി ശിഷ്യന്മാരെ നിർദ്ദിഷ്ട പരീക്ഷയ്ക്ക് വിധേയരാക്കാവുന്നതാണ്.

### 4.2.6 രണ്ടാം ദീക്ഷയ്ക്കുള്ള ഔപചാരികമായ ശുപാർശ

1. രണ്ടാം ദീക്ഷ നൽകുന്ന ഗുരു, അപേക്ഷാർത്ഥിയുടെ ബന്ധപ്പെട്ട ഇസ്കോൺ അധികാരികളിൽനിന്നും ശുപാർശക്കത്ത് സ്വീകരിക്കേണ്ടതാണ്. ആദ്യത്തെ ദീക്ഷയ്ക്ക് പറഞ്ഞിട്ടുള്ള അതേ രീതിയിലാണ് സംബന്ധപ്പെട്ട അധികാരികളെ തീരുമാനിക്കുന്നത്.

### 7.2.4 ദീക്ഷ അംഗീകൃത ഗുരുവിൽനിന്നുമാത്രം

ഇസ്കോണിൽ ദീക്ഷനൽകാൻ അംഗീകാരം ഇല്ലാത്ത ഗുരുക്കന്മാരിൽനിന്നും ദീക്ഷ സ്വീകരിച്ച് ഇസ്കോൺ നിയമങ്ങൾ ലംഘിക്കുന്ന അംഗങ്ങളെ ഇസ്കോണിൽ സേവനം ചെയ്യുവാൻ അനുവദിക്കുന്നതല്ല. അംഗീകാരമില്ലാത്ത ഈ ഗുരുവിന് ഇസ്കോണിന് പുറമെ ഏതെങ്കിലും സ്ഥാപനമോ ആശ്രമമോ ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഗുരുവിന്റെ ആശ്രമത്തിലാണ് സേവനമനുഷ്ഠിക്കേണ്ടത്, ഇസ്കോണിനകത്തല്ല. (ഈ നിയമം ഇസ്കോണിൽ വരുന്നതിനുമുമ്പേ ദീക്ഷയെടുത്ത ഭക്തന്മാർക്ക് ബാധകമല്ല)

എന്നിരുന്നാലും ഈ പൊതുനിയമത്തിന് ചില ഒഴിവാക്കലുകൾ ജിബിസി പ്രസ്താവിച്ചിട്ടുണ്ട്. ഒരു വ്യക്തി ഒരു പ്രത്യേക സെന്ററിന്റെ അധികാര പരിധിയ്ക്കുള്ളിൽ സേവനമനുഷ്ഠിക്കണമോ ഇല്ലയോ എന്ന് അന്തിമമായി തീരുമാനിക്കാനുള്ള എല്ലാ അവകാശവും പ്രാദേശിക ഇസ്കോൺ അധികാരികൾക്കുണ്ട്. ഇത് സംബന്ധിച്ച് ചില വ്യക്തികൾ ഇസ്കോണുമായി ബന്ധപ്പെടുന്നത് നിയന്ത്രിക്കണമോ എന്ന് തീരുമാനിക്കാനും ഇവർക്ക് അധികാരമുണ്ട്.

### അംഗീകാരമില്ലാത്ത ഗുരുവിൽ നിന്നും മുമ്പെടുത്ത ദീക്ഷ

ഇസ്കോണിൽ വരുന്നതിനുമുൻപ് അംഗീകൃതമല്ലാത്ത ഗുരുവിൽനിന്നും ദീക്ഷയെടുത്തിട്ടുള്ള വ്യക്തികൾ, അത്തരം ഉപയോഗ്യശൂന്യനായ ഗുരുവിനെയോ കുടുംബ പുരോഹിതനായി വർത്തിക്കുന്ന ഗുരുവിനെയോ ഉപേക്ഷിച്ച് അംഗീകൃത ഗുരുവിനെ സ്വീകരിക്കണമെന്ന ശ്രീല ജീവഗോസ്വാമിയുടെ കല്പനകൾ അനുസരിക്കണം.

## 7.3 മാർഗനിർദ്ദേശങ്ങൾ

### 7.3.1 അനധികൃതമായ ദീക്ഷാചടങ്ങുകൾ

ഔപചാരികമായ ഗുരു-ശിഷ്യ ബന്ധം ഇസ്കോൺ നിയമത്തിലെ പ്രക്രിയകളനുസരിച്ച് ശരിയായ രീതിയിൽ അംഗീകൃതമല്ലെങ്കിൽ ദീക്ഷാചടങ്ങിനുള്ള യാതൊരു കാര്യവും നൽകുന്നത് ഇസ്കോൺ അംഗങ്ങൾ പ്രോത്സാഹിപ്പിക്കാൻ പാടില്ല. അതായത് ആത്മീയ നാമം നൽകുക, പവിത്രമായ ജപമാലയോ കണ്ഠിമാലയോ നൽകുക ചില പ്രത്യേക ചടങ്ങുകളിൽ പങ്കെടുക്കുക എന്നിങ്ങനെയുള്ള ഇസ്കോണിലെ ഭക്തന്മാരെയോ കോൺഗ്രിഗേഷൺ അംഗങ്ങളെയോ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ഔപചാരിക ഗുരുശിഷ്യബന്ധം സ്ഥാപിക്കുന്നതരത്തിലുള്ള പ്രഖ്യാപിതമോ അപ്രഖ്യാപിതമോ ആയ ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തികളിൽനിന്ന് വിട്ടുനിൽക്കണം.

ഇത്തരം അനധികൃതമായ കാര്യങ്ങൾ നടന്നുകഴിഞ്ഞാൽ:

a) ദീക്ഷാചടങ്ങ് നടന്നിട്ടില്ലായെന്നും ദീക്ഷയിലോട്ട് നയിക്കുന്ന പ്രതിജ്ഞകളൊന്നും എടുക്കപ്പെട്ടിട്ടില്ലായെന്നും പങ്കെടുത്ത എല്ലാവരെയും അറിയിക്കേണ്ടതാണ്.

b) താഴ്ന്ന നിലവാരത്തിലുള്ള ഭക്തൻ അദ്ദേഹത്തിന് പൂർണ്ണമായും വിശ്വാസം അർപ്പിക്കാനാകുന്ന അംഗീകൃതനായ ഗുരുവുമായി ബന്ധം സ്ഥാപിക്കണം.

എല്ലാ ഭക്തന്മാരും നൽകപ്പെട്ടിട്ടുള്ള പുതിയ നാമങ്ങൾ ഉപയോഗിക്കുന്നത് നിർത്തലാക്കുകയും വേണം.

## 8.2.1.5 സാധാരണഗതിയിൽ ദീക്ഷ സ്വീകരിച്ച് ഇസ്കോണിൽ താമസിക്കുന്ന ഭക്തന്മാർ

മറ്റേതെങ്കിലും സമ്പ്രദായത്തിൻകീഴിൽ നേരത്തെ ദീക്ഷയെടുത്ത് പിന്നീട് ഇസ്കോണിൽ ചേർന്ന് സേവനമനുഷ്ഠിക്കാനാഗ്രഹിക്കുന്ന ഭക്തന്മാർ ഒഴികെ, ഇസ്കോണിൽ താമസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ ലോക്കൽ ജിബിസിയുടെ അംഗീകാരത്തോടെ ഇസ്കോണിൽ ദീക്ഷയെടുക്കേണ്ടതാണ്.

## 15.4.1 കോൺഗ്രിഗേഷൺ ഭക്തന്മാരുടെ ദീക്ഷ

ദീക്ഷയും ഗുരുവിനെ സ്വീകരിക്കുന്നതും സംബന്ധിച്ച് ഇസ്കോൺ നിയമത്തിൽ നൽകിയിട്ടുള്ള അതേ നിലവാരങ്ങൾ കോൺഗ്രിഗേഷണൽ അംഗങ്ങൾക്കും ബാധകമാണ്. കോൺഗ്രിഗേഷണൽ അംഗത്തെ ഇസ്കോൺ ക്ഷേത്രം അല്ലെങ്കിൽ പ്രാദേശിക അധികാരികൾ ശുപാർശ ചെയ്യണമെന്ന് ഇസ്കോൺ നിയമം പ്രസ്താവിക്കുന്നു. എങ്ങനെതന്നെയായാലും മറ്റേതൊരു യോഗ്യനായ ഭക്തനെയുംപോലെതന്നെ ഇത് നടപ്പിലാക്കാവുന്നതാണ്. ഒരു അപേക്ഷാർത്ഥി യോഗ്യനല്ല എന്ന് പ്രാദേശിക അധികാരികൾ കരുതിയാൽ ഇസ്കോൺ നിയമപ്രകാരം യോഗ്യനായിത്തീരുവാൻ എന്തുചെയ്യണമെന്ന് അപേക്ഷാർത്ഥിയെ അറിയിക്കണം. ശ്രീല പ്രഭുപാദരോ ഇസ്കോൺ നിയമമോ പറഞ്ഞിട്ടില്ലാത്ത സംഭാവനയോ സാമ്പത്തിക ബാദ്ധ്യതയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യങ്ങളോ അപേക്ഷാർത്ഥിയോട് ചോദിക്കാൻ പാടില്ല. ഇസ്കോൺ നിയമത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ശരിയായരീതിയിലുള്ള ശുപാർശ കിട്ടിയതുകൊണ്ടുമാത്രം ഒരു ശിഷ്യന് ദീക്ഷ നൽകാനുള്ള യാതൊരു ബാധ്യതയും ഒരു ഗുരുവിനില്ല.

# അനുബന്ധം 6 പതിതനായ ഗുരുവിനെ ത്യജിക്കൽ (ഇസ്കോൺ നിയമങ്ങൾ)

കുറിപ്പ് : ശ്രീല എ.സി. ഭക്തിവേദാന്ത സ്വാമി പ്രഭുപാദരുടെ ലേഖനങ്ങൾ കൂടാതെ ശ്രീ നരഹരി സരകാര ഠാക്കൂറിന്റെ (ശ്രീ ചൈതന്യഭഗവാന്റെ സഹചാരി) ശ്രീകൃഷ്ണ-ഭജനാമൃതം, ശ്രീല ജീവഗോസ്വാമിയുടെ ഭക്തി-സന്ദർഭ, ശ്രീ ഭക്തിവിനോദ ഠാക്കൂറിന്റെ ജൈവ ധർമ്മം എന്നിവയെ അടിസ്ഥാനപ്പെടുത്തി യിട്ടുള്ളതാണ് താഴെക്കൊടുത്തിട്ടുള്ള നിയമങ്ങൾ.

### 6.5.1.1 ഒരു പതിതനായ ഗുരുവിനെ ത്യജിക്കാവുന്നത് എപ്പോഴാണ്

ഒരു ഗുരു സ്വയം സമ്മതിക്കുമ്പോഴോ അല്ലെങ്കിൽ ദീക്ഷാസമയം നിഷേധിക്കാനാകാത്ത വിശ്വസ്തനായ സാക്ഷിയുടെ മൊഴിയിൽനിന്നോ ഒരു ഗുരു പതിതനാണെന്ന് തെളിഞ്ഞാൽ അയാളുടെ ശിഷ്യന് ഗുരുവിനെ ത്യജിക്കുകയും മറ്റൊരു അംഗീകൃത ഗുരുവിൽനിന്ന് ദീക്ഷ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

### 6.5.1.2 എപ്പോഴാണ് ഒരു പതിതനായ ഗുരുവിനെ ത്യജിക്കേണ്ടത്

#### 6.5.1.2.1 പ്രതീക്ഷയ്ക്ക് വകയില്ലാതെ ഇന്ദ്രിയപ്രീണനത്തിൽ അകപ്പെടുക

ഒരു ഗുരു പ്രതീക്ഷയ്ക്ക് വകയില്ലാതെ ഇന്ദ്രിയപ്രീണനത്തിൽ അകപ്പെടുകയും, കൃഷ്ണാവബോധത്തിന്റെ ക്രമീകൃത തത്വങ്ങൾ നിരന്തരം ലംഘിക്കുകയും ചെയ്യുന്നതായി അദ്ദേഹത്തിന്റെ മൊഴിയിലൂടെയോ മറ്റേതെങ്കിലും വിശ്വസ്തവ്യക്തിയിലൂടെയോ സ്ഥാപിക്കപ്പെടുകയും തെറ്റ് തിരുത്തലിനുള്ള പ്രതീക്ഷയ്ക്ക് വകയില്ലാതാവുകയും ചെയ്താൽ ശിഷ്യൻ ഗുരുവിനെ ത്യജിച്ച് വേറെ ഗുരുവിൽ നിന്നും ദീക്ഷയെടുക്കുകയും ചെയ്യണം.

#### 6.5.1.2.2 ആസുരിക ഗുണങ്ങൾ നേടുക

ഒരു ഗുരു ആസുരിക ഗുണങ്ങൾ നേടി ഇസ്കോണിന് ശത്രുവായി മാറുകയാണെങ്കിൽ ശിഷ്യന്മാർ അയാളെ ത്യജിച്ച് വീണ്ടും ദീക്ഷയെടുക്കാവുന്നതാണ്.

### 6.5.1.3 പതിതനായ ഗുരുവിനെ ത്യജിക്കാതിരിക്കേണ്ടത് എപ്പോഴാണ്

ഗുരു ഇന്ദ്രിയാസ്വാദനത്തിൽ മുഴുകി ഒന്നോ അതിൽ കൂടുതലോ ക്രമീകൃത തത്ത്വങ്ങൾ ലംഘിക്കുകയാണെങ്കിൽ അദ്ദേഹം തെറ്റ് തിരുത്തുമെന്ന പ്രതീക്ഷയുണ്ടെങ്കിൽ ശിഷ്യന്മാർ അദ്ദേഹത്തെ ത്യജിക്കാതെ തെറ്റ് തിരുത്താനുള്ള സമയം അനുവദിക്കുകയും അതേസമയം ശ്രീല പ്രഭുപാദരെയും മുതിർന്ന വൈഷ്ണവരെയും ശിക്ഷാഗുരുവായി സ്വീകരിച്ച് അഭയം പ്രാപിക്കുകയും ചെയ്യാവുന്നതാണ്.

### 6.5.1.4 പുറത്താക്കപ്പെട്ട ഗുരുവിനെ എപ്പോൾ ത്യജിക്കാം

പുറത്താക്കപ്പെട്ട ഗുരുവിൽ വിശ്വാസം നഷ്ടപ്പെട്ട ഒരു ശിഷ്യന് അദ്ദേഹത്തിനെതിരായി തെറ്റായ മനോഭാവം വളരുകയോ ഇക്കാര്യത്തെക്കുറിച്ച് ധാരാളം കേട്ടശേഷവും അദ്ദേഹത്തിനോടുള്ള വിശ്വാസം വീണ്ടെടുക്കാൻ കഴിഞ്ഞില്ലെങ്കിലോ മറ്റൊരു ദീക്ഷാഗുരുവിനെ സ്വീകരിക്കാനായി തന്റെ നിലവിലുള്ള ഗുരുവിനോട് അനുവാദം ചോദിക്കാവുന്നതാണ്. ആ ഭക്തൻ തന്റെ ലോക്കൽ ജിബിസി പ്രതിനിധിയുമായി കൂടിയാലോചിച്ച് പ്രവർത്തിക്കണം. പുറത്താക്കപ്പെട്ട ഗുരു അനുവാദം നൽകുന്നില്ലയെങ്കിൽ ജിബിസി ബോഡിയുടെ സഹായം അഭ്യർത്ഥിക്കാവുന്നതാണ്.

### 6.5.1.5 മാർഗനിർദേശത്തിനായി "ഗുരു ആശ്രയ"

ദീക്ഷനൽകിയ ഗുരു പതിതനായിപ്പോയ ശിഷ്യന്മാർ ജിബിസിയുടെ "ഗുരു ആശ്രയ", "പുനർദീക്ഷാ ചോദ്യോത്തരങ്ങൾ" എന്നീ ലേഖനങ്ങളുടെ മാർഗനിർദേശം സ്വീകരിക്കാവുന്നതാണ്. ആത്മീയ ഗുരുവിനെ അഭയം പ്രാപിക്കുന്നതിന്റെ പ്രാധാന്യത്തെയും ശിക്ഷാഗുരുവിന്റെ പങ്കിനെയും കുറിച്ചുള്ള ഇസ്കോണിന്റെ മാർഗ നിർദ്ദേശങ്ങളും ഈ ലേഖനത്തിൽ നൽകിയിട്ടുണ്ട്.

# അനുബന്ധം 7 ഭരണസംവിധാനങ്ങളുടെ ഐക്യത എന്ന പ്രസിദ്ധീകരണം
# Official GBC Policy Paper

ദീക്ഷാ ശിക്ഷാ ഗുരുക്കന്മാരും അവരുടെ ശിഷ്യന്മാരും, സോണൽ ജിബിസി, റീജണൽ സെക്രട്ടറി, ടെമ്പിൾ പ്രസിഡന്റ് മറ്റ് ഇസ്കോൺ അംഗീകൃത മാനേജരുമാർ എന്നിവരും പാലിക്കേണ്ട തത്ത്വങ്ങളെക്കുറിച്ച് ഇവിടെ വിശദീകരിക്കുന്നു. ആത്മീയ ഗുരുക്കന്മാരും മാനേജർമാരും തമ്മിലുള്ള തെറ്റിദ്ധാരണ തടയുക എന്നതും ഇത്തരം തെറ്റിദ്ധാരണ ഭക്തന്മാരിലുളവാക്കുന്ന സ്വാധീനം കുറയ്ക്കുക എന്നതുമാണ് ലക്ഷ്യം

## "ആത്മീയ ഗുരു" എന്നാൽ ശിക്ഷാഗുരു, ദീക്ഷാഗുരു അല്ലെങ്കിൽ രണ്ടും

ഞങ്ങളിവിടെ ആത്മീയ ഗുരു എന്ന് പറയുമ്പോൾ പ്രത്യേകം സൂചിപ്പിച്ചിട്ടില്ലെങ്കിൽ അത് ദീക്ഷാഗുരു ശിക്ഷാഗുരു (അത്തരത്തിൽ പ്രവർത്തിക്കുന്ന മാനേജർമാരുൾപ്പെടെ) രണ്ടുപേരെയും പ്രതിപാദിക്കുന്നുവെന്ന് മനസ്സിലാക്കണം. ഇത് കൂടാതെ ഞങ്ങൾ ആത്മീയ അധികാരികൾ എന്ന് സൂചിപ്പിക്കുമ്പോൾ ആരുടെയൊക്കെ നിർദ്ദേശങ്ങളും ഉപദേശങ്ങളുമാണോ ഒരു ഭക്തന്റെ ഭക്തിയുതസേവനത്തിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനമായത് ആരൊക്കെയാണ് ആ വിശ്വാസം വളർത്തിക്കൊണ്ടിരിക്കുന്നത് അവരെയൊക്കെയാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

## ഇസ്കോണിനുള്ളിലെ അധികാരികൾ

ആത്മീയഗുരുവിന്റെ യോഗ്യതകളും കർത്തവ്യങ്ങളും ആത്മീയഗുരുവിനെ തിരഞ്ഞെടുക്കുന്ന പ്രക്രിയയും സംബന്ധിച്ച ഗുരു-തത്ത്വത്തെക്കുറിച്ചോ ഇസ്കോൺ മാനേജ്മെന്റ് സിസ്റ്റത്തെക്കുറിച്ചോ ഉള്ള വിശദമായ വിശകലനമല്ല ഇവിടെ നൽകിയിട്ടുള്ളത്.

ഇതിന്റെ അടിസ്ഥാന ഉദ്ദേശം താഴെക്കൊടുത്തിരിക്കുന്നു : ഒരു ഭക്തൻ ദീക്ഷാഗുരുവോ, ശിക്ഷാഗുരുവോ, സന്ന്യാസിയോ, ഒരു ജിബിസിയോ, സോണൽ സെക്രട്ടറിയോ, റീജണൽ സെക്രട്ടറിയോ, ടെമ്പിൾ പ്രസിഡന്റോ, കോൺഗ്രിഗേഷണൽ ലീഡറോ, അല്ലെങ്കിൽ ഇസ്കോണിലെ അധികാരികളിൽ ഏതെങ്കിലും പദവിയിലോ ആയിക്കോട്ടെ, ആ ഭക്തനിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പൂർണ്ണമാകുന്നത് അദ്ദേഹം ഇസ്കോണിൽ സേവനമനുഷ്ഠിക്കാൻ ജിബിസി ബോഡിയുടെ അധികാരത്തിൻ കീഴിൽ ശ്രീല പ്രഭുപാദരുടെ നിർദേശങ്ങൾ പാലിക്കുമ്പോഴാണ്.

ഇങ്ങനെയുള്ള സാഹചര്യം സൃഷ്ടിക്കുവാൻ വേണ്ടി ശ്രീല പ്രഭുപാദർ സ്വയം സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഔദ്യോഗിക രേഖകളിലൂടെയും അദ്ദേഹത്തിൻെറ ഉപദേശങ്ങളിലൂടെയും ഈ തത്ത്വങ്ങൾ വ്യക്തമായി സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ ശ്രീല പ്രഭുപാദർ പരമാധികാരിയായി ജിബിസിയ്ക്ക് രൂപം കൊടുക്കുകയും ആത്മീയ ആചാര്യൻമാരായി സേവനമനുഷ്ഠിക്കുന്ന എല്ലാ ഭക്തന്മാരുമൾപ്പെടെയുള്ള മുഴുവൻ ഇസ്കോൺ സമൂഹത്തിനും ആദ്ധ്യാത്മിക മാർഗ്ഗനിർദേശം നൽകുവാനുള്ള ഉത്തരവാദിത്വം ജിബിസിയുടെ അധികാര പരിധിയിലാണെന്നും പ്രസ്താവിച്ചു.

റിപ്പോർട്ടർ : "ഈ പ്രസ്ഥാനത്തിന്റെ പ്രഥമ ഗുരുവെന്ന നിലയിൽ അങ്ങയുടെ പിൻഗാമിയായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ?"

ശ്രീല പ്രഭുപാദർ : "കാര്യങ്ങൾ ഏറ്റെടുക്കുവാനായി ഞാൻ കുറച്ച് മുതിർന്ന ശിഷ്യന്മാർക്ക് പരിശീലനം നൽകുന്നുണ്ട്, ഞാൻ അവരെ ജിബിസി ആക്കിയിട്ടുണ്ട്." [1]

മറ്റൊരുതരത്തിൽ പറഞ്ഞാൽ ഇസ്കോണിലെ അന്തിമ ഭരണാധികാരി ജിബിസി ആണെങ്കിലും അവരുടെ ചുമതല ഭരണം മാത്രമല്ല പരിശീലനവുമുണ്ട്.

1. റിപ്പോർട്ടറുമായുള്ള സംഭാഷണം, ലോസ് ഏഞ്ചൽസ്, ജൂൺ 4, 1976

## രണ്ട് ഭരണസംവിധാനങ്ങൾ

ഓരോ ഭക്തന്മാരും ഉന്നത അധികാരികളിൽനിന്ന് ആദ്ധ്യാത്മിക പ്രചോദനം സ്വീകരിക്കുന്നതിനാൽ ഇസ്കോണിൽ രണ്ട് തരം ഭരണസംവിധാനങ്ങൾ നിലനിൽക്കുന്നു. ഒന്ന് ആദ്ധ്യാത്മികവും മറ്റൊന്ന് ഭരണപരവും. രണ്ട് ഭരണസംവിധാനങ്ങളും നമ്മുടെ സ്ഥാപക ആചാര്യന്റെ ആജ്ഞകളനുസരിക്കുവാൻ വേണ്ടി അവരുടെ അതുല്യവും സ്വതന്ത്രവുമായ സേവനങ്ങൾ ചെയ്യുന്നു. ഈ രണ്ടുകൂട്ടരും ഇവരുടെ കീഴിലുള്ള ഭക്തന്മാർക്ക് ആശ്രയം നൽകുവാൻ ജിബിസിയാൽ അധികാരപ്പെടുത്തിയിരിക്കുന്നു. ഈ ആശ്രയം അവർക്ക് നിർദ്ദേശങ്ങളിലൂടെയും ഉദാഹരണങ്ങളിലൂടെയും നൽകപ്പെടുന്നു.

രണ്ട് ഭരണസംവിധാനങ്ങളെ ഈ രീതിയിൽ തരംതിരിക്കുന്നതിയൂടെ (ആദ്ധ്യാത്മികവും, ഭരണപരവും) ഭരണാധികാരികൾ ആദ്ധ്യാത്മിക അധികാരികൾക്ക് വിരുദ്ധരാണ് എന്നല്ല ഞങ്ങൾ ഉദ്ദേശിക്കുന്നത്. ആദ്ധ്യാത്മിക അധികാരികൾ കൂടുതൽ വൈശിഷ്ട്യമുള്ളവരും നൈസർഗ്ഗികമായി കൂടുതൽ പരിശുദ്ധരുമാണ് എന്നുമല്ല ഞങ്ങൾ ഉദ്ദേശിക്കുന്നത്.

‘‘ഭരണം ആദ്ധ്യാത്മിക കർമ്മം കൂടിയാണ്. ഇത് കൃഷ്ണന്റെ സ്ഥാപനമാണ്.’’ [2]

‘‘ഞങ്ങളുടെ പ്രചരണ പ്രവൃത്തിയിൽ ധാരാളം വസ്തുവകകളുടെയും പണത്തിന്റെയും പുസ്തകങ്ങളുടെയും കൊടുക്കൽ വാങ്ങലുകളുമായി ബന്ധപ്പെടാറുണ്ട്. പക്ഷേ ഇവയെല്ലാം കൃഷ്ണാവബോധ പ്രസ്ഥാനവുമായി ബന്ധപ്പെട്ടതിനാൽ അവയെ ഒരിക്കലും ഭൗതികമായി കണക്കാക്കാൻ പാടില്ല. ഒരാൾ ഇത്തരം ഭരണപരമായ ചിന്തകളിൽ നിമഗ്നനായാൽ അയാൾ കൃഷ്ണാവബോധത്തിൽ നിന്ന് പുറത്തായി എന്നല്ല അർത്ഥം. ഒരാൾ ദിവസേന പതിനാറ് മാല മഹാമന്ത്രം ജപിക്കുകയന്ന ക്രമീകൃത തത്വം നിഷ്ഠയോടുകൂടി പാലിക്കാമെങ്കിൽ കൃഷ്ണാവബോധം പ്രചരിപ്പിക്കുവാൻവേണ്ടി ഭൗതികലോകവുമായി അയാൾ ബന്ധപ്പെടുന്നത് കൃഷ്ണാവബോധത്തിന്റെ ആദ്ധ്യാത്മിക പരിശീലനത്തിന് വിരുദ്ധമല്ല.’’ [3]

ഒരു ആദ്ധ്യാത്മിക സമൂഹത്തിൽ ഒരു ഭരണകർത്താവിന് നിയമങ്ങൾ പ്രഖ്യാപിക്കുന്നതിലൂടെയും അവയുടെ നിർവഹണത്തിലൂടെയും മാത്രം സ്വന്തം കർത്തവ്യങ്ങൾ പൂർത്തീകരിക്കാനാകില്ല. നിയമങ്ങൾ ആദ്ധ്യാത്മിക അടിസ്ഥാനമുള്ളതാകണം. വൈഷ്ണവ തത്ത്വങ്ങളനുസരിച്ചാകണം അവയുടെ പ്രയോഗവും നിർവഹണവും. ഇത് മനസ്സിലാക്കി സേവനം ചെയ്യുന്നവർ അവരുടെ കീഴിലുള്ളവർക്കുവേണ്ടി പൊതുവായി ആദ്ധ്യാത്മിക അധികാരത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കാറുണ്ട്.

അതുകൊണ്ട് ആത്മീയതയുടെയും ഭരണത്തിന്റെയും ഐക്യത നമ്മൾ മനസ്സിലാക്കണം. പക്ഷേ ചില ഭിന്നതകളും ഇവിടെയുണ്ട്. ഒരേ സമയം ഈ ഭിന്നതയും ഒരുമയും മനസ്സിലാക്കുന്നതിന് ഈ രണ്ട് വ്യത്യസ്ത പ്രയോഗങ്ങളുടെയും ഉപയോഗം അവയുടെ വിശദീകരണത്തോടെ ആവശ്യമാകുന്നു.

## ആത്മീയ ആധികാരികത്വം

ആത്മീയ ആധികാരികത്വം കൃഷ്ണനിൽ നിന്ന് തുടങ്ങി ബ്രഹ്മാവ്, നാരദമുനി, വ്യാസൻ, നമ്മുടെ സ്ഥാപകാചാര്യനായ ശ്രീല പ്രഭുപാദർ എന്നിവരിലൂടെ മുഴുവൻ ശിഷ്യ പരമ്പരയിലോട്ട് തുടരുന്നു. നമ്മുടെ സമ്പ്രദായത്തോട് വിധേയത്വം ഉള്ളവരെയും ജിബിസിയുടെ അധികാരത്തിൻ കീഴിൽ സേവനം ചെയ്യുന്നവരെയും ഇസ്കോണിന്റെ പരിപാലനത്തിൻ കീഴിൽ ആദ്ധ്യാത്മിക രീതിയിലുള്ള ശിക്ഷണവും സംരക്ഷണവും നൽകാൻ അധികാരപ്പെടുത്തിയിരിക്കുന്നു. ഗവേണിങ് ബോഡി കമ്മീഷണർമാർ, ജിബിസി സോണൽ സെക്രട്ടറിമാർ, ആദ്ധ്യാത്മിക ഗുരുക്കന്മാർ, സന്ന്യാസി, റീജണൽ സെക്രട്ടറിമാർ, ടെമ്പിൾ പ്രസിഡൻറ്, കോൺഗ്രിഗേഷണൽ ലീഡർ, പ്രചാരകന്മാർ എന്നിവർ ആത്മീയ ആധികാരികത്വമുള്ളവരിൽ ഉൾപ്പെടുന്നു. വാസ്തവത്തിൽ യഥാർത്ഥ ആദ്ധ്യാത്മിക ഗുരുവിനെ കർക്കശമായി പിന്തുടരുന്ന ഏതൊരാൾക്കും ആത്മീയ ആധികാരികത്വത്തിന്റെ പ്രധിനിധിയാകാൻ കഴിയും.

പൊതുവായി പറഞ്ഞാൽ ഒരാളുടെ ദീക്ഷാഗുരുവും ശിക്ഷാഗുരുവുമാണ് ഏറ്റവും വളരെ പ്രധാനപ്പെട്ട ആദ്ധ്യാത്മിക അധികാരി. ഭക്തന്മാർ അവരുടെ ആദ്ധ്യാത്മിക ഗുരുവിനോട് അനുസരണയുള്ളവരും കൂറുള്ളവരും ആയിരിക്കണമെന്ന് ശാസ്ത്രങ്ങൾ വ്യക്തമായി പറയുന്നു. അപ്രകാരം ആദ്ധ്യാത്മിക ഗുരുക്കന്മാർ അവരുടെ ശിഷ്യന്മാരിൽ സ്വാധീനം ചെലുത്തുന്നവരാണ്, അതിനാൽ അവർക്ക് അവരുടെ ശിഷ്യന്മാരെ

2. മുറിയ്ക്കകത്തുള്ള സംഭാഷണം, ജനുവരി 16, 1977, കൽക്കത്ത

3. ശ്രീമദ് ഭാഗവതം 5.16.3, ഭാവാർത്ഥം

ഭക്തി പുരോഗമിക്കുന്നതിനായി പരിശീലിപ്പിക്കാനും പഠിപ്പിക്കാനും കഴിയും. അപ്രകാരം ആദ്ധ്യാത്മിക ഗുരുക്കന്മാർ അവരുടെ ശിഷ്യന്മാരുടെ കൃഷ്ണാവബോധം പരിപോഷിപ്പിക്കുവാനുള്ള ആദ്ധ്യാത്മിക പഠനവും പ്രചോദനവും നൽകുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു.

## ഭരണപരമായ ആധികാരികത്വം

ഭരണപരമായ ആധികാരികത്വത്തിൽ ശ്രീല പ്രഭുപാദരുടെ നിർദ്ദേശങ്ങളനുസരിച്ച് ഒരു സമൂഹത്തിൻെറ മേൽനോട്ടവും അതിൻെറ നിയമങ്ങൾ നടപ്പിലാക്കലും ജിബിസിയിൽ നിന്നാരംഭിക്കുന്നു. ഭരണവുമായി ബന്ധപ്പെടുത്തി ''അധികാരി'' എന്ന വാക്കുപയോഗിക്കുമ്പോൾ ശാസ്ത്രങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ പരമമായ, വീഴ്ച പറ്റാത്ത അധികാരികളെയല്ല ഞങ്ങൾ ഉദ്ദേശിക്കുന്നത്. മറിച്ച് ശ്രീലപ്രഭുപാദരുടെ നിർദ്ദേശങ്ങളുമായി യോജിച്ച് പ്രചരണ പ്രസ്ഥാനം ക്രമപ്പെടുത്തുവാൻ നിർബന്ധമായും വേണ്ട കല്പനയെയാണ്. ഈ കല്പനകളുടെ നടത്തിപ്പിനായി അദ്ദേഹത്തിൻെറ അനുയായികൾ അമ്പലങ്ങളുടെ വികസനം, കോൺഗ്രിഗേഷണൽ ഭക്തന്മാർ (അമ്പലത്തിൽ വസിക്കാത്ത), കൃഷിസ്ഥലം മറ്റും ഗുരുകുലം പോലുള്ള പദ്ധതികൾ, മറ്റ് അനുകൂലമായ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയെ കണക്കിലെടുക്കുന്നതിനായി ശ്രീല പ്രഭുപാദർ നൽകിയിട്ടുള്ള ഇസ്കോണിന്റെ ഭരണസംവിധാനം സ്വീകരിച്ചു. ഈ വികസിച്ചു വരുന്ന മേഖലയെയും അതിലെ അംഗങ്ങളെയും മെച്ചപ്പെട്ട രീതിയിൽ സേവിക്കാനായി ഗവേണിങ് ബോഡി കമ്മീഷണർമാർ, ജിബിസി സോണൽ സെക്രട്ടറിമാർ, ആദ്ധ്യാത്മിക ഗുരുക്കന്മാർ, സന്ന്യാസി, റീജണൽ സെക്രട്ടറിമാർ, പ്രസിഡൻറ്, കോൺഗ്രിഗേഷണൽ ലീഡർ, പ്രചാരകന്മാർ എന്നിവരിൽ ഒതുക്കാതെ റീജിയണൽ, നാഷണൽ, കോണ്ടിനൻറൽ ബോഡികളെയും ഇപ്പോൾ ഉൾപ്പെടുത്തുന്നുണ്ട്.

## വ്യതിചലനങ്ങളുടെ വിശകലനം

ഒരു മാതൃക ലോകത്തിൽ ശ്രീല പ്രഭുപാദരുടെ ഇസ്കോണിനോടുള്ള കാഴ്ചപ്പാടിനനുസരിച്ചാണ് എല്ലാം പ്രവർത്തിക്കുന്നതെങ്കിലും ഒരു ആധികാരികത്വത്തിൻ കീഴിൽ ഉള്ളവർക്ക് മറ്റേ ആധികാരികത്വത്തിൻ കീഴെ ഉള്ളവരുമായി ഇടപെടാനുള്ള പ്രവണതയുള്ളതായി നാം കാണാറുണ്ട്.

ഉദാഹരണത്തിന് ഉത്തരവാദിത്വവും കഴിവുമുള്ള അധികാരികൾ ചിലപ്പോൾ ആദ്ധ്യാത്മിക അധികാരികളുമായി ഇടപെടാറുണ്ട്. അവർ അവരുടെ പ്രചാരണസ്വാധീനമുള്ള മേഖലയിലെ ഭരണവ്യവസ്ഥയുടെ ഭാഗമായി തങ്ങളെ സ്വയം കരുതുന്നില്ല, എന്നിരുന്നാലും നേരിട്ടോ അല്ലാതെയോ ആ ഘടനയ്ക്കുള്ളിലെ ചില പദ്ധതികൾ കൈകാര്യ ചെയ്യുന്നവരുമായിരിക്കും.

അതിനാൽ ചില സമയങ്ങളിൽ അവർ ഭക്തന്മാർ, പണം, മറ്റും അവരുടെ അനുയായികളും ആശ്രിതരും[4] ഉത്തരവാദിത്തപ്പെട്ടിട്ടുള്ള പദ്ധതികൾ എന്നിവ കൈകാര്യം ചെയ്യുന്നു, അവർ ഇടപെടുന്ന ഭരണഘടനയുമായി വ്യക്തമായ സമ്മതപത്രം ഒന്നും ഇല്ലാതെ. അപ്രകാരം പ്രവൃത്തിക്കുന്നതുവഴി അശ്രദ്ധമായി ഭരണപരമായ ആധികാരികതയെ നിസ്സാരവത്കരിച്ച് അവരുടെ ആശ്രിതരുടെ സേവനങ്ങളും തദ്വാര കൂറും അവരുടെ തന്നെ ആത്മീക അധികാരികൾക്ക് അല്ലെങ്കിൽ ഭരണഘടനയ്ക്ക് അനുകൂലമാക്കപ്പെടുന്നു.

ഈ സ്ഥിതി കുഴപ്പങ്ങൾ മാത്രമല്ല വേർപാടിൻെറ വീര്യവും സൃഷ്ടിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങൾ മാനേജർമാർക്കിടയിലുള്ള സംഘട്ടനത്തിന് വഴിയൊരുക്കുന്നു. എങ്കിലും ജൂനിയർ മാനേജർമാർ എതിർത്ത് സംസാരിക്കുകയാണെങ്കിൽ അത് അപരാധമാകുമെന്ന ഭയത്തിൽ പ്രത്യേകിച്ച് ആദ്ധ്യാത്മിക ഗുരുക്കന്മാരോട്, അവരുടെ പ്രശ്നങ്ങളെപ്പറ്റി ശബ്ദമുയർത്തുന്നതിൽനിന്നും ഒഴിഞ്ഞുമാറുന്നു.

മറ്റൊരു തരത്തിൽ പറഞ്ഞാൽ, അപര്യാപ്തമായ ആദ്ധ്യാത്മിക സംരക്ഷണം മാത്രം നൽകുന്ന ഭരണാധികാരികളും ഇവിടെയുണ്ട്. ഇത് ആദ്ധ്യാത്മിക ഗുരു ഇടപെട്ട് തൻെറ ശിഷ്യന്മാർക്ക് മറ്റേതെങ്കിലും മെച്ചപ്പെട്ട സേവനവും സംഘവും ലഭ്യമാകാനുള്ള നിർദ്ദേശങ്ങൾ നൽകാൻ വഴിതെളിക്കുന്നു.

ഉദാഹരണമായി ഭരണാധികാരികൾ ചിലപ്പോൾ തങ്ങളുടെ സംരക്ഷണത്തിനു താഴെയുള്ളവരുടെ സാധന, പരിശുദ്ധ പ്രചരണം, ഭക്തിയുത സേവനത്തിൻെറ പരിശുദ്ധി വളർത്തിയെടുക്കുക തുടങ്ങിയവയെക്കാളും പ്രാധാന്യം ഭരണത്തിന് നൽകുന്നു. ഭരണാധികാരികൾ അവരുടെ അധികാര പരിധിക്കുള്ളിൽ വരുന്ന ഭരണപരമായ കാഴ്ചപാടിൽ സഹായിക്കാത്തവരുടെ ആദ്ധ്യാത്മിക പുരോഗതി അവഗണിക്കാറുപോലുമുണ്ട്,

---

4. ആശ്രിതർ എന്നാൽ ആത്മീയമായി ആശ്രയിക്കുന്നവർ മാത്രമല്ല. ചില ഭക്തന്മാർ അവരുടെ അധികാരികളെ സാമ്പത്തികത്തിനുവേണ്ടി ആശ്രയിക്കുകയും, ആത്മീയ അധികാരികൾ സ്വയം സജ്ജീകരിച്ചിട്ടുള്ള സംവിധാനം ഉപയോഗിച്ച് അവരെ പരിപാലിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്.

ഈ ഭരണാധികാരികൾ അവരിൽ നിന്നുമുള്ള സഹായത്തിനെ പ്രേരിപ്പിക്കുവാനായും മറ്റ് അധികാരികളെ പ്രചോദിപ്പിക്കാനായും ചെറിയതോതിൽ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ പോലും.

## ഭരണപരമായി ആധികാരികത്വത്തിനോടുള്ള വ്യത്യസ്തത

മുകളിൽ പറഞ്ഞ കാര്യങ്ങൾ ആദ്ധ്യാത്മികവും ഭരണപരവുമായ അധികാരികൾക്കിടയിലുള്ള പിരിമുറുക്കത്തിന് കാരണമാകുന്നു.

സാമ്പത്തിക ഭദ്രതയുള്ള, പ്രാന്തീയമായ സംഘങ്ങളുടെ ഭരണപരമായുള്ള യാതൊരു ബന്ധവുമില്ലാത്ത ഭക്തന്മാർ നിലനിൽക്കുന്ന സാഹചര്യങ്ങളും ഉണ്ടെന്ന് തീർച്ചയായും മനസ്സിലാക്കണം. എന്നാലും തങ്ങളുടെ ലോക്കൽ കോൺഗ്രിഗേഷനിൽപ്പെടുന്ന എല്ലാ ഭക്തന്മാരെയും ഉൾക്കൊള്ളിക്കാനുള്ള യാതൊരു ശ്രമവും ലോക്കൽ ഭരണഘടന എടുത്തിട്ടില്ല എന്ന് വിചാരിക്കാൻ പാടില്ല.

അതിനാൽ ഇസ്കോൺ ഭരണാധികാരികളുടെ സേവനം സംബന്ധിച്ച്, ഒരു ആദ്ധ്യാത്മിക ഗുരു തൻെറ ശിഷ്യന്മാർക്ക് പുതിയ സംഘം അല്ലെങ്കിൽ സേവനം നിർദ്ദേശിക്കുന്നതിനും ഭരണപരമായ തീരുമാനങ്ങളിൽ ഇടപെടുന്നതിനും മുമ്പ് ശിഷ്യന്മാരുടെ പ്രദേശത്തിൻെറ മേൽനോട്ടം വഹിക്കുന്ന ഭരണാധികാരികളിൽ നിന്നും സമ്മതം നേടേണ്ടതാണ്.

ആദ്ധ്യാത്മികഗുരുശിഷ്യ ബന്ധം തുടങ്ങുമ്പോൾതന്നെ ലോക്കൽ ഭരണാധികാരികളെ ബഹുമാനിക്കേണ്ടതിനുള്ള ശിക്ഷണം ശിഷ്യന്മാർക്ക് നൽകുക എന്നതാണ് ഏറ്റവും ഉചിതം. ഒരുപാട് ഭരണാധികാരികൾ അമ്പലം, വിഗ്രഹങ്ങൾ, പുസ്തക വിതരണം മറ്റും ശ്രീല പ്രഭുപാദർ നൽകിയിട്ടുള്ള നിർദേശങ്ങൾ പരിപാലിക്കുന്നതിൻെറ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുള്ളവരാണ്.

"നന്മയ്ക്കുവേണ്ടി പരാജയം കൂടാതെയുള്ള കൃത്യമായ ആരാധനയെന്നാണ് വിഗ്രഹപ്രതിഷ്ഠ കൊണ്ടർത്ഥമാക്കുന്നത് "[5]

അതിനാൽ ലോക്കൽ ലീഡർമാരും ഭരണാധികാരികളുമായി സഹകരിച്ച് ശ്രീല പ്രഭുപാദരുടെ ഈ ദൗത്യത്തിനു സേവനം ചെയ്യാൻ ആദ്ധ്യാത്മിക ഗുരുക്കൾ തങ്ങളുടെ ശിഷ്യന്മാരെ പഠിപ്പിക്കേണ്ടതാണ്.

തങ്ങളുടെ താഴെയുള്ളവരുടെ ന്യായമായ ആവശ്യങ്ങളെയും, ശിഷ്യന്മാർക്ക് നല്ലരീതിയിലുള്ള സംരക്ഷണം നൽകാൻ ആവശ്യപ്പെടുന്ന ആദ്ധ്യാത്മിക ഗുരുക്കളുടെ താല്പര്യവും തള്ളിക്കളയാനുള്ള സ്വാതന്ത്ര്യം ഉണ്ടെന്ന് ഭരണാധികാരികൾ അവകാശപ്പെടാം എന്നല്ല ഇതിനർത്ഥം. അവർ ആദ്ധ്യാത്മിക ഗുരുക്കളുടെയും ശിഷ്യന്മാരുടെയും താല്പര്യങ്ങളെക്കുറിച്ച് ബോധമുള്ളവരായിരിക്കണം.

തങ്ങളുടെ ശിഷ്യന്മാരുടെ പ്രതിജ്ഞാബദ്ധതയും ഉത്തരവാദിത്വവും കണക്കിലെടുത്ത് അവർക്ക് ലോക്കൽ ഭരണഘടനയിൽ നിന്ന് ലഭിക്കുന്ന സംരക്ഷണം അപര്യാപ്തമാണെന്ന് ആദ്ധ്യാത്മിക ഗുരുവിന് ശക്തമായി തോന്നുകയാണെങ്കിൽ അദ്ദേഹത്തിന് ശിഷ്യന്മാർക്ക് വേണ്ടി ഉന്നത ഭരണാധികാരികൾ, ലോക്കൽ ജിബിസിയോടോ ഈ ലേഖനത്തിൽ പിന്നീട് പ്രസ്താവിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെയോ വിചാരണയ്ക്ക് ആവശ്യപ്പെടാവുന്നതാണ്.

ഈ വിഷയത്തെക്കുറിച്ച് കൂടുതൽ പിന്നീട് വിശദീകരിക്കുന്നുണ്ട്. പക്ഷെ അതിനുമുമ്പ് നമുക്ക് ആദ്യം വിശ്വാസം എന്ന വിഷയത്തെക്കുറിച്ച് ചുരുക്കത്തിൽ ചർച്ച ചെയ്യാം. രണ്ട് ഭരണസംവിധാനങ്ങളിലും പങ്ക് വഹിക്കുന്ന ഒരു വ്യക്തിയ്ക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്. കാരണം പ്രസ്ഥാനത്തിന്റെ വിശാലവീക്ഷണത്തിലേയ്ക്ക് മറ്റുള്ളവരുടെ വിശ്വാസത്തെ അദ്ദേഹം വളർത്തിയെടുക്കാൻ സഹായിക്കുന്നു.

## വിശ്വാസത്തിൻെറ തുടർച്ചയായ പുരോഗമനത്തിൽ നിന്നാണ് അധികാരികൾ സൃഷ്ടിക്കപ്പെടുന്നത്

ഇസ്കോണിൻെറ ഏറ്റവും വലിയ സമ്പത്ത് ഇതിലെ അംഗങ്ങളുടെ വിശ്വാസമാണ് . ചുരുക്കം ചില അനുയായികൾ ഒഴിച്ച് അമ്പലമോ, പദ്ധതികളോ, വരുമാനമോ ഒന്നുമില്ലെങ്കിലും വിശ്വാസമുണ്ടെങ്കിൽ അവിടെ ശരിയായ അർത്ഥത്തിലുള്ള സമൃദ്ധി ഉണ്ടാകും. ശ്രീല പ്രഭുപാദർ താഴെ കൊടുത്തിട്ടുള്ള കത്തിൽ

5. ശിവാനന്ദനുള്ള കത്ത്, 2 സെപ്റ്റംബർ 1971

പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കൂ.

''സംസ്കൃത സാഹിത്യത്തിൽ ചുറുചുറുക്കുള്ളവർ ഭാഗ്യദേവതയുടെ ഇഷ്ടം നേടും എന്നൊരു പഴഞ്ചൊല്ലുണ്ട്. പാശ്ചാത്യ രാജ്യങ്ങളിൽ ഈ ചൊല്ലിന് ഗോചരമായ ഉദാഹരണങ്ങളുണ്ട്. ഈ ഭാഗത്തെ ജനങ്ങൾ ഭൗതികപുരോഗമനത്തിൽ വളരെ ഉത്സുകരാണ്, അവരത് നേടുകയും ചെയ്തു. അതുപോലെ ശ്രീല രൂപഗോസ്വാമിയുടെ നിർദ്ദേശങ്ങളനുസരിച്ച് നമ്മൾ ആദ്ധ്യാത്മിക കാര്യങ്ങളിൽ ചുറുചുറുക്കുള്ളവരായാൽ നമുക്കും ഈ രീതിയിൽ വിജയിക്കാനാകും. ഉദാഹരണത്തിന് ഞാൻ വളരെ വാർദ്ധക്യത്തിൽ നിങ്ങളുടെ രാജ്യത്ത് വന്നു. എനിക്ക് ഒരു സ്വത്ത് ഉണ്ടായിരുന്നു, ഉൽസാഹവും എൻെറ ആദ്ധ്യാത്മിക ഗുരുവിലുള്ള വിശ്വാസവും. നിങ്ങളുടെ സഹകരണത്തോടെ ഞാൻ എന്തൊക്കെ നേടിയാലും ഈ സമ്പത്താണ് എനിക്ക് പ്രതീക്ഷയ്ക്കുള്ള വഴിയൊരുക്കുന്നതെന്ന് ഞാൻ കരുതുന്നു''. [6]

''ഭഗവദ് ഗീത യഥാരൂപം'' ശ്ലോകം 9.3ൻെറ ഭാവാർത്ഥത്തിൽ ശ്രീല പ്രഭുപാദർ എഴുതിയിട്ടുണ്ട് : ''വിശ്വാസമാണ് കൃഷ്ണാവബോധ വളർച്ചയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട ഘടകം. വിശ്വാസത്തിൽക്കൂടി മാത്രമേ കൃഷ്ണാവബോധത്തിൽ പുരോഗമിക്കാനാകൂ''.

ആത്മീത ആധികാരികത്വത്തിലുള്ളവർ അവരുടെ അശ്രിതരുടെ വിശ്വാസം (പരിശുദ്ധ ഭക്തിയുത സേവനം, നമ്മുടെ സമ്പ്രദായം, ശ്രീല പ്രഭുപാദർ, ഭരണഘടന ഉൾപ്പെടെയുള്ള ഇസ്കോൺ എന്നിവയിലുള്ള വിശ്വാസം) സംരക്ഷിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുന്ന രീതിയിൽ പെരുമാറുകയും പ്രചരണം നടത്തുകയും വേണം. ആദ്ധ്യാത്മിക ഗുരുക്കന്മാർക്ക് ഇസ്കോൺ അധികാരികളുടെ വിശ്വാസം (അവർ, ആദ്ധ്യാത്മിക ഗുരുക്കൾ ആത്മീക അധികാരികളെ പ്രതിനിധീകരിക്കാൻ യോഗ്യരാണ് എന്ന വിശ്വാസം) സംരക്ഷിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്വവും കൂടി ഉണ്ട്. ആദ്ധ്യാത്മിക ഗുരുക്കന്മാർ വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ അവർ മറ്റുള്ളവരുടെ വിശ്വാസം നഷ്ടപ്പെടും.

ഇതിനു വിരുദ്ധമായി ഭരണാധികാരികൾ ആത്മീക അധികാരികളുടെയും അവരുടെ ശിഷ്യന്മാരുടെയും വിശ്വാസം നേടുകയും അത് നിലനിർത്തുകയും ചെയ്യും വിധം പെരുമാറുകയും, ഭരിക്കുകയും, പ്രചരണം നടത്തുകയും വേണം. ഭരണാധികാരികൾ അവരുടെ സംരക്ഷണത്തിനു കീഴിലുള്ള ഭക്തന്മാരുടെ കാര്യത്തിൽ ശരിയായ താല്പര്യം കാണിക്കുമ്പോൾ ആദ്ധ്യാത്മിക ഗുരുക്കന്മാർ സ്വാഭാവികമായും ഭരണാധികാരികളെ അവരുടെ സേവനത്തിൽ സഹായിക്കുവാൻവേണ്ടി തങ്ങളുടെ ശിഷ്യന്മാരെ പ്രേരിപ്പിക്കും. എന്നാൽ ഭരണാധികാരികൾ അവർ ഉത്തരവാദിത്തപ്പെട്ടിട്ടുള്ള ഭക്തന്മാരുടെ ആദ്ധ്യാത്മിക താല്പര്യങ്ങളുമായി പൊരുത്തപ്പെടാതെ ആത്മിയ തത്ത്വങ്ങൾക്ക് വിപരീതമായി പ്രവർത്തിച്ചാൽ ഇവരും മറ്റുള്ളവരുടെ വിശ്വാസം നഷ്ടപ്പെടുത്തും.

അതിനാൽ എല്ലാ ഇസ്കോൺ അംഗങ്ങളുടെയും വിശ്വാസം കാത്തുസൂക്ഷിക്കാൻവേണ്ടി രണ്ട് ഭരണസംവിധാനങ്ങളിലുള്ളവരും പാലിക്കേണ്ട വ്യക്തമായ തത്ത്വങ്ങൾ രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

## ആദ്ധ്യാത്മിക ഗുരുക്കന്മാർ സ്വതന്ത്രരല്ല

കൃത്യമായി നിർവചിച്ചിട്ടുള്ള തത്ത്വങ്ങൾ രൂപീകരിക്കുന്നതിൻെറ ആവശ്യകതയെക്കുറിച്ച് കൂടുതൽ വിശദീകരിക്കുവാൻവേണ്ടി ഇസ്കോണിൻെറ ഭരണഘടനയ്ക്കുള്ളിലെ ആദ്ധ്യാത്മിക ഗുരുക്കന്മാരുടെ സ്ഥാനത്തെക്കുറിച്ച് ഞങ്ങൾ വിലയിരുത്തും.

ശ്രീല പ്രഭുപാദർ ജീവിച്ചിരുന്നപ്പോൾ അദ്ദേഹമായിരുന്നു ഇസ്കോണിൻെറ ഒരേയൊരു ദീക്ഷാഗുരുവും, സർവ്വ പ്രധാനിയായ ശിക്ഷാഗുരുവും, ജിബിസിയെക്കാളും ഉയർന്ന പരമോന്നത അധികാരിയും.

''ഞങ്ങൾ കൃഷ്ണാവബോധ പ്രസ്ഥാനത്തെ ഗവേണിങ് ബോഡി കമ്മീഷൺ, ജിബിസിയിലൂടെ ഭരിക്കുന്നു. ലോകത്തെമ്പാടുമുള്ള കാര്യങ്ങൾ നോക്കി നടത്തുവാൻ ഞങ്ങൾക്ക് 20 ജിബിസിയുണ്ട്. ജിബിസിയ്ക്കു മുകളിൽ ഞാനുണ്ട്. ജിബിസിയ്ക്കു താഴെ എല്ലാ സെൻററുകളിലുമുളള പ്രസിഡൻറും സെക്രട്ടറിയും ട്രഷററും ഉണ്ട്. പ്രസിഡന്റ് ജിബിസിയോടും ജിബിസി എന്നോടും ഉത്തരവാദിത്തമുള്ളവരായിരിക്കും. ഈ രീതിയിൽ ഞങ്ങൾ ഭരിക്കുന്നു''.[7]

6. ജയഗോവിന്ദനുള്ള കത്ത്, റ്റിറ്റെൻഹർസ്റ്റ്, 15 ഒക്ടോബർ 1969

7. വാസുദേവനുള്ള കത്ത്, ന്യൂ വൃന്ദാവൻ, 30 ജൂൺ 1976

ശ്രീല പ്രഭുപാദരുടെ അഭാവത്തിൽ ഈ ഘടന അല്പം വ്യത്യസ്തമാണ്. ജിബിസി ആയിരിക്കണം ഇസ്കോണിൻെറ അന്തിമ ഭരണാധികാരിയെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അതേസമയം സമൂഹത്തിൽ ധാരാളം ആദ്ധ്യാത്മിക ഗുരുക്കന്മാരുണ്ടാകണം എന്നും അദ്ദേഹം ചൂണ്ടികാട്ടി.

"ചൈതന്യ മഹാപ്രഭുവിൻെറ ആജ്ഞകൾ അദ്ദേഹത്തിൻെറ വിശ്വസ്തരായ പ്രതിനിധികളുടെ നേതൃത്വത്തിൻകീഴിൽ പിന്തുടരുന്ന ഏതൊരാൾക്കും ഒരു ആദ്ധ്യാത്മിക ഗുരുവാകാൻ കഴിയും. എൻെറ അഭാവത്തിൽ എല്ലാ ഭക്തന്മാരും കൃഷ്ണാവബോധം ലോകമെമ്പാടും പ്രചരിപ്പിക്കുവാൻ യോഗ്യരായ ആദ്ധ്യാത്മിക ഗുരുക്കന്മാരായിത്തീരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു".[8]

ഇത് ഒരു വെല്ലുവിളിക്കുള്ള സാഹചര്യം ഉണ്ടാക്കുകയാണ്. മിക്ക ആദ്ധ്യാത്മിക സ്ഥാപനങ്ങൾക്കും തലവനായി ഒരൊറ്റ ആദ്ധ്യാത്മിക ഗുരു മാത്രമേ ഉള്ളൂ. എന്നാൽ ഇസ്കോണിന് ഒരു സ്ഥാപനത്തിനുള്ളിൽ തന്നെ ധാരാളം ആദ്ധ്യാത്മിക ഗുരുക്കുന്മാരുണ്ട്. ഇത് കൂടാതെ മുഴുവൻ സ്ഥാപനത്തിനും അന്തിമ ഭരണാധികാരിയായി വർത്തിക്കുവാൻ ജിബിസിയുമുണ്ട്. ഇസ്കോണിലെ ആദ്ധ്യാത്മിക ഗുരുവായി സേവനം ചെയ്യുന്നവർ ജിബിസി ബോഡിയുടെ താഴെ ശ്രീല പ്രഭുപാദരുടെ നിർദ്ദേശങ്ങൾ പിന്തുടരേണ്ടതാണ്.

അപ്രകാരം ആദ്ധ്യാത്മിക ഗുരുക്കന്മാർ സമൂഹത്തിൻെറ തത്ത്വങ്ങളും ജിബിസി അംഗീകരിച്ച ഈ ലേഖനത്തിൽ ചിത്രീകരിച്ചിട്ടുള്ള കാര്യങ്ങളുൾപ്പെടെയുള്ള പ്രവർത്തന നിയമാവലിയും പിന്തുടരാനും ഭരണാകർത്താക്കളുടെ തീരുമാനങ്ങൾ അനുസരിക്കുവാനും ബാദ്ധ്യസ്ഥരാണ്. ആദ്ധ്യാത്മിക ഗുരുക്കന്മാർ ശിഷ്യന്മാരെ അവരോട് മാത്രം അല്ലെങ്കിൽ ശിഷ്യന്മാർ താമസിക്കുന്ന സ്ഥലത്തെ ഇസ്കോൺ സോണൽ ഭരണഘടനയുമായി യാതൊരു ബന്ധവുമില്ലാത്ത പദ്ധതികളുമായി (ആദ്ധ്യാത്മിക ഗുരുക്കന്മാരുടെ) സംഗം ചേരുന്നതിനൊപ്പം ഇസ്കോണിൽ നേരത്തെതന്നെ നിൽക്കുന്ന ഭരണപരവും ഭക്തസംരക്ഷണപരവുമായ സംഗവുമായി ചേർന്ന് സേവനം ചെയ്യുവാൻ തങ്ങളുടെ ശിഷ്യന്മാരെ പ്രേരിപ്പിക്കുക എന്ന ഉത്തരവാദിത്വവും ഈ ബാദ്ധ്യതയിൽപ്പെടുന്നു.

### ഭക്തന്മാർ അവരുടെ അധികാരികളുടെ ഇടയിൽ പ്രശ്നങ്ങളുണ്ടാക്കുന്നത് ഒഴിവാക്കണം.

ഇസ്കോണിനെക്കുറിച്ചുള്ള പൂർണ്ണ വീക്ഷണം ഭക്തന്മാർക്കുണ്ടാകണം. ഒരു ആദ്ധ്യാത്മിക ഗുരു തീർച്ചയായും ഏതൊരു ജിബിസി അംഗത്തെക്കാളും ഇസ്കോൺ ഭരണാധികാരിയെക്കാളും കൂടുതൽ ആദ്ധ്യാത്മിക പുരോഗതി കൈവരിച്ചവരായിരിക്കും. (ലോക്കൽ ജിബിസി അല്ലെങ്കിൽ ഇസ്കോൺ ഭരണാധികാരി ഒരു പ്രത്യേക ആദ്ധ്യാത്മിക ഗുരുവിനെക്കാൾ കൂടുതൽ ആദ്ധ്യാത്മിക പുരോഗതി കൈവരിച്ചവരാകുന്ന സാഹചര്യങ്ങൾ ഉണ്ടാകാറുണ്ടെങ്കിലും)

സമൂഹത്തിന്റെ ആദ്ധ്യാത്മിക ഭരണഘടന സംബന്ധിച്ച്, ഞങ്ങൾ നേരത്തെ പ്രസ്താവിച്ചിട്ടുള്ളതുപോലെ ശ്രീല പ്രഭുപാദർ ജിബിസിക്കും അതിലെ ഓരോ അംഗങ്ങൾക്കും ഇസ്കോണിലെ മറ്റ് ഭരണാധികാരികൾക്കും അധികാരം നൽകിയിട്ടുണ്ട്.

ഒരു ഭക്തൻ സ്വന്തം ആത്മീയഗുരു ജിബിസിയെക്കാളും, ഇസ്കോൺ നിയമങ്ങൾക്കും തത്ത്വങ്ങൾക്കും മുകളിലാണെന്ന് തെറ്റായി വിശ്വസിക്കുകയാണെങ്കിൽ അത് ആത്മീയഗുരുക്കന്മാരും മറ്റ് അധികാരികളും തിരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ആ തെറ്റിദ്ധാരണ അയാളുടെ ആത്മിയഗുരുവും ഭരണാധികാരികളും തമ്മിലുള്ള പ്രശ്നങ്ങൾക്ക് കാരണമാകും.

എല്ലാ ദീക്ഷാഗുരുക്കന്മാരും ശിക്ഷാഗുരുക്കന്മാരും ഇസ്കോണിലുള്ളിലെ അവരുടെ അധികാരികളെ അനുസരിക്കേണ്ടതാണ്.

അതിനാൽ ഭക്തി പുരോഗമനത്തെക്കുറിച്ച് മാത്രമല്ലാതെ ഇസ്കോൺ ഭരണഘടനയുമായി ശിഷ്യന്മാർക്കും ആത്മീയഗുരുക്കന്മാർക്കും ഉള്ള ബന്ധത്തെക്കുറിച്ചും ഉദാഹരണത്തിലൂടെയും നീതിസൂത്രത്തിലൂടെയും എല്ലാ ഗുരുക്കന്മാരും അവരുടെ ശിഷ്യന്മാരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതാണ്.

---

8. മധുസൂദനനുള്ള കത്ത്, നവദ്വീപ്, 2 നവംബർ 1967

# നടപ്പിലാക്കേണ്ട തത്ത്വങ്ങൾ

## ശിഷ്യന്മാരുടെ പഠനത്തിൽ ഗുരുവിന്റെ ചുമതല

താഴെപ്പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുവാൻ തങ്ങളുടെ ഓരോ ശിഷ്യന്മാരെയും സഹായിക്കേണ്ടത് ആത്മീയഗുരുക്കന്മാരുടെ ഉത്തരവാദിത്തമാണ്.

1. ആത്മീയഗുരു ശ്രീല പ്രഭുപാദരോടുള്ള ആത്മാർത്ഥതയിൽ നിന്നാണ് തന്റെ അധികാരം സ്വീകരിച്ചിരിക്കുന്നത്. ശ്രീല പ്രഭുപാദരുടെ ദൗത്യമായ ഇസ്കോണിനുള്ളിൽ പ്രവർത്തിക്കുക എന്ന അദ്ദേഹത്തിന്റെ ആജ്ഞയോടുള്ള ആത്മാർത്ഥതയും ഇതിലുൾപ്പെടുന്നു.
2. ആത്മീയഗുരു ഇസ്കോണിലെ ഒരംഗമാണ്. അതിനാൽ ഇതിന്റെ നേതൃസ്ഥാനത്തുള്ള ജിബിസിയുടെ മൊത്തത്തിലുള്ള തീരുമാനങ്ങൾക്ക് ഉത്തരവാദിയുമാണ്.
3. ആത്മീയഗുരുവായതിന്റെ ബലത്തിൽ ഇസ്കോണിന്റെ സമ്പത്തിന്മേൽ അദ്ദേഹത്തിന് യാതൊരവകാശമോ പ്രത്യേക അധികാരമോ ഉള്ളതല്ല. മാത്രമല്ല സ്വന്തം ശിഷ്യന്മാരിൽ അദ്ദേഹത്തിനുള്ള അധികാരമോ അവകാശമോ ഒരിക്കലും ചൂഷണം ചെയ്യാനും പാടില്ല.
4. എല്ലാ ശിക്ഷാ ദീക്ഷാ ഗുരുക്കന്മാരും ഇസ്കോണിനുള്ളിലെ അവരുടെ അധികാരികളെ അനുഗമിക്കുന്നതുപോലെ എല്ലാ ശിഷ്യന്മാരും അവരുടെ ഇസ്കോൺ അധികാരികളെ അനുസരിക്കേണ്ടതാണ്.
5. ആത്മീയഗുരുവിലൂടെ കൃഷ്ണനിൽ ശരണം പ്രാപിക്കേണ്ടത് ശിഷ്യഗണങ്ങൾക്ക് അത്യാവശ്യം വേണ്ടപ്പെട്ട കർത്തവ്യമാണ്. തങ്ങളുടെ ആത്മീയ പുരോഗതിയ്ക്ക് സഹായിക്കുന്ന ഇസ്കോൺ ഭരണപരിധിയ്ക്കുള്ളിൽ വരുന്ന മുതിർന്ന ഭക്തന്മാരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നതും ഈ കർത്തവ്യത്തിനുള്ളിൽപ്പെടുന്നു.
6. ആദ്ധ്യാത്മികമായി മുന്നേറുന്ന അധികാരികൾ ഭക്തന്മാരുടെ (ദീക്ഷാ ശിഷ്യന്മാരല്ലാത്തവർ) ശിക്ഷാ ഗുരുവായേക്കാം. ദീക്ഷാഗുരുക്കന്മാർ ഇത്തരം ബന്ധങ്ങളെ പൂർണ്ണമായും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## ഗുരുക്കന്മാരുടെ സ്വഭാവം

ഭരണാധികാരികളോട് ആദരവ് കാണിക്കുവാനും ഭരണാധികാരികൾക്ക് ആത്മീയ അധികാരികളോടുള്ള വിശ്വാസം സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും എല്ലാ ആത്മീയ ഗുരുക്കന്മാരും താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഒരു അംഗീകൃത ഇസ്കോൺ അമ്പലത്തിൽ അല്ലെങ്കിൽ നാമഹട്ടയിൽ ആദ്യമായി വരുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ സന്ദർശനവേളയിൽ എങ്ങനെ ആ സെന്ററിനെ സേവിക്കാനാകും എന്ന് അവിടത്തെ ലോക്കൽ ഭരണാധികാരിയോട് അന്വേഷിക്കുക (സ്വന്തം പദ്ധതികൾ നടപ്പിലാക്കാൻ മാത്രം ശ്രദ്ധിക്കാതെ)
2. പ്രത്യേകിച്ച് ഒരു അമ്പലമോ നാമഹട്ടയോ ഇല്ലാത്ത പ്രദേശങ്ങൾ സന്ദർശിക്കുവാൻ പദ്ധതിയിടുന്നതിനുമുമ്പേ ആ പ്രദേശത്തിന്റെ വീക്ഷണത്തെക്കുറിച്ചും അതിന് എങ്ങനെ സഹായിക്കാമെന്നതിനെക്കുറിച്ചും സോണൽ ജിബിസിയോട് അന്വേഷിക്കുക.
3. ഭരണപരമായ തീരുമാനങ്ങളിൽ എന്തെങ്കിലും സ്വരച്ചേർച്ചയില്ലായ്മ വരുകയാണെങ്കിൽ ബന്ധപ്പെട്ട അധികാരികളുമായി സഹകരിക്കുവാൻ കഴിവതും ശ്രമിക്കുക. ഒരു രീതിയിലും സമ്മതിക്കുവാൻ പറ്റുന്നില്ലെങ്കിൽ അവരുടെ തീരുമാനത്തിന് വഴങ്ങുകയും ആവശ്യമായി വന്നാൽ ഉയർന്നാധികാരികളോട് പരാതിപ്പെടാവുന്നതുമാണ്.

## ഭരണാധികാരികളുടെ ചുമതലകൾ

ഇസ്കോണിനുള്ളിൽ സഹകരണം വളർത്തിയെടുക്കാനും ആത്മീയ ആധികാരികത്വത്തിൻകീഴിൽ ഉള്ളവരോട് ആദരവ് കാണിക്കുവാനും ഭരണപരമായ ആധികാരികത്വത്തിൻ കീഴിലുള്ളിലെ ആത്മീയ ഗുരുക്കന്മാരുടെയും അവരുടെ ശിഷ്യന്മാരുടെയും വിശ്വാസം സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും വേണ്ടി എല്ലാ ഭരണാധികാരികളും താഴെ പറയുന്നവ ശ്രദ്ധിക്കേണ്ടതാണ്.

1. അവരുടെ അധികാര പരിധിയ്ക്കുള്ളിൽ സന്ദർശനം നടത്തുന്ന ശിക്ഷാഗുരുക്കന്മാരുടെയും മറ്റ് പര്യടനം ചെയ്യുന്ന പ്രചാരകന്മാരുടെയും ഉപദേശങ്ങൾക്ക് ചെവികൊടുക്കുക, പ്രത്യേകിച്ചും ഭക്തന്മാരുടെ സംരക്ഷണം സംബന്ധിച്ച വിഷയങ്ങളിൽ.
2. പരിശുദ്ധ ഭക്തിയുത സേവനത്തിലും, ശിക്ഷാഗുരുവിനെയും ദീക്ഷാഗുരുവിനെയും സ്വീകരിക്കുകയും സേവിക്കുകയും ചെയ്യുന്നതിനുള്ള തത്ത്വങ്ങളിലും ഉള്ള തങ്ങളുടെ ആശ്രിതരുടെ വിശ്വാസം സംരക്ഷിക്കുക.

3. അവരുടെ അധികാര പരിധിയ്ക്കുള്ളിലെ ഭക്തന്മാരെ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പാടാക്കുക (കൗൺസിലർ സംവിധാനം, ബ്രാഹ്മിണിക്കൽ അഡ്വൈസറി ബോർഡ് തുടങ്ങിയവ).
4. സ്വന്തം ആധികാരികത്വത്തിൽ വരുന്ന അധികാരികൾ ഭക്തസംരക്ഷണ തത്ത്വങ്ങളിൽ പരിശീലരാണെന്ന് ഉറപ്പുവരുത്തുക.
5. അവിടം സന്ദർശിക്കുന്ന ആത്മീയ ഗുരുക്കന്മാരോട് അവരുടെ ശിഷ്യന്മാരുടെ ആത്മീയാരോഗ്യത്തെക്കുറിച്ചും പൊതുവായുള്ള ക്ഷേമത്തെക്കുറിച്ചും അറിയിക്കുക.
6. അവിടെ സന്ദർശിക്കുന്ന ആത്മീക ഗുരുക്കന്മാരെയും മറ്റ് പര്യടനം ചെയ്യുന്ന പ്രചാരകരെയും ആവശ്യമുള്ള ഭക്തന്മാരെ പ്രത്യേകിച്ചും അവരുടെ സഹായത്തിനെ നല്ലരീതിയിൽ പ്രതികരിക്കുന്നവരെ, സമീപിക്കുന്നതിന് സഹായിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
7. ഭരണപരമായ നേട്ടങ്ങൾക്കുവേണ്ടി ലോക്കൽ മാനേജ്മെന്റിൽ നിന്നുമുണ്ടാകുന്ന മാപ്പർഹിക്കാത്ത തിരുമറികളും അനാവശ്യ സമ്മർദ്ദങ്ങളുമില്ലാത്ത സമത്വമായ ദീക്ഷ ശുപാർശ സംവിധാനം ഉറപ്പുവരുത്തുക.

## സംഗ്രഹം

ഭക്തന്മാരുടെ ആത്മീയ ജീവിതം പൂർണ്ണമായി പരിപോഷിപ്പിക്കുവാൻവേണ്ടി ശ്രീല പ്രഭുപാദർ ഇസ്കോണിന് വേണ്ടി വ്യക്തമായ സംവിധാനങ്ങളോടെ ഒരു ഭരണഘടനയുണ്ടാക്കി. ഈ ഘടനയെ ബഹുമാനിക്കുവാനും ഇതിനുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുവാനും എല്ലാ അംഗങ്ങളും പഠിക്കേണ്ടതാണ്. ഈ ഭരണഘടനയുടെ ലക്ഷ്യം ആദ്ധ്യാത്മികതയാണ്. അതായത് ഭക്തസംഗത്തിലൂടെയും, സേവനത്തിനുള്ള അവസരത്തിലൂടെയും, ഫലപ്രദമായ പ്രചരണ തന്ത്രത്തിലൂടെയും ഇസ്കോൺ അംഗങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിയ്ക്ക് വഴിയൊരുക്കുക. അതേസമയം ഒരു യോഗ്യനായ ആദ്ധ്യാത്മിക ഗുരുവിൽനിന്ന് ദീക്ഷ സ്വീകരിക്കുന്നതിന്റെ അടിസ്ഥാനമായ പ്രാധാന്യം ഇസ്കോൺ ഉറപ്പുവരുത്തുന്നു.

പരമപ്രാധാന്യം എന്നും ശ്രീല പ്രഭുപാദർക്കാണ്. അദ്ദേഹം നമ്മുടെ സ്ഥാപകാചാര്യനും ഇസ്കോണിലെ ധാരാളം ഭക്തന്മാരുടെ ദീക്ഷാഗുരുവും ഇന്നും എന്നും പരമപ്രധാനിയായ ശിക്ഷാഗുരുവുമാണ്. ഇസ്കോണിനുള്ളിൽ സേവനം ചെയ്യുന്ന ധാരാളം ദീക്ഷാഗുരുക്കന്മാരും ശിക്ഷാഗുരുക്കന്മാരും വളരെ പ്രധാനപ്പെട്ടവരാണ്.

എല്ലാ ആത്മീയ ഗുരുക്കന്മാരും അവരുടെ ശിഷ്യന്മാരും സമൂഹത്തിലുള്ള ധാരാളം അധികാരികളുടെ പ്രാധാന്യത്തെയും ഇസ്കോൺ അവരുടെ ആദ്ധ്യാത്മിക പുരോഗതിയ്ക്ക്വേണ്ടി ചെയ്തുകൊടുക്കുന്ന സജ്ജീകരണങ്ങളെയും അഭിനന്ദിക്കണം. ആത്മീയ ഗുരുക്കന്മാരും അവരുടെ ശിഷ്യന്മാരും ആദ്ധ്യാത്മികമായി പരസ്പരം പ്രയോജനപ്പെടുന്നതിനും സമൂഹത്തെ വളർത്തുവാൻ ശ്രമിക്കുന്നതിനുംവേണ്ടി ഇസ്കോണിലെ ഭരണ സംവിധാനത്തിനുള്ളിൽ സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഈ സഹകരണത്തോടെയും പരസ്പര ബഹുമാനത്തോടെയുമുള്ള ഉത്സാഹമാണ് സമൂഹത്തിന്റെ ഐക്യതയെ സംരക്ഷിക്കുവാനും, ശ്രീല പ്രഭുപാദരെ സന്തോഷിപ്പിക്കുവാനും, സങ്കീർത്തന പ്രസ്ഥാനത്തെ വികസിപ്പിക്കുവാനും ഉള്ള ഉചിതമായ മാർഗ്ഗം.

ചൈതന്യ മഹാപ്രഭുവിന്റെ ഭാവത്തിൽ ശ്രീല പ്രഭുപാദർ ഈ സങ്കീർത്തന പ്രസ്ഥാനത്തെ ലോകമെമ്പാടും പ്രചരിപ്പിക്കുവാൻ ആഗ്രഹിച്ചു, ''ഓരോ ഗ്രാമത്തിലും നഗരത്തിലും''. അദ്ദേഹത്തിന്റെ തുടർച്ചയായുള്ള യാത്രയിലൂടെയും ലേഖനങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും അദ്ദേഹം തന്റെ അഭിലാഷങ്ങൾ വെളിപ്പെടുത്തി. ദൂരസ്ഥലങ്ങളിലും വ്യാപകമായും സെന്ററുകൾ തുടങ്ങുവാനും, പുസ്തക വിതരണം നടത്തുവാനും, മറ്റും ആകർഷകമായ ആഘോഷങ്ങൾ സജ്ജീകരിച്ച് പ്രസാദവിതരണം നടത്തുവാനും അദ്ദേഹം തന്റെ ശിഷ്യന്മാരോട് ആവശ്യപ്പെട്ടു. ചൈതന്യ മഹാപ്രഭുവിന്റെ കാരുണ്യസാഗരത്തിനുവേണ്ടി ഇസ്കോൺ വികസനം തുടരുക എന്നത് ശ്രീല പ്രഭുപാദരുടെ ആഗ്രഹമായിരുന്നു.

ഈ ഉദ്ദേശത്തോടെയാണ് ശ്രീല പ്രഭുപാദർ ഒരു ഭരണഘടനയോടുകൂടി ആദ്ധ്യാത്മിക സ്ഥാപനമായ ഇസ്കോൺ ആരംഭിച്ചത്. അദ്ദേഹം സ്ഥാപിച്ച നിലവാരം നിലനിർത്തിക്കൊണ്ട്, ഭക്തന്മാർക്ക് ആശ്രയവും ആത്മീയ പരിപോഷണവും നൽകുക, സങ്കീർത്തന പ്രസ്ഥാനത്തെ തുണയ്ക്കുകയും വികസിപ്പിക്കുകയും ചെയ്യുക എന്നിവയാണ് ഈ ഭരണ ഘടനയുടെ ലക്ഷ്യം. ബദ്ധാത്മാക്കൾക്ക് ശ്രീ ശ്രീ ഗൗരനിതായുടെ കാരുണ്യം നൽകി ശ്രീല പ്രഭുപാദരെ സന്തോഷിപ്പിക്കുവാൻവേണ്ടി ഇസ്കോണിലെ ഓരോരുത്തരും (ആത്മീക ഗുരുക്കന്മാർ, ശിഷ്യന്മാർ, മറ്റും ഭരണാധികാരികൾ) ഈ ഭരണഘടനയ്ക്കുള്ളിൽ സഹകരിച്ച് പ്രവർത്തിക്കണം.

# അനുബന്ധം 8 ഇസ്കോൺ ഡിസൈപിൾ കോഴ്സിനെക്കുറിച്ചുള്ള ജിബിസി പ്രമേയം

## തീരുമാനം : (മാർച്ച് 2014)

ജന്മാഷ്ടമി 2015 - നു ശേഷം ഇസ്കോൺ ഗുരുവിൽ നിന്നും ആദ്യത്തെയും രണ്ടാമത്തെയും ദീക്ഷയെടുക്കുന്ന എല്ലാ ഭക്തന്മാരും ദീക്ഷയ്ക്ക് മുൻപ് ജിബിസി ഗുരുസേവാ കമ്മിറ്റി വികസിപ്പിച്ചെടുത്ത ഇസ്കോൺ ഡിസൈപിൾ കോഴ്സ് നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത ദിവസത്തിനുശേഷം ഈ കോഴ്സ് പൂർത്തീകരിക്കാത്ത ശിഷ്യന് ഒരു ഗുരുവും ദീക്ഷ നൽകില്ല. പുതിയ ദീക്ഷാർത്ഥികളുടെ നിലവിലുള്ള ആവശ്യകതയ്ക്ക് പുറമെയാണിത്.

എല്ലാ ജിബിസി അംഗങ്ങളും ക്ഷേത്ര പ്രസിഡന്റും അവരുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ ജന്മാഷ്ടമി 2015 നു മുൻപായി താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

- ദീക്ഷാഗുരുവിനെ തെരെഞ്ഞെടുക്കുന്നതിനുമുമ്പ് ഡിസൈപിൾ കോഴ്സ് പൂർത്തീകരിക്കാൻ ഭക്തന്മാരെ നിർദ്ദേശിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുക
- ഭക്തന്മാർക്ക് ഡിസൈപിൾ കോഴ്സിൽ ചേരുവാൻ വേണ്ട ന്യായമായ സജ്ജീകരണങ്ങൾ ഉണ്ടായിരിക്കണം
- കോഴ്സ് പഠിപ്പിക്കുവാൻ ആവശ്യത്തിന് അദ്ധ്യാപകരെ കണ്ടെത്തി അത് സുഗമമാക്കണം
- കോഴ്സ് പൂർത്തീകരിക്കാത്ത ഒരു ഭക്തനെയും ദീക്ഷ സ്വീകരിക്കാൻ അനുവദിക്കുന്നതല്ല. (താഴെ പറയുന്ന സാഹചര്യങ്ങളിലൊഴിച്ച് )*

ഇസ്കോൺ ഡിസൈപിൾ കോഴ്സ് പഠിപ്പിക്കുന്ന അദ്ധ്യാപകർ :

1 ദീക്ഷയെടുത്ത് കുറഞ്ഞത് 5 വർഷം കഴിഞ്ഞിരിക്കണം
2 ഇസ്കോൺ ഡിസൈപിൾ കോഴ്സ് പൂർത്തിയാക്കിയിരിക്കണം
3 അവരുടെ ഡിസൈപിൾ കോഴ്സ് അദ്ധ്യാപകനാൽ ശുപാർശ ചെയ്യപ്പെടണം
4 വി.റ്റി.ഇ ടീച്ചേർസ് ട്രെയിനിംഗ് കോഴ്സ് 1 (TTC 1)** പൂർത്തിയാക്കിയിരിക്കണം, അല്ലെങ്കിൽ തത്തുല്യ പരിശീലനമോ തൊഴിൽ പരിചയമോ ഉണ്ടായിരിക്കണം
5 അവരുടെ ലോക്കൽ ജിബിസി പ്രതിനിധിയുടെ അംഗീകാരം നേടിയിരിക്കണം
6 ജിബിസി ഗുരു സർവ്വീസ് കമ്മിറ്റി അംഗീകൃതമായ ഔദ്യോഗിക പാഠ്യപദ്ധതി, മാനുവലുകൾ, മറ്റ് പാഠ്യ വിഷയങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി പരിശീലനം നൽകണം

* നിരക്ഷരരായ ഭക്തന്മാർക്കും ഈ കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. കോഴ്സ് പൂർത്തിയാക്കിയശേഷം അവരെ അദ്ധ്യാപകന്റെ ഔചിത്യബോധമനുസരിച്ച് ചെറിയതോതിൽ വാമൊഴിയാലുള്ള പരീക്ഷയ്ക്ക് വിധേയരാക്കാവുന്നതാണ്. എന്തെങ്കിലും ബലഹീനതയോ മാരകമായ രോഗമോ ഉണ്ടാകുന്ന അപൂർവ്വ സാഹചര്യങ്ങളിൽ ഡിസൈപിൾ കോഴ്സ് പൂർത്തിയാക്കണം എന്ന നിബന്ധന ലോക്കൽ ടെമ്പിൾ പ്രസിഡന്റിനാൽ ഒഴിവാക്കാവുന്നതാണ്.

* ഏതെങ്കിലും പ്രത്യേക മേഖലയിൽ ചില പ്രത്യേക സാഹചര്യങ്ങളാൽ ഇത് നടപ്പിലാക്കാൻ കൂടുതൽ സമയം വേണമെന്ന് കണ്ടാൽ ഒരു വർഷം വരെ നീട്ടിത്തരുവാൻ അഭ്യർത്ഥിക്കാവുന്നതാണ്. ഇത് അവിടത്തെ ജിബിസി അംഗങ്ങൾ 2015 ജൂലൈ 31-നകം ജിബിസി എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്ക് അപേക്ഷ നൽകി നടപ്പിലാക്കാവുന്നതാണ്.

** അദ്ധ്യാപക പരിശീലന കോഴ്സിന്റെ ആദ്യഘട്ടം (TTC 1) പഠിക്കുന്നതിന്റെ അവശ്യകതയിൽനിന്നുമുള്ള ഒഴിവാക്കൽ ആ അദ്ധ്യാപകന്റെ പക്വതയും അദ്ധ്യാപന ചാതുര്യവുമനുസരിച്ച് ബന്ധപ്പെട്ട പ്രദേശത്തെ ജിബിസി സെക്രട്ടറി മൂല്യനിർണ്ണയം നടത്തി അനുവദിച്ചുതരുന്നതാണ്. ജിബിസിയ്ക്ക് മായാപുർ ഇൻസ്റ്റിറ്റ്യൂട്ട് ഈ മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ നൽകിയിട്ടുണ്ട്.

# അനുബന്ധം 9
# പഠനമുറിയിലെ പെരുമാറ്റ നിയമങ്ങൾ

കോഴ്സിനിടയിൽ ശരിയായ പഠന പരിതസ്ഥിതി നിലനിർത്താൻ താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ വിദ്യാർത്ഥികൾ സമ്മതിക്കേണ്ടതാണ്.

1. മുഴുവൻ കോഴ്സിലും പങ്കെടുക്കും.
2. എന്തെങ്കിലും പറയാനുണ്ടെങ്കിൽ കൈ ഉയർത്തും
3. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും മറ്റുള്ള വിദ്യാർത്ഥികളുടെ അഭിപ്രായങ്ങൾ വിലമതിക്കും.
4. മറ്റുള്ള സംഭാഷണങ്ങളിൽ നിന്നും മാറി നിൽക്കും.
5. ക്ലാസ്സ് വേളകളിൽ മൊബൈൽ ഫോണിൽ സംഭാഷണം നടത്തുകയില്ല.
6. ക്ലാസ്സ് മുറിയുടെ അകത്തും പുറത്തും സ്വകാര്യത നിലനിർത്തും.
7. സ്ഥാനമാനങ്ങളുടെ പേരിൽ അഭിമാനിക്കില്ല.
8. അസൗകര്യപ്രദമെന്ന് തോന്നുന്ന പരിശീലനങ്ങളിൽനിന്നും കാരണം പറയാതെതന്നെ ഒഴിഞ്ഞ് നിൽക്കാനുള്ള വ്യക്തിയുടെ അവകാശത്തെ മാനിക്കും.
9. കോഴ്സിന്റെ അഭിലഷണീയ ഫലങ്ങൾ കൈവരിക്കവാൻ പൂർണ ഉത്തരവാദിത്വം സ്വീകരിക്കും.
10. പ്രശ്നങ്ങളെ നേരിടും, അല്ലാതെ വ്യക്തികളെയല്ല.
11. അംഗീകരിച്ച തീരുമാനങ്ങളെ മാനിക്കും.

# അനുബന്ധം 10 തുടർന്നുള്ള വായന

ഇസ്കോണിലെ ശിഷ്യത്വം എന്ന വിഷയത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി വിദ്യാർത്ഥികൾ താഴെ നിർദേശിച്ചിട്ടുള്ള പ്രസിദ്ധീകരണങ്ങൾ വായിക്കാവുന്നതാണ്.

ആത്മീയ ഗുരുവും ശിഷ്യനും

എ.സി. ഭക്തിവേദാന്ത സ്വാമി പ്രഭുപാദർ

ഭക്തിവേദാന്ത ബുക്ക് ട്രസ്റ്റ്

ശ്രീല പ്രഭുപാദർ : ഇസ്കോണിന്റെ സ്ഥാപകാചാര്യൻ

ജിബിസി ഫൗണ്ടേഷണൽ ഡോക്യുമെന്റ്

രവീന്ദ്ര സ്വരൂപ ദാസ

ഇസ്കോൺ ജിബിസി പ്രസ്സ്

**How to Find Guru**

ഗോപാൽ ജി പബ്ലിക്കേഷൻസ്

**The Process of Inquiry**

ശ്രീ ശ്രീമദ് ഗൗർ ഗോവിന്ദ സ്വാമി

ഗോപാൽ ജി പബ്ലിക്കേഷൻസ്

**The Worship of Sri Guru**

ശ്രീ ശ്രീമദ് ഗൗർ ഗോവിന്ദ സ്വാമി

ഗോപാൽ ജി പബ്ലിക്കേഷൻസ്

**The Siksha-Guru : Implementing Tradition in ISKCON**

ശിവരാമ സ്വാമി

ടോർച്ച്ലൈറ്റ് പബ്ലിഷിംഗ്

**Siksha Outside ISKCON ?**

ശിവരാമ സ്വാമി

ലാൽ പബ്ലിഷിംഗ്

**When Good Fortune Arises**

ഗോപാൽ ജി പബ്ലിക്കേഷൻസ്

# ഇസ്കോൺ ഡിസൈപിൾ കോഴ്സ്

## ഷെഡ്യുൾ

**ഒന്നാം ദിവസം യൂണിറ്റ് 1 മുഖവുര, സിദ്ധാന്തം, സന്ദർഭം**

10.30am - 1.30pm

| | | |
|---|---|---|
| പാഠം 1 | സ്വാഗതം & മുഖവുര | 30 മിനിറ്റ് |
| പാഠം 2 | ഗുരു തത്ത്വവും പരമ്പരയും | 75 മിനിറ്റ് |

3.30pm - 6.30pm

| | | |
|---|---|---|
| പാഠം 3 | ശ്രീല പ്രഭുപാദർ - ഇസ്കോൺ സ്ഥാപകാചാര്യൻ | 75 മിനിറ്റ് |
| പാഠം 4 | ഇസ്കോൺ ഗുരുക്കന്മാർ | 90 മിനിറ്റ് |

**രണ്ടാം ദിവസം യൂണിറ്റ് 2: ഗുരുവുമായുള്ള ബന്ധം സ്ഥാപിക്കൽ**

10.30am - 1.30pm

| | | |
|---|---|---|
| പാഠം 5 | ഗുരു-പാദാശ്രയ | 75 മിനിറ്റ് |
| പാഠം 6 | ഗുരുവിനെ തെരഞ്ഞെടുക്കൽ | 90 മിനിറ്റ് |

3.30pm - 5.30pm

| | | |
|---|---|---|
| പാഠം 7 | ദീക്ഷാപ്രതിജ്ഞകൾ | 60 മിനിറ്റ് |
| | അസെസ്സ്മെന്റ് യൂണിറ്റ് 1 & 2 | 60 മിനിറ്റ് |

**മൂന്നാം ദിവസം യൂണിറ്റ് 3 ഗുരുവുമായുള്ള ബന്ധത്തിൽ വർത്തിക്കൽ**

10.30am - 1.30pm

| | | |
|---|---|---|
| പാഠം 8 | ഗുരു പൂജ | 90 മിനിറ്റ് |
| പാഠം 9 | ഗുരു സേവനം | 75 മിനിറ്റ് |

3.30pm - 6.30pm

| | | |
|---|---|---|
| പാഠം 10 | ഗുരു വപു & വാണി സേവനം | 90 മിനിറ്റ് |
| പാഠം 11 | ഗുരു ത്യാഗം | 75 മിനിറ്റ് |

**നാലാം ദിവസം യൂണിറ്റ് 4 സഹകരണമനോഭാവത്തോടെയുള്ള ബന്ധവും അതിന്റെ ഏകീകരണവും**

10.30am - 1.30pm

| | | |
|---|---|---|
| പാഠം 12 | ഗുരുവിനെ പരിചയപ്പെടുത്തൽ | 75 മിനിറ്റ് |
| പാഠം 13 | ഇസ്കോണിനുള്ളിലെ ബന്ധങ്ങൾ | 90 മിനിറ്റ് |

3.30pm - 6.30pm

| | | |
|---|---|---|
| പാഠം 14 | കോഴ്സ് റൗണ്ട് അപ് | 90 മിനിറ്റ് |
| | അസെസ്സ്മെന്റ് യൂണിറ്റ് 1 & 2 | 75 മിനിറ്റ് |